## നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന 2014-ലെ കേരള ധനവിനിയോഗബില്ലുകളുടെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):സർ, 2014-ലെ കേരള ധനവിനിയോഗ ബിൽ, 2014-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ, 2014-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ, 2014-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ, 2014-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ, 2014-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ, 2014-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ, 2014-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ, 2014-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ, 2014-ലെ കേരള ധനവിനിയോഗ (10-ാം നമ്പർ) ബിൽ, 2014-ലെ കേരള ധനവിനിയോഗ (11-ാം നമ്പർ) ബിൽ, 2014-ലെ കേരള ധനവിനിയോഗ (12-ാം നമ്പർ) ബിൽ, 2014-ലെ കേരള ധനവിനിയോഗ (13-ാം നമ്പർ) ബിൽ എന്നിവ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി, അങ്ങേയ്ക്ക് ഈ ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. കെ. എം. മാണി: സർ, 2014-ലെ കേരള ധനവിനിയോഗ ബിൽ, 2014-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ, 2014-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ, 2014-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ, 2014-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ, 2014-ലെ കേരള

ധനവിനിയോഗ (6–ാം നമ്പർ) ബിൽ, 2014–ലെ കേരള ധനവിനിയോഗ (7–ാം നമ്പർ) ബിൽ, 2014–ലെ കേരള ധനവിനിയോഗ (8–ാം നമ്പർ) ബിൽ, 2014–ലെ കേരള ധനവിനിയോഗ (9–ാം നമ്പർ) ബിൽ, 2014–ലെ കേരള ധനവിനിയോഗ (10–ാം നമ്പർ) ബിൽ, 2014–ലെ കേരള ധനവിനിയോഗ (11–ാം നമ്പർ) ബിൽ, 2014–ലെ കേരള ധനവിനിയോഗ (12–ാം നമ്പർ) ബിൽ, 2014–ലെ കേരള ധനവിനിയോഗ (13–ാം നമ്പർ) ബിൽ എന്നീ ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഈ ചർച്ചകൾക്കുശേഷം രണ്ട് ബില്ലുകളുണ്ട്. രണ്ടു ബില്ലുകളും സബ്ജക്ട് കമ്മിറ്റിക്ക് പോയിട്ട് മടങ്ങിവന്നതാണ്. ക്ലോസ് ബൈ ക്ലോസ് ചർച്ചയുള്ളതാണ്. ഇത് നിങ്ങളുടെ അറിവിനുവേണ്ടി പറഞ്ഞതാണ്. അതിൽ 14 പ്രസംഗങ്ങളുമുണ്ട്. ഒരു ഇൻഫർമേഷനുവേണ്ടി പറഞ്ഞതാണ്.

ശ്രീ. ബി. സത്യൻ: സർ, 2013–14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെയും അതിനോടനുബന്ധിച്ചുള്ള അധികധനാഭ്യർത്ഥന സംബന്ധിച്ചുള്ള ധനവിനിയോഗ ബില്ലുകളെയും ഞാൻ ശക്തമായി എതിർക്കുകയാണ്. സംസ്ഥാനത്തിലും കേന്ദ്രത്തിലും ഒരേ പാർട്ടി തന്നെ ഭരണം നടത്തുമ്പോൾ ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ച് വളരെ വിശദമായിട്ടുള്ള ചർച്ചകളും പഠനങ്ങളുമൊക്കെ നടന്നു. ഇപ്പോൾ കേന്ദ്രത്തിൽ അധികാരത്തിൽ വന്നിട്ടുള്ള ഗവൺമെന്റ് കാലാവധി പൂർത്തിയാക്കാൻ പോകുന്ന

കാലയളവിലാണ് ഇവിടെ സജീവമായിത്തന്നെ വളരെ വിശദമായി ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്തും കേന്ദ്രത്തിലും ഒരേ കക്ഷിതന്നെ യാണ് ഭരണം നടത്തുന്നത്. നാട്ടിലെ ജനങ്ങളെ പിടികൂടിയിരിക്കുന്ന വിലക്ക യറ്റവും പണപ്പെരുപ്പവും അഴിമതിയുമാണ് ഇപ്പോഴത്തെ വളരെ പ്രധാനപ്പെട്ട വിഷയം. ആ വിഷയം ഇന്ന് വളരെ സവിസ്തരം ജനങ്ങൾ ചർച്ചചെയ്തു കൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് ഇവിടെ ഈ അധിക ധനാഭ്യർത്ഥന കളിലേയ്ക്കും അതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വിഷയങ്ങളിലേയ്ക്കും നമ്മൾ വരുന്നത്. ശ്രീ. കെ. എം. മാണി സ്ഥിരമായി ധവളപത്രം പുറപ്പെടുവി ക്കുന്ന ആളാണ്. നമ്മുടെ നാട്ടിൻപുറങ്ങളിലും നഗരപ്രദേശങ്ങളിലും ഒരു കാര്യവും നടക്കുന്നില്ല എന്നുള്ള കാര്യത്തിൽ സമാനതയുണ്ടെന്നാണ് ഇപ്പോൾ ഞങ്ങൾ മനസ്സിലാക്കുന്നത്. നിർമ്മാണപ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും നിലച്ചി രിക്കുകയാണ്. ഏറ്റവും താഴെത്തട്ടിലുള്ള ആളുകൾക്ക് കൊടുക്കുന്ന ക്ഷേമപെൻഷനുകൾപോലും പ്രഖ്യാപനങ്ങൾ നടത്തിയെന്നല്ലാതെ ഈ ഘട്ടം വരെ കൊടുത്തിട്ടില്ലായെന്നുള്ളത് വളരെ ഗൗരവത്തോടുകൂടി കാണണം. അതുമായി ബന്ധപ്പെട്ടുള്ള ധാരാളം കാര്യങ്ങളുണ്ട്. ഇപ്പോൾ സംസ്ഥാനം ഒരു സാമ്പത്തിക പ്രതിസന്ധിയിലാണോ എന്നു ചോദിച്ചാൽ ആണെന്ന് പറയും, സാമ്പത്തിക പ്രതിസന്ധിയിൽ അല്ലേ എന്നുചോദിച്ചുകഴിഞ്ഞാൽ അല്ല എന്നും പറയും. എന്നുമാത്രമല്ല, ഓരോ സന്ദർഭങ്ങളിലും ചർച്ചകളിൽ ഉയർന്നുവരുന്ന വിഷയങ്ങളിൽ നിന്നും വളരെ ശ്രദ്ധാപൂർവ്വം സഭയുടെയും ജനങ്ങളുടെയും ശ്രദ്ധ തിരിച്ചുവിടാൻ ഫലപ്രദമായിട്ടുള്ള പ്രഖ്യാപനങ്ങ ളുമുണ്ട്. ആരെന്ത് ചോദിച്ചുകഴിഞ്ഞാലും ഉടൻ അതിനെ സംബന്ധിച്ച് പ്രഖ്യാപനങ്ങൾ നടത്തും. മെഡിക്കൽ കോളേജ് ചോദിച്ചുകഴിഞ്ഞാൽ ഉടൻ

മെഡിക്കൽ കോളേജ്, സ്കൂളുകൾ ചോദിച്ചുകഴിഞ്ഞാൽ സ്കൂളുകൾ, കോളേജുകൾ ചോദിച്ചുകഴിഞ്ഞാൽ കോളേജുകൾ ഈ നിലയിൽ ചോദിക്കുന്നതെല്ലാം പ്രഖ്യാപിക്കുകയാണ്. നമ്മുടെ പദ്ധതി നിർവ്വഹണത്തെ സംബന്ധിച്ച് സംസ്ഥാന ആസൂത്രണ ബോർഡ് വിലയിരുത്തൽ നടത്തിയിട്ടുണ്ട്. കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കുമുമ്പുവരെ പദ്ധതിച്ചെലവിൽ ആകെ 25 ശതമാനം മാത്രമാണ് ചെലവഴിച്ചതെന്നുള്ള വിവരങ്ങളാണ് വന്നിട്ടുള്ളത്. 24–10–2013–ൽ മാതൃഭൂമി ദിനപ്പത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്ന എറ്റവും പ്രധാനപ്പെട്ട ഒരു ഭാഗം, പദ്ധതി നിർവ്വഹണം തൃപ്തികരമല്ലെന്ന് ആസൂത്രണ ബോർഡ്, 1200 കോടി രൂപ വാർഷിക അടങ്കൽ നിശ്ചയിച്ചപ്പോൾ ചെലവഴിച്ചത് കേവലം 425 കോടി രൂപ മാത്രമാണ്. ഏഴുമാസം പിന്നിട്ടപ്പോഴുണ്ടായ കണക്കാണ് ഈ പറഞ്ഞത്. എന്നുമാത്രമല്ല ധനവിനിയോഗത്തെ സംബന്ധിച്ച് ധനകാര്യ വകുപ്പ് ഇറക്കിയിട്ടുള്ള സാമ്പത്തിക അവലോകനത്തിൽ സംസ്ഥാനത്തിന്റെ ധനസ്ഥിതി സംബന്ധിച്ചുള്ള കണക്കുകൾ പറയുന്നുണ്ട്. 2013–ലെ സാമ്പത്തിക അവലോകനം പേജ് നമ്പർ 15–ൽ സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ സംബന്ധിച്ച് വളരെ വിശദമായി പറയുന്നുണ്ട്. 2012–ലും 2013–ലും ലക്ഷ്യമിട്ടിരുന്ന ധനവിനിയോഗത്തെ സംബന്ധിച്ചുള്ള ഏകീകരണവും നിയന്ത്രണവും കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ലെന്ന് അതിൽ തന്നെ സൂചിപ്പിക്കുന്നുണ്ട്. ഞാൻ അതിലേക്കൊന്നും പോകുന്നില്ല. എന്നുമാത്രമല്ല വളർച്ചയുടെ കാര്യത്തിൽ 2011–12, 2012–13 വർഷങ്ങളിൽ കേന്ദ്ര ഗവൺമെന്റിനും സംസ്ഥാന സർക്കാരിനും എഫ്.ആർ.ബി.എം. ലക്ഷ്യങ്ങൾ നേടാൻ കഴിഞ്ഞിട്ടില്ലായെന്നും സൂചിപ്പിക്കുന്നുണ്ട്. കൂടാതെ, റവന്യൂ വരുമാ

നത്തെക്കുറിച്ച് പേജ് നമ്പർ 16, ഖണ്ഡിക 152–ൽ പറയുന്നുണ്ട്. 2012–13 സാമ്പത്തിക വർഷത്തിലും 2013–14 സാമ്പത്തിക വർഷത്തിലും റവന്യൂ വരുമാനത്തിന്റെ വളർച്ചാ നിരക്കിൽ സാരമായ കുറവുണ്ടായി എന്നു സൂചിപ്പിക്കുന്നുണ്ട്. ഞാൻ അതിലേയ്ക്കൊന്നും ദീർഘമായി പോകുന്നില്ല. ഈ നിലയിൽ കേരളത്തിന്റെ സാമ്പത്തിക സ്ഥിതി അതീവ ദയനീയ അവസ്ഥയിലേക്ക് പോയിക്കൊണ്ടിരിക്കുകയാണ്. ഏതാണ്ട് 2000 കോടി രൂപ കരാറുകാർക്ക് കൊടുക്കാനുണ്ടെന്നാണ് അവർ പറയുന്നത്. ഇവിടെ ഏറ്റവും ദയനീയമായ ചിത്രം തെളിയുകയാണ്. നാട്ടിലെ ഏറ്റവും പാവപ്പെട്ട കൃഷിക്കാർ, തൊഴിലാളികൾ, ദുർബല വിഭാഗത്തിൽപ്പെട്ടവർ, പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരുൾപ്പെടെയുള്ളവരുടെ വിവിധങ്ങളായ ജനക്ഷേമ പ്രവർത്തനങ്ങളെല്ലാം ഏതാണ്ട് നിലച്ചിരിക്കുകയാണ്. ഏറ്റവും ഗതികെട്ട അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ നീങ്ങുകയാണ്. ദുർബല വിഭാഗത്തിൽപ്പെട്ടവരുടെ കാര്യമാണ് ഏറ്റവും പ്രധാനപ്പെട്ടത്. ഇവിടെ വലിയ ചർച്ചകൾ നടക്കുന്നുണ്ട്. വലിയ പദ്ധതികൾ ധാരാളം പ്രഖ്യാപിച്ചിട്ടുണ്ട്. തട്ടുപൊളിപ്പൻ പ്രസംഗങ്ങളും പദ്ധതികളും സ്ഥിരമായി കേൾക്കുന്നതാണ്. ധനവിനിയോഗ ബില്ലിനെ ശക്തിയായി എതിർക്കുമ്പോൾത്തന്നെ 07–01–2014–ൽ ശ്രീ. ബാബു എം. പാലിശ്ശേരി ഏഴുമാസത്തോളം വരുന്ന ചെലവുകളെ സംബന്ധിച്ച് ചോദിച്ചപ്പോൾ മറുപടിയായി പറഞ്ഞത് വിവരങ്ങൾ ശേഖരിച്ചുവരുന്നുവെന്നാണ്. അതിന്റെ വിശദമായ കാര്യങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. തിരുവനന്തപുരം ജില്ലയിൽ പ്രഖ്യാപിക്കപ്പെട്ട മോണോ റെയിൽ പദ്ധതി, മൊബിലിറ്റി ഹബ്ബ്, ഇടുക്കി പാക്കേജ്, വയനാട് പാക്കേജ്, ഉൾനാടൻ ജലഗതാഗതം, മുല്ലപ്പെരിയാർ എന്നുതുടങ്ങി കണ്ണൂർ വിമാനത്താവളം അങ്ങനെ പോകുകയാണ്

നീണ്ട നിര. ഇത്തരം വലിയ പദ്ധതികൾക്കുവേണ്ടി പത്തു പൈസപോലും ചെലവാക്കിയ കണക്ക് അതിൽ കാണുന്നില്ല. ഈ നാട്ടിലെ പാവപ്പെട്ട ആളുകളെയും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെയും ബാധിക്കുന്ന വിഷയങ്ങൾ ധാരാളമുണ്ട്. അവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന പല തരത്തിലുള്ള ആനുകൂല്യങ്ങളുടെ വിനിയോഗത്തെ സംബന്ധിച്ച്, ഏറ്റവും പാവപ്പെട്ട പട്ടിജാതിവിഭാഗത്തിൽപ്പെട്ടവരുടെ പെൺമക്കളുടെ വിവാഹത്തിന് കൊടുക്കുന്ന ധനസഹായം 50,000 രൂപയാണ്. വിവാഹം കഴിച്ചുകൊടുക്കാൻ പോകുന്ന പാവപ്പെട്ട പെൺകുട്ടിയുടെ രക്ഷിതാക്കൾ ഏതാണ്ട് രണ്ടുമൂന്നു മാസങ്ങൾക്കു മുമ്പ് വിവാഹം നിശ്ചയിച്ചതിന്റെ രേഖകളും വിവാഹ ക്ഷണക്കത്തും, ജാതിയും വരുമാനവും തെളിയിക്കുന്ന സർട്ടിഫിക്കറ്റുൾപ്പെടെയുള്ള വിശദമായ രേഖകൾ സമർപ്പിച്ചു കഴിയുമ്പോഴാണ് ആ ആനുകൂല്യം ലഭിക്കുന്നത്. ആ ധനസഹായം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്തിട്ടില്ല. പാലക്കാട് ജില്ലയിൽ മാത്രം ഏകദേശം 70 കോടി രൂപയുടെ ധനസഹായം കൊടുക്കുന്നതിനുള്ള അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്. ഏറ്റവും കൂടുതൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾ അധിവസിക്കുന്ന ജില്ലയാണ് പാലക്കാട്. അതുപോലെ എല്ലാ ജില്ലകളിലും പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകളുടെ പെൺമക്കൾക്ക് വിവാഹത്തിന് നൽകേണ്ട ധനസഹായംപോലും കൊടുക്കാൻ കഴിയാത്ത സ്ഥിതി വന്നിരിക്കുകയാണ്. പട്ടികജാതി വിഭാഗക്കാരുടെ മറ്റൊരു പ്രധാന വിഷയമാണ് ഭവനനിർമ്മാണ പദ്ധതി. ആ ഭവന നിർമ്മാണ പദ്ധതിക്ക് ഇവിടെയുള്ള കണക്കുകൾ സൂചിപ്പിക്കുന്നതുപ്രകാരം കേവലം വളരെ ചെറിയ തുകമാത്രമാണ് ചെലവഴിക്കപ്പെട്ടിട്ടുള്ളത്. ഭവനനിർമ്മാണ പദ്ധതിപ്രകാരം 2012–13–ൽ 5000 വീടുകൾ പട്ടിക

ജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നിർമ്മിച്ചുകൊടുക്കുമെന്ന് നമ്മുടെ വകുപ്പ് പറഞ്ഞിട്ട് ആകെ നിർമ്മിച്ചുകൊടുത്തത് 1161 വീടുകൾ മാത്രമാണ്. 2013–14 സാമ്പത്തിക വർഷത്തിൽ 4000 വീടുകൾ നിർമ്മിച്ചുനൽകണമെന്നാണ് കണക്കാക്കിയിരിക്കുന്നത്. അതുപോലെ ഭൂരഹിതർക്ക് ഭൂമി വാങ്ങിച്ചുകൊടുക്കുന്ന പദ്ധതി പ്രകാരം കേവലം 51 ആളുകൾക്കുമാത്രമാണ് ധനസഹായം നൽകിയിട്ടുള്ളത്. അതുപോലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെതന്നെ വിവിധങ്ങളായിട്ടുള്ള പദ്ധതികൾ – വിദ്യാഭ്യാസ മേഖലയിലെ സ്കോളർഷിപ്പുകൾ, അവർക്ക് നൽകപ്പെടേണ്ട മറ്റ് ആനുകൂല്യങ്ങൾ തുടങ്ങിയവയൊന്നും സമയബന്ധിതമായി വിതരണം ചെയ്യാൻ കഴിയുന്നില്ല. ആ നിലയിൽ ഈ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് ഇവിടെ സൂചിപ്പിച്ച പ്രകാരം ഈ സാമ്പത്തിക വർഷം ഏതാണ്ട് ഏഴുമാസം പിന്നിട്ടപ്പോൾ ഈ അവസ്ഥയിലാണ് നിൽക്കുന്നത്. അതുമാത്രമല്ല ഏറ്റവും സങ്കീർണ്ണമായ വിഷയങ്ങൾ, പ്രത്യേകമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ പദ്ധതി അവലോകനവും അവയുടെ നടത്തിപ്പുമുണ്ട്. അതുപോലെതന്നെ തനതായ സ്റ്റേറ്റ് ഗവൺമെന്റിന്റേതായ പദ്ധതികളുമുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം തദ്ദേശ വകുപ്പുമന്ത്രിയും പട്ടികജാതി ക്ഷേമവകുപ്പുമന്ത്രിയും ചേർന്ന് ആ മേഖലയിലുള്ളവരുടെ ഒരു യോഗം വിളിച്ചുചേർത്തിരുന്നു. അതുവഴി കുറെ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ ഏഴുമാസം പിന്നിട്ട കാലയളവിലും കേവലം ചെറിയ തുക മാത്രമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി ചെലവഴിച്ചതായി കാണാൻ സാധിക്കുന്നത്. അതുപോലെതന്നെ പല വമ്പൻ പദ്ധതികളെയും സംബന്ധിച്ചുള്ള പ്രഖ്യാപനങ്ങളല്ലാതെ, ഏറ്റവും പാവപ്പെട്ടവരും

സാധാരണക്കാരുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങളുൾപ്പെടുന്ന ഈ സമൂഹത്തിനുവേണ്ടി ഇക്കഴിഞ്ഞ ഒന്നുരണ്ടു വർഷക്കാലത്തിനിടയിൽ ധനവിനിയോഗപരമായി ഒന്നും ചെലവഴിക്കാൻ കഴിയാതെ പരാജയപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ വളരെ ശക്തിയായിത്തന്നെ ഈ ധനവിനിയോഗത്തിനുവേണ്ടി മൂവ്ചെയ്തിരിക്കുന്ന ബില്ലുകളെ എതിർക്കുകയാണ്.

ശ്രീ. എ. പി. അബ്ദുള്ള കുട്ടി: സർ, 2013–2014 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും സംബന്ധിച്ചുള്ള ധനവിനിയോഗ ബില്ലുകളെ ഞാൻ പിന്തുണയ്ക്കുകയാണ്. വികസന പ്രവർത്തനങ്ങളും മറ്റ് ക്ഷേമപ്രവർത്തനങ്ങളുമെല്ലാം വളരെ മന്ദഗതിയിൽ നടക്കുന്ന ഒരു സംസ്ഥാനമെന്ന പേരുദോഷം നമ്മുടെ സംസ്ഥാനത്തിന്റെ പല മേഖലകളിലുമുണ്ട്. അത് പരിഹരിക്കണമെങ്കിൽ നമ്മുടെ നടപടിക്രമങ്ങൾ കുറച്ചുകൂടി ലളിതമാക്കേണ്ടതുണ്ട് എന്നുള്ളതാണ് പലപ്പോഴും പല വികസന സമിതികളിലും ജനപ്രതിനിധികളുടെ സ്വന്തം അനുഭവങ്ങളിൽ നിന്നും ഉയർന്നുവരുന്ന അഭിപ്രായം. ആ അഭിപ്രായം മുൻനിറുത്തി പല രംഗത്തും കുറേയേറെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെങ്കിലും ശ്രീ. ബി. സത്യൻ പറഞ്ഞതുപോലെ നമ്മുടെ സംസ്ഥാനത്തെ പല ഡിപ്പാർട്ടുമെന്റുകളും ഫണ്ട് ചെലവഴിക്കുന്നതിൽ കാലതാമസം വരുത്തുന്നുവെന്നത് സത്യമാണ്. അതിൽ ഭരണ-പ്രതിപക്ഷമെന്ന അഭിപ്രായവ്യത്യാസത്തിന്റെ കാര്യമില്ല. എല്ലാപേരും ഒരുപോലെ യോജിക്കുന്നതാണ്. ഇതിന് ആവശ്യമായ വിധത്തിൽ നമ്മുടെ നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ഗവൺമെന്റും കൂറച്ചുകൂടി ജാഗ്രത കാണിക്കണമെന്നാണ് എനിക്ക് പറയാനു

ള്ളത്. ഇപ്പോൾ എം.എൽ.എ. ഫണ്ടിന്റെയും അസറ്റ് ഫണ്ടിന്റെയും കാര്യ ത്തിൽ പ്രതിസന്ധികൾ വന്നിട്ടുണ്ട്. ആദ്യത്തെ വർഷവും രണ്ടാമത്തെ വർഷവും തന്നിട്ടുള്ള ഫണ്ടുകളിൽ പലതും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. എന്റെ അനുഭവം പറയുകയാണെങ്കിൽ, പി.ഡബ്ല്യൂ.ഡി. ബിൽഡിംഗിന് കൊടു ത്തിട്ടുള്ള കാര്യങ്ങൾ പരിശോധിക്കുകയാണെങ്കിൽ അതിന്റെ എസ്റ്റിമേറ്റായി ടെണ്ടറാകുമ്പോൾ ആ ടെണ്ടറിൽ പങ്കെടുക്കാൻ കരാറുകാരൻ മുന്നോട്ടുവരു ന്നില്ല. അവർ പറയുന്നത് ഈ തുകയ്ക്ക് ഈ പണി നടത്താൻ കഴിയില്ല എന്നാണ്. പിന്നീട് ഗവൺമെന്റ് അതിന്റെ റേറ്റ് വർദ്ധിപ്പിച്ചു. അപ്പോൾ കുറേ കാലതാമസം വന്നു. ഓരോ മേഖലയും സൂക്ഷ്മായി പരിശോധിച്ചാൽ ഈ വിധത്തിലുള്ള കുറേ പ്രശ്നങ്ങൾ നമുക്ക് കാണാൻ സാധിക്കും. ഇത് പരിഹരിക്കാൻ ആവശ്യമായ നടപടിക്രമങ്ങൾ കൃത്യസമയത്ത് യുക്തമായെ ടുക്കാനുള്ള ഒരു തീരുമാനം ഗവൺമെന്റ് തലത്തിൽ എടുത്താൽ മാത്രമേ നമുക്ക് മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. മറ്റൊരു വിഷയം കേന്ദ്ര ഫണ്ടുകളാണ്. പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജനയിൽ ഒരുപാട് ഫണ്ട് ഓരോ സംസ്ഥാനങ്ങളിൽ വാരിക്കോരി ചെലവാക്കുന്നുണ്ട്. ബീഹാറിലെ ശ്രീ. നിതീഷ് കുമാറിനെക്കുറിച്ച് പറയുന്നത്, അവിടത്തെ ഗ്രാമങ്ങളിലെ റോഡുകളിൽ കേന്ദ്രഗവൺമെന്റിന്റെ ഫണ്ട് ഫലപ്രദമായി ഉപയോഗിച്ച് റോഡ് വികസനത്തിൽ വലിയ മാറ്റം വരുത്തിയെന്നാണ്. കേരളത്തിന്റെ തോത് നോക്കുകയാണെങ്കിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തായാലും ഈ ഗവൺമെന്റിന്റെ കാലത്ത് കുറച്ച് പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും, കേന്ദ്രഗവൺമെന്റിന് നമ്മൾ പ്രൊപ്പോസൽ കൊടുക്കുന്നതിനനുസരിച്ച് എത്ര ഫണ്ടുവേണമെങ്കിലും ലഭിക്കുന്നതാണ്. ഗ്രാമങ്ങളിലെ രണ്ട് ജനവാസകേന്ദ്ര

ങ്ങളെ ബന്ധിപ്പിക്കുന്ന 8 മീറ്ററോളം വീതിയുള്ള ഒരു മിനി ഹൈവേ ഗ്രാമങ്ങ ളിൽ കിട്ടുന്നതാണ്. പക്ഷേ അത്തരം ഫണ്ടുകൾ നമുക്ക് ഫലപ്രദമായി ഇവിടെ ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല. പല ഡിപ്പാർട്ടുമെന്റുകളും പരിശോധിച്ചാൽ കേന്ദ്രത്തിൽനിന്ന് ഫണ്ടുകൾ പിടിച്ചുവാങ്ങാൻ സാധിക്കു ന്നില്ല അല്ലെങ്കിൽ വാങ്ങിയത് ചെലവാക്കാൻ സാധിക്കുന്നില്ല എന്ന് മനസ്സി ലാകും. പിന്നെ നമ്മുടെ രാഷ്ട്രീയ സാഹചര്യത്തിന്റെ കുറേ പ്രശ്നങ്ങ ളുണ്ട്. ആറ് മാസം മഴയുള്ളതുകൊണ്ട് പല മരാമത്ത് വർക്കുകളും ഡിലേ ആകുന്നുവെന്ന പ്രശ്നം നമ്മൾ പറയാറുണ്ട്. മെറ്റീരിയൽസിന് ക്ഷാമമുണ്ട്, പരിസ്ഥിതി പ്രശ്നങ്ങളുണ്ട്, കക്ഷിരാഷ്ട്രീയ അതിപ്രസരത്തിന്റേയും ട്രേഡ് യൂണിയനുകളുടേയും പ്രശ്നങ്ങളുണ്ട്, ഇങ്ങനെ ഒട്ടനവധി കാര്യങ്ങളുണ്ട്. കേരളത്തിന്റെ വികസനം കുറച്ചുകൂടി ദ്രുതഗതിയിലാക്കണമെങ്കിൽ ഒരു രാഷ്ട്രീയ സമവായമുണ്ടാക്കി പല പ്രശ്നങ്ങളിലും കേരളത്തിന്റെ പ്രതി സന്ധി പരിഹരിച്ച് നമ്മുടെ വികസനപ്രവർത്തനങ്ങളെ കുറേക്കൂടി ക്രീയാത്മ കമാക്കാനും വേഗതയിലാക്കാനുമുള്ള തീരുമാനം രാഷ്ട്രീയമായിത്തന്നെ എടുക്കേണ്ടതുണ്ട്. ആ വിധത്തിൽ കേരളത്തിന്റെ വികസനത്തെ ത്വരിതപ്പെ ടുത്തേണ്ടതുണ്ട്. അതിന്റെ നടപടിക്രമങ്ങൾ ലളിതമാക്കേണ്ടതുണ്ട്. നമ്മുടെ സാമ്പത്തിക രംഗത്ത് നമുക്ക് കിട്ടുന്ന ഫണ്ടുകളുപയോഗിച്ച് വികസന പ്രവർത്തനത്തെ വളരെ വേഗതത്തിൽ നടപ്പിലാക്കാൻ കഴിയേണ്ടതുണ്ട്. കേന്ദ്രത്തിൽനിന്നും എല്ലാ സംസ്ഥാനങ്ങൾക്കും കിട്ടുന്ന ഏറ്റവും വലിയ വികസനമെന്നുപറയുന്നത് കന്യാകുമാരി മുതൽ കാശ്മീർ വരെ 64,000 കി. മീറ്റർ റോഡ് ഇപ്പോൾ തന്നെ നാലുവരിപ്പാതയാക്കി കഴിഞ്ഞുവെന്നതാണ്. പക്ഷേ കേരളത്തിൽ ആ രംഗത്ത് നേടാൻ കഴിഞ്ഞിട്ടുള്ള നേട്ടമെന്നുപറയു

ന്നത് പത്തോ നാൽപ്പതോ  കി.മീറ്റർ മാത്രമാണ്. അതായത് വല്ലാർപ്പാടത്തു നിന്നും 5–8 കി.മീറ്റർ നാലുവരിപ്പാതയാക്കിയിട്ടുണ്ട്.  കൊച്ചി–മണ്ണൂത്തി പാത നാലുവരിയാക്കാൻ സാധിച്ചിട്ടുണ്ട്. പക്ഷെ പല സ്ഥലത്തും കേന്ദ്ര ഫണ്ട് വാങ്ങാനും പദ്ധതികൾ നടപ്പിലാക്കാനും സാധിച്ചിട്ടില്ല.  അനാവശ്യമായ രാഷ്ട്രീയ എതിർപ്പുകളും ജനങ്ങളുടെ എതിർപ്പുകളുംകൊണ്ടുമാത്രമാണ് ഇത്തരം വികസന പദ്ധതികൾ നമുക്ക് നടപ്പിലാക്കാൻ സാധിക്കാത്ത്. വളരെ സൂക്ഷമമായി നോക്കുകയാണെങ്കിൽ ഇപ്പോൾ സ്ഥലങ്ങൾക്ക് നഷ്ടപരി ഹാരം നല്ല രീതിയിൽ കൊടുക്കുന്നുണ്ട്.  കൊച്ചി മെട്രോയുടെ കാര്യമെടു ത്താൽ കൃത്യം 1005 ദിവസം എന്നുപറഞ്ഞ് ദിവസം വച്ചാണ് അവിടത്തെ പ്രവർത്തനം നടക്കുന്നത്.  എന്നാൽ നമ്മൾ ഇടയ്ക്കിടെ കൊച്ചി മെട്രോ യുടെ പ്രവർത്തനങ്ങളുടെ ഭാഗമായി കേൾക്കുന്നത് അവിടെ സൈറ്റിൽ തൊഴിലാളികളുടെ പണിമുടക്കുണ്ടായി. അവസാനം എല്ലാ ട്രേഡ് യൂണിയൻ നേതാക്കളും ചേർന്ന് വളരെപെട്ടന്ന് അത് പരിഹരിച്ചു എന്നൊക്കെയാണ്. പക്ഷേ വീണ്ടും അവിടെ നിന്നും വരുന്ന വാർത്തകളെന്നുപറയുന്നത് കൊച്ചി മെട്രോയുടെ പ്രവൃത്തി സ്തംഭിച്ചിരിക്കുന്നുവെന്ന നിലയിലാണ്.  ഈ സംസ്ഥാനത്തെക്കുറിച്ച് പുറത്തുള്ള ഇംപ്രഷനെന്നുപറയുന്നത് ഇതൊരു നിക്ഷേപ സൗഹൃദ സംസ്ഥാനമല്ല, ഇവിടെ ഇപ്പോഴും നോക്കുകൂലിയും ട്രേഡ് യൂണിയനുകളുമുണ്ട് എന്നാണ്.  അത് മാറ്റണമെങ്കിൽ ഇവിടത്തെ മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഈ വിഷയത്തിൽ ഇടപെടേണ്ടതുണ്ട്. കൊച്ചി മെട്രോ എന്ന പദ്ധതി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു കൺസ്ട്രക്ഷൻ കമ്പനിയാണ്.  അതിന്റെ പ്രവർത്തനങ്ങൾ ചില സന്ദർഭങ്ങ ളിൽ തടസ്സപ്പെടുത്തുന്ന സ്ഥിതവിശേഷമാണ് ഉണ്ടായിട്ടുള്ളത്. ഈ അവസ്ഥ

മാറണം. നമുക്ക് കിട്ടിയ ഫണ്ടെങ്കിലും ചെലവാക്കാൻ കഴിയണം. അതുപോലെ കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതുണ്ട്. നമ്മുടെ സിവിൽ സർവ്വീസിന്റെ പ്രശ്നമെന്താണെന്നുപറഞ്ഞാൽ അവിടെയുള്ള ജീവനക്കാർ അവരുടെ അവകാശകാര്യത്തിനുവേണ്ടി ശക്തമായി വാദിക്കുന്നു. അതുപോലെ തന്നെ അവരുടെ കടമ, പൗരബോധം, ധർമ്മം എന്നിവ മനസ്സിലാക്കിക്കൊണ്ട് അവർ ഈ നാട്ടിന്റെ വികസനത്തിനുവേണ്ടി ശക്തിപ്പെടണം. എന്തുപറഞ്ഞാലും നമ്മുടെ ഭരണ നേതൃത്വം തീരുമാനമെടുത്താലും അത് ഇംപ്ലിമെന്റ് ചെയ്യേണ്ട ചാലകശക്തി എന്നുപറയുന്നത് ബ്യൂറോക്രസിയാണ്. ഞാൻ അവരെ കുറ്റപ്പെടുത്തുകയല്ല, പക്ഷേ അവർ കുറച്ചുകൂടി പ്രൊഫഷണലാകേണ്ടതുണ്ട്. അവരെ കുറേക്കൂടി കാര്യക്ഷമമാക്കേണ്ടതുണ്ട്. എന്നിട്ട് നമ്മുടെ നാട്ടിലെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതുണ്ട്. കേരളം സാമ്പത്തികമായി വളരെയധികം മെച്ചപ്പെടാൻ പറ്റുന്ന ഒരു സംസ്ഥാനമാണ്. മാണിസാർ അവതരിപ്പിച്ച ബഡ്ജറ്റിൽ ആളോഹരി വരുമാനം 1000 ഡോളറിൽ എത്തിയെന്നത്, ആഭ്യന്തര ഉത്പാദനം 8 ശതമാനത്തിലധികം വർദ്ധിപ്പിച്ച് അത് നിലനിറുത്താൻ സാധിച്ചത് തുടങ്ങിയ വലിയ പുരോഗതി ഉണ്ട്. കാർഷിക രംഗത്ത് ചെറിയ തകർച്ചയുണ്ടെങ്കിലും ചെറുകിട വ്യവസായ രംഗത്തും ഐ.റ്റി. രംഗത്തുമൊക്കെ കേരളത്തിൽ വമ്പിച്ച മുന്നേറ്റം മാണിസാറിന്റെ ശാസ്ത്രീയമായ വികസന കാഴ്ചപ്പാടിന്റെ ഫലമായി കേരളത്തിൽ ഉണ്ടായിട്ടുണ്ട്. പക്ഷേ മറ്റ് പല മേഖലകളിലും നമ്മുടെ ഫണ്ടും വികസന പ്രവർത്തനങ്ങളും ത്വരിതപ്പെടുത്താനും വളരെപെട്ടന്ന് ചെലവാക്കാനും സാധിക്കാത്ത പരിമിതികളുണ്ട്. ഇപ്പോൾ അസറ്റ് ഫണ്ടിന്റെ കാര്യമെടുത്താൽ എല്ലാ എം.എൽ.എ.മാരുടേയും സ്ഥിതി ഒരു മെല്ലെപ്പോക്ക് സ്ഥിതി

യാണ്. അതൊരു ഉദാഹരണമായി ഞാൻ പറഞ്ഞെന്നേയുള്ളൂ. അത് മാണി സാറിന്റെ ശ്രദ്ധയിൽ വരണമെന്നും അതിനാവശ്യമായ ഒരു നിലപാട് സ്വീകരിക്കണമെന്നും പറഞ്ഞുകൊണ്ട് ഈ ധനവിനിയോഗ ബില്ലുകളെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. വി. ശശി: സർ, 2013–14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളേയും അധിക ധനാഭ്യർത്ഥനകളേയും സംബന്ധിച്ച ഈ ബില്ലിനെ ഞാൻ എതിർക്കുന്നു. ബഡ്ജറ്റിന്റെ പൊതു ചർച്ചയ്ക്കുശേഷം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയുമ്പോൾ സഭയിലുയർന്ന ആവശ്യങ്ങളോട് വളരെ ഉദാരമായ സമീപനമാണ് അദ്ദേഹം സ്വീകരിച്ചത്. 2 കോടി രൂപ ചോദിച്ചവർക്ക് 5 കോടി രൂപ നൽകുകയും പദ്ധതി തുക കുറഞ്ഞുപോയി എന്ന പരാതി കേട്ടപ്പോൾ എത്രവേണമെങ്കിലും തരാമെന്നുമായി. എത്ര ലാഘവത്തോടുകൂടിയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വാർഷിക ധനവിവരപത്രിക കൈകാര്യം ചെയ്യുന്നത്. നിയമനിർമ്മാണം കഴിഞ്ഞ് ബഡ്ജറ്റ് അവതരിപ്പിച്ച് പാസ്സാക്കുകയെന്നത് ഭരണഘടനയുടെ 202–ാം അനുച്ഛേദപ്രകാരം നിയമസഭയുടെ മൗലികമായ അവകാശവും ചുമതലയുമാണ്. എന്നാൽ അത്രയും ഗൗരവം ബഹുമാനപ്പെട്ട മന്ത്രി ബഡ്ജറ്റിന് നൽകിയിട്ടില്ല. റിവൈസ്ഡ് എസ്റ്റിമേറ്റും ഉപധനാഭ്യർത്ഥനയും ധനപുനർവിനിയോഗവും അധികധനാഭ്യർത്ഥനകളും ന്യൂസർവ്വീസുമൊക്കെയുള്ളതുകൊണ്ടാകാം ബഡ്ജറ്റ് എസ്റ്റിമേറ്റിന് പ്രാധാന്യമൊന്നും നൽകേണ്ടതില്ലായെന്ന് മാണിസാറിന് തോന്നിയത്. അതുകൊണ്ട് 4732 കോടി രൂപയുടെ ഉപധനാഭ്യർത്ഥനയും അധിക ധനാഭ്യർത്ഥനയും ഇവിടെ അവതരി

പ്പിച്ചിരിക്കുകയാണ്. ധനാഭ്യർത്ഥനയിൽ ഉൾപ്പെട്ടിട്ടുള്ള ഒന്നുരണ്ട് വകുപ്പുകളുടെ കാര്യം ഞാൻ സൂചിപ്പിക്കാം. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പതിമൂന്നാം ധനകാര്യകമ്മീഷന്റെ അവാർഡുമായി ബന്ധപ്പെട്ട് മത്സ്യമേഖലയിൽ നൽകിയ 200 കോടി രൂപയുടെ പദ്ധതി നടപ്പാക്കേണ്ടതുണ്ട്. **100** കോടി രൂപ കഴിഞ്ഞ രണ്ട് വർഷങ്ങളിലായി നൽകേണ്ടതാണ്. ഒരു ചോദ്യത്തിനുത്തരമായി എനിക്ക് നൽകിയ മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്നത് കഴിഞ്ഞ വർഷം ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്ന 50 കോടി രൂപ വിനിയോഗിക്കാതെ സറണ്ടർചെയ്തു എന്നാണ്. അതുപോലെ സംയോജിത മത്സ്യഗ്രാമവികസന പദ്ധതി പ്രഖ്യാപിച്ചു. 45 മത്സ്യഗ്രാമങ്ങൾക്കാണ് 2 കോടി രൂപ വീതം നൽകാൻ തീരുമാനിച്ചത്. കഴിഞ്ഞവർഷം 25 മത്സ്യഗ്രാമങ്ങൾക്ക് രണ്ട് കോടി രൂപവിതം അനുവദിച്ചുവെങ്കിൽ 40 കോടി രൂപ ഈ വർഷം അതിനായി നീക്കിവയ്ക്കണമായിരുന്നു. മാതൃകാ മത്സ്യഗ്രാമത്തിന് 100 കോടി രൂപയും സംയോജിത മത്സ്യഗ്രാമത്തിന് 50 കോടിരൂപയും റിലീസ് ചെയ്തുവെങ്കിലും ഈ തുക കേരളാ വാട്ടർ അതോറിറ്റിയുടേയും കെ.എസ്.ഇ.ബി .-യുടേയുമൊക്കെ അക്കൗണ്ടിൽ വകമാറ്റിയതല്ലാതെ അതിന്റെ പ്രയോജനം തീരദേശത്ത് പ്രതിഫലിച്ച് കാണുന്നില്ല എന്നതാണ് സത്യം. കൂടാതെ നബാർഡിന്റെ സഹായത്തോടെ നടപ്പാക്കുന്ന ആർ.ഐ.ഡി.എഫ് പദ്ധതി പ്രകാരം 64 കോടി രൂപ ജൂൺ മാസത്തിൽ അംഗീകാരം ലഭിച്ചതാണ്. 20% അഡ്വാൻസും നബാർഡ് സർക്കാരിന് നൽകിക്കഴിഞ്ഞു. എന്നാൽ പദ്ധതി നടപ്പാക്കാൻ നബാർഡ് നൽകിയ തുക ഇതുവരെയും ധനകാര്യവകുപ്പ് അനുവദിച്ചിട്ടില്ല എന്നാണ് അറിയുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ

അഞ്ചുതെങ്ങ് മത്സ്യഗ്രാമം വളരെയേറെ ജനസാന്ദ്രതയുള്ള പ്രദേശമാണ്. മാതൃകാമത്സ്യഗ്രാമത്തിലോ സംയോജിതമത്സ്യഗ്രാമത്തിലോ അഞ്ചുതെങ്ങ് എന്ന മത്സ്യഗ്രാമത്തെ ഉൾപ്പെടുത്തിയിരുന്നില്ല. ഇത് വളരെ ഗൗരവമുള്ളതും ജനങ്ങളുടെ ഇടയിൽ വളരെയേറെ അതൃപ്തി സൃഷ്ടിക്കുന്നതുമായ ഒരു കാര്യമാണ്. അതുപോലെ മുതലപ്പൊഴി മത്സ്യബന്ധനതുറമുഖം ജനങ്ങൾക്ക് വളരെയേറെ പ്രയോജനം ചെയ്യുന്നതാണ്. ആ തുറമുഖം പുനർനിർമ്മിക്കുവാൻ സർക്കാർ തിരുമാനിച്ചെങ്കിലും അത് ഏറ്റെടുത്ത കരാറുകാരൻ, പണം കൊടുക്കാത്തതിനാൽ പണിനിർത്തി പോയിരിക്കുന്ന ഒരവസ്ഥയിലാണ്. മറ്റൊരുപ്രധാനകാര്യം പട്ടികജാതി വികസനമാണ്. കേന്ദ്രാവിഷ്കൃത പദ്ധതിക്ക് അനുവദിക്കുന്ന തുക, കേരളത്തിൽ ധാരാളം പ്രീമെട്രിക് ഹോസ്റ്റലുകൾ പട്ടികജാതി വിദ്യാർത്ഥികൾക്കുവേണ്ടി പ്രവർത്തിക്കുന്നുണ്ടെന്ന് നമുക്കറിയാം. അതിൽ ഒട്ടേറെ ഹോസ്റ്റലുകൾ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കഴിഞ്ഞ മൂന്നുവർഷക്കാലമായി ഈയിനത്തിൽ 50% കേന്ദ്രാവിഷ്കൃത പദ്ധതിയായാലും 100% കേന്ദ്രാവിഷ്കൃത പദ്ധതിയായാലും 2011–12, 2012–13, 2013–14 വർഷങ്ങളിൽ നീക്കിവച്ചിരുന്ന 400 കോടി രൂപയിൽ ഒരു പൈസപോലും സർക്കാർ ചെലവഴിച്ചില്ല എന്നുള്ളത് വളരെ ഗുരുതരമായൊരു കാര്യമാണ്. സ്വയംപര്യാപ്തതാഗ്രാമം പദ്ധതിയിൽ 114 ഗ്രാമങ്ങളെയും 17 ഏജൻസികളെയും സർക്കാർ കണ്ടെത്തിയിരുന്നു. അതിലൊന്നാണ് ആലുവയിലെ എഫ്.ഐ.റ്റി. 114 മത്സ്യഗ്രാമങ്ങളിൽ, ഗ്രാമങ്ങളെ സ്വയം പര്യാപ്ത ഗ്രാമങ്ങളാക്കി മാറ്റുന്നതിന് എഫ്.ഐ..റ്റി–ക്ക് നൽകിയിരിക്കുന്നത് 53 ഗ്രാമങ്ങളെയാണ്. എഫ്.ഐ.റ്റി–ക്ക് ഈ വർക്ക് ഏറ്റെടുക്കാനുള്ള യോഗ്യതയെന്താണ് എന്ന കാര്യം സർക്കാർ വ്യക്തമാക്കണം. യോഗ്യത

നിർണ്ണയിച്ചത് എം.എൽ.എ.–മാരല്ല, സർക്കാരാണ്. യോഗ്യത നിർണ്ണയിച്ച് നൽകിയ സ്ഥാപനങ്ങളുടെ ലിസ്റ്റിൽ നിന്നും ഒരെണ്ണത്തെ നിർദ്ദേശിക്കാനാണ് എം.എൽ.എ–മാരോട് സർക്കാർ ആവശ്യപ്പെട്ടത്. ഈ വിഷയവുമായി ബന്ധ പ്പെട്ട ചോദ്യത്തിന് നൽകിയ മറുപടി വായിക്കുമ്പോൾ സർക്കാർ ഒഴിഞ്ഞു മാറി ഉത്തരവാദിത്തം എം.എൽ.എ–മാരുടെ തലയിൽ കെട്ടിവയ്ക്കുവാൻ ശ്രമിക്കുന്നതുപോലെ തോന്നി. വ്യക്തിഗത ആനുകൂല്യങ്ങൾ ഈ പദ്ധതിയി ലൂടെ അനുവദിക്കുന്നത് ശരിയല്ല. സർക്കാർ തെറ്റുമനസ്സിലാക്കി ഭവന നിർമ്മാണം, ടോയ്‌ലറ്റ് എന്നീ നിർമ്മാണങ്ങൾ ഒഴിവാക്കി. മെയിന്റനൻസ് എന്ന ഹെഡ്ഡിൽ അനുവദിക്കുന്ന തുക ചെലവഴിക്കുന്നത് ധാരാളം പ്രശ്ന ങ്ങൾ സൃഷ്ടിക്കുന്നു. ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ ഒരു സ്പോർട്സ് കോളേജ് പട്ടികവിഭാഗങ്ങൾക്കുവേണ്ടി തുടങ്ങുമെന്നുകണ്ടു. എന്നാൽ ബഡ്ജറ്റിൽ അതിനെക്കുറിച്ച് യാതൊരു പരാമർശവുമില്ല. കോളേജ് ആരംഭി ക്കുന്നതിനുമുമ്പ്, വെള്ളായണി പ്രദേശത്തെ അയ്യങ്കാളി സ്മാരക സ്പോർട്സ് ഹൈസ്കൂളിലെ പ്ലസ്ടു വിദ്യാർത്ഥികൾക്കുവേണ്ട താമസ സൗകര്യം അടിയന്തരമായി നൽകണം. അഞ്ചാം ക്ലാസിലെ കുട്ടികളും പ്ലസ്ടു വിദ്യാർത്ഥികളും ഒരുമിച്ചാണ് അവിടെ താമസിക്കുന്നത്. കോളേജ് ആരംഭി ക്കുന്നതിനുമുമ്പുതന്നെ പ്ലസ്ടു വിദ്യാർത്ഥികൾക്കുവേണ്ടി അവിടെ പ്രത്യേകം ഹോസ്റ്റൽ സൗകര്യമുണ്ടാക്കണം എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ബില്ലുകളെ എതിർക്കുന്നു.

ശ്രീ. പി. കെ. ബഷീർ : സർ, ജനാധിപത്യത്തിന്റെ പല ഘടകങ്ങളെന്ന പോലെ ബഡ്ജറ്റിലും ജനങ്ങൾക്ക് വിശ്വാസം നഷ്ടപ്പെടുന്ന ഒരു കാലഘട്ട

മാണ്. കടലാസിലെ ബഡ്ജറ്റും കാര്യത്തിലെ ബഡ്ജറ്റും തമ്മിലുള്ള അന്തരം വർദ്ധിച്ചുവരികയാണ്. അതിലൊരു മാറ്റമാണ് മാണിസാർ അവതരിപ്പിച്ച ബഡ്ജറ്റ്. ധനകാര്യ വകുപ്പുമന്ത്രിമാർക്കിടയിലെ സച്ചിൻ ടെൻഡുൽക്കറാണ് മാണിസാർ. 12 ബഡ്ജറ്റെന്ന മാണിസാറിന്റെ റെക്കോർഡ് മറികടക്കാൻ ഇനിയൊരു കുഞ്ഞുമാണി വേണ്ടിവരും. 12 ബഡ്ജറ്റുകൾ കേട്ട ഒരാൾ ഈ നിയമസഭയിലുണ്ട്. നമ്മുടെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി അവർകളാണത്. നാഷണൽ ലെവലിൽ ഏറ്റവുമധികം അവാർഡ് കിട്ടിയ ഒരു ഗവൺമെന്റാണ് ഇന്ന് കേരളം ഭരിക്കുന്നത്. അതുകൊണ്ട് സെക്രട്ടേറിയറ്റിൽ അവാർഡുകൾ സൂക്ഷിക്കാൻ ഒരു ഗ്യാലറി സ്ഥാപിക്കണമെന്നാണ് എനിക്ക് പറയുവാനു ളളത്. ഇന്ത്യയിലെ ഏറ്റവും നല്ല ഭരണമേതെന്ന് സാക്ഷാൽ അരവിന്ദ് കെജ്രിവാളിനോടുപോലും ചോദിച്ചാൽ അത് ഉമ്മൻചാണ്ടി സർക്കാരാണെന്ന് പറയുന്നൊരു സ്ഥിതിയിലേയ്ക്ക് നമ്മുടെ സർക്കാർ എത്തിയിട്ടുണ്ട്. കേരള ത്തിൽ മുല്ലപ്പൂ വിപ്ലവം പോലെ ഇപ്പോൾ റോസാപ്പൂ വിപ്ലവം നടന്നുകൊണ്ടി രിക്കുകയാണ്. അത് ഐ.റ്റി. രംഗത്താണ്. സ്റ്റാർട്ട് അപ് വില്ലേജുകൾവഴി ഐ.റ്റി സംരംഭകർക്ക് വളരാൻ അവസരമൊരുക്കിക്കൊണ്ടിരിക്കുകയാണ്. ഇനി ആപ്പിൾ പോലുളള കമ്പനികൾ കേരളത്തിലേയ്ക്ക് വരാൻ പോവുക യാണ്. എന്തുകണ്ടാലും എതിർക്കുന്ന നിങ്ങൾക്ക് സാവധാനമേ ബുദ്ധി തെളി യുകയുളളൂ എന്നുളള കാര്യം എല്ലാവർക്കുമറിയാവുന്ന ഒരു കാര്യമാണ്. അതുപോലെ ഈ ബഡ്ജറ്റിൽ പറയുന്നത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസകിന്റെ പച്ചയും ചുവപ്പും ബഡ്ജറ്റുണ്ടായിരുന്നുവെന്നാണ്. അതിൽ ഡെവലപ്മെന്റ് എക്സ്പെൻഡീച്ചറിനെപ്പറ്റി പറയുന്നുണ്ട്. 2009–2010–ലെ

കണക്ക് പരിശോധിച്ചാൽ ആകെ ചെലവിന്റെ 54.31% ആയിരുന്നു ഡെവലപ്മെന്റ് എക്സ്പെൻഡിച്ചർ. 2013-14-ലെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ഇത് 56.3%-ആയി വർദ്ധിച്ചു. നോൺ ഡെവലപ്മെന്റ് എക്സ്പെൻഡീച്ചർ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 45.69% എന്നത് 2013-14-ൽ 43.62 % ആയി കുറയ്ക്കുവാൻ സാധിച്ചു. നല്ല ഒരു ധനകാര്യ മാനേജുമെന്റ് ഉണ്ടായതു കൊണ്ടാണ് ഇങ്ങനെ നേട്ടങ്ങളുണ്ടാക്കാൻ നമുക്ക് സാധിച്ചത്. അതുപോലെ ത്രിതല പഞ്ചായത്തുകൾക്ക് പണം പോരായെന്ന് ഇവിടെ പറയുന്നുണ്ട്. 2009-10-ൽ 2200 കോടി രൂപയാണ് ഡെവലപ്മെന്റ് എക്സ്പെൻഡീച്ചർ ഇനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടായത്. 2013-14-ലെ റിവൈസ്ഡ് എസ്റ്റിമേറ്റുപ്രകാരം 4346.26 കോടി രൂപയായി ഉയർത്താൻ ഐക്യജനാധിപത്യമുന്നണി സർക്കാരിനും ബഹുമാനപ്പെട്ട മാണിസാറിനും സാധിച്ചു. അതുപോലെ പൊതുമരാമത്ത് വിഭാഗത്തിലെ ടെണ്ടർ നടപടികൾ പരിശോധിക്കേണ്ടതുണ്ട്. 2009-10-ൽ നിങ്ങൾ കേരളം ഭരിക്കുമ്പോൾ 955 കോടി രൂപയായിരുന്നു നിങ്ങളുടെ എക്സ്പെൻഡീച്ചർ. അതുപോലെ 2010 -11-ൽ അത് 669 കോടി രൂപയായി കുറയുകയാണുണ്ടായത്. ഈ ഗവൺമെന്റിന്റെ 2013-14-ലെ കണക്കുപ്രകാരം ഇത് 1876 കോടിരൂപയായി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടെന്നുള്ള കാര്യംകൂടി നിങ്ങൾ മനസ്സിലാക്കണമെന്നാണ് പറഞ്ഞത്. അതുപോലെ സോഷ്യൽ സെക്ടറിൽ വിദ്യാഭ്യാസവും ആരോഗ്യവുമാണ് കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതിൽ വിദ്യാഭ്യാസവകുപ്പിന് 2010-11-ലെ ചെലവ് 6848 കോടിരൂപയായിരുന്നു. എന്നാൽ 2013-14-ൽ അത് ഏകദേശം ഇരട്ടിയിലെത്തിക്കാൻ നമുക്ക്

സാധിച്ചു. 2014-15-ൽ ഇത് 13731 കോടി രൂപയായി വകയിരുത്തിയിട്ടുണ്ട്. അങ്ങനെ എല്ലാ രംഗങ്ങളിലും വളരെ നല്ല രീതിയിലുള്ള നേട്ടങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. നിങ്ങൾ ഇതിനെ എതിർക്കേണ്ട ആവശ്യമില്ല. കാരണം 1996 മുതൽ 2001 വരെ കേരളം ഭരിച്ചിരുന്നത് നിങ്ങളാണ്. നിങ്ങളുടെ കാലത്തുള്ള അധിക എക്സ്പെൻഡീച്ചർ കൂടി ഈ ബില്ലിൽ പാസ്സാക്കണം. എന്തിനേയും അന്ധമായി എതിർക്കുന്ന ആ രീതി നിങ്ങൾ മാറ്റണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ ധാരാളം പദ്ധതികളുണ്ട്.

ബഹുമാനപ്പെട്ട മാണി സാറിനോട് എനിക്കൊരു നിർദ്ദേശം വയ്ക്കാനുണ്ട്. ക്യാൻസർ, വൃക്കരോഗം തുടങ്ങിയ അസുഖങ്ങളുള്ള രോഗികൾക്ക് കാരുണ്യ ബെനവലന്റ് സ്കീമനുസരിച്ച് സംസ്ഥാനത്തെ ഗവൺമെന്റുമായി കരാറൊപ്പിട്ട ആശുപത്രികളിലാണ് ചികിത്സ നടത്തുന്നത്. നമുക്കെല്ലാമറിയാം ക്യാൻസറും കിഡ്നി സംബന്ധമായ അസുഖങ്ങളുമുള്ള രോഗികൾ മൂന്നോ നാലോ മാസത്തെ ചികിത്സ കഴിഞ്ഞാൽ സ്വന്തം നാട്ടിലുള്ള ആശുപത്രികളിലാണ് തുടർ ചികിത്സ നടത്തുന്നത്. ഡയാലിസിസിന്റെ മരുന്നിന്റെ വില 1240 രൂപയാണ്. ഡയാലിസിസ് ചെയ്യാൻ 700-800 രൂപയാണ്. അതുപോലെയാണ് ക്യാൻസർ രോഗവും. ക്യാൻസറിന്റെ അവസാനഘട്ടത്തിൽ ഗുളികകളാണ് കൊടുക്കുന്നത്. ഒരു ഗുളികയ്ക്ക് 450-600 രൂപവരെയാണ് വില. ഇത്തരത്തിലുള്ള രോഗികൾക്ക് മരുന്നുകൊടുക്കുന്നതിനുവേണ്ടിയുള്ള ഒരു സംവിധാനമുണ്ടാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. പണം കൊടുക്കാൻ ബുദ്ധിമുട്ടാണെങ്കിൽ തിരുവനന്തപുരത്ത് ചെയ്തതുപോലെ കാരുണ്യ കാർഡ് സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലും നടപ്പിലാക്കണമെന്നാണ് ബഹുമാനപ്പെട്ട മാണി സാറിനോട് നിർദ്ദേശിക്കാനുള്ളത്. ക്യാൻസർ

രോഗത്തിൽ നിന്നുണ്ടാകുന്ന പ്രയാസങ്ങളും ബുദ്ധിമുട്ടുകളും അനുഭവിച്ച ഒരു വാപ്പയും മകനുമാണ് ഞാൻ. എന്റെ മകൾക്കും എന്റെ വന്ദ്യനായ പിതാവിനും ഈ അസുഖം വന്നപ്പോൾ ഉണ്ടായിട്ടുള്ള പ്രയാസങ്ങളെല്ലാം എനിക്ക് നന്നായിട്ടറിയാം. ഇതൊരു സാധാരണക്കാരന് വന്നാൽ അവർക്ക് അതിന്റെ ചെലവുകൾ താങ്ങാൻ പറ്റുകയില്ല. അതുകൊണ്ട് ഇത്തരത്തിലുള്ള ആളുകളെ സഹായിക്കാൻ ഒരു പദ്ധതി, ഈ രോഗികൾക്ക് അവരുടെ അവസാന ഘട്ടത്തിൽ മരുന്ന് എത്തിക്കാൻ......, കാരണം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നോ കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നോ കോഴിക്കോട് ബേബി മെമ്മോറിയൽ ഹോസ്പിറ്റലിൽ നിന്നോ അമൃത ഹോസ്പിറ്റലിൽ നിന്നോ ചികിത്സ കഴിഞ്ഞാൽ അവസാനത്തെ ആറു മാസമാണ് ഏറ്റവും ദുരിതം അനുഭവിക്കുന്നത്. അതുകൊണ്ടുതന്നെ അവരെ സഹായിക്കാൻ മറ്റുള്ള നൂലാമാലകളെല്ലാം മാറ്റിക്കൊണ്ട് ഒരു പദ്ധതി ഉണ്ടാക്കണമെന്നാണ് പറയാനുള്ളത്. അതുപോലെതന്നെയാണ് മംഗല്യ നിധി. കഴിഞ്ഞ ബഡ്ജറ്റിലാണ് മംഗല്യ നിധി പ്രഖ്യാപിച്ചത്. 30,000 രൂപ യാണ് ഈ പദ്ധതിയനുസരിച്ച് കൊടുക്കുന്നത്. മംഗല്യ നിധി പദ്ധതി ഇക്കൊല്ലം നടപ്പിലാക്കാനുള്ള നടപടി മാണി സാറിന്റെ ഭാഗത്തുനിന്ന് ഉണ്ടാ കണമെന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെ ഈ തുക ആർക്കാണ് കൊടുക്കുന്നത്; എന്താണ് ഇതിന്റെ മാനദണ്ഡം; ഇതിന് വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ; ബി.പി.എൽ.-കാർക്ക് മാത്രമാണോ കൊടുക്കുന്നത്; എ.പി.എൽ.-ൽ ഉൾപ്പെട്ട ആളുകൾക്കും കൊടുക്കുന്നുണ്ടോ എന്നുള്ള കാര്യങ്ങൾകൂടി ബഹുമാനപ്പെട്ട മാണി സാറിന്റെ പ്രസംഗത്തിൽ സൂചിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ ഒരുപാട് പദ്ധതികൾ ഈ ഗവൺമെന്റ് നടപ്പിലാക്കി. പാവപ്പെട്ടവർക്കുള്ള ആശ്വാസ

കിരണം, ക്യാൻസറിന് സുരക്ഷ താലോലം, സ്നേഹപൂർവ്വം, സ്നേഹ സ്പർശം ഇത്തരത്തിൽ ഒരുപാട് ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തിയ ഗവൺമെന്റാണിത്. ഏതൊരു ഗവൺമെന്റാണ് ഇതുപോലെയുള്ള ജീവ കാരുണ്യ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്? അതുകൂടി നമ്മൾ മനസ്സിലാക്കണം. അപ്പുറത്തിരിക്കുന്നവർ എന്തിനെയും എതിർക്കുന്ന നിലപാട് മാറ്റണമെന്നാണ് പറയുന്നത്. എനിക്ക് ബഹുമാനപ്പെട്ട കെ.എം മാണി സാറിനോടും ഈ സഭയിലെ അംഗങ്ങളോടും ഒരു നിർദ്ദേശമുള്ളത്, ക്ഷേമ പെൻഷനുകൾ ഓരോ ബഡ്ജറ്റിലും 100-200 രൂപ വീതം വർദ്ധിപ്പിക്കുന്നതിന് പകരമായി സർക്കാർ ജീവനക്കാർക്കെല്ലാം ജീവിതസൂചികയ്ക്കനുസരിച്ച് ഡി.എ. വർദ്ധിപ്പിക്കുന്നതുപോലെ ക്ഷേമപെൻഷനുകൾക്കും ജീവിത നിലവാര സൂചികയ്ക്ക് ആനുപാതികമായി കാലാകാലങ്ങളിൽ വർദ്ധനവ് വരുത്താനുള്ള ഒരു സംവിധാനം ഏർപ്പെടുത്തണമെന്നതാണ്. എല്ലാവർക്കുംവേണ്ടി ഒരു കാര്യംകൂടി പറയുകയാണ്, എം.എൽ.എ.-മാരുടെ പി.എ.-മാരുടെ ശമ്പളം വർദ്ധിപ്പിക്കണം. 350/- രൂപ ദിവസ വേതനത്തിൽ നിയമിക്കുന്ന ഒരാൾക്ക് 30 ദിവസം ജോലി ചെയ്താൽ 10500/- രൂപ ശമ്പളം ലഭിക്കും. നേരെമറിച്ച് എം. എൽ.എ.-മാരുടെ പി.എ.-മാർക്ക് 7500/- രൂപയാണ് മാസശമ്പളം. 24 മണിക്കൂറും ജോലി ചെയ്യുന്ന ആളുകളാണ് അവർ. ഈ സഭയിലെ എല്ലാവർക്കുമുള്ള ഒരു അഭിപ്രായമാണ് ഞാനിവിടെ പറയുന്നത്. അത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൂടി അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് പറഞ്ഞുകൊണ്ട്, ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ജോസ് തെറ്റയിൽ: സർ, ഈ ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും ധനവിനിയോഗ ബില്ലിനെയും ഞാൻ എതിർക്കുക

യാണ്. ധനവിനിയോഗവും നികുതി പിരിവുമാണ് നമ്മുടെ സംസ്ഥാനത്തിന്റെ പ്രശ്നം. കൃത്യമായ ധനവിനിയോഗം ഉണ്ടാകാറില്ല, നികുതിയാകട്ടെ ശരിയാംവണ്ണം പിരിക്കാറുമില്ല. ഇതാവർത്തിച്ച് വരികയാണ്. അതുകൊണ്ടാണ് ഇത്തരം അപ്രോപ്രിയേഷൻ ബില്ലുകൾ വേണ്ടിവരുന്നത്. പ്ലാനും എസ്റ്റിമേറ്റും അപ്രോപ്രിയേഷനും ബാലൻസ്ഡ് അല്ലാതെ പോകുന്നതാണ് കേരളത്തിന്റെ പ്രധാന പ്രശ്നം. അധിക നികുതി ചുമത്തുന്നതിനുപകരം ഉള്ള നികുതി പിരിച്ചെടുക്കാൻ ശ്രദ്ധിക്കണം. രാജ്യത്ത് കടബാധ്യത കൂടുതലുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. 2013-ൽ സർക്കാരിന് അനുവദനീയമായത് 12,300 കോടി രൂപയാണെങ്കിൽ അതിൽ 9500 കോടി രൂപയിലധികം വാങ്ങിക്കഴിഞ്ഞിരിക്കുന്നു. ഇനിയുള്ള മാസങ്ങളിൽ വരവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് കൂടുതൽ രൂക്ഷമാകാൻ പോകുകയാണ്. വിലക്കയറ്റം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. സർക്കാരുദ്യോഗസ്ഥരുടെ പ്രൊമോഷൻ പെർഫോർമൻസിനെ അടിസ്ഥാനമാക്കിയായാൽ മാത്രമേ അപ്രോപ്രിയേഷനും എസ്റ്റിമേഷനും തമ്മിലുള്ള അന്തരം കുറയുകയുള്ളൂ. അതുപോലെതന്നെ കേന്ദ്ര ഗവൺമെന്റ് ഫണ്ടുകൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളിലെ പ്രശ്നങ്ങളും നമ്മുടെ പ്രതിബന്ധങ്ങളിലൊന്നാണ്. അതിലും വിനിയോഗത്തിന്റെ പ്രശ്നങ്ങൾ വരുന്നുണ്ട്. നാട്ടിലാകെ റിയാലിറ്റി ഷോ നടന്നുവരുമ്പോൾ സംസ്ഥാന ബഡ്ജറ്റിൽ അൺറിയലിസ്റ്റിക്കായിട്ടുള്ള ഷോയാണ് നടന്നുവരുന്നത്. സംസ്ഥാനത്തെ കഴിഞ്ഞ ബഡ്ജറ്റുകൾ ധനപരമായ പ്രതിസന്ധിക്ക് പരിഹാരമാകുന്നില്ല. പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിൽ ബഡ്ജറ്റ് മൗനമാണ്. ഇതെല്ലാം കൊണ്ടാണ് ബഡ്ജറ്റിൽ പറയുന്നതുപോലെ ഒതുങ്ങിനിൽക്കാൻ സർക്കാരിന് കഴിയാതെ വരുന്നത്. സാമ്പത്തിക മാന്ദ്യം ലോകത്തെ ഗ്രസിച്ച മുൻവർഷങ്ങളിൽ മാന്ദ്യ

വിരുദ്ധ പാക്കേജ് അനൗൺസ് ചെയ്തുകൊണ്ട് വികസന പ്രവർത്തനങ്ങളെ സംരക്ഷിക്കാൻ ഡോ. ടി. എം. തോമസ് ഐസക് നടത്തിയ ശ്രമങ്ങൾ നമുക്കെല്ലാവർക്കും അറിയാം. ഇന്ന് ഭാരതമാകെ വിലക്കയറ്റമാണ്. കാർഷിക ഉൽപ്പനങ്ങൾക്ക് വിലയിടിവാണ്. പെട്രോൾ ഉൽപ്പന്നങ്ങളുടെ വില നിയന്ത്രണം കയ്യിലില്ല. ഈ സന്ദർഭത്തിൽ കേരളം കണ്ടിട്ടുള്ള ഏറ്റവും നല്ല ഫിസ്കൽ മാനേജ്മെന്റ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഡോ. ടി. എം. തോമസ് ഐസക് നടത്തിയതാണെന്നുള്ളത് ഇന്ന് ആളുകൾ വിലയിരുത്തുന്നുണ്ട്. കോൺട്രാക്ടർമാർക്ക് കൊടുത്തുതീർക്കാനുള്ള പണം ഇന്ന് എത്രയോ മാസങ്ങളായി പെൻഡിംഗിലാണ്. കോൺട്രാക്ടർമാർക്കുവേണ്ടി വാദിക്കുകയല്ല. നാട്ടിലെ വികസന പ്രവർത്തനങ്ങൾ നടത്താൻ നിവൃത്തിയില്ലാതെ വരുന്നതുകൊണ്ട് തുടർന്നുള്ള പണികൾ നടക്കാതെ പോകുകയാണ്. അതുപോലെതന്നെ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കിയിട്ടുള്ളത് എന്നുപറയാൻ ധനകാര്യ വകുപ്പുമന്ത്രി ബാധ്യസ്ഥനാണ്. കഴിഞ്ഞ ബഡ്ജറ്റിൽ എന്റെ നിയോജക മണ്ഡലത്തിലെ ഇടമലയാർ ജലസേചന പദ്ധതി ഉദ്ഘാടനം ചെയ്യുമെന്ന് പറഞ്ഞിരുന്നു. ഇപ്പോൾ ഒന്നരക്കൊല്ലമാകുകയാണ്. ഒന്നും നടക്കുന്നില്ല. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതികളൊന്നുംതന്നെ നടക്കുന്നില്ല. നിത്യോപയോഗ സാധനങ്ങളുടെ വിലനിയന്ത്രണം സർക്കാരിന്റെ പരിധിക്ക് പുറത്താണ്. ഇന്ന് മാർക്കറ്റ് ഇന്റർവെൻഷന് യാതൊരു നടപടിയുമില്ല. അതിനുവേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതായി കാണുന്നില്ല. അതുകൊണ്ടാണ് ഇത്തരത്തിലുള്ള അപ്രോപ്രിയേഷൻ ബില്ലുകൾ വരുന്നത്. ഭൂമിയുടെ ഫെയർ വാല്യു ഫിക്സേഷൻ അപാകമാണ്. അത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുമുണ്ട്. ഇതുവരെ അത് പരിഹരിക്കാതിരിക്കുന്നത് തെറ്റാണ്. പുതിയ

സ്റ്റാമ്പ് ഡ്യൂട്ടി ഏകീകരിച്ചതായി പറഞ്ഞു. ഇത് കെട്ടിട നിർമ്മാണ മേഖല യിൽ വിലക്കയറ്റം സൃഷ്ടിക്കുമെന്ന കാര്യത്തിൽ സംശയമില്ല. രണ്ടുവർഷ ത്തിനുള്ളിൽ ശമ്പളം, പെൻഷൻ, പലിശ ഇനത്തിൽ 5000 കോടി രൂപയെ ങ്കിലും നമുക്ക് അധികമായി വേണ്ടിവരികയാണ്. 2014-15 കാലയളവിലെ നമ്മുടെ പൊതുകടം 1,31,578 കോടി രൂപയാണ്. ഇത്തരത്തിൽ റവന്യൂ ധനകമ്മി കുതിച്ചുവരുന്ന ഈ സന്ദർഭത്തിൽ നമുക്ക് കൂടുതൽ സൂക്ഷ്മമായി കാര്യങ്ങൾ നടത്തേണ്ടിയിരിക്കുന്നു. ഇത്തവണത്തെ ബഡ്ജറ്റ് ഹരിതഭരിത മാണ്. പക്ഷെ കർഷകർക്ക് ദുരിതഭരിതവും. അതാണ് സ്ഥിതി. ഇത്തരത്തി ലുള്ള പരിപാടികൾ പ്രഖ്യാപിക്കുന്നതുകൊണ്ട്, പ്രഖ്യാപനങ്ങൾ നിൽക്കുന്നു, പ്രവർത്തനങ്ങൾ മാറുന്നു എന്ന തരത്തിലുള്ള സ്ഥിതി മാറിയെങ്കിൽ മാത്രമേ പിൽക്കാലത്തെങ്കിലും ഇത്തരത്തിലുള്ള അപ്രോപ്രിയേഷൻ ബില്ലുകൾ ഒഴിവാക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ഈ അപ്രോപ്രിയേഷൻ റികാസ്റ്റിനെ ഞാൻ എതിർക്കുകയാണ്.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, 2013-14 സാമ്പത്തിക വർഷത്തെ ഉപ ധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും സംബന്ധിച്ച ധനവി നിയോഗ ബില്ലുകളെ ഞാൻ അനുകൂലിക്കുന്നു. ഈ ബില്ലുകൾ ഈ ഗവൺമെന്റിനുവേണ്ടി മാത്രമുള്ളതല്ലെന്ന് നമുക്കെല്ലാവർക്കുമറിയാം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അധികമായി ചെലവഴിച്ച തുക കൾക്കുകൂടിയുള്ളതാണ്. അതുകൊണ്ട് ഈ ബില്ലുകളെ അന്ധമായി എതിർക്കുന്നതിൽ യാതൊരു പ്രസക്തിയുമില്ല. മികച്ച ധനകാര്യ മാനേജ്മെന്റി നെയാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്. പ്രതിസന്ധികൾക്കും പ്രശ്ന ങ്ങൾക്കുമിടയിലും ആടിയുലഞ്ഞ് സാമ്പത്തിക മാന്ദ്യത്തിൽ അകപ്പെട്ടിരുന്ന കാലഘട്ടങ്ങളിലൊക്കെത്തന്നെയും നമ്മുടെ സംസ്ഥാനത്തെ സാമ്പത്തിക

മേഖലയെ കൈപിടിച്ചുയർത്തിയ അതിശക്തനായ ധനകാര്യ വിദഗ്ദ്ധനാണ് ശ്രീ. കെ.എം മാണി സാർ. സാമ്പത്തിക മാന്ദ്യത്തിൽ അകപ്പെട്ട സന്ദർഭത്തിലും കഴിഞ്ഞ തവണ 8.2% സാമ്പത്തിക വളർച്ച കൈവരിക്കാൻ ബഹുമാന്യനായ മാണി സാറിന്റെ സാമ്പത്തിക മാനേജ്മെന്റിന് കഴിഞ്ഞിരിക്കുകയാണ്. ദേശീയ തലത്തിലും സാമ്പത്തിക വളർച്ചയിൽ മാന്ദ്യം അനുഭവപ്പെട്ട ഒരു കാലഘട്ടമാണിത്. അതോടൊപ്പംതന്നെ റവന്യൂ വരുമാനത്തിലുണ്ടായ കുറവ്, നാണ്യപ്പെരുപ്പം, ഈ സന്ദർഭത്തിലൊക്കെത്തന്നെയും അതിശക്തമായ നിലയിൽ ധനകാര്യ മാനേജ്മെന്റിനെ നയിച്ചുകൊണ്ടുപോയ മന്ത്രിയാണ് മാണി സാർ. അദ്ദേഹം ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചിച്ച നിരവധിയായ ആനുകൂല്യങ്ങൾ...., വളരെ വലിയ പ്രശ്നങ്ങളുണ്ടായപ്പോഴും സാധാരണക്കാരായ ആളുകളെ അധികം നോവിക്കാതെ എന്നാൽ ദുർബല വിഭാഗത്തിൽപ്പെട്ട പാവപ്പെട്ട ആളുകൾക്കും രോഗികൾക്കും നിരവധിയായ സഹായം ചെയ്തുകൊടുത്തിട്ടുള്ള ഹൃദയാലുവായ ധനകാര്യ വകുപ്പുമന്ത്രിയാണ് മാണി സാർ. അദ്ദേഹത്തിന്റെ ഓരോ ബഡ്ജറ്റും ഒന്ന് ഒന്നിനെക്കാൾ മെച്ചപ്പെട്ട നിലയിൽ കാണാൻ കഴിയും. കഴിഞ്ഞ തവണ കാർഷിക മേഖലയ്ക്ക് അനുവദിച്ചതിനെക്കാൾ 47% കൂട്ടിയാണ് അദ്ദേഹം ഇപ്രാവശ്യത്തെ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. ഇന്ന് നമ്മളെല്ലാവരും ബാഡ്ജ് കുത്തി "*ക്യാൻസറിനെതിരെ കേരളം*" എന്ന മുദ്രാവാക്യവുമായി മുന്നോട്ടുപോകുകയാണ്. വളരെ വേഗതയിൽ വ്യാപിച്ചുകൊണ്ടിരിക്കുന്ന രോഗമാണ് ക്യാൻസർ. ഈ രോഗത്തിനെതിരെയുള്ള അതിശക്തമായ നീക്കം നടത്തേണ്ടത് ഈ വർത്തമാന കാലഘട്ടത്തിൽ ജീവിക്കുന്ന നമ്മുടെയെല്ലാവരുടെയും ഉത്തരവാദിത്വമാണ്. അത് മനസ്സിലാക്കിക്കൊണ്ടുതന്നെ ഈ ഗവൺമെന്റ് എത്രയോ നടപടികൾ

സ്വീകരിച്ചിട്ടുണ്ട്. ക്യാൻസറിനെതിരെ ബോധവൽക്കരണം നടത്തുകയും ക്യാൻസർ ഉണ്ടോ എന്ന് കണ്ടെത്തുന്നതിനുവേണ്ടിയുള്ള പരിശോധനകൾ നടത്തുകയും ക്യാൻസർ ഉണ്ടെങ്കിൽ അത് ചികിത്സിച്ച് ഭേദപ്പെടുത്തുന്നതിനാവശ്യമായ ശ്രമങ്ങളുമായി മുന്നോട്ട് പോകുകയും ചെയ്യുന്ന ഒരു ഗവൺമെന്റാണിത്. ആ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി നടപ്പിലാക്കിയിട്ടുള്ള കാരുണ്യ പദ്ധതി ആയിരക്കണക്കായ രോഗികളെയാണ് സഹായിച്ചുകൊണ്ടിരിക്കുന്നത്. അതിലൂടെ കോടിക്കണക്കിന് രൂപയാണ് സഹായമായി നൽകുന്നത്. അതുപോലെതന്നെ ദുർബല ജനവിഭാഗങ്ങളെ സഹായിക്കുന്ന നിരവധി പദ്ധതികൾ നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പഞ്ചായത്തുകൾക്കെല്ലാം കൂടുതൽ പണം കൊടുക്കണമെന്ന് പറയുന്ന ഈ കാലഘട്ടത്തിൽ, ലോക ബാങ്കിന്റെ ഗ്രാന്റ് സംസ്ഥാനത്തെ 475 പഞ്ചായത്തുകൾ നഷ്ടപ്പെടുത്തിയിരിക്കുകയാണെന്ന പത്രവാർത്തയുണ്ട്. അതുപോലെ 49 മുനിസിപ്പാലിറ്റികൾക്കും ലോക ബാങ്കിന്റെ ഗ്രാന്റില്ല. കഴിഞ്ഞ തവണ ഒന്നോ രണ്ടോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമാത്രമാണ് ഗ്രാന്റ് കിട്ടാതിരുന്നത്. മാനദണ്ഡങ്ങൾ പാലിക്കപ്പെടാത്തതുകൊണ്ടാണ് ഇത്തരത്തിൽ കോടിക്കണക്കിന് രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. ഇതുണ്ടാകാതിരിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നമ്മളെല്ലാവരുംകൂടി ചെയ്യേണ്ടതാണ്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നമ്മുടെ നാടിന് ഭൂഷണമല്ല എന്നുകൂടി സൂചിപ്പിച്ചുകൊണ്ട്, നല്ല നിലയിൽ ഈ സംസ്ഥാനത്തിലെ ധനകാര്യ മാനേജ്മെന്റിനെ നയിച്ചുകൊണ്ടിരിക്കുന്ന ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ.എം മാണി സാറിനെ ഒരിക്കൽകൂടി അഭിനന്ദിച്ചുകൊണ്ട് ഞാൻ ഈ ബില്ലുകളെ പിന്തുണയ്ക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥന കളെയും അധികധനാഭ്യർത്ഥനകളെയും ധനവിനിയോഗ ബില്ലിനെയും അനുകൂലിക്കുകയാണ്. പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേള നമാണ് ഇവിടെ നടക്കുന്നത്. ഈ സമ്മേളനവും രണ്ട് മൂന്നു ദിവസത്തിനു ള്ളിൽ അവസാനിക്കുവാൻ പോകുകയാണ്. ഇനി ഒരുപക്ഷെ പാർലമെന്റ് തെരഞ്ഞെടുപ്പിനുശേഷമായിരിക്കും നിയമസഭയുടെ സമ്മേളനം നടക്കുക. അതുകൊണ്ട് പാർലമെന്റ് തെരഞ്ഞെടുപ്പിനു മുമ്പുള്ള ഒരു സമ്മേളനമായി ഇതിനെ കാണുകയാണ്. ഈ സമ്മേളനത്തിലാണ് ബഹുമാനപ്പെട്ട ഗവർണ്ണ റുടെ നയപ്രഖ്യാപനമുണ്ടായത്, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചത്, ഉപധനാഭ്യർത്ഥനകൾ ഉണ്ടായത് ഇതിനെ ക്കുറിച്ചൊക്കെ ചർച്ചകൾ നടന്നത്. ഞാൻ ഒരു കാര്യം വളരെ സന്തോഷ ത്തോടെ സൂചിപ്പിക്കുന്നു, ഈ നിയമസഭാസമ്മേളനം ഐക്യജനാധിപത്യമു ന്നണിയെ സംബന്ധിച്ചിടത്തോളം വലിയ വിജയമായിരുന്നു. ഐക്യജനാധിപ ത്യമുന്നണിക്ക് കൂടുതൽ ശക്തിപ്രാപിക്കുവാൻ, കൂടുതൽ കെട്ടുറപ്പുണ്ടാ ക്കാൻ, കുറച്ചുകൂടി ജനക്ഷേമപരമായ കാര്യങ്ങൾ നടപ്പാക്കാൻ ബഡ്ജറ്റിലൂ ടെയും നയപ്രഖ്യാപനത്തിലൂടെയും കഴിഞ്ഞുവെന്ന ആത്മസംതൃപ്തിയോടു കൂടിയാണ് ഞങ്ങൾ പോകുന്നത്. അപ്പുറത്തിരിക്കുന്ന നിങ്ങൾക്ക് ഈ നിയമ സഭാ സമ്മേളനത്തിൽ ആത്മവീര്യം നഷ്ടപ്പെട്ടുപോയി, അനൈക്യമുണ്ടായി, അവസാനം കൊലയാളികൾക്കുവേണ്ടി നടുത്തളത്തിലിറങ്ങേണ്ട ദയനീയ മായ സാഹചര്യമാണുണ്ടായത്. നമ്മൾ ഈ നിയമസഭയുടെ 125-ാം വാർഷികം ആഘോഷിക്കുകയാണ്. ഈ നിയമസഭയുടെ പാരമ്പര്യവും പവിത്രതയും നമ്മളെല്ലാവരും ചരിത്രത്തിലൂടെയും അനുഭവത്തിലൂടെയും മനസ്സിലാക്കിയവരാണ്. ഇന്നുവരെ കൊലയാളികൾക്കുവേണ്ടി നടുത്തളത്തി

ലിറങ്ങി അട്ടഹാസം നടത്തേണ്ട ഗതികേട് ഒരു മുന്നണിക്കും ഒരു പാർട്ടിക്കും ഉണ്ടായിട്ടില്ലെന്ന കാര്യം മനസ്സിലാക്കണം. ഇവിടെ ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജറ്റുണ്ട്, സമയക്കുറവ്കൊണ്ട് ഞാൻ ബഡ്ജറ്റിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. എടുത്തുപറയത്തക്ക എത്രയോ കാര്യങ്ങളുണ്ട്. കർഷകർക്ക് കൊടുത്ത ആനുകൂല്യങ്ങൾ....., അതുമാത്രമല്ല, ബഡ്ജറ്റ് പ്രൊവിഷന്റെ ഒരു ശതമാനം പുതിയ സംരംഭകർക്കുവേണ്ടി മാറ്റിവച്ചുകൊണ്ട് അവരെ തൊഴിൽ ദാതാക്കളാക്കി മാറ്റാൻ കഴിഞ്ഞു. ഈ ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി, ഓട്ടിസം ബാധിച്ച കുട്ടികളെയും മെന്റലി റിട്ടാർഡഡ് ആയിട്ടുള്ള കുട്ടികളെയും പഠിപ്പിക്കുന്ന സ്കൂളുകളെ എയ്ഡഡ് സ്കൂളുകളാക്കി മാറ്റുമെന്ന പ്രഖ്യാപനം നടത്തി. കരുതലും വികസനവുമാണ് ഈ ഗവൺമെന്റിന്റെ നയം. ഇതിൽ കൂടുതൽ ഒരു കരുതൽ ഈ കാലത്ത് എവിടെ കിട്ടാനാണ്? നിങ്ങളിവിടെ ഈ ധനാർഭ്യത്ഥനകളേയും ഉപധനാഭ്യർത്ഥനകളേയും എതിർത്തുകൊണ്ട് കഴിഞ്ഞ രണ്ടുമൂന്നു ദിവസങ്ങളായി പറഞ്ഞത് ഈ ഗവൺമെന്റിന്റെ മനുഷ്യാവകാശ ധ്വംസനത്തെക്കുറിച്ചാണ്. രണ്ടു കാര്യങ്ങളാണ് നിങ്ങൾ ചൂണ്ടിക്കാണിച്ചത്, ഇന്നലെ നിങ്ങളൊരു മനുഷ്യാവകാശ ധ്വംസനം പറഞ്ഞു. വിയ്യൂർ സെൻട്രൽ ജയിലിൽ മനുഷ്യാവകാശ ധ്വംസനം നടക്കുന്നു. ആർക്കുവേണ്ടിയാണ് വാദിച്ചത്, ഇവിടത്തെ കൊലയാളികൾക്കുവേണ്ടിയാണ് വാദിച്ചത്. കിർമാണിക്കുവേണ്ടി വാദിച്ചു. ആ പേരുകളൊന്നും പറയേണ്ട കാര്യമില്ല. പേരുകൾ പോലും പറയാൻ യോഗ്യതയില്ലാത്ത ആളുകൾക്കുവേണ്ടി നടുത്തളത്തിലിറങ്ങി വാദിച്ചു. അതിനുമുൻപ് നിങ്ങൾ ഒരു മനുഷ്യാവകാശ ലംഘനത്തെക്കുറിച്ചു പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ആംബുലൻസിൽക്കയറ്റി രോഗികളെ കൊണ്ടുപോകു

ന്നത് മനുഷ്യാവകാശ ധ്വംസനമായി ചിത്രീകരിച്ചവരാണ് നിങ്ങൾ. ആംബുലൻസിൽ കൊണ്ടുപോകുന്നത് മനുഷ്യാവകാശധ്വംസനം, കിർമാണിക്കുവേണ്ടി നടത്തുന്നതും മനുഷ്യാവകാശധ്വംസനം എന്നുപറഞ്ഞ് മനുഷ്യാവകാശ ധ്വംസനത്തിനെപ്പോലും ധ്വംസിക്കുന്നവരായി നിങ്ങൾ അധഃപതിച്ചിരിക്കുന്നുയെന്നു പറയുന്നതിൽ വളരെയധികം ബുദ്ധിമുട്ടുണ്ട്. ഈ ഗവൺമെന്റിന്റെ നേട്ടങ്ങളിലേക്കൊന്നും സമയക്കുറവ് കൊണ്ട് ഞാൻ പോകുന്നില്ല. ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദനെ ഇവിടെ കാണുന്നില്ല. ഒരു മാന്യനായ കമ്യൂണിസ്റ്റുകാരനായിരുന്നു ടി. പി. ചന്ദ്രശേഖരൻ, ബഹുമാനപ്പെട്ട സി. ദിവാകരനുപോലും അഭിപ്രായ വ്യത്യാസമുണ്ടാകുകയില്ല. മാന്യനായ കമ്യൂണിസ്റ്റുകാരനായിരുന്ന ടി. പി. ചന്ദ്രശേഖരനെ വെട്ടികൊലപ്പെടുത്തി. അതിന്റെ കേസ് നടക്കുകയാണ്. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല. ബഹുമാന്യനായ കെ. രാധാകൃഷ്ണൻ മാന്യനായ കമ്മ്യൂണിസ്റ്റുകാരനാണെന്ന് ഞാൻ സമ്മതിക്കുന്നു. മാന്യനായ കമ്മ്യൂണിസ്റ്റുകാരനായിരുന്ന ടി. പി. ചന്ദ്രശേഖരനെ വെട്ടിക്കൊലപ്പെടുത്താൻ വേണ്ടിയുള്ള ഗൂഢാലോചനയാണ് നടത്തിയതെങ്കിൽ മാന്യനായ ശ്രീ. രാധാകൃഷ്ണന്റെ മാന്യതയെ ഇന്നലെ ഇവിടെവച്ച് കശാപ്പുചെയ്യാൻ തീരുമാനിച്ചവരാണ് നിങ്ങൾ. ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ എവിടെപ്പോയി? ശ്രീമതി രമയുടെ നിരാഹാര പന്തലിൽ കോൺഗ്രസ്സിന്റെ നേതാക്കൾ പോയപ്പോൾ എന്റെ ബഹുമാന്യനായ സ്നേഹിതൻ കോടിയേരി ബാലകൃഷ്ണൻ ഉൾപ്പെടെയുള്ള ആളുകൾ ആക്ഷേപിക്കുന്നതുകണ്ടു. ശ്രീമതി രമയെ ഈ സമരപ്പന്തലിലേക്ക് പറഞ്ഞുവിടുന്നതിന് പ്രചോദനം കൊടുത്തതാരാണ്, ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ. അദ്ദേഹമാണ് പ്രചോദനം കൊടുത്തത്, സി.ബി.ഐ. അന്വേഷണം വേണമെന്ന് പറഞ്ഞത് അദ്ദേഹ

മാണ്. കാലാകാലങ്ങളിൽ പ്രോൽസാഹിപ്പിച്ചവരെ കൈവെടിഞ്ഞ പാരമ്പര്യ മാണ് ശ്രീ. വി. എസ്. അച്ചുതാനന്ദനുള്ളത്. അദ്ദേഹത്തിന് ആത്മാർത്ഥതയു ണ്ടായിരുന്നുവെങ്കിൽ.........., എന്നിട്ട് പറയുന്നതെന്താണ്? ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഇന്നലെ കൊണ്ടുവന്ന അടിയന്തരപ്രമേയം മാറ്റി അത് സബ്മിഷനാക്കാൻ സമ്മതിച്ചു. ഇതിനേക്കാൾ വലിയ നാണക്കേടുണ്ടോ? അടിയന്തരപ്രമേയത്തിൽ ഉന്നയിച്ചതെന്താണ്? ഞാൻ നിങ്ങൾക്കു വേണ്ടി യാണു പറയുന്നത്. കൂടെനിൽക്കുന്ന സഹപ്രവർത്തകന്മാരെ കാലാകാലങ്ങ ളിൽ വഴിയിൽ വച്ച് ഉപേക്ഷിച്ചുപോകുന്ന പാരമ്പര്യമുള്ള ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ പൊളിറ്റിക്കൽ ഹിപ്പോക്രസി ഇന്നലെ നമുക്കിവിടെ കാണാൻ പറ്റിയെന്നകാര്യം ഞാനിവിടെ പരാമർശിച്ചുവെന്നേയുള്ളൂ. നിങ്ങളിവിടെ എത്രയോ സമരം നടത്തി. എല്ലാ സമരങ്ങളും പരാജയപ്പെട്ടു. ഇവിടെയും സമരം നടത്തിയല്ലോ, ഇവിടെ രണ്ടുമൂന്ന് കാര്യങ്ങൾക്കുവേണ്ടി യാണ് സമരം നടത്തിയത്. ഒന്ന്, കസ്തൂരിരംഗൻ റിപ്പോർട്ടിനുവേണ്ടിയുള്ള വാക്കൗട്ട്. കസ്തൂരിരംഗൻ റിപ്പോർട്ടിനുവേണ്ടി വാക്കൗട്ട് നടത്താൻ പ്രസംഗിച്ചപ്പോഴും ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ പറഞ്ഞത് കസ്തൂരിരംഗൻ റിപ്പോർട്ട് അല്ലാ വേണ്ടത് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടാണ് വേണ്ടത് എന്നാണ്. സലീംരാജിന്റെ പ്രശ്നത്തിൽ നിങ്ങൾ അടിയന്തര പ്രമേയം കൊണ്ടുവന്നു. അതവസാനം നിങ്ങൾക്കുതന്നെ കൊണ്ടു. കുക്കിംഗ് ഗ്യാസിന്റെ പ്രശ്നത്തിൽ സഭ സ്തംഭിപ്പിക്കുവാൻ ശ്രമിച്ചു. നിങ്ങളുടെ സമരംമൂലമാണ് ഗ്യാസിന്റെ വിലകുറച്ചതെന്നുപറഞ്ഞാൽ ആരും വിശ്വസിക്കുകയില്ല. നിങ്ങൾക്ക് ഒരു ജനകീയപ്രശ്നങ്ങളും വേണ്ടത്ര രീതിയിൽ ഇവിടെ പ്രകടിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ലെന്ന വസ്തുത മനസ്സിലാ ക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മാർക്സിസ്റ്റുപാർട്ടിക്ക്

ഇപ്പോൾ എന്താണ് പറ്റുന്നത്? ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഇന്നലെ, കോൺഗ്രസ്സ് പാർട്ടിയിലേക്ക് ബി.ജെ.പി.-ക്കാർ വന്നിട്ടില്ലേയെന്നും ഞങ്ങൾ അവരെ സ്വീകരിച്ചിട്ടില്ലേയെന്നും ചോദിച്ചു. ഞാൻ സമ്മതിക്കുന്നു. പക്ഷെ അതുപോലെയാണോ വാസു, മിസ്രിയെപ്പോലെയാണോ വാസു? നിങ്ങളുടെ ജയരാജൻ ഉൾപ്പെടെയുള്ളവരുടെ കൈവെട്ടാൻ നേതൃത്വം കൊടുത്തവരാണ്. എത്രയോ കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കൻമാരെ കശാപ്പു ചെയ്ത കൊലപാതകത്തിന്റെ പിന്നിൽ പ്രവർത്തിച്ച ബുദ്ധിജീവിയാണ് വാസു. ആ വാസു ആരുടെ കയ്യാണോ വെട്ടാൻ ആഗ്രഹിച്ചത് അദ്ദേഹംതന്നെ ചുവപ്പ് ഹാരം അണിയിച്ചുകൊണ്ട് വാസുവിനെ സ്വീകരിച്ചപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടിക്കുണ്ടായ അധഃപതനം........, എന്നിട്ടിപ്പോൾ നിങ്ങളെന്താണ് ചെയ്യുന്നത്, ഞാൻ ബഹുമാനപ്പെട്ട സി. ദിവാകരനോട് പറയുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ പറയുന്ന വാസുവിനേയും കൂട്ടരേയും കോൺഗ്രസ്സിലേക്ക് സ്വീകരിക്കുവാൻവേണ്ടി ശ്രീ. കെ. സുധാകരൻ എന്തിനാണ് പോയി ചർച്ച നടത്തിയത്?

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞങ്ങൾ പോയിട്ടില്ല, പോകുകയുമില്ല. വാസുവിനെപ്പോലെയുള്ള പൊളിറ്റിക്കൽ ക്രിമിനൽസിനെ ഞങ്ങൾക്ക് ആവശ്യമില്ല. ഒരു തെറ്റിദ്ധാരണയുംവേണ്ട. നമ്മൾ പാർലമെന്റ് തിരഞ്ഞെടുപ്പിലേക്ക് പോകുകയാണ്. ടി. പി. ചന്ദ്രശേഖരനെപ്പോലെയുള്ള ആളുകളെ തള്ളിപ്പറഞ്ഞ്, വാസുവിനെപ്പോലെയുള്ള ആളുകളെ സ്വീകരിച്ചുകൊണ്ട് നിങ്ങൾ ഈ പാർലമെന്റ് തെരഞ്ഞെടുപ്പിനുപോയാൽ വളരെ ദയനീയമായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. എന്റെ ബഹുമാന്യനായ സ്നേഹിതൻ ജി. സുധാകരൻ കലാകൗമുദിയിൽ എഴുതിയ ഒരു കവിതയുണ്ട്. തെരഞ്ഞെടുപ്പിൽ പരാജയമുണ്ടാകുമ്പോൾ നിങ്ങൾക്ക് ആ കവിത പാടേണ്ടിവരും

അദ്ദേഹം ആ കവിതയിൽ എന്താ പറഞ്ഞിരിക്കുന്നതെന്ന് അറിയാമോ, □*ജയിക്കാൻ മാത്രമല്ലല്ലോ, തോൽക്കാനും നാം പഠിക്കണം*□ നിങ്ങൾക്ക് ഈ ഗതികേട് വരും. അതിൽ പറഞ്ഞിരിക്കുന്നതെന്താണ്, □*ആ മഹാശക്തിയുടെ മുന്നിൽചെന്നു ഞാൻ കൈകൾ കൂപ്പിയേൻ, മഹാശക്തി മൊഴിയുന്നു വേദി ക്കേണ്ടിതു സംഭവ്യം, ജയിക്കാൻ മാത്രമല്ലല്ലോ, തോൽക്കാനും നാം പഠി ക്കണം*□. ആ മഹാശക്തി ആരാണ്? ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ മുന്നിലോ, ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ മുന്നിലോ, ശ്രീ. പിണറായി വിജയന്റെ മുന്നിലോ അതോ അന്തരിച്ചുപോയ കാറൽ മാർക്സിന്റെ പടത്തിന്റെ മുന്നിൽപ്പോയി ഈ പാട്ടുപാടി സായൂജ്യമടയേണ്ടിവരും എന്നു പറഞ്ഞുകൊണ്ട്, ഈ ധനവിനിയോഗ ബില്ലിനെ ഒരിക്കൽകൂടി പിന്തുണ യ്ക്കുന്നു.

ശ്രീ. ജി. സുധാകരൻ: സർ, ആ മഹാശക്തിയേതാണെന്ന് ചോദിച്ചു. മഹാശക്തി എന്നുപറഞ്ഞാൽ, പ്രപഞ്ചം, മനുഷ്യൻ, മരണം അതാണ് അതിനുള്ളിൽ അടങ്ങിയിരിക്കുന്നത്. മഹാശക്തിയെന്നുപറഞ്ഞാൽ പ്രപഞ്ച മാണ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. കൂടുതൽ നികുതിഭാരം അടിച്ചേൽപ്പിക്കുന്ന ഈ ഫിനാൻസ് ബിൽ പിൻവലിച്ച് ഒരു പുതിയ ഫിനാൻസ് ബിൽ അവതരിപ്പിക്ക ണമെന്ന് ആവശ്യപ്പെടുകയാണ്. 1556 കോടി രൂപയുടെ നികുതി പിരിക്കുന്ന ഈ ബില്ലിനെ അനുകൂലിക്കാൻ കഴിയില്ല. കഴിഞ്ഞ രണ്ട് വർഷമായി രണ്ടായിരം കോടി രൂപയുടെ അധിക നികുതിയാണ് അടിച്ചേൽപ്പിച്ചിരിക്കു ന്നത്. കേരളത്തിലെ ജനതയുടെ വാങ്ങൽ ശേഷിയെ ഇത് വല്ലാതെ

ബാധിക്കും. വിലക്കയറ്റവും പണപ്പെരുപ്പവും നാണയമൂല്യത്തകർച്ചയും ചേർന്ന ഒരു സമ്പദ് വ്യവസ്ഥയിൽ ഇനിയും നികുതി അടിച്ചേൽപ്പിക്കുന്നത് ആത്മഹത്യാപരമാണ്. ചില ആളുകൾ ഇവിടെ കൊലപാതക രാഷ്ട്രീയത്തെ ക്കുറിച്ച് വാചാലരാകുന്നുണ്ട്. ഇന്നലെ നമ്മുടെ കേരളം ഒരു കാഴ്ച കണ്ടു. കേരളത്തിലെ ഗവൺമെന്റിനെതിരായ സമരത്തിൽ മുൻആഭ്യന്തര വകുപ്പുമന്ത്രി ഇപ്പോഴത്തെ ഗതാഗതവും വനവും വകുപ്പുമന്ത്രി സമരത്തെ ആശീർവദിക്കാൻ അഭിവാദ്യം ചെയ്യാൻ സെക്രട്ടേറിയേറ്റിന് മുന്നിലെ സമര പന്തലിൽ എത്തിച്ചേരുകയുണ്ടായി. അദ്ദേഹം പങ്കാളിയായ സർക്കാരിനെതി രായ സമരമാണ് അവിടെ നടക്കുന്നത്. ഒരു മന്ത്രിക്ക് അങ്ങനെ പോകാൻ പറ്റുമോ? മന്ത്രി സ്ഥാനം രാജി വച്ച് പോകണമായിരുന്നു. സമരം നടക്കുന്നിട ത്തുപോയി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു, സമരം ന്യായമാ ണെന്ന്. ഞാൻ ചോദിക്കട്ടെ കഴിഞ്ഞ ഒന്നര വർഷം ആരായിരുന്നു ആഭ്യന്തര വകുപ്പുമന്ത്രി. ഒഞ്ചിയം കൊലപാതകം നടക്കുന്നതിനിടയിൽ എത്ര തവണ അന്വേഷണ ഉദ്യോഗസ്ഥൻമാരുടെ യോഗം അദ്ദേഹം വിളിച്ചു. അന്ന് അദ്ദേ ഹത്തിനായിരുന്നല്ലോ ആഭ്യന്തര വകുപ്പിന്റെ കടിഞ്ഞാൺ. സെക്രട്ടേറിയേ റ്റിന് മുന്നിലെ സമരം രാഷ്ട്രീയ പ്രേരിതമാണ്. ഇതിന്റെ പിന്നിൽ ഒരു ദുഷ്ട ലാക്കുണ്ട്. ബംഗാളിൽ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിന് മുന്നോടി യായി രൂപപ്പെട്ട റെയിൻബോ കോലിയേഷൻ, മഴവിൽ സഖ്യം പോലെ ഇവിടെ ഇടതുപക്ഷത്തിനെതിരായ ഒരു മഹാസഖ്യം രൂപപ്പെടുത്താനുള്ള ഡ്രസ് റിഹേഴ്സലാണ് സെക്രട്ടേറിയേറ്റിന് മുന്നിൽ നടക്കുന്നത്. ആരൊക്കെ യാണ് സമര വേദിയിലുള്ളത്. ബഹുമാന്യനായ ശ്രീ. തിരുവഞ്ചൂർ രാധാകൃ ഷ്ണൻ, യുവ കോൺഗ്രസ് എം.എൽ.എ. മാർ, ശ്രീ. ഒ. രാജഗോപാൽ, എസ്. ഡി.പി.ഐ.–ക്കാർ. പക്ഷെ ഇതൊന്നും ഈ കേരളത്തിൽ വില പോകില്ല.

നിങ്ങൾ ആരെക്കൊണ്ട് അന്വേഷിപ്പിച്ചാലും ഞങ്ങൾക്ക് ഒരു പ്രശ്നവുമില്ല. സി.ബി.ഐ. മാത്രമല്ല സി.ഐ.എ. വന്നാലും ഞങ്ങൾക്ക് ഒരു പ്രശ്നമില്ലെന്ന കാര്യം ചൂണ്ടികാണിക്കാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. സി.ഐ.എ. ഇവിടെ വന്നിട്ടുണ്ട്. എന്നിട്ടും ഒരു പോറലേൽപ്പിക്കാൻ കഴിയാത്ത ഒരു മഹാപ്രസ്ഥാനമാണ് കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനമെന്ന് നിങ്ങൾ ഓർക്കുന്നത് നന്നായിരിക്കും. ഞങ്ങൾ പറയുന്നത് മനുഷ്യാവകാശ ലംഘന ത്തെക്കുറിച്ചാണ്. ജയിലിൽ കിടക്കുന്നവർക്ക് മനുഷ്യവകാശമില്ലേ. കഴിഞ്ഞ ഇടതുപക്ഷ സർക്കാർ 2010-ൽ ഒരു നിയമം കൊണ്ടു വന്നിട്ടുണ്ട്. വധശിക്ഷ യ്ക്ക് വിധിക്കപ്പെട്ടവരൊഴികെയുള്ളവരെ ജയിലിലടക്കുന്നത് മാനസിക പരിവർത്തനത്തിന് വേണ്ടിയാണ്. യു.ഡി.എഫ്-ന്റെ ഭരണകാലത്ത് കണ്ണൂർ ജയിലിൽ ഒരാളെ തല്ലികൊന്ന ചരിത്രമില്ലേ. ജയിൽ അന്തരീക്ഷം പരിഷ്ക്കരി ക്കണം. മാനസിക പരിവർത്തനമുണ്ടാകുന്ന ഒരന്തരീക്ഷമുണ്ടാകണം. 2010 -ൽ കേരള പ്രിസൺസ് ആന്റ് കറക്ഷണൽ സർവീസസ് (മാനേജ്മെന്റ്) ആക്ട് കൊണ്ടു വന്നത് എൽ.ഡി.എഫ് ഗവൺമെന്റാണ്. ഒരാളെ ശിക്ഷിച്ചാൽ അപ്പലേറ്റ് കോടതിയുണ്ടെന്ന് നമ്മൾ മനസ്സിലാക്കണം. അതുകൊണ്ട് ഇത്തരം പ്രചരണം നടക്കുന്നതൊന്നും കേരളത്തിൽ ഏശാൻ പോകുന്നില്ല. ചന്ദ്രശേഖരന്റെ പേരിൽ മുതലകണ്ണീരൊഴുക്കുന്നവരോട് ചോദിക്കട്ടെ എനിക്ക് വധഭീഷണിയുണ്ടെന്ന് പറഞ്ഞ ഇന്റലിജൻസ് റിപ്പോർട്ട് കേന്ദ്ര ആഭ്യന്തരസഹമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയല്ലോ, ബഹുമാന്യനായ മുഖ്യ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയല്ലോ. നിങ്ങൾക്ക് എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിഞ്ഞോ. എന്താണ് നടപടി സ്വീകരിക്കാതിരുന്നത്? ഇവിടെ കൊലപാതകത്തെക്കുറിച്ചും അക്രമത്തെക്കുറിച്ചും വാചാലരാകുന്ന ചിലരു ണ്ട്. സമാധാനത്തിന്റെ വെള്ളരി പ്രാവുകളായി രംഗ പ്രവേശനം ചെയ്യുക

യാണ് ചിലർ. കേരളത്തിലെ ചില കാര്യങ്ങൾ ഞാൻ ഓർമ്മപ്പെടുത്തുകയാണ്. 1948 ൽ കെ.പി.സി.സി.യുടെ അദ്ധ്യക്ഷനായിരുന്ന മൊയ്യാരത്ത് ശങ്കരൻ, കെ.പി.സി.സിയുടെ ചരിത്രമെഴുതിയ ആദ്യത്തെ സ്വാതന്ത്ര്യ സമര സേനാനിയണദ്ദേഹം. അദ്ദേഹത്തെ വീട്ടിലേക്ക് പോകുമ്പോൾ വഴിയിൽ വച്ച് തല്ലിക്കൊന്നവർ ആരാണെന്ന് ഈ കേരളത്തിലെ ജനങ്ങൾക്കറിയാം. നിങ്ങൾ മറുപടി പറയണം. കേരളത്തിലെ ചരിത്രത്തിൽ ഒരു സിറ്റിംഗ് എം.എൽ.എയെ മാത്രമേ കൊലപ്പെടുത്തിയിട്ടുള്ളൂ, മലപ്പുറത്ത് ഏറനാടിന്റെ വീരപുത്രൻ. ആരാണ് ഉത്തരവാദി? നിങ്ങൾ മറുപടി പറയണം. 1970 ൽ രാമൻതളി പഞ്ചായത്ത് പ്രസിഡന്റ് ഒ.കെ. കുഞ്ഞികണ്ണനെ ആക്രമിച്ച് അദ്ദേഹത്തിന്റെ തലയിൽ ചെത്തുകല്ലിട്ടു. ആരാണ് പ്രതി? സഖാവ് എ.വി. കുഞ്ഞമ്പു ഈ നിയമസഭയിൽ പ്രസംഗിച്ചിട്ടുണ്ട്. നിങ്ങൾ രേഖയൊന്ന് പരിശോധിച്ച് നോക്കണം. അഴീക്കോടൻ രാഘവൻ ആരുടെ കാലത്താണ് കൊലചെയ്യപ്പെട്ടത്? ആരുടെ വാടക ഗുണ്ടകളായിരുന്നു. ആർക്ക് വേണ്ടിയാണ് നിയോഗിച്ചത്? അഴീക്കോടൻ രാഘവനെ കൊലപ്പെടുത്തിയത് ആരാണെന്ന് കേരളത്തിലെ ജനങ്ങൾക്കറിയാം. എനിക്ക് മുമ്പ് പ്രസംഗിച്ച എന്റെ പ്രിയ സുഹൃത്ത് ശ്രീ. ബെന്നി ബെഹനാൻ പറഞ്ഞു, ഇവിടെ ആർ.എസ്.എസിൽ നിന്ന് വരുന്നവരെ സ്വീകരിക്കുന്നു. പാർട്ടി വിട്ട് പോകുന്നവരെ അക്രമിക്കുന്നുവെന്ന്. ശ്രീ. ബെന്നി ബെഹനാന്റെ വീട്ടിൽ നിന്ന് 50–70 കി.മീറ്റർ ദൂരെ കൊടുങ്ങല്ലൂരിൽ ഡി.സി.സി.യുടെ മുൻ എം.എൽ.എ. അബ്ദുൾ ഖാദർ കോൺഗ്രസ്സിന്റെ നിലപാടിലും നയത്തിലും പ്രതിഷേധിച്ച് ആ പ്രസ്ഥാനത്തോട് വിട പറഞ്ഞ് സി.പി.ഐ.(എം.) ൽ വന്നപ്പോൾ വെടിവച്ച് കൊലപ്പെടുത്തിയത് കോൺഗ്രസ്സുകാരല്ലേ. നിഷേധിക്കാൻ കഴിയുമോ നിങ്ങൾക്ക്. ഞാൻ വേണമെങ്കിൽ, ഇരുന്നു തരാം. ഈ കേരളത്തിൽ ഒരു മുനിസിപ്പൽ ചെയർമാനെ കൊലചെ

ണ്ടിവരികയാണ്. അങ്ങനെ ജോലി ചെയ്യുന്നതിന്റെ ഭാഗമായി അവർക്ക് പല വിധത്തിലുള്ള മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ ഉണ്ടാവുകയാണ്. ഇത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് വഴിവയ്ക്കുകയാണ്. ഈയൊരു സാഹചര്യത്തിൽ ആ മേഖലയിൽ ജോലിചെയ്യുന്നത്, പ്രത്യേക സാമ്പത്തികമേഖല (Special Economic Zone) യിലാണ് ഈ ഐ.റ്റി കമ്പനികളെല്ലാം മിക്കവാറും പ്രവർത്തിക്കുന്നത്. ആ മേഖലയിലുള്ളവരെ സംബന്ധിച്ചിടത്തോളം യുവതീയുവാക്കൾക്ക് അന്തസ്സോടെ തൊഴിൽ ചെയ്യാനും മാന്യമായ വേതനം ലഭിക്കാനും അവരുടെ അവകാശങ്ങൾ നേടിയെടുക്കാനും സംഘടിക്കാനുമുള്ള കാര്യങ്ങൾ ഉറപ്പുവരുത്താൻ യഥാർത്ഥത്തിൽ ഈ ബില്ലിനകത്ത് യാതൊരു വ്യവസ്ഥയും ഉണ്ടായിട്ടില്ല. അത് ഈ ബില്ലിന്റെ പ്രധാനപ്പെട്ട ഒരു പോരായ്മയായി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെതന്നെയാണ് നമ്മുടെ കേരളത്തിൽ ജാതിമത സ്പർദ്ധ വർദ്ധിച്ചുവരികയാണ്. കേരളത്തിൽ മതസമുദായങ്ങൾ തമ്മിലുള്ള സൗഹൃദത്തിനും അതിന്റെ ഊഷ്മളതയ്ക്കും ഉലച്ചിൽ തട്ടുകയാണെന്നാണ് കഴിഞ്ഞ വർഷം ബഹുമാന്യനായ കേന്ദ്രപ്രതിരോധ വകുപ്പുമന്ത്രി ശ്രീ. എ. കെ. ആന്റണി പറഞ്ഞത്. ഇങ്ങനെ പോയാൽ നമ്മുടെ കേരളം ഒരു ഭ്രാന്താലയമായി തീരുമെന്നാണ് കേരളത്തിലെ സമുന്നത നേതാവും കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രിയുമായ ശ്രീ. എ. കെ. ആന്റണി പറഞ്ഞത്. കേരളത്തിൽ ഇത്തരത്തിലുള്ള ചിന്താഗതികൾ വർദ്ധിച്ചുവരികയാണ്. കേരളത്തിലെ മതേതരത്വത്തിന്റെ ഗ്യാരന്റിയെന്നുപറയുന്നത് പൊതുവിദ്യാലയങ്ങളാണ്. ഈ പൊതുവിദ്യാലയങ്ങളിൽ ജാതിമത വ്യത്യാസമില്ലാതെ ഒന്നിച്ചിരുന്ന് കുട്ടികൾ പഠിക്കുകയും അവർ ഒന്നിച്ച് കളിക്കുകയും ഭക്ഷണം പങ്കിട്ട് കഴിക്കുകയും

ചെയ്യുന്നു. ഈ പ്രായോഗിക മതേതരത്വവും ക്ലാസിക്കൽ മതേതരത്വത്തിന്റെ പ്രായോഗികമായ സമീപനവും ഈ രാജ്യത്തിന് മാതൃകയാകുന്നവിധത്തിൽ വികസിപ്പിച്ചെടുത്ത നാടാണ് കേരളം. ഇതിന് കരുത്ത് പകരുന്നത് യഥാർത്ഥ ത്തിൽ പൊതുവിദ്യാലയങ്ങളാണ്. ഇന്ന് എന്താണ് നമ്മുടെ പൊതുവിദ്യാലയ ങ്ങളുടെ സ്ഥിതി? രാവിലെ ഒരു ഗ്രാമത്തിലേക്ക് അഞ്ച് ബസ്സുകൾ വരുന്നു. അഞ്ച് ബസ്സുകളിലായി കുട്ടികൾ സ്കൂളിലേയ്ക്ക് തിരിക്കുകയാണ്. ഇവിടെ നഷ്ടമാകുന്നത് കൂട്ടായ്മയാണ്. ഇന്ന് പല വിദ്യാഭ്യാസ സ്ഥാപനങ്ങളും കുട്ടി കളെ ആകർഷിക്കാനും കുട്ടികളെ പിടിക്കാനും പരസ്യം ചെയ്യുന്നതുതന്നെ ജാതിസാമുദായിക ചിഹ്നങ്ങളുപയോഗിച്ചുകൊണ്ടാണ്. വളരെ അപകടകരമാ യൊരവസ്ഥയിലേയ്ക്ക് നമ്മുടെ നാട് പൊയ്ക്കൊണ്ടിരിക്കുകയാണ്. ബസ്സു കൾക്കുള്ളിലും ക്ലാസ്മുറികൾക്കുള്ളിലും കുട്ടികളെ ജാതിയുടേയും മതത്തി ന്റേയുമൊക്കെ കള്ളികളിൽ തളച്ചിടുകയാണ്. അതോടൊപ്പം കുട്ടികൾക്കിട യിൽ സ്വാർത്ഥതയുണ്ടാക്കുകയാണ്. കേരളത്തിലെ വിദ്യാലയങ്ങളിൽ ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ നാം പത്രങ്ങളിലൂടെയും ദൃശ്യമാധ്യമ ങ്ങളിലൂടെയും മനസ്സിലാക്കുകയാണ്. വളരെയേറെ ആശങ്കയുളവാക്കുന്ന കാര്യങ്ങളാണ് നാം കേൾക്കുന്നത്. അതാണ് നാം കാണുന്നതും. 3 വർഷം മുമ്പ് ഞങ്ങളുടെ ജില്ലയിലെ ഒരു സ്കൂളിൽനിന്ന് 9–ാം ക്ലാസ്സിലെ കുട്ടികൾ ഒരു വിനോദയാത്രയ്ക്കുപോകാൻ തീരുമാനിച്ചു. അങ്ങനെ പോകാൻ തീരുമാ നിച്ച ദിവസം ബസ്സുവന്നു; കുട്ടികളെ യാത്രയാക്കാൻ രക്ഷകർത്താക്കളും വന്നു. ബസ്സ് പുറപ്പെടാനിരിക്കുമ്പോഴാണ് ഒരുകൂട്ടം ആളുകൾ ഒരു വാഹന ത്തിൽ വന്നിറങ്ങി ബസ്സ് ഡ്രൈവറുടെ നേർക്ക് ആയുധമുയർത്തി കാണി ക്കുകയും പ്രായപൂർത്തിയായ മുസ്ലീം പെൺകുട്ടികളെ മറ്റുള്ളവരോടൊ

ന്നിച്ച് വിനോദയാത്ര പോകുന്നത് ഇസ്ലാമികവിരുദ്ധമാണെന്നും അതുകൊണ്ട് അത് അനുവദിക്കുകയില്ലെന്നും അവർ പറഞ്ഞു. അതുകൊണ്ട് ഈ ടൂർ നിങ്ങൾ പോകരുതെന്നും പോയാൽ ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാകുമെന്നും ഡ്രൈവറുടെ നേരെ വാൾ വച്ചുകൊണ്ടാണ് ഇത്തരമൊരു ഭീഷണി അവർ മുഴക്കിയത്. ഇത് ഒരു സ്കൂളിൽ മാത്രമല്ല. തലശ്ശേരിയിലും ഇതിന് സമാനമായ സംഭവങ്ങളുണ്ടായി. കേരളത്തിൽ പലയിടങ്ങളിലും ഇത്തരം സംഭവങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. കാസർഗോഡ് ഗവൺമെന്റ് കോളേജിൽ എഡിറ്ററായ ഒരു പെൺകുട്ടി എസ്.എഫ്.ഐ. യുടെ പ്രവർത്തകയായിരുന്നു. അവൾ ഇന്ന മതത്തിൽപ്പെട്ടവളാണെന്നും അതുകൊണ്ട് അവൾ ഈ നിലയിലുള്ള പൊതുപ്രവർത്തനം നടത്താൻ പാടില്ലായെന്നും പറഞ്ഞു. ക്യാമ്പസിൽ ഒരു കൂട്ടം അക്രമികൾ ചെന്ന് പെൺകുട്ടിയെ പരസ്യമായി ആക്രമിച്ച അനുഭവം ഉണ്ടാകുകയാണ്. ഇത്തരത്തിൽ നമ്മുടെ സമൂഹത്തിൽ വർഗ്ഗീയ വൽക്കരണവും സാമുദായിക വൽക്കരണവും ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നു. 'മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി' എന്നാണ് മഹാനായ ശ്രീനാരായണഗുരു പറഞ്ഞത്. എന്നാൽ ഇപ്പോൾ അഭിനവ ശ്രീനാരായണീയർ എന്നുപറയുന്നവർ.........

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, പ്രധാനപ്പെട്ട കാര്യങ്ങളാണ് അങ്ങ് പറഞ്ഞുകൊണ്ടിരിക്കുന്നത്. കേരളത്തിലെ സാമൂഹ്യ ജീവിതത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അവിശ്വസനീയമായ ദുഷ്പ്രവണതകളെക്കുറിച്ചും അത് യുവാക്കൾക്കിടയിലുണ്ടാക്കുന്ന സ്വാധീനത്തെക്കുറിച്ചുമൊക്കെയാണ് അങ്ങ് പറഞ്ഞുകൊണ്ടിരിക്കുന്നത്. അത്തരം കാര്യങ്ങളൊന്നും ഈ ബില്ല് ഗൗരവത്തോടുകൂടി കാണുന്നില്ലായെന്ന് അങ്ങ് പറയുന്നത് വ്യക്തമാണ്.

യഥാർത്ഥത്തിൽ തൊഴിൽ ഒരു പുതിയ നിലയിലേയ്ക്ക് മാറിയിരിക്കുകയാണ്. തൊഴിൽ സംസ്കാരത്തിനുതന്നെ മാറ്റം വന്നിരിക്കുന്നു. 'തൊഴിലില്ലായ്മ' എന്നതിൽ നിന്ന് 'തൊഴിലല്ലായ്മ' എന്ന സ്ഥിതിയിലേയ്ക്ക് ബഹുഭൂരിപക്ഷം തൊഴിലും മാറി. കരാർവൽക്കരണ ത്തിന്റേയും പരിധിവിട്ട ഹയർ ആന്റ് ഫയറിന്റേയും രീതികൾ വന്നു. അങ്ങ് സൂചിപ്പിച്ചതുപോലെ തൊഴിലിടങ്ങളിലുള്ള തൊഴിൽപരമായ പിരിമുറുക്കങ്ങൾ (Occupational hazards) ഇന്നത്തെ യുവത്വം ഉപകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമായി ആഗോള പഠന റിപ്പോർട്ടുകൾ തന്നെ സൂചിപ്പിക്കുകയാണ്. ഐ.ടി. പാർക്കുകൾ തൊട്ട് അസംഘടിത മേഖലകളിൽ വരെ അനുഭവിക്കുന്ന ഈ ദുരന്തപൂർണ്ണമായ തൊഴിൽ പ്രശ്നങ്ങളെ അഡ്രസ്സ് ചെയ്യുകയെന്നത് ഒരു പരിഷ്കൃത സമൂഹത്തിന് ഏറ്റവും അനിവാര്യമായ ഒരു കാര്യമാണ്. ആ നിലയിൽ ചിന്തിക്കുമ്പോൾ ഈ തൊഴിൽ പ്രശ്നങ്ങളിൽ ഉയർന്നുവരുന്ന പരാതികളിൽ എന്തെങ്കിലും ഒരു നിലപാട് സ്വീകരിക്കാൻ ഈ ബില്ലിൽ പ്രത്യേകിച്ച് ഒരു നിർദ്ദേശങ്ങളുമില്ല എന്നത് വളരെ വേദനാജനകമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പി. ശ്രീരാമകൃഷ്ണൻ, അങ്ങ് പ്രസംഗിക്കുകയാണോ?

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, അല്ല. വിദ്യാഭ്യാസ മേഖലയിൽ അങ്ങ് സൂചിപ്പിച്ചതുപോലെ കേരളത്തിന്റെ മതേതര പൊതുജീവിതത്തെ വളർത്തിയെടുത്തത് പൊതു വിദ്യാലയങ്ങളാണ്. ആ പൊതു വിദ്യാലയങ്ങളെ സമ്പൂർണ്ണമായി തകർത്ത് കേരളത്തിൽ സ്വാശ്രയ ഭൂതത്തെ കെട്ടഴിച്ചുവിട്ടിരിക്കുകയാണ്. ഈ സ്വാശ്രയ ഭൂതം അൺ എയ്ഡഡ് സ്കൂളുകൾ

തൊട്ട് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വരെ കീഴടക്കിക്കഴിഞ്ഞ ഒരു പശ്ചാത്തലത്തിൽ ഈ സ്വാശ്രയ ഭൂതത്തിന്റെ പിടിയിൽ അകപ്പെട്ട നമ്മുടെ നാട്ടിൻ പുറത്തെ സാധാരണ യുവാക്കളെ.......

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഒരാളുടെ പ്രസംഗത്തിൽ എത്രയാളുകൾക്ക് പ്രസംഗിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: അതാണ് ചെയറും ചോദിച്ചത്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഈ സ്വാശ്രയ ഭൂതത്തെ പിടിച്ചു കെട്ടാനാവശ്യമായ ഒരു നിർദ്ദേശവും ഇതിലില്ല. അതായത് കേരളത്തിലെ യുവതീയുവാക്കൾ അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട രണ്ട് പ്രശ്നങ്ങളേയും ഈ ബിൽ അഡ്രസ്സ് ചെയ്യുന്നില്ല. ജാതി വിവേചനത്തിന്റെ പ്രശ്നം അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഒരു മരണ വീട്ടിൽ പോയപ്പോൾ കണ്ടത് മൃതശരീരം കാണുന്നതിനുമുമ്പ് ഒരു പുസ്തകം വച്ചിരിക്കുന്നതിൽ ആ മരിച്ച ആളിന്റെ ജാതിയിൽപ്പെട്ട ആളുകളെല്ലാം ഒപ്പുവയ്ക്കണമെന്ന് പറഞ്ഞ് ഒരാൾ അടുത്തിരിക്കുകയാണ്. മൃതശരീരം കാണണമെന്ന് നിർബന്ധമില്ല, ജാതിയുടെ ശക്തി തെളിയിക്കാൻ വേണ്ടി ഈ പുസ്തകത്തിൽ ഒപ്പുവയ്ക്കണം. ഇത്തരം പ്രവണതകളൊക്കെ വളർന്നുവരുന്ന ഒരു പശ്ചാത്തലത്തിൽ യുവജനങ്ങളെ ക്രിയേറ്റീവായി വികസിപ്പിക്കാനാവശ്യമായ നിർദ്ദേശങ്ങളൊന്നുമില്ല എന്നല്ലേ അങ്ങ് പറഞ്ഞുവരുന്നത്.

ശ്രീ. റ്റി. വി. രാജേഷ്: ബഹുമാന്യനായ ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഇവിടെ ചൂണ്ടികാണിച്ച കാര്യം വളരെ പ്രസക്തമാണ്. അദ്ദേഹം ഈ ബില്ല് അവതരിപ്പിച്ചപ്പോൾ ഈ കാര്യങ്ങൾ സൂചിപ്പിച്ചിരുന്നു. കേരളത്തിലെ ഐ.ടി.

മേഖലയിൽ കൊടിയ തൊഴിൽ ചൂഷണമാണ് നടന്നുകൊണ്ടിരിക്കുന്നത്. അതുപോലെ ശ്രീ. പി. ശ്രീരാമകൃഷ്ണൻ പ്രസിഡന്റായിട്ടുള്ള കേരളത്തിലെ അൺ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ യൂണിയ നുണ്ട്. രണ്ട് ലക്ഷത്തോളം ആളുകൾ കേരളത്തിലെ സി.ബി.എസ്.ഇ, ഐ. സി.എസ്.ഇ സ്കൂളുകളിൽ അദ്ധ്യാപകരായി ജോലിചെയ്യുന്നുണ്ടെന്നാണ് കണക്ക്. ഇവിടെ ഒരു സർക്കാർ ലോവർ പ്രൈമറി സ്കൂളിൽ എൻട്രി കേഡ റിൽ ഒരു അദ്ധ്യാപകന് ലഭിക്കുന്നത് 19,000 രൂപയാണെങ്കിൽ അൺ എയി ഡഡ് ഹയർസെക്കന്ററിയിൽ പഠിപ്പിക്കുന്ന അദ്ധ്യാപകന് ലഭിക്കുന്നത് 3500 രൂപയും 4000 രൂപയുമൊക്കെയാണ്. രേഖയിൽ ഗവൺമെന്റ് പറഞ്ഞ മിനിമം വേതനമൊക്കെ അവർക്ക് കൊടുക്കുന്നുണ്ടാകും. പക്ഷേ അവർക്ക് ലഭിക്കു ന്നത് നാമമാത്രമായ തുകയാണ്. ഈ സാഹചര്യത്തിന് മാറ്റമുണ്ടാകണം. കേരളത്തിലെ നേഴ്സിംഗ് മേഖലയിൽ സമരമുയർന്നുവരാനുള്ള കാരണമെ ന്തായിരുന്നു? ഹൗസ് സർജൻസി അടക്കം എം.ബി.ബി.എസിന് 5½ വർഷവും ബി.എസ്.സി.നേഴ്സിംഗിന് 4½ വർഷവും ആവശ്യമാണ്. ഇത്രയും വർഷമെടുത്ത് പഠിച്ചശേഷം ഒരു സ്ഥാപനത്തിൽ നേഴ്സായി ചേർന്നാൽ ഒരു മാസം 3000–4000 രൂപയാണ് അയാൾക്ക് വേതനമായി ലഭിക്കുന്നത്. ഇതിനെ തിരെ വലിയ സമരമുയർന്നുവന്നു. കേരളത്തിലെ രാഷ്ട്രീയ പാർട്ടികളും ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളുമൊക്കെ അതിനെ പിന്തുണച്ചു. അതിന്റെ ഫലമായി ഗവൺമെന്റ് ബലരാമൻ കമ്മീഷനെ നിയോഗിച്ചു. പക്ഷേ ആ കമ്മിറ്റി റിപ്പോർട്ട് ഇതുവരേയും ഫലപ്രദമായി നടപ്പിലാക്കപ്പെട്ടിട്ടില്ല. അതു കൊണ്ട് യുവജനങ്ങൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം അൺ എംപ്ലോ യ്മെന്റിനേക്കാൾ ഇവിടെ ശ്രീ. പി. ശ്രീരാമകൃഷ്ണൻ ചൂണ്ടിക്കാണിച്ചതു

പോലെ അണ്ടർ എംപ്ലോയ്മെന്റാണ്. പേരിന് തൊഴിലുണ്ട്. എന്നാൽ ആ തൊഴിലിന് ഒരു സുരക്ഷിതത്വവുമില്ല. ആ തൊഴിൽ എന്ന് നഷ്ടപ്പെടുമെന്ന് ഉറപ്പിച്ചുപറയാൻ കഴിയില്ല. ഏത് നിമിഷവും തൊഴിൽ നഷ്ടപ്പെടാവുന്ന ഒരു അവസ്ഥയാണ്. കേരളത്തിലെ യുവജനങ്ങൾ നേരിടുന്ന പ്രധാനപ്പെട്ട വിഷയം തൊഴിലിന്റെ സുരക്ഷിതത്വമില്ലായ്മയാണ് അഥവാ തൊഴിലിന്റെ താൽക്കാലികവൽക്കരണമാണ്. ഈ താൽക്കാലികവൽക്കരണം പരിഹരിക്കാൻ, ഇവിടെ ശക്തമായി ഇടപെടാൻ യുവജനകമ്മീഷന് അധികാരങ്ങളുണ്ടായിരിക്കണം. ഇപ്പോൾ വനിതാ കമ്മീഷൻ മുമ്പാകെ ഒരു പരാതിയുമായി വന്നാൽ ആ പരാതി പരിശോധിക്കുന്നതിനപ്പുറം അതിനെ പ്രോസിക്യൂട്ട് ചെയ്യാനുള്ള അധികാരമുണ്ട്. വനിതാ കമ്മീഷന്റെ 18-ാം വകുപ്പ് Initiation of Prosecution- If after investigation into any complaint under Section 17, the Commission is satisfied that a person has committed any criminal offence and that he should be prosecuted in the court of law for such offence. ഇതുപോലെ മനുഷ്യാവകാശ കമ്മീഷനും പ്രോസിക്യൂട്ട് ചെയ്യാം. കേരളത്തെ സംബന്ധിച്ചിടത്തോളം യുവജനകമ്മീഷൻ ഇന്ത്യയിൽ ആദ്യമാണെന്നുള്ളത് ഞങ്ങൾ അംഗീകരിക്കുന്നു. ഇതിനകത്ത് വനിതാ കമ്മീഷനുള്ളതുപോലെ പ്രോസിക്യൂഷൻ അധികാരം കൂടി വച്ചിരുന്നുവെങ്കിൽ കേരളത്തിലെ യുവജനങ്ങൾക്ക് വലിയ ആശ്വാസമാകുമായിരുന്നു. യുവജനങ്ങളുടെ അവകാശത്തെ ലംഘിക്കുന്ന ഒരു വിഷയമുണ്ടായാൽ അവന് നിയമപരിരക്ഷ കിട്ടാൻ യൂത്ത് കമ്മീഷന് എന്ത് ചെയ്യാൻ കഴിയും? നമുക്കറിയാം ഹെൽമറ്റ് വേട്ടയുടെ പേരിൽ കേരളത്തിൽ അരങ്ങേറുന്ന കാര്യങ്ങൾ. ഹെൽമറ്റ് ധരിക്കണം; പക്ഷേ പോലീസ് പലപ്പോഴും നിരപരാധികളെ വേട്ടയാ

ടുന്ന അനുഭവമുണ്ടാകുന്നു. ഇന്ന് രാവിലെ സബ്മിഷന് നീലേശ്വരത്തുണ്ടായ സംഭവത്തെക്കുറിച്ച് പറഞ്ഞില്ലേ. വെയിറ്റിംഗ് ഷെഡിൽ രണ്ട് ചെറുപ്പക്കാർ ഇരുന്നതിനെത്തുടർന്ന് പോലീസ് വന്ന് വണ്ടി നിർത്തി, ചാടി ഇറങ്ങി അട്ടഹസിച്ച് ഒരാളെ പിടിച്ച് തല്ലുകയും ഇതുകണ്ടുനിന്ന മറ്റൊരാൾ ഓടി ആൾമറയില്ലാത്ത കിണറ്റിൽ വീണ് മരിക്കുകയും ചെയ്തു. പോലീസ് ഇവിടെ മനുഷ്യാവകാശ ലംഘകരായി മാറുകയാണ്. യഥാർത്ഥത്തിൽ മനുഷ്യരുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കേണ്ട പോലീസ്, നിയമ ലംഘകകരായി മാറുന്നു. അതുപോലെ ഗവൺമെന്റ് അംഗീകരിച്ച മിനിമം വേതനം ലഭിക്കാതെ പോകുന്ന ഒരു അദ്ധ്യാപകൻ അതിനെ ചോദ്യം ചെയ്താൽ എന്താണനുഭവം. സ്കൂളിൽ നിന്ന് അവനെ പിരിച്ചുവിടുകയാണ് ചെയ്യുന്നത്. എത്ര ദുരനുഭവങ്ങൾ നമ്മുടെ മുന്നിലുണ്ട്. അവിടെ മാനേജ്മെന്റിന്റെ തെറ്റായ നടപടിക്ക് എതിരായി യൂത്ത് കമ്മീഷനിൽ ഒരു പരാതി തന്നാൽ യൂത്ത് കമ്മീഷന് എന്ത് ചെയ്യാൻ പറ്റും? യൂത്ത് കമ്മീഷൻ ഇത് പരിശോധിച്ച് അവരെ വിളിച്ചുവരുത്തി മൊഴിയെടുത്ത് ഒരു ശുപാർശ അയയ്ക്കും. ഗവൺമെന്റിന് ശുപാർശ ചെയ്തതുകൊണ്ട് നടപടിയുണ്ടാകുമോ? വനിതാ കമ്മീഷന് കൊടുത്തതുപോലെ പ്രോസിക്യൂഷനുള്ള അധികാരം കൂടി കൊടുത്തിരുന്നുവെങ്കിൽ കേരളത്തിലെ യുവജനങ്ങളെ സംബന്ധിച്ചിടത്തോളം യൂത്ത് കമ്മീഷൻ വളരെ പ്രയോജനം ചെയ്യുന്ന ഒന്നായി മാറുമായിരുന്നു. ഞാൻ ഇവിടെ പറഞ്ഞുവന്നത് കേരളത്തിൽ വർദ്ധിച്ചുവരുന്ന ജാതി–മത സ്പർദ്ധയെക്കുറിച്ചാണ്. നമ്മുടെ പൊതുവിദ്യാലയങ്ങളുടെ അവസ്ഥ ഞാനിവിടെ സൂചിപ്പിച്ചു. കുരീപ്പുഴ ശ്രീകുമാറിന്റെ 'സ്കൂൾ ബാഗ്' എന്ന ഒരു

കവിതയുണ്ട്. അതിൽ അദ്ദേഹം തന്റെ പഴയ സ്കൂൾക്കാലം ഓർക്കുക യാണ്. അദ്ദേഹം പറയുകയാണ്;

"പ്രണയം ആദ്യം പെയ്ത മെറ്റിൽഡ
കടയിലെ പെൻസിൽ കാണിച്ചുതന്ന്
പുതിയ വിസ്മയം നെയ്ത നസീമ
പരമരഹസ്യമായി കായൽ കടത്തി
പയർ നെയ്ചോർ തന്ന ഖുൽസത്ത്
ഇടതുകാലിൽ കുരുക്കിയ പന്തുമായി
കുതിരയെപ്പോൽ കുതിക്കും ക്ലമന്റ്
മതരഹിതരായ് ഒരുമിച്ചിരുന്ന് നാം
മതിമറന്ന് പഠിച്ച ദിനങ്ങളെക്കുറിച്ച് "..........

ബാലാമണിയമ്മ പറയുകയാണ്

"പാഠാലയത്തിലെ പ്രമാണിമാർ (സമ്പന്നരുടെ കുട്ടികൾ)
പാവങ്ങളോടൊത്ത് ഇണങ്ങലുള്ളൂ
പഞ്ചാമൃതക്കൂട്ടും ഞാവൽ പഴങ്ങളും
പങ്കിട്ടെടുത്ത് കഴിക്കലുള്ളൂ."

ഇതായിരുന്നു നമ്മുടെ സ്കൂളുകളുടെ സ്ഥിതി. ജാതിയും മതവും സമ്പത്തും അപ്രസക്തമാക്കും വിധം തീവ്രമായ ഒരു സൗഹൃദം നമ്മുടെ പള്ളിക്കൂടങ്ങ ളിൽ നിലനിന്നിരുന്നു. ആ സാഹചര്യം മാറുകയാണ്. പൊതുവിദ്യാലങ്ങളെ ദുർബലമാക്കുന്ന സമീപനങ്ങൾ തുടർച്ചയായി ഈ സർക്കാർ സ്വീകരിക്കു ന്നതാണ് ഇതിന് കാരണം. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ സ്കൂളുകൾ ആരംഭിക്കുന്നതിന് യാതൊരു മാനദണ്ഡവുമില്ലാതെ യഥേഷ്ടം അനുവാദം

കൊടുക്കുന്നതിനാൽ ആയിരക്കണക്കിന് സ്കൂളുകൾ വരുന്നു. ഇത് പൊതു വിദ്യാലയങ്ങളുടെ തകർച്ച ത്വരിതപ്പെടുത്തുകയാണ്. ഇത് കേരളത്തിലുണ്ടാക്കാൻ പോകുന്ന അപകടം എന്തായിരിക്കും. സ്വതന്ത്രാനന്തര ഇന്ത്യ കണ്ട ഏറ്റവും ഭീകരമായ, ഏറ്റവും ഭീഭത്സമായ വംശഹത്യ നമ്മൾ ഗുജറാത്തിൽ കണ്ടു. അതിനെക്കുറിച്ച് അന്വേഷിച്ച എല്ലാ കമ്മീഷനുകളും അവിടെപോയിട്ടുള്ള മനുഷ്യപക്ഷത്തു നിൽക്കുന്ന സാംസ്ക്കാരിക പ്രവർത്തകന്മാരും ചില മനുഷ്യാവകാശ സംഘടനകളൊക്കെ പറഞ്ഞ ഒരു കാര്യമുണ്ട്. ഗുജറാത്ത് കലാപത്തിൽ മുഖ്യമായ പങ്ക് വഹിച്ചത് കൗമാരപ്രായക്കാരായ കുട്ടികളാണെന്ന്. കയ്യിൽ ശൂലവും വാളുമായി മുസ്ലീംങ്ങൾ തിങ്ങിപ്പാർക്കുന്ന ഗലികളിലേയ്ക്ക് പോയി, അവിടുത്തെ വീടുകളുടെ വാതിൽ തല്ലിപ്പൊളിച്ചു അകത്തുകയറി സ്ത്രീകളേയും കുട്ടികളേയും ജീവനോടെ കൊല്ലാൻ ഒരു മടിയും കാണിക്കാത്ത കുട്ടിഭ്രാന്തന്മാരായി ഗുജറാത്തിലെ കുട്ടികൾ മാറിയത് വിദ്യാഭ്യാസമേഖലയിലെ വർഗ്ഗീയവൽക്കരണമാണെന്ന് ഗുജറാത്തിൽ നിന്നും വന്ന റിപ്പോർട്ടുകൾ നമ്മെ ഓർമപ്പെടുത്തുകയാണ്. നമ്മുടെ കേരളം ഇങ്ങനെ ആയാൽ എന്താണ് സംഭവിക്കുക? ഇവിടെ ശ്രീ. എ.കെ. ആന്റണി പറഞ്ഞ കാര്യം ഞാൻ സൂചിപ്പിച്ചു. നമ്മുടെ കേരളം വീണ്ടുമൊരു ഭ്രാന്താലയമായി മാറുന്നതിന്റെ ചില സാഹചര്യങ്ങൾ രൂപപ്പെടുകയാണ്. ഇത് നിസാരമായ കാര്യമല്ല. മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്ന് മഹാനായ ശ്രീനാരായണഗുരു പറഞ്ഞു. ഇപ്പോൾ അഭിനവശ്രീനാരായണീയർ എന്ന് നടിക്കുന്നവർ പറയുന്നത് മതമേതായാലും ഈഴവർ നന്നായാൽ മതി എന്നാണ് പറയുന്നത്. ബഹുമാന്യനായ ഒരു തിരുമേനി ഏതാനും മാസങ്ങൾക്കുമുമ്പ് സഭാവിശ്വാസികൾ സഭ നടത്തുന്ന വിദ്യാലയങ്ങളിൽ കുട്ടികളെ അയയ്ക്കണമെന്ന് പറഞ്ഞു. ഇതായിരുന്നോ കേരളത്തിലെ പാര

മ്പര്യം; കേരളത്തിലെ മിഷണറിമാർക്ക് മഹത്തരമായ ഒരു പാരമ്പര്യമില്ലേ? ലാഭനഷ്ട കണക്കുകൾ നോക്കാതെ, ലാഭേച്ഛ ഇല്ലാതെ, നിസ്വാർത്ഥമായ സാമൂഹിക സേവനം നടത്തിയ, മനുഷ്യനെ മനുഷ്യൻ അശുദ്ധവസ്തുവായി കണ്ടകാലത്ത് ജാതിയും മതവും സമ്പത്തും നോക്കാതെ എല്ലാവർക്കും വിദ്യാഭ്യാസം നൽകാൻ മുന്നോട്ടുവന്ന ഏറ്റവും മഹത്തരമായ പാരമ്പര്യമുള്ള ഈ കേരളത്തിൽ, ആ മിഷണറിമാരുടെ പിൻതലമുറക്കാരെന്ന് ഇന്ന് അവകാശപ്പെടുന്നവർ പറയുന്നത് മതേതരത്ത്വത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്ന കാര്യങ്ങളാണ്. ഇതാണോ നമ്മുടെ കേരളം? മഹാനായ ക്രിസ്തുദേവൻ പറഞ്ഞത് ഇതാണോ? മഹാനായ ക്രിസ്തുദേവൻ അരുളി ചെയ്തത് നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കാനാണെങ്കിൽ ചില തിരുമേനിമാർ, ചില മതനേതാക്കന്മാർ, ചില ബിഷപ്പുമാർ എന്താ പറയുന്നത്? നിന്നെപ്പോലെ നിന്റെ അയൽക്കാരനായ റോമൻ കത്തോലിക്കനെ സ്നേഹിക്കാനാണ്. ഈ നിലയിലേയ്ക്ക് നമ്മുടെ നാട് പോയാൽ എന്തായിരിക്കും സ്ഥിതി? ഇപ്പോൾ എല്ലാ മതവിഭാഗങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. മതങ്ങൾക്ക് മാത്രമല്ല ആൾദൈവങ്ങൾക്കും സ്ഥാപനമുണ്ട്. കിന്റർ ഗാർഡൻ മുതൽ ഡീംഡ് യൂണിവേഴ്സിറ്റി വരെ ആൾദൈവങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. പല വിദ്യാഭ്യാസ സ്ഥാപനങ്ങളും മാനേജ്മെന്റ് വഴി താലിബാനിസം അടിച്ചേൽപ്പിക്കുന്ന സ്ഥിതിയും ഇവിടെയുണ്ട്. ഇവിടെ ജാതികോമരങ്ങൾ ഷോലെ സിനിമയിലെ ഗബ്ബാർസിംങ്ങിനെപ്പോലെ അട്ടഹസിക്കുമ്പോൾ അവരുടെ മുമ്പിൽ വിനീതവിധേയന്മാരായി നമ്മുടെ ഉന്നതന്മാരായ രാഷ്ട്രീയ നേതാക്കന്മാരും മന്ത്രിമാരും നിൽക്കുന്നത് അപമാനകരമായ ഒരു സ്ഥിതിയല്ലേ? ഇത് സമൂഹത്തിന് എന്ത് സന്ദേശമാണ് നൽകുന്നത്? ഇത്തരമൊരു സാഹചര്യത്തിൽ വർഗ്ഗീയതയ്ക്കെതിരായി, കേരളത്തിൽ

വർദ്ധിച്ചുവരുന്ന ജാതി–മത സ്പർദ്ധയ്ക്കെതിരായി ശക്തമായ നടപടികൾ നമുക്ക് സ്വീകരിക്കാൻ കഴിയേണ്ടതല്ലേ? പക്ഷേ ഇതിന് എതിരായിട്ടുള്ള ശക്തമായ പരിപാടികൾ നടപ്പിലാക്കാൻ ഒരധികാരവും ഈ ബില്ലിൽ നൽകി യിട്ടില്ല. അത് ഈ ബില്ലിന്റെ ഏറ്റവും വലിയ പോരായ്മയായി ചൂണ്ടികാണി ക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

അന്ധവിശ്വാസത്തെയും അനാചാരത്തെയും സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ യൂത്ത് പോളിസിയിൽ ഒരു കാര്യം പറയുന്നുണ്ട്. സാമൂഹ്യ ധർമ്മം, യുവജനങ്ങൾക്കിടയിൽ അന്ധവിശ്വാത്തിനും അനാചാരങ്ങൾക്കും മതമൗലിക വാദത്തിനുമെതിരായി ശാസ്ത്രബോധമുള്ള യുവതലമുറയെ വാർത്തെടുക്കുവാനുള്ള പരിപാടികൾ ആവിഷ്ക്കരിക്കണം. ഇതുമായി ബന്ധ പ്പെട്ട് പറയുകയാണെങ്കിൽ അക്ഷരാർത്ഥത്തിൽ ആവേശം കൊള്ളിച്ചൊരു സംഭവം ഓർത്തുപോവുകയാണ്. കഴിഞ്ഞ ദിവസം തിരുവനന്തപുരത്തുവച്ച് ജ്യോത്സ്യന്മാരുടെ സംസ്ഥാന സമ്മേളനം നടത്തിയിരുന്നു. ആ സമ്മേളന ത്തിലേയ്ക്ക് സിനിമാതാരം പത്മശ്രീ മധുവിനെയും ക്ഷണിച്ചിരുന്നു. അദ്ദേഹം കൃത്യസമയത്ത് അവിടെ എത്തിച്ചേർന്നെങ്കിലും അൽപം വൈകി യാണ് സമ്മേളനം ആരംഭിച്ചത്. സമ്മേളത്തിന്റെ സ്വാഗത പ്രാസംഗികൻ പ്രസംഗം ആരംഭിച്ചപ്പോൾ പറഞ്ഞത്, ഞങ്ങൾ ഉദ്ഘാടകനായി കേന്ദ്രമന്ത്രി യെയും മുഖ്യാഥിതിയായി ഒരു സംസ്ഥാന മന്ത്രിയെയും സുവനീർ പ്രകാ ശനത്തിനായി ഹൈക്കോടതി ജഡ്ജിയെയുമാണ് വിളിച്ചത്. പക്ഷേ, ആരും വന്നില്ല. ഞങ്ങൾ ക്ഷണിച്ചവരിൽ വന്നത് ബഹുമാന്യനായ മധു മാത്രമാണ്. പിന്നീട് പത്മശ്രീ മധു പ്രസംഗിക്കാൻ എഴുന്നേറ്റപ്പോൾ അദ്ദേഹം പറഞ്ഞത്, 'എനിക്ക് ബഹുമാന്യരായ എന്റെ ജ്യോതിഷ സുഹൃത്തുക്കളോട് ഒരു കാര്യം പറയാനുള്ളത് – ആദ്യം നിങ്ങൾ സമ്മേളനത്തിന്റെ തീയതി കുറിക്കുന്നതിനു

മുമ്പ് വരുമെന്ന് ഉറപ്പുള്ളവർ ആരാണെന്ന് ഗണിച്ചുനോക്കിയതിനുശേഷം വിളിക്കേണ്ടതായിരുന്നു, നിങ്ങൾക്കൊരു അബദ്ധം പറ്റി.' ഇങ്ങനെ നോക്കുമ്പോൾ നമ്മുടെ നാട് എങ്ങോട്ടാണ് പോകുന്നത്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പെരുകുന്നുവെന്നു മാത്രമല്ല, വലിയ യാഗങ്ങളും യജ്ഞങ്ങളും നടക്കുകയാണ്. യാഗവും യജ്ഞവും നടത്തിയിട്ടാണോ ഈ നാട് മാറിയത്.

ശ്രീ. ആർ. രാജേഷ്: അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അവസാനിപ്പിക്കാൻ ശാസ്ത്രബോധമുള്ള ഒരു യുവതലമുറയെ വാർത്തെടുക്കണമെന്നാണ് ഈ ബില്ലിൽ പറയുന്നത്. ഈ നാട് ഭ്രാന്താലയമാണെന്ന് പറഞ്ഞ സ്വാമി വിവേകാനന്ദൻ, ശ്രീനാരായണ ഗുരുദേവൻ, വാഗ്ഭടാനന്ദൻ, ചട്ടമ്പി സ്വാമികൾ, അയ്യങ്കാളി അടക്കമുള്ള ആളുകൾ ശാസ്ത്രബോധത്തിന്റെ അടിസ്ഥാനത്തിലായിരുന്നില്ല ഒരു നാടിന്റെ അന്ധവിശ്വാസം അനാചാരവും അവസാനിപ്പിക്കാൻ പോരാട്ടം നടത്തിയത്. ശാസ്ത്രബോധമുണ്ടായതുകൊണ്ടുമാത്രം അന്ധവിശ്വാസവും അനാചാരവും മാറില്ല. അങ്ങനെയായിരുന്നുവെങ്കിൽ ഏറ്റവും പ്രഗത്ഭരായ ശാസ്ത്രജ്ഞന്മാരാണ് ഈ രാജ്യത്തുള്ളത്. മംഗൾ യാൻ ചൊവ്വ ഗ്രഹത്തിലേയ്ക്ക് പോയപ്പോൾ രണ്ട് ലക്ഷത്തോളം ആളുകളാണ് ഈ ശൂന്യാകാശത്തിലേയ്ക്ക് താമസിക്കാൻ അപേക്ഷകൊടുത്തത്. ശാസ്ത്രബോധത്തിന്റെ അടിസ്ഥാനത്തിൽ ഉപഗ്രഹങ്ങൾ വിക്ഷേപിക്കുമ്പോൾ ആ ഉപഗ്രഹം വിക്ഷേപിക്കുന്നതിന്റെ കൗണ്ട് ഡൗൺ ആരംഭിക്കുന്നതിനുമുമ്പ് തേങ്ങ ഉടയ്ക്കാറുണ്ട്. ശാസ്ത്രബോധമുള്ള സൈന്റിസ്റ്റുകൾ തേങ്ങയുടച്ച് ശൂന്യാകാശത്തേയ്ക്ക് റോക്കറ്റ് വിക്ഷേപിക്കുകയും കണ്ണൂർ വിമാനത്താവളത്തിന്റെ ആരംഭം കുറിക്കുമ്പോൾ ഭൂമി പൂജ നടത്തുകയും ചെയ്യുകയാണ്. ശാസ്ത്രബോധമുണ്ടായതുകൊണ്ട് അന്ധവിശ്വാസവും അനാ

ചാരവും മാറുന്നതെങ്ങനെയാണ്. അന്ധവിശ്വാസവും അനാചാരവും അവ സാനിപ്പിക്കാൻ പുരോഗമന സ്വഭാവമുള്ള ശാസ്ത്രബോധമുള്ള യുവതലമു റയെ വാർത്തെടുക്കണമെന്ന അഭിപ്രായത്തോട് അങ്ങ് യോജിക്കുന്നുണ്ടോ;

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. റ്റി. വി. രാജേഷ്, അങ്ങയുടെ പ്രസംഗം തുടങ്ങിയിട്ട് 27 മിനിട്ടായി. ഈ ബില്ലിനെ സംബന്ധിച്ച് ഏഴ് അംഗങ്ങൾ സംസാരിക്കാനുണ്ട്. ഈ ബിൽ പാസ്സാക്കിയെടുക്കുന്നതിന് എന്തുമാത്രം സമയം വേണ്ടിവരുമെന്ന കാര്യവും അങ്ങേയ്ക്കറിയാം. ഇതുകൂടാതെ ഇനി യുമൊരു ബില്ലുണ്ട്. അതുകൊണ്ട് പ്രസംഗം ചുരുക്കിയാൽ നന്നായിരുന്നു.

ശ്രീ. റ്റി. വി. രാജേഷ്: യഥാർത്ഥത്തിൽ കേരളത്തിൽ ഇത്തരത്തിലുള്ള വൻകിട പ്രോജക്ടുകൾ വരുമ്പോൾ ഭൂമി പൂജ നടത്തുന്നത് എന്തിനാണ്. ഭൂമി പൂജ നടത്തുമ്പോൾ അത് നൽകുന്ന സന്ദേശമെന്താണ്? ഇത്തരം കാര്യങ്ങളിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ മാതൃകാപരമായ സമീപനം സ്വീകരിക്കേണ്ടതല്ലേ. ഈ കാര്യങ്ങളിൽ ശരിയായ നിലപാട് സ്വീകരിക്കാൻ കഴിഞ്ഞെങ്കിൽ മാത്രമേ ഗവൺമെന്റിന്റെ യുവജന നയ ത്തിൽപറയുന്നതുപോലെയുള്ള ശാസ്ത്രബോധമുള്ള തലമുറയെ ഇവിടെ വളർത്തിയെടുക്കാൻ കഴിയൂ എന്നുള്ള കാര്യം ചൂണ്ടിക്കാണിക്കാൻ ആഗ്രഹി ക്കുകയാണ്. അതുപോലെത്തന്നെ പലരും ഇവിടത്തെ യുവജനങ്ങളെ കുറ്റ പ്പെടുത്തുന്നുണ്ട്. യുവജനങ്ങൾക്ക് എന്ത് സംഭവിക്കുന്നുവെന്നും യുവജന ങ്ങൾ മദ്യപിക്കുന്നുവെന്നും മദ്യപാനത്തിന്റെ അളവ് കൂടി വരുന്നുവെന്നു മൊക്കെ എല്ലാവരും പറയുന്നുണ്ട്. ഈ സാഹചര്യത്തിൽ മാതൃകാപരമായ ചില തീരുമാനങ്ങളെടുക്കാൻ കഴിയേണ്ടതുണ്ട്. അതിൽ ഏറ്റവും പ്രധാന പ്പെട്ടൊരു കാര്യം മന്ത്രിമാർ, എം.എൽ.എ.മാർ, ഉത്തരവാദപ്പെട്ട പദവിയിലും സ്ഥാനത്തുമിരിക്കുന്നവർ പങ്കെടുക്കുന്ന ചടങ്ങുകളിൽ ഒരു കാരണവശാലും

മദ്യം വിളമ്പാൻ പാടില്ല. മദ്യം വിളമ്പുന്ന കല്യാണമായാലും പൊതു ചടങ്ങുകളായാലും അതിൽ പങ്കെടുക്കില്ലെന്ന് ഉറപ്പിച്ചുപറയാനും അത്തരം പരിപാടികളിൽ നിന്നും വിട്ടുനിൽക്കാനും പൊതുപ്രവർത്തകർ തയ്യാറാകണം എന്നു കൂടി ഈ സന്ദർഭത്തിൽ ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ആ കാര്യത്തിൽ മാതൃക കാണിക്കാൻ കേരളത്തിലെ പൊതു പ്രവർത്തനകർക്ക് കഴിയേണ്ടതായിട്ടുണ്ട്. അങ്ങനെയൊരു മാതൃക കാണിക്കുകയാണെങ്കിൽ തീർച്ചയായും ഇക്കാര്യത്തിൽ ഒരു മാറ്റമുണ്ടാകും. ഇന്നലെ ബഹുമാന്യനായ പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സ്ത്രീധനത്തെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. സ്ത്രീധനവും വിവാഹധൂർത്തും തടയാൻ കേരളത്തിൽ ഒരു യോഗം വിളിക്കാൻ പോകുന്നുവെന്ന തീരുമാനം തീർച്ചയായും സ്വാഗതാർഹമായൊരു കാര്യമാണ്. സ്വാഭാവികമായും ഈ ബില്ലിൽ അത്തരമൊരു വിഷയം ചൂണ്ടിക്കാണിക്കേണ്ടതായിരുന്നു. കേരളത്തിലെ വിവാഹങ്ങൾ ആർഭാടമായി മാറിക്കൊണ്ടിരിക്കുകയാണ്. കോടിക്കണക്കിന് രൂപയാണ് വിവാഹത്തിന്റെ ഭാഗമായി ചെലവഴിക്കുന്നത്. ഇതിനായൊരു നിയമം കൊണ്ടുവന്നിട്ടുണ്ടെങ്കിലും യഥാർത്ഥത്തിൽ ആ നിയമം ഫലപ്രദമല്ല. ആ നിയമംകൊണ്ട് കാര്യമായ മാറ്റമുണ്ടായിട്ടില്ല. അതുകൊണ്ട് ഈ കാര്യത്തിൽ ശക്തമായി ഇടപെടാൻ കഴിയണം. അതുപോലെ തന്നെയാണ് സ്വാശ്രയ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പ്രശ്നം. പതിനഞ്ച് വയസ്സുമുതൽ നാൽപ്പത് വയസ്സുവരെയുള്ളവരെയാണ് യുവജനങ്ങൾ എന്ന പരിധിയിൽ വരുന്നത്. സ്വാശ്രയ വിദ്യാഭ്യാസ രംഗത്തെ ചൂഷണത്തിൽ നിന്നും യുവജനതയെ രക്ഷപ്പെടുത്താൻ ആവശ്യമായ ഇടപെടൽ നടത്താൻ ഈ കമ്മീഷന് ഒരധികാരവും കൊടുത്തിട്ടില്ലെന്നുള്ളത് ഈ കമ്മീഷന്റെ ഏറ്റവും വലിയൊരു പോരായ്മയാണ്. സ്വാശ്രയ വിദ്യാഭ്യാസ രംഗത്ത് ഇന്ന് രണ്ട് തരത്തിലുള്ള ചൂഷണം

നടക്കുകയാണ്–ഒന്ന്, വിദ്യാർത്ഥികളെ ചൂഷണം ചെയ്യുന്നു, രണ്ട്, അദ്ധ്യാപകരെ ചൂഷണം ചെയ്യുന്നു. ഇതിന് പരിഹാരമുണ്ടാക്കണം. കേരളത്തിലെ സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന എത്രയെത്ര വിദ്യാർത്ഥികളാണ് ആത്മഹത്യ ചെയ്യുന്നത്. അതിനൊരറുതി വരുത്തണ്ടേതാണ്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ കഴിയണമെങ്കിൽ, യൂത്ത് കമ്മീഷനിൽ ഒരു പരാതി ലഭിച്ചാൽ അതിന്റെ അടിസ്ഥാനത്തിൽ സ്വാശ്രയ മാനേജ്മെന്റുകൾക്കെതിരായി കർശനമായ നിലപാട് സ്വീകരിക്കാനും ഇത്തരം പ്രവണതകൾ ആവർത്തിക്കാതിരിക്കാനുമാവശ്യമായ നടപടി സ്വീകരിക്കാൻ യൂത്ത് കമ്മീഷന് എടുക്കാൻ കഴിയുമോ? ഇതാണ് യൂത്ത് കമ്മീഷന്റെ പരിമിതി. അതുകൊണ്ട് ഈ കാര്യങ്ങൾകൂടി പരിഗണിച്ച് കേരളത്തിലെ യുവജനങ്ങളുടെ അവകാശ സംരക്ഷകനെന്ന് പറഞ്ഞാൽ മാത്രം പോര, യഥാർത്ഥ അവകാശ സംരക്ഷകനായി ഈ നിയമം മാറുമെങ്കിൽ അത് വളരെ സ്വാഗതാർഹമാണ്. ദൗർഭാഗ്യവശാൽ ഈ ബില്ലിന് ഒരു ഉപദേശകന്റെ റോൾ മാത്രമേ ഈ നിയമം നൽകുന്നുള്ളൂ. അതുകൊണ്ടുതന്നെ ഈ ബിൽ നിയമമായി കഴിഞ്ഞാൽ അത് യുവജനങ്ങളെ ഏതെങ്കിലും തരത്തിൽ പിന്തുണയ്ക്കുകയോ സഹായിക്കുകയോ ചെയ്യുന്ന ഒന്നായി മാറുമെന്ന് പ്രതീക്ഷിക്കാൻ കഴിയില്ല. അതുകൊണ്ട് ഈ ബില്ലിനെ ശക്തമായി എതിർത്തുകൊണ്ട് എന്റെ വിയോജനകുറിച്ച് രേഖപ്പെടുത്തുകയാണ്.

ഡോ. കെ. റ്റി. ജലീൽ: സർ, എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഇന്ത്യയിലെ മൊത്തം ജനസംഖ്യയിൽ അൻപത്തിനാല് ശതമാനവും യുവതീയുവാക്കളാണ്. കേരളത്തിൽ ഏതാണ്ട് 50 ശതമാനത്തോളം പേർ ഈ ഗണത്തിൽപ്പെടുന്നവരാണ്. അടുത്ത ഏഴ് വർഷം കഴിയുമ്പോഴേയ്ക്കും youngest

country in the world എന്ന പദവിയിലേയ്ക്ക് നമ്മുടെ നാട് ഉയരുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരളത്തിന്റെ നേർ പകുതിയോളം വരുന്ന സമൂഹത്തെ ബാധിക്കുന്ന അതിപ്രധാനമായ ഒരു നിയമനിർമ്മാണമാണ് ഈ സഭയിൽ നട ക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പ്രയത്നം ഈ സർക്കാ രിന്റെ കാലത്ത് പൂർത്തീകരണത്തിൽ എത്തിയിരിക്കുകയാണ്. ബഹുമാന്യ യായ യുവജനക്ഷേമ വകുപ്പുമന്ത്രിയെ ഇക്കാര്യത്തിൽ ഞാൻ അഭിനന്ദിക്കുക യാണ്. ലോകത്ത് എവിടെയൊക്കെ ഗുണപരമായ മാറ്റങ്ങളും പരിവർത്തന ങ്ങളും വിപ്ലവങ്ങളും ഉണ്ടായിട്ടുണ്ടോ അവിടെയൊക്കെ അതതു സമൂഹങ്ങ ളിലെ യുവജനങ്ങൾ സ്തുത്യർഹവും പ്രശംസനീയവുമായ പങ്കാണ് വഹിച്ചി ട്ടുള്ളത്. നാം അനുഭവിക്കുന്ന സ്വാതന്ത്ര്യം, നാം ആസ്വദിക്കുന്ന ജനാധിപത്യ വ്യവസ്ഥിതി ഇവയുടെ നാരായവേരുകൾ തേടിപ്പോകുമ്പോൾ ഒരുപാട് ചെറു പ്പക്കാരുടെ ജീവത്യാഗത്തിന്റെ കദനകഥകളിലൂടെ കടന്നുപോകേണ്ടിവരും. കണ്ണഞ്ചിപ്പിക്കുന്ന വിസ്മയക്കാഴ്ചകളിൽ അന്ധാളിച്ചുനിന്ന് സ്വാർത്ഥതയിൽ അഭിരമിച്ച് മുന്നോട്ടുമാത്രം നോക്കി വീഥികൾ തീർക്കുന്ന പുതിയ തലമുറ പിന്നിലേയ്ക്കൊന്ന് തിരിഞ്ഞുനോക്കി നമ്മൾ എങ്ങനെ നമ്മളായെന്ന് വിശക ലനം ചെയ്യാനുള്ള സന്മനസ്സ് കാണിക്കണം. അത്തരമൊരു തിരിഞ്ഞുനോട്ടമി ല്ലാതെ യുവജനകമ്മീഷൻ ബിൽ ചർച്ച ചെയ്യുന്നത് കാലത്തോട് ചെയ്യുന്ന അനീതിയാകുമെന്നതിനാൽ ചരിത്രത്തിന്റെ ബലിക്കല്ലിൽ ജീവിതം ഹോമിച്ച ധീരരായ ചെറുപ്പക്കാരെ ഓർമ്മിക്കാനാണ് ഈ അവസരത്തിൽ ഞാൻ ആഗ്ര ഹിക്കുന്നത്.

ഇൻഡ്യൻ സ്വാതന്ത്ര്യസമര പോരാട്ടവീഥിയിലെ ആദ്യത്തെ രക്ത സാക്ഷിയെന്ന് ചരിത്രം രേഖപ്പെടുത്തിയിട്ടുള്ള മംഗൽപാണ്ഡെ. 1857–ലെ

ഒന്നാം സ്വാതന്ത്ര്യസമരത്തിൽ പങ്കാളിയായതിന്റെ പേരിൽ ഗൊരഖ്പൂർ ജയിലിൽ വെച്ച് തൂക്കിലേറ്റപ്പെടുമ്പോൾ അദ്ദേഹത്തിന് 29 വയസ്സായിരുന്നു പ്രായം. ലാലാ ലജ്പത് റായ് എന്ന ദേശീയ പ്രസ്ഥാനത്തിന്റെ മുൻനിരയിലെ വന്ദ്യവയോധികനെ അതിക്രൂരമായി ആക്രമിക്കുന്നതിന് നേതൃത്വം നൽകിയ ബ്രിട്ടീഷ് പോലീസ് ജനറൽ ജോൺ സൺഡേഴ്സിനെ വധിച്ച കേസിലും സെൻട്രൽ ലെജിസ്ലേറ്റീവ് അസംബ്ലിയിൽ പ്രഹരശേഷി നന്നെ കുറഞ്ഞ ബോംബെറിഞ്ഞ് വൈദേശിക ഭരണത്തോടുള്ള ഇൻഡ്യാക്കാരന്റെ പ്രതിഷേധം അറിയിച്ച കേസിലും പിടിക്കപ്പെട്ട് തൂക്കിലേറ്റപ്പെട്ട മൂന്നു പേരുണ്ട്. ഒന്ന് ഭഗത് സിംഗായിരുന്നു, രണ്ടാമത്തേത് രാജ്ഗുരുവായിരുന്നു, മൂന്നാമത്തേത് ചന്ദ്രശേഖർ ആസാദായിരുന്നു. ലാഹോർ ജയിലിൽ വെച്ചായിരുന്നു ഇവരെ മൂന്നുപേരെയും തൂക്കിലേറ്റിയത്. ഭഗത് സിംഗിനും രാജ്ഗുരുവിനും ആ സമയത്ത് 23 വയസ്സും ചന്ദ്രശേഖർ ആസാദിന് 25 വയസ്സുമായിരുന്നു പ്രായം. ഈ മൂന്ന് ധീരരായ ചെറുപ്പക്കാരെക്കുറിച്ച് ബ്രിട്ടീഷ് ഗവൺമെന്റ് ആരോപിച്ചത് ‘The early Indian Marxists’ എന്നായിരുന്നു. സുഭാഷ് ചന്ദ്രബോസിന്റെ ആശയങ്ങളിൽ ആകൃഷ്ടരായി സ്വാതന്ത്ര്യ സമരപോരാട്ടങ്ങളിലേയ്ക്ക് എടുത്തുചാടിയ വക്കം ഖാദർ എന്ന മലയാളികളുടെ അഭിമാനഭാജനം മദ്രാസ് ജയിലിൽ തൂക്കിലേറ്റപ്പെടുമ്പോൾ പ്രായം വെറും 26. കക്കോരി ഗൂഢാലോചനക്കേസിൽ പിടിക്കപ്പെട്ട് ബ്രിട്ടീഷ് ഗവൺമെന്റ് തൂക്കിക്കൊന്ന അഷ്ഫാത്തുള്ള ഖാന് 27 വയസ്സും രാംപ്രസാദ് ബിസ്ബിലിന് 36 വയസ്സുമായിരുന്നു പ്രായമെന്ന് നാം ഓർക്കണം. സ്വാതന്ത്ര്യത്തിന്റെ ശുദ്ധവായു ശ്വസിക്കാൻ 15 വർഷം ജയിൽവാസം അനുഷ്ഠിച്ച റാണി

ഗൈഡ്ല്യൂവിനെ നാഗാലാന്റിൽ അറസ്റ്റ് ചെയ്യുമ്പോൾ കേവലം 16 വയസ്സ് മാത്രമായിരുന്നു പ്രായം. ഈ പെൺകുട്ടിയെയാണ് നെഹ്റു 'റാണി ഓഫ് നാഗാ' എന്ന് വിളിച്ചത്. 1939 ൽ ഈ 16 കാരിയെ ജയിലിൽ സന്ദർശിച്ച പണ്ഡിറ്റ് ജവഹർലാൽ നെഹ്റു. അവിടെ വെച്ച് പറഞ്ഞ വാക്കുകൾ മറക്കാനാവാത്തതാണ്. 'One day will come and on that day the nation will remember your heroism' സാമ്രാജ്യത്വ വിരുദ്ധ പോരാട്ടത്തിൽ പങ്കെടുത്ത് തന്റെ രാജ്യ പ്രതിബദ്ധത പ്രകടിപ്പിച്ച 24 കാരനായ ജഗതീന്ദ്രനാഥ് ദാസ് ജയിലിലെ ക്രൂരമർദ്ദനത്തിനെതിരെ 63 ദിവസം ജയിലിൽ നിരാഹാരമനുഷ്ഠിച്ച് ധീരരക്തസാക്ഷിത്വം വരിച്ചു. ആ ദു:ഖ വാർത്ത കേട്ട് നെഹ്റു അതിനോട് പ്രതികരിച്ചത് ഇങ്ങനെയായിരുന്നു, 'Another name has been added to the long and splendid roll of Indian martyrs'. ഇൻഡ്യയിലെ ചെറുപ്പക്കാർക്ക് ഒരിക്കലും മറക്കാനാകാത്ത പേരാണ് 20 വയസ്സുകാരനായിരുന്ന ഉദ്ദംസിംഗിന്റേത്. ജാലിയൻ വാലാ ബാഗിൽ ലോകത്തെ നടുക്കിയ കൂട്ടക്കൊലയിൽ മനംനൊന്ത് മനുഷ്യരുടെ രക്തം വീണ് കുതിർന്ന ആ നാല് മതിൽക്കെട്ടിനകത്തെ ഒരുപിടി മണ്ണെടുത്ത് സുവർണ്ണ ക്ഷേത്രത്തിന്റെ മുന്നിലെത്തി ഇതിനുത്തരവാദികളായവരോട് പകരം ചോദിക്കുമെന്ന് പ്രതിജ്ഞ ചെയ്തു ആ ചെറുപ്പക്കാരൻ. 20 കൊല്ലങ്ങൾക്ക് ശേഷം ജാലിയൻ വാലാബാഗ് കൂട്ടക്കൊലയ്ക്ക് നേതൃത്വം നൽകിയ ജനറൽ ഡയറിനെ ലണ്ടനിലെ കാസ്റ്റൺ ഹാളിൽ നിന്ന് ഇറങ്ങിവരവെ സർദാർ ഉദ്ദംസിംഗ് അദ്ദേഹത്തിന്റെ മാറിലേയ്ക്ക് നിറയൊഴിച്ചുകൊണ്ട് തന്റെ പ്രതിജ്ഞ നിറവേറ്റുവാൻ വേണ്ടി ശ്രമിച്ചു. ഈ കുറ്റത്തിന് ഉദ്ദം സിംഗിനെ പിടികൂടി ബ്രിട്ടണിലെ ടെണ്ടർവില്ല ജയിലിൽ വെച്ച്

1940 ൽ തൂക്കിലേറ്റി. വിചാരണയ്ക്കിടയിൽ ആ ചെറുപ്പക്കാരനോട് വെള്ള ക്കാരനായ ജഡ്ജി ക്രോദ്ധനായി ചോദിച്ചുവത്രെ എന്താണ് നിങ്ങളുടെ പേര് എന്ന്. അതിന് ഉദ്ദംസിംഗിന്റെ മറുപടി രാജ്യസ്നേഹികളുടെ മനസ്സിൽ ആവേശത്തിന്റെ അലകടൽ തീർക്കുന്നതായിരുന്നു. മേരാ നാം റാം മുഹമ്മദ് സിംഗ്. ഇൻഡ്യയിൽ നിലനിന്നിരുന്ന മതസൗഹാർദ്ദത്തിന്റെ എക്കാല ത്തെയും വലിയ പ്രതീകമായിരുന്നു റാം മുഹമ്മദ് സിംഗ് എന്ന ഉദ്ദംസിംഗ്. അങ്ങനെയാണ് ചരിത്രതാളുകളിൽ അദ്ദേഹത്തിന്റെ നാമം ആലേഖനം ചെയ്യ പ്പെട്ടിരിക്കുന്നത്. സ്വാമി വിവേകാനന്ദൻ, 1893 ൽ ചിക്കാഗോയിലെ ലോക മതസമ്മേളനത്തിൽ പങ്കെടുത്ത് ചരിത്ര പ്രസിദ്ധമായ പ്രസംഗം നടത്തു മ്പോൾ അദ്ദേഹത്തിന് 30 വയസ്സായിരുന്നു. ചിന്തോദ്ദീപകമായ അദ്ദേഹ ത്തിന്റെ പ്രഭാഷണത്തെക്കുറിച്ച് പിറ്റേ ദിവസം പത്രങ്ങളിൽ വന്ന വാർത്ത നാം ശ്രദ്ധിക്കേണ്ടതാണ്. ‘The entire audience was amazed, when they heard the words of a young saint from India’. മുപ്പതുകാരനായ ഒരു യുവ സന്യാസിക്കുണ്ടായിരുന്ന അഗാധമായ പാണ്ഡിത്യം കണ്ട് ലോകം തന്നെ അന്ന് അത്ഭുതം കൂറുകയുണ്ടായി. ഇങ്ങനെ ഒരുപാട് മഹനീയ പാരമ്പര്യം അവകാശപ്പെടാനാകുന്ന ഇൻഡ്യൻ യുവത്വത്തിന്റെ വർത്തമാനത്തിലെ വർത്തമാനം അത്ര ശുഭകരമല്ലെന്ന് പറയേണ്ടി വരുന്നതിൽ നമുക്കെല്ലാം ദു:ഖമുണ്ട്. എൺപതുകൾ വരെ നേരിനുവേണ്ടി നിലനിന്നിരുന്ന കാമ്പസുക ളായിരുന്നു രാജ്യത്തെങ്ങും. ജനാധിപത്യം കശാപ്പു ചെയ്യപ്പെട്ട നാളുകളിൽ ഇൻഡ്യൻ യുവത സടകുടഞ്ഞെണീറ്റ് പ്രതിഷേധത്തിന്റെ ആരവം ഉയർത്തി യപ്പോൾ ഏകാധിപത്യത്തിന്റെ കോട്ടകൊത്തളങ്ങൾ നിലംപൊത്തിയത് നമ്മൾ കണ്ടതാണ്. തൊണ്ണൂറുകളുടെ കാമ്പസുകളുടെ മുഖം പ്രതിലോമപ

രതയുടെ തലത്തിലേയ്ക്ക് മാറി സഞ്ചരിക്കുവാൻ ആരംഭിച്ചു. പൊളിറ്റി സൈസ് ചെയ്യപ്പെട്ടിരുന്ന രാജ്യ യുവത്വം കമ്മ്യൂണലൈസ് ചെയ്യപ്പെടുന്ന തിന്റെ ഭീതിദമായ കാഴ്ചകൾ നാം അന്നുമുതൽക്കാണ് കണ്ടുതുടങ്ങിയത്. നൂറ്റാണ്ടുകൾ അവഗണനയുടെ വാരിക്കുഴിയിലേയ്ക്ക് വലിച്ചെറിയപ്പെട്ടിരുന്ന അധ:സ്ഥിതർക്ക് എഴുന്നേറ്റു നിൽക്കാൻ ഒരു കൈത്താങ്ങായി മൺഡൽ കമ്മീഷൻ നടപ്പിലാക്കിയപ്പോൾ അതിനെതിരായി അരയും തലയും മുറുക്കി രംഗത്ത് വന്നിരുന്നവരിൽ മഹാഭൂരിഭാഗവും യുവാക്കളായിരുന്നു. 1992 ൽ ബാബ്റി മസ്ജിദ്–ന്റെ താഴികക്കുടങ്ങൾ തകർത്തുതരിപ്പണമാക്കിയ ദൃശ്യം നാം നേരിൽക്കണ്ടതായിരുന്നു. അതിലും തൊണ്ണൂറ് ശതമാനവും യുവാക്ക ളായിരുന്നു. അതിനുശേഷം രാജ്യത്ത് നടന്ന ഭീകരവാദ–തീവ്രവാദ പ്രവർത്തനങ്ങളിലും വ്യാപകമായി വ്യാപൃതരായവരിൽ യുവാക്കളുടെ പങ്ക് ആർക്കും നിഷേധിക്കാൻ കഴിയില്ല. ഗുജറാത്ത് നരഹത്യയുടെ നാളുകളിൽ മനുഷ്യരക്തംകൊണ്ട് ഹോളി കളിച്ചവരിൽ ചെറുപ്പക്കാരുടെ പ്രാതിനിധ്യം നമ്മളെല്ലാം കണ്ടതാണ്. ഒരു കാലത്ത് രാഷ്ട്രത്തെയും രാഷ്ട്രീയത്തെയും മതേതരത്വത്തെയും പ്രണയിച്ചിരുന്ന ചെറുപ്പക്കാർ മതാന്ധതയെ പ്രണയിക്കു ന്നവരും ജാതിക്കോമരങ്ങൾക്ക് ചൂട്ട് പിടിക്കുന്നവരുമായി മാറുന്നത് സഹി ക്കാനാവുന്നതല്ല. നമ്മളുടെ മക്കളുടെ മനസ്സുപോലും ഒരു തരം കച്ച വടവൽക്കരണത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ തനതായ സാംസ്കാരിക ബോധത്തിന്റെ കാവലാളായി ഒരു പുരുഷായുസ്സ് ജീവിച്ചുതീർത്ത ഡോ. സുകുമാർ അഴീക്കോട് തന്റെ ഒരു സുഹൃത്തിന്റെ ജീവിതാനുഭവം മലയാളികളുമായി പങ്കുവെച്ചത് സ്മരണീയമാണ്. കോഴി ക്കോട്ടെ അറിയപ്പെടുന്ന ഒരു വിപ്ലവകാരിയായ തന്റെ സുഹൃത്തിന് മകനിൽ നിന്നുണ്ടായ അനുഭവമാണ് അയാൾ അഴീക്കോട് മാഷിനോട് പങ്കുവെച്ചതും

അഴീക്കോട് മാഷ് അത് മലയാളികളോട് ഉറക്കെ വിളിച്ചു പറഞ്ഞതും. ഒരു പിതാവിന്റെ സ്ഥാനത്ത് നിന്നുകൊണ്ട് ഒരു മകന്റെ വിദ്യാഭ്യാസപരമായ ഉയർച്ചയ്ക്ക് വേണ്ട എല്ലാ കാര്യങ്ങളും അയാൾ ചെയ്തു. പഠനത്തിനു ശേഷം ഡൽഹിയിൽ ആ മകന് ജോലി കിട്ടി. ജോലിയിൽ നിന്ന് ലഭിച്ച ആദ്യമാസത്തെ ശമ്പളത്തിൽ നിന്ന് 5000 രൂപയുടെ ഡ്രാഫ്റ്റെടുത്ത് ആ മകൻ പിതാവിന് അയച്ചുകൊടുത്തു. അതിന്റെ കൂടെ ഒരു കത്തും അടക്കം ചെയ്തിരുന്നു. ആ കത്തിലെ വാചകങ്ങളായിരുന്നു ആ പിതാവിനെ വല്ലാതെ വേദനിപ്പിച്ചത്. ‘My dear father, I am sending you a draft of Rs. 5,000/-. This is the part payment of the loan which you have deposited or invested for my education.’ എന്റെ പ്രിയപ്പെട്ട പിതാവെ, ഞാൻ ഇതിന്റെ കൂടെ 5000 രൂപയുടെ ഡ്രാഫ്റ്റും കൂടി അയയ്ക്കുന്നു. നിങ്ങളെന്റെ വിദ്യാ ഭ്യാസത്തിന്റെ ചെലവിലേയ്ക്കായി കടമായി നിക്ഷേപിച്ച തുകയിലേയ്ക്കുള്ള ആദ്യ ഗഡുവാണ് ഇത്. ഇങ്ങനെ ചിന്തിക്കുന്ന മക്കളുടെ/ചെറുപ്പക്കാരുടെ എണ്ണം നമ്മുടെ നാട്ടിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കോഴിക്കോട്ട് അറി യപ്പെടുന്ന ഒരു വിപ്ലവകാരിക്ക് തന്റെ മകനിൽ നിന്നുണ്ടായ അനുഭവം ഇതാ ണെങ്കിൽ ഈ അടുത്താണ് എം.എൻ. കാരശ്ശേരി മാഷ് അരാഷ്ട്രീയമാകുന്ന യൗവ്വനമെന്ന തലക്കെട്ടിൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ഒരു ലേഖനം എഴുതി യത്. ആ ലേഖനത്തിൽ പുതിയ തലമുറയുടെ സ്വഭാവത്തെക്കുറിച്ച് അദ്ദേഹം വിശദീകരിക്കുന്നിടത്ത് ഒരു കാര്യം പറയുന്നുണ്ട്, ഇന്നത്തെ യുവത എവിടെ എത്തി എന്നതിന്റെ ഒരു മാതൃക – കേരളത്തിലെ ഒരു നഴ്സിംഗ് കലാലയ ത്തിൽ മൂന്ന് നാല് യുവാക്കൾ ചേർന്ന് റാഗിംഗിന്റെ പേരിൽ ഒരു സഹപാഠി നിയെ ബലാത്സംഗം ചെയ്തു. ആ യുവാക്കൾ തെറ്റൊന്നും ചെയ്തിട്ടില്ലെന്ന്

പറയാൻ പത്രസമ്മേളനം നടത്തിയത് ഭാഗ്യം കെട്ട ആ പെൺകുട്ടിയുടെ കൂട്ടുകാരികളാണ്. ബലാത്സംഗങ്ങളൊക്കെ എന്നുമുണ്ട്. അതിനെതിരെ ഭൂരി ഭാഗം മിണ്ടാതിരിക്കുന്ന അവസ്ഥയും സ്വാഭാവികം. പക്ഷെ, ഒരു പെൺകുട്ടിയെ മാനംകെടുത്തിയവരെ പിന്തുണയ്ക്കാൻ ആ പെൺകുട്ടി യുടെ സുഹൃത്തുക്കൾതന്നെ രംഗത്തുവരുന്ന കാഴ്ച എന്തുമാത്രം ദയനീ യവും പരിതാപകരവുമാണ് എന്നാണ് പുതിയ കാലത്തെ ചെറുപ്പക്കാരുടെ മാനസികാവസ്ഥയെക്കുറിച്ച് വിശകലനം ചെയ്തുകൊണ്ട് പ്രൊഫസർ എം. എൻ. കാരശ്ശേരി മാതൃഭൂമി വീക്ക്ലിയിൽ എഴുതിയ ലേഖനത്തിൽ പറയുന്ന ത്. കുട്ടികളെ മാത്രം കുറ്റപ്പെടുത്തിപ്പോകാൻ നമുക്കാവില്ല. നമുക്കൊക്കെ സംഭവിക്കുന്ന പിഴവുകളാണ് നമ്മളുടെ മക്കളെ വഴിമാറി യാത്രചെയ്യാൻ പ്രേരിപ്പിക്കുന്നത്. എന്തൊക്കെ കുറ്റങ്ങളും കുറവുകളുമുണ്ടെങ്കിലും പുതിയ തലമുറയെ ജാതി മത ശക്തികളിൽ നിന്ന് സംരക്ഷിക്കാൻ അവരെ മതേതരാ ധിഷ്ഠിത രാഷ്ട്രീയ വത്കരണത്തിന് വിധേയമാക്കാൻ സംഘടിതവും വ്യവ സ്ഥാപിതവുമായ നീക്കങ്ങൾ എല്ലാ യുവജന രാഷ്ട്രീയ സംഘടനകളുടെ ഭാഗത്ത് നിന്നും ഉണ്ടാവേണ്ടതുണ്ട്. അതിനുതകും വിധം യുവജന കമ്മീ ഷന് രൂപം നൽകാനാണ് ഈ നിയമത്തിലൂടെ ശ്രമിക്കേണ്ടത്. ഇവിടെ അവ തരിപ്പിക്കപ്പെട്ട ബില്ലിൽ ചില അടിസ്ഥാനപരമായ ന്യൂനതകൾ കടന്നുകൂടിയി ട്ടുണ്ടെന്ന് ചൂണ്ടിക്കാണിക്കാതിരിക്കാൻ ആവില്ല. നമ്മുടെ നാട്ടിലെ ചെറുപ്പ ക്കാരുടെ പ്രതിലോമപരമായ ഈ ചിന്താഗതികൾക്കെതിരായി ശക്തമായ നില പാട് സ്വീകരിക്കുവാൻ ഉതകുന്ന ഒരു ബോധവത്ക്കരണം വളരെ സംഘടിത മായി നടക്കേണ്ടതുണ്ട്. സമീപകാലത്ത് നടന്ന പല വർഗ്ഗീയ കലാപങ്ങളിലും ആയുധമായി ഉപയോഗിച്ചത് വാളോ കത്തിയോ ആയിരുന്നില്ല ക്രിക്കറ്റ് ബാറ്റു കളായിരുന്നു എന്ന് ഇതുമായി ബന്ധപ്പെട്ട് നടന്ന എല്ലാ കമ്മീഷനുകളിലും

രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ക്രിക്കറ്റ് ബാറ്റ് പുതിയ തലമുറയുടെ പ്രതീകമാണ്. ആ പ്രതീകം കളിക്കാനല്ല, ആളുകളെ കൊല്ലുവാനും ആളുകളുടെ തലയ്ക്കടിച്ച് പരിക്കേൽപ്പിക്കുവാനുമാണ് അവർ ഉപയോഗപ്പെടുത്തുന്നത് എന്ന് വരികിൽ നമ്മുടെ നാട് എവിടെയാണ് എത്തി നിൽക്കുന്നത് എന്നതിനെ സംബന്ധിച്ച് ഒന്നാലോചിക്കുന്നത് നന്നാകുമെന്നാണ് എനിക്ക് തോന്നുന്നത്. ആരിൽ നിന്നാണ് വിപ്ലവം ആരംഭിക്കേണ്ടത്, ആരാണ് പരിവർത്തനത്തിന് നേതൃത്വം നൽകേണ്ടത്.

വെസ്റ്റ്മിനിസ്റ്റർ അബിയിലെ ഒരു പുരോഹിതന്റെ ശവക്കല്ലറയുടെ മേൽ എഴുതിവച്ച വാചകങ്ങളാണ് എന്റെ മനസ്സിലേയ്ക്ക് ഈ അവസരത്തിൽ ഓടി വരുന്നത്. ആ വാചകങ്ങൾ ഇങ്ങനെയാണ് – "അന്ന് ഞാൻ ചെറുപ്പമായിരുന്നു. എന്റെ കൺവെട്ടങ്ങൾക്ക് പരിധികളില്ലായിരുന്നു. ലോകത്തെയാകമാനം മാറ്റിമറിക്കണമെന്ന് ഞാൻ ആഗ്രഹിച്ചു. പക്ഷേ എനിക്ക് എന്റെ ബുദ്ധി ഉറച്ചുതുടങ്ങിയപ്പോൾ ഒരു കാര്യം ബോധ്യമായി. എനിക്ക് ലോകത്തെ മാറ്റിമറിക്കാനാകില്ല. പിന്നീട് ഞാൻ യുവാവായി. അന്ന് ഞാൻ നോക്കിയത് എന്റെ രാജ്യത്തിലേയ്ക്കാണ്. എന്റെ രാജ്യത്തെ എങ്ങനെയെങ്കിലും മാറ്റിമറിക്കാൻ ആകുമോ എന്ന് ഞാൻ ആലോചിച്ചു. പക്ഷേ അതിനും എനിക്ക് ആകില്ലായെന്ന് അധികം വൈകാതെ ബോധ്യമായി. പിന്നീട് ഞാൻ മധ്യവയസ്കനായി. അന്ന് ഞാൻ നോക്കിയത് എന്റെ കുടുംബത്തിലേയ്ക്കാണ്. എന്റെ കുടുംബത്തെ മാറ്റാൻ എനിക്ക് ആകുമോ എന്ന് ഞാൻ പരിശ്രമിച്ചു നോക്കി. എന്നാൽ പരുപരുത്ത യാഥാർത്ഥ്യങ്ങൾ എന്റെ മുന്നിലേയ്ക്ക് കടന്നുവന്നപ്പോൾ അതിനും ഞാൻ അശക്തനാണെന്ന് മനസ്സിലാക്കി. പിന്നീട് ഞാൻ വയോധികനായി. മരണശയ്യയിൽ കിടക്കുന്ന സമയത്ത് ഞാൻ

നോക്കിയത് എന്നിലേയ്ക്കാണ്. എന്നെ മാറ്റാൻ എനിക്ക് കഴിഞ്ഞിരുന്നുവെങ്കിൽ അതിലൂടെ എന്റെ കുടുംബത്തെ സ്വാധീനിക്കാൻ എനിക്ക് സാധിക്കുമായിരുന്നു. എന്റെ കുടുംബത്തെ സ്വാധീനിക്കാൻ എനിക്ക് സാധിച്ചിരുന്നുവെങ്കിൽ എന്റെ രാജ്യത്തിൽ പരിവർത്തനത്തിന്റെ വലിയ വേലിയേറ്റങ്ങളുണ്ടാക്കാൻ എനിക്ക് ആകുമായിരുന്നു. എന്റെ രാജ്യത്തിൽ പരിവർത്തനത്തിന്റെ വേലിയേറ്റങ്ങൾ സൃഷ്ടിക്കാൻ എനിക്ക് കഴിഞ്ഞിരുന്നുവെങ്കിൽ ലോകത്തു തന്നെ പരിവർത്തനോന്മുഖതയുടെ ഒരു അന്തരീക്ഷം സൃഷ്ടിച്ചെടുക്കുവാൻ എനിക്ക് ആകുമായിരുന്നു." വെസ്റ്റ്മിനിസ്റ്റർ അബിയിലെ ആ പുരോഹിതന്റെ ശവക്കല്ലറയുടെ മേൽ എഴുതിവച്ച വാചകങ്ങൾ നമുക്ക് ഒരിക്കലും മറക്കാൻ കഴിയുന്നതല്ല. മാറ്റത്തിന്റെയും പരിവർത്തനത്തിന്റെയും ആദ്യതിരി കത്തിച്ചുവയ്ക്കേണ്ടത് നമ്മൾ ഓരോരുത്തരും നമ്മുടെ മനസ്സിലാണ്. വിശുദ്ധ ഖുർആനിൽ ഒരു വചനമുണ്ട് – 'ലാ യു ഹയ്യിർ മാ ഭീ ഖൗമിൻ ഹത്താ യു ഹയ്യിർ മാ ഭീ അംഭുസിഹിം'. ഒരു സമൂഹത്തെയും ദൈവം മാറ്റുകയില്ല, അവർ സ്വയം മാറാൻ സന്നദ്ധമാകുന്നതുവരെ. സ്വയം മാറാൻ സന്നദ്ധമാകാത്ത ഒരു ജനതയ്ക്കും പരിവർത്തനമുണ്ടാകില്ല, മാറ്റമുണ്ടാകില്ല. നമ്മുടെ സമൂഹത്തിലെ ഏറ്റവും ഗണനീയമായിട്ടുള്ള ഒരു വിഭാഗമായ ചെറുപ്പക്കാരുടെ മനസ്സിനെ നമുക്ക് മാറ്റിയെടുക്കാൻ കഴിഞ്ഞാൽ തീർച്ചയായും നമ്മുടെ നാടിനെ നമുക്ക് രക്ഷിച്ചെടുക്കാൻ കഴിയുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെ അവതരിപ്പിക്കപ്പെട്ട ബില്ലിലെ പരിമിതികളും പോരായ്മകളും ഇങ്ങനെ സംഗ്രഹിക്കാം, 1) ഉദ്ദേശ്യലക്ഷ്യങ്ങൾ കൃത്യമായി ഈ ബില്ലിൽ നിർവ്വചിക്കപ്പെട്ടിട്ടില്ല. 2) കർമ്മപരിപാടികളിൽ ഒരു വ്യക്തതയും ഈ ബില്ലിലൂടെ കടന്നുപോകുന്ന ആർക്കും കാണാനാകില്ല. 3) ഈ ബില്ലിൽ ഉപദേ

ശക സമിതിയായി ഈ കമ്മീഷനെ ചുരുക്കിക്കളഞ്ഞിരിക്കുന്നു. 4) സർഗ്ഗാത്മക മേഖല, കല–സാഹിത്യം–സംസ്ക്കാരം എന്നിവ പൂർണ്ണമായും പരാമർശിക്കാതെ ഒഴിവാക്കിയിരിക്കുന്നു. 5) കമ്മീഷന്റെ കാലാവധി 3 വർഷമെന്ന് നിജപ്പെടുത്തിയിരിക്കുന്നത് അപര്യാപ്തമാണ്. കുറഞ്ഞത് ഈ കാലാവധി 5 വർഷമാക്കുന്നത് ഉചിതമാകും. 6) ഇതര കമ്മീഷനുകളുടെ മാതൃകയിൽ ജുഡീഷ്യൽ അധികാരങ്ങൾ ഈ കമ്മീഷന് നൽകേണ്ടതുണ്ട്. 7) ആധുനിക കാലത്തിന്റെ ആവശ്യങ്ങൾ നിർവ്വഹിക്കാൻ പ്രാപ്തമാകുംവിധം അംഗങ്ങൾക്ക് കൃത്യമായ വിദ്യാഭ്യാസ യോഗ്യതയും യുവജനരംഗത്തെ പ്രവർത്തന പരിചയവും കൃത്യമായി നിർവ്വചിക്കേണ്ടതുണ്ട്. 8) കമ്മീഷനിൽ നിയമിക്കപ്പെടുന്ന 13 അംഗങ്ങൾ വിവിധ മേഖലകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവരാകണം. ഉദാഹരണം, വിദ്യാഭ്യാസം, കല, സാഹിത്യം, കായികം, നിയമം, ശാസ്ത്രം, ത്രിതല പഞ്ചായത്ത് മുതലായ മേഖലകൾ. 9) വനിതകളുടെ പ്രാതിനിധ്യം കുറഞ്ഞത് 33 ശതമാനമെങ്കിലും ആക്കേണ്ടതാണ്. ഈ നിർദ്ദേശങ്ങൾ ഇതിനുമുമ്പും സബ്ജക്ട് കമ്മിറ്റിയിൽ നൽകിയതാണ്. പക്ഷേ ദൗർഭാഗ്യവശാൽ അവയൊന്നും പരിഗണിക്കപ്പെടാതെയാണ് ഇങ്ങനെയൊരു ബിൽ ഈ സഭയിൽ പാസ്സാക്കുന്നതിനായി വന്നിരിക്കുന്നത്. അതുകൊണ്ടുതന്നെ ഈ സന്ദർഭത്തിൽ ഈ നിർദ്ദേശങ്ങളും ഭേദഗതികളും ഇവിടെ അവതരിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, 2013-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാന്യയായ മന്ത്രി ആമുഖമായി സൂചിപ്പിച്ചത്, ഈ ബിൽ യുവാക്കളെ വിദ്യാസമ്പന്നരാക്കുന്നതിനും ശാക്തീകരിക്കുന്നതിനുംവേണ്ടിയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും നടപ്പിലാ

ക്കുകയും ചെയ്യുന്നതിനും യുവാക്കളുടെ അവകാശങ്ങളുടെ സംരക്ഷകനായി മാറിത്തീരുന്നതിനുമാണ് എന്നാണ്. ആ ഉദ്ദേശ്യം പൂർണ്ണമായ അർത്ഥത്തിൽ നടപ്പാക്കുന്നതിനുവേണ്ടിയുള്ള തയ്യാറെടുപ്പൊന്നുംതന്നെ ഈ ബില്ലിനകത്തില്ല എന്നതാണ് ആദ്യമായി ചൂണ്ടിക്കാണിക്കാനുള്ളത്. യുവാക്കൾ നേരിടുന്ന വെല്ലുവിളികളെ നേരിടാൻ ജുഡീഷ്യൽ അധികാരത്തോടുകൂടിയ, പ്രോസിക്യൂഷൻ അധികാരങ്ങളോടുകൂടിയ ഒരു നടപടിയും ഈ ബില്ലിന് സ്വീകരിക്കാൻ കഴിയുന്നില്ല എന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. മനുഷ്യാവകാശ കമ്മീഷന്റെയും വനിതാ കമ്മീഷന്റെയുമൊക്കെ അധികാര പരിധിയിൽപ്പെടുന്ന കാര്യങ്ങൾപോലും യുവജന കമ്മീഷനിൽ വരുന്നില്ല എന്നുള്ളതുകൊണ്ടുതന്നെ ഉദ്ദേശിക്കുന്ന ഫലം നടപ്പാക്കാൻ കഴിയാത്ത ഒരു ബില്ലായി ഇത് അവശേഷിക്കുമെന്നാണ് ആദ്യമായി ചൂണ്ടിക്കാണിക്കാനുള്ളത്. യുവജനക്ഷേമ ബോർഡ് കേരളത്തിൽ വർഷങ്ങളായി പ്രവർത്തിച്ചുവരികയാണ്. ആ യുവജന ക്ഷേമ ബോർഡ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കാര്യങ്ങൾക്കും അപ്പുറത്ത് അതിന്റെ പരിധിയിൽപ്പെടാത്ത കാര്യങ്ങളിലേയ്ക്ക് കടന്നുചെല്ലാനുള്ള ഒരു ശ്രമവും നടത്താതെ യുവജനക്ഷേമ ബോർഡുകൊണ്ട് കഴിയുമായിരുന്ന കാര്യങ്ങൾ മാത്രം നിർവ്വഹിക്കുന്നതിലേയ്ക്ക് ഒതുങ്ങുന്ന വിധത്തിലാണ് ഈ ബിൽ ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ദേശീയതലത്തിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ള ദേശീയ യുവജന കമ്മീഷന്റെ ചുവട് പിടിച്ചുകൊണ്ട് ഇവിടെ ഒരു ബിൽ അവതരിപ്പിച്ച് കേരളം ആദ്യമായി ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളേക്കാൾ മുമ്പിലെത്തി നിൽക്കുന്നു എന്ന് വേണമെങ്കിൽ അവകാശപ്പെടാൻ തീർച്ചയായും കഴിയും. അത്തരം ഒരു ബിൽ കൊണ്ടുവരാൻ മുൻകൈയെടുത്തതിനെ സംബന്ധിച്ച് യാതൊരു തർക്കവും ഇവിടെ ഞങ്ങളാരും തന്നെ ഉന്നയിക്കുന്നില്ല. നാമ

മാത്രമായ ഒരു ബിൽ അവതരിപ്പിച്ച് യുവജനങ്ങളുടെ പ്രശ്നങ്ങളെല്ലാം പരിഹരിച്ചുകളയാമെന്നതാണ് ഉദ്ദേശിക്കുന്നതെങ്കിൽ അതിനുള്ള യാതൊരു തരത്തിലുള്ള ഉള്ളടക്കവുമില്ലാത്ത ബില്ലുകൊണ്ട് അത് എങ്ങനെ യാഥാർത്ഥ്യ മാക്കാൻ കഴിയുമെന്നതാണ് മനസ്സിലാകാത്ത കാര്യം. ഇവിടെ ഒട്ടേറെ കാര്യ ങ്ങൾ ചൂണ്ടിക്കാണിച്ചതുകൊണ്ട് ഞാൻ അത് അധികം ആവർത്തിക്കുന്നില്ല. യുവാക്കൾ നേരിടുന്ന വെല്ലുവിളികളെ നേരിടാൻ കൂടുതൽ അധികാരത്തോ ടുകൂടിയ ഒരു ബില്ലാണ് ഇതിന് പകരമായി വരേണ്ടിയിരുന്നത്. ഇത് വളരെ പരിമിതമായതും ഏതെങ്കിലും വിഷയങ്ങളിൽ സർക്കാരിൽ ചർച്ച ചെയ്യപ്പെട്ട് എടുക്കുന്ന തീരുമാനങ്ങൾ സർക്കാരിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ നൽകാൻ മാത്രം അധികാരമുള്ളതാണെന്ന് പ്രത്യേകമായി ഇതിൽ ചൂണ്ടിക്കാ ണിച്ചിരിക്കുകയാണ്. ബഹുമാന്യയായ മന്ത്രി ഈ ബിൽ അവതരിപ്പിച്ചു കൊണ്ട് ഇവിടെ സംസാരിച്ചപ്പോൾ ഒരു കാര്യം ചൂണ്ടിക്കാണിച്ചു, കഴിഞ്ഞ ബില്ലിന്റെ ആദ്യത്തെ ചർച്ചയിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നതിനു മുമ്പ് നടന്ന ചർച്ചയിൽ ചൂണ്ടിക്കാണിച്ച കാര്യം, വനിതാ പ്രാതിനിധ്യത്തെക്കു റിച്ചായിരുന്നു. 10 അംഗങ്ങളിൽ 3 പേരെങ്കിലും വേണമെന്ന് പറയുന്നത് നില വിലുള്ള 10-ന് പുറമെ 13 ആക്കി വർദ്ധിപ്പിച്ചുകൊണ്ട് 3 പേർക്ക് പ്രാതിനിധ്യം നൽകുന്നുവെന്ന് പറയുന്നതിൽ വലിയ അർത്ഥമുണ്ടെന്ന് തോന്നുന്നില്ല. തീർച്ചയായും വനിതകളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം മുന്നോട്ടുവച്ചതും ഇവിടെ നിന്നുതന്നെയാണ്. ആ കൂട്ടത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിനുള്ള പ്രാതിനിധ്യമുൾപ്പെടെ ഉണ്ടാകണമെന്ന നിർദ്ദേ ശവും അന്ന് ഞാൻ ചൂണ്ടിക്കാണിച്ചിരുന്ന ഒരു കാര്യമാണെന്ന് ഈ സന്ദർഭ ത്തിലും ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. മറ്റൊരു കാര്യം, അന്ന്

ബില്ലിന്റെ ചർച്ചാവേളയിൽ ചൂണ്ടിക്കാണിച്ച കാര്യം തന്നെയാണ്, ഇവിടെ പരാമർശിക്കപ്പെട്ടുകഴിഞ്ഞതാണ്. എങ്ങനെയാണ് യുവാക്കളുടെ പ്രശ്നങ്ങളിൽ ഇടപെടാൻ ഇതിന് കഴിയുന്നത് എന്നതിന്റെ പരിശോധനയിലേയ്ക്ക് കടക്കുമ്പോൾ നമുക്കൊരു ബില്ല് ഉണ്ടെന്ന് അഭിമാനിക്കാൻ കഴിയുമെന്നല്ലാതെ ആട്ടിന്റെ കഴുത്തിൽ തൂങ്ങിക്കിടക്കുന്ന രണ്ട് മുലയ്ക്ക് സമാനമായ 'അജഗളസ്തനം' എന്ന് വിശേഷിപ്പിക്കാവുന്നതുപോലെ ഇവിടെ ഒരു ബില്ല് ഉണ്ടെന്ന് പറയുകയും എന്നാൽ ആ ബില്ല് യാതൊരു ഫലത്തിലും ചേരാത്ത വിധത്തിൽ അത് ഇവിടെ നിലനിൽക്കുകയും ചെയ്യുന്ന അവസ്ഥ മാത്രമായിരിക്കും ഈ യുവജനക്ഷേമ ബില്ല് കൊണ്ട് ഉണ്ടാകുക എന്നത് ചൂണ്ടിക്കാണിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. യുവാക്കളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ലെന്ന് പറഞ്ഞതുമായി ബന്ധപ്പെട്ടുകൊണ്ട് അൺഎയ്ഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഐ.റ്റി. മേഖലയിലെ, പ്രത്യേകിച്ച് സ്പെഷ്യൽ എക്കണോമിക് സോൺ അവിടങ്ങളിൽ സംഘടിക്കാനും അവരുടേതായ അവകാശങ്ങൾ മുന്നോട്ടുവയ്ക്കാനും അധികാരമില്ലാത്ത വിഭാഗമാണ് തൊഴിലെടുക്കുന്നത്. പ്രത്യേകിച്ച് ഐ.ടി. മേഖല. പുതിയ കാലഘട്ടത്തിൽ രൂപംകൊണ്ട ഒരു വലിയ സംവിധാനമെന്ന നിലയിൽ അവിടെ എല്ലാം ഇപ്പോൾ കേന്ദ്രീകരിച്ചിരിക്കുന്നത് യുവാക്കളാണെന്ന് നമുക്കെല്ലാവർക്കുമറിയാം. ആ യുവാക്കൾക്ക് അവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്താൻ എന്താണ് അവകാശം? ഏതെങ്കിലും മാനേജ്മെന്റുകൾക്കുമുമ്പിൽ അവരുടെ ന്യായമായ ആവശ്യങ്ങൾ പറയാനും അത് ചർച്ച ചെയ്യാനും അതിൽ തീരുമാനമെടുക്കാനുമുള്ള സംവിധാനം എന്തെങ്കിലും ഉണ്ടെന്ന് പറയാൻ കഴിയുമോ; അങ്ങനെ സാധിക്കാത്ത

സാഹചര്യത്തിൽ ആ യുവജനങ്ങൾക്ക് പ്രശ്നങ്ങളുമായി ഈ കമ്മീഷനെ സമീപിക്കാൻ കഴിയുമോ; അങ്ങനെ സമീപിക്കുന്ന ജീവനക്കാരുടെ, ഐ.റ്റി. മേഖലയിലെ ഏറ്റവും വലിയ മിടുക്കന്മാരും മിടുക്കികളുമായ ആളുകളുടെ പ്രശ്നപരിഹാര നിവൃത്തിക്കുവേണ്ടി എന്ത് തരത്തിലുള്ള ഇടപെടലാണ് ഈ കമ്മീഷന് ചെയ്യാൻ കഴിയുക?

നേരത്തേ ചൂണ്ടിക്കാണിച്ചതുപോലെ കേരളത്തിന് പുറത്ത് മലയാളികളായ നഴ്സുമാർ ചെയ്തുകൊണ്ടിരിക്കുന്ന സേവനം. ഞാൻ മനസ്സിലാക്കിയതനുസരിച്ച് നഴ്സുമാർ ബോണ്ടുനൽകി സ്ഥാപനങ്ങളിൽ ജോലിക്കുകയറിക്കഴിഞ്ഞാൽ ബോണ്ട് വ്യവസ്ഥയിൽ പ്രസവിക്കാനുള്ള അധികാരംപോലും നിഷേധിക്കപ്പെടുന്നു എന്നുള്ളതാണ് ഇന്നത്തെ സാഹചര്യം. ആരാണ് ഇവരെ സഹായിക്കാനുള്ളത്; ഏത് തരത്തിലുള്ള ആലോചനകളും ചർച്ചകളും നടത്തിയാണ് ഈ കമ്മീഷന് അവരുടെ പ്രശ്നത്തിൽ ഇടപെടാൻ കഴിയുക; അവരുടെ പരാതികൾക്കും പരിവേദനങ്ങൾക്കും എവിടെയാണ് പരിഹാരമുണ്ടാകുക; ആരാണ് അതിന് കാതോർക്കുക; ഈ പറയുന്ന കമ്മീഷനിൽ അതിന് എവിടെയാണ് ഇടമുള്ളത് എന്നുപറഞ്ഞാൽ തരക്കേടില്ല. അങ്ങനെ ജോലി ചെയ്യുന്ന, നിശ്ചിത സമയത്തിനപ്പുറത്ത് 8 മണിക്കൂർ എന്നുള്ളത് പഴയ കാര്യമാണ്. പണ്ട് ചിക്കാഗോയിൽ ഉന്നയിച്ചിട്ടുള്ള ആവശ്യവും അതിനുവേണ്ടി നടത്തിയിട്ടുള്ള പോരാട്ടങ്ങളെല്ലാം അനുസ്മരിക്കുമ്പോഴും ഇന്ന് നമ്മുടെ തൊഴിൽ മേഖലയിൽ പ്രത്യേകിച്ച് ഐ.ടി. മേഖലയിൽ സ്പെഷ്യൽ ഇക്കണോമിക് സോൺ ഉൾപ്പെടെയുള്ള രംഗങ്ങളിൽ എന്നുവേണ്ട സാധാരണ വൻകിട കച്ചവട സ്ഥാപനങ്ങളിൽ, ടെക്സ്റ്റയിൽസുകളിൽ, വലിയ ഷോറൂമുകളിൽ ജോലിക്കെത്തുന്ന യുവതീ-യുവാക്കൾ നമ്മുടെ

നാട്ടിൽ 12 മണിക്കൂറോ 14 മണിക്കൂറോ ജോലി ചെയ്തുകൊണ്ടിരിക്കുന്നു എന്ന അവസ്ഥ ആർക്കാണ് അറിഞ്ഞുകൂടാത്തത്. തൊഴിൽ വകുപ്പാണ് ഇക്കാര്യങ്ങളൊക്കെ കൈകാര്യം ചെയ്യേണ്ടത് എന്ന് വേണമെങ്കിൽ വാദത്തിന് പറഞ്ഞ് അവസാനിപ്പിക്കാൻ കഴിഞ്ഞേക്കാം. എന്നാൽ യഥാർത്ഥ ത്തിൽ അതാണോ വിഷയം? യുവാക്കൾ നേരിടുന്ന പ്രശ്നമെന്ന നിലയിൽ അതിനൊരു പരിഹാരമുണ്ടാക്കാൻ എന്തുമാർഗമാണ് നമുക്ക് സ്വീകരിക്കാൻ കഴിയുന്നത്; ഒരു കാര്യം പ്രത്യേകിച്ച് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്, യുവജനങ്ങളുടെ ജീവിതത്തിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്ന നിലവിലു ളള സാമൂഹ്യചുറ്റുപാട് അവരെ അരാഷ്ട്രീയ-അരാജക പ്രവർത്തനങ്ങളി ലേക്ക് നയിക്കുന്നു എന്നത് ഒരു വസ്തുതയാണ്. ആ വിഭാഗത്തെ എങ്ങനെ യാണ് അതിൽ നിന്ന് മാറ്റിയെടുക്കാനുള്ള ഇടപെടൽ നടത്താൻ ഈ കമ്മീ ഷനും അതിന്റെ പ്രവർത്തനത്തിനും സാധ്യമാകുക; വളരെ ചെറിയ വിഭാ ഗമെങ്കിലും ഇക്കൂട്ടത്തിൽ മതഭീകരവാദ പ്രസ്ഥാനങ്ങളിൽ ചെന്നുപെടുന്നു വെന്നത് കേരളത്തിലെയും നമ്മുടെ രാജ്യത്തിലെയും പൊതുവെ കാണുന്ന സ്ഥിതിവിശേഷമാണ്. ഈ അവസ്ഥ അതിജീവിക്കുവാൻ കഴിയുംവിധം യുവജനങ്ങളെ പ്രാപ്തരാക്കുന്നതിന് ഈ യുവജനനയം കൊണ്ട് എങ്ങനെ കഴിയുമെന്നാണ് പറയുന്നത്; ഗീതോപദേശം നടത്തിയാണോ അവരെയൊക്ക തിരിച്ചുകൊണ്ടുവരാനുള്ള ശ്രമം നടത്തുന്നത്; എന്ത് ഉപദേശം കൊടു ത്താണ് ഈ കമ്മീഷന് അവരെ നേർവഴിക്ക് നയിക്കാൻ കഴിയുന്നത്; നമ്മുടെ രാജ്യത്തെ യുവാക്കളുടെ സർഗ്ഗാത്മകവും നിർമ്മാണാത്മകവുമായ, കഴിവുള്ള ജനവിഭാഗത്തെ, യുവത്വത്തെ എങ്ങനെയാണ് നാടിന്റെ രാഷ്ട്ര പുനർ നിർമ്മാണ പ്രക്രിയയിൽ പങ്കാളികളാക്കാൻ കഴിയുക. അതിന് എന്തു

രീതിയിലുള്ള കാഴ്ചപ്പാടാണ് ഈ നയം മുന്നോട്ടുവയ്ക്കുമ്പോൾ, ഈ കമ്മീഷൻ രൂപീകരിക്കുമ്പോൾ ഈ ഗവൺമെന്റിനുള്ളത് അല്ലെങ്കിൽ എന്താണ് നിങ്ങളുടെ കാഴ്ചപ്പാട് എന്നറിയാൻ താൽപ്പര്യമുള്ളൊരു കാര്യമാണ്. ഇവിടെ നേരത്തേ ചൂണ്ടിക്കാണിച്ച ഒരുപാട് കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. പൊതുവിദ്യാഭ്യാസ രംഗത്ത് നേരിടുന്ന വിഷയങ്ങൾ, ആ പൊതുവിദ്യാഭ്യാസരംഗത്ത് പ്രത്യേകിച്ച് അൺ-എയ്ഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളോട് കാണിക്കുന്ന ചൂഷണം, അവിടെ നിയമിക്കപ്പെടുന്ന അദ്ധ്യാപകരോട് കാണിക്കുന്ന കടുത്ത അനീതി., അവർക്ക് കൊടുക്കുന്ന ശമ്പളത്തിന്റെ രീതി അതെല്ലാം ആവർത്തിക്കേണ്ട കാര്യമില്ല എന്നുള്ളതുകൊണ്ട് ഞാൻ ദീർഘിപ്പിക്കുന്നില്ല.

<u>ശ്രീ. ജി. സുധാകരൻ:</u> സർ, ഇവിടെ വിദ്യാഭ്യാസ മേഖലയെക്കുറിച്ച് പറഞ്ഞു. കേരളം എല്ലാക്കാര്യത്തിലും മുൻപന്തിയിലാണ്, വിദ്യാഭ്യാസത്തിൽ വളരെ മുൻ പന്തിയിലാണ് എന്ന് വളരെ അഭിമാനിച്ച് പറയാറുണ്ട്. കുറേ കാര്യമൊക്കെ ശരിയാണ്. ലക്ഷക്കണക്കിന് രൂപ കൈക്കൂലി വാങ്ങി, വർഗ്ഗീയമായും ജാതിപരമായും അല്ലാതെയും മാനേജർമാർ നിയമിക്കുന്ന അദ്ധ്യാപകർക്ക് ഖജനാവിൽ നിന്ന് കോടിക്കണക്കിന് രൂപ കൊടുക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. ഇപ്പോഴും അതിനൊരുമാറ്റവുമുണ്ടായിട്ടില്ല. നമ്മുടെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ-12-ാം ക്ലാസ് വരെയുള്ളവ 67 ശതമാനം ഉള്ളത് എയ്ഡഡ് മേഖലയിലാണ്. അൺ-എയ്ഡഡ് ഞാൻ കൂട്ടുന്നില്ല. 33 ശതമാനമേയുള്ളു ഗവൺമെന്റ് സ്കൂളുകൾ. 87 ശതമാനം കോളേജുകൾ എയ്ഡഡ് കോളേജുകളാണ്. 13 ശതമാനമേയുള്ളു ഗവൺമെന്റ് കോളേജു

കൾ. മെഡിക്കൽ കോളേജുകൾ 24 എണ്ണം ഉള്ളതിൽ ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ 3 എണ്ണമാണ്. സ്വകാര്യമേഖലയിൽ അഴിമതിക്ക് പൂർണ്ണമായും ഗവൺമെന്റുകൾ തന്നെ വളം വച്ചുകൊടുക്കുന്ന ഒരു വിദ്യാഭ്യാസ രീതി ഉള്ളപ്പോൾ ഉന്നത വിദ്യാഭ്യാസയോഗ്യത നേടിയാലും എനിക്ക് ജോലികിട്ടില്ല, പണമുണ്ടെങ്കിലേ ജോലി കിട്ടൂ എന്നുപറയുന്ന കേരളത്തിലെ യുവാക്കൾ എന്തു കണ്ടുപഠിക്കണമെന്നാണ് അങ്ങ് പറയുന്നത്; അതേപ്പറ്റി പറയൂ. ഇതവസാനിപ്പിക്കാമോ; പി.എസ്.സി.-ക്ക് വിട്ട് മാതൃക കാണിക്കാമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> സർ, കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ പ്രത്യേകിച്ച് എയ്ഡഡ് മേഖലയ്ക്കുള്ള സ്വാധീനത്തെയും അപ്രമാദിത്വത്തെയും കുറിച്ചാണ് അങ്ങ് സൂചിപ്പിച്ചത്. ആ എയ്ഡഡ് മേഖലയ്ക്ക് വേണ്ടുന്ന പരിരക്ഷ നൽകുന്ന നടപടിയാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കാലാകാലങ്ങളായി തുടർന്നുവരുന്നു എന്നുവേണമെങ്കിൽ വാദത്തിന് സമ്മതിക്കാം. തർക്കമില്ലാത്ത കാര്യമാണ്. എന്നാൽ അത് എവിടെവച്ചെങ്കിലും അവസാനിപ്പിക്കേണ്ടത് അനിവാര്യമാണ്. തീർച്ചയായും എയ്ഡഡ് മേഖലയ്ക്ക് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന ഒരുപാട് കാര്യങ്ങൾകൊണ്ട് സർക്കാർ സാമ്പത്തികമായി പാപ്പരായി നിൽക്കുന്നുവെന്ന് കാണാൻ കഴിയും. ആ മേഖലയിൽ ഇടപെടൽ നടത്താൻ....

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. സി. ജോസഫ്</u>): സർ, കേരളത്തിലെ യുവതലമുറ നേരിടുന്ന മുഴുവൻ പ്രശ്നങ്ങൾക്കും പരിഹാരമൊന്നുമല്ല ബില്ലിൽ വരുന്നത്. സ്വാശ്രയ വിദ്യാഭ്യാസത്തിൽ പ്രശ്നം ഉണ്ടെങ്കിൽ ആ പ്രശ്നം വിദ്യാഭ്യാസ

നിയമത്തിൽ കൊണ്ടുവരണം. സ്വാശ്രയവിദ്യാഭ്യാസ നിയമത്തിൽ നിന്നും അത് എടുത്തുമാറ്റണം. ഇതൊരു ഹമ്പിൾ ബിഗിനിംഗ് ആണ്. ഇന്നുവരെ കേരളത്തിൽ ഉണ്ടായിട്ടില്ല. നല്ലൊരു തുടക്കമാണ്. പിന്നീട് ആവശ്യമുണ്ടെ ങ്കിൽ മാറ്റം വരുത്താമല്ലോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇവിടെ പ്രധാനമായും ചൂണ്ടിക്കാണിച്ച പ്രസക്തമായ കാര്യം യുവാക്കൾ, വളരുന്ന തലമുറ അഴിമതി കണ്ട്, അഴിമ തിയിൽ മുങ്ങിക്കുളിച്ച് നിൽക്കുന്ന ഒരു സമൂഹത്തിൽ നിന്നുകൊണ്ടാണ് ഇക്കാര്യങ്ങളൊക്കെ കാണുന്നത് എന്നതാണ്. അതുപോലെ ഒരു പ്രധാനപ്പെട്ട ഒരു കാര്യം, ബഹുമാന്യനായ മിനിസ്റ്റർ ചൂണ്ടിക്കാണിച്ചത്, ഇവിടെ സ്വാശ്രയ മേഖലയിലെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യാൻ നിയമം ഉണ്ടെന്നുള്ളതാണ്. എന്തുനിയമമാണ് സ്വാശ്രയമേഖലയെ നിയന്ത്രിക്കാൻ ഇവിടെ ഉള്ളത് എന്ന് നമ്മൾ കഴിഞ്ഞ രണ്ടുമൂന്ന് വർഷമായി രണ്ടുമൂന്ന് പുതിയപുതിയ സംവിധാനങ്ങളുമായി കണ്ടുകൊണ്ടിരിക്കുകയല്ലേ; രണ്ട് സ്വാശ്രയ കോളേജ് സമം ഒരു ഗവൺമെന്റ് കോളേജ് എന്നരീതിയിൽ ബഹുമാന്യനായ ശ്രീമാൻ എ. കെ. ആന്റണിയുടെ കാലത്ത് തുടങ്ങി വച്ച ആ പ്രസ്ഥാനം ഇപ്പോൾ എത്തിനിൽക്കുന്നത് എവിടെയാണെന്നും എത്ര സ്വാശ്രയ കോളേജുകൾ അനാവശ്യമായി മാറി എന്നും, ആ സ്വാശ്രയ കോളേജുകളിൽ ഇപ്പോൾ പ്രവേശനത്തിനാവശ്യമായ വിദ്യാർത്ഥികളെ കിട്ടു ന്നില്ലെന്നും ഹൈക്കോടതിയുൾപ്പെടെ അതിന്റെ ഇന്നത്തെ സ്ഥിതിയെക്കു റിച്ച് പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യങ്ങളും നിലവാരത്തകർച്ചയെ, വിദ്യാഭ്യാ സകാര്യത്തെക്കുറിച്ച് സൂചിപ്പിക്കുന്ന കാര്യങ്ങളുമെല്ലാം വച്ചു നോക്കിയാൽ സ്വാശ്രയ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വാശ്രയ നിയമമുണ്ട് എന്നുപറയുന്നതുകൊണ്ട് ഒരർത്ഥവുമില്ല. പക്ഷേ ഇവിടെ ഇതൊക്കെ കണ്ടു

കൊണ്ട് വളരുകയാണ് നമ്മുടെ യുവാക്കൾ എന്നതാണ് സൂചിപ്പിച്ചിട്ടുള്ള പ്രധാനപ്പെട്ട വിഷയം. എയഡഡ് മേഖലയിലെ മൂന്നിൽ രണ്ടും, ഹയർ സെക്കണ്ടറി ആയാലും ഹൈസ്കൂൾ തലത്തിലായാലും നിലനിൽക്കുന്നത് എയ്ഡഡ് മേഖലയിലാണ്. വിഭ്യാഭ്യാസത്തിന് അവർ ഒരുപാട് കാര്യങ്ങൾ ചെയ്തിട്ടുണ്ട്. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ ഒരുപാട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തർക്കമില്ലാത്ത കാര്യമാണ്. ഞാൻ അതല്ല പറയുന്നത്. അതേസമയം ആ മേഖലയ്ക്കാവശ്യമായ ശമ്പളം കൊടുക്കുന്ന നടപടി യുൾപ്പെടെ സ്വീകരിക്കുന്നതുകൊണ്ട് വരുന്ന സാമ്പത്തിക ബാധ്യതയുടെ വിഷയമാണ് ചൂണ്ടിക്കാണിച്ചത്. മാത്രമല്ല അവിടെ നടക്കുന്ന അഴിമതി, ഒരദ്ധ്യാപകനെ ഹയർ സെക്കണ്ടറിയിൽ നിയമിക്കണമെങ്കിൽ 25-30 ലക്ഷം രൂപ കൊടുക്കണം. അതിൽ കൂടുതൽ വാങ്ങുന്നവരുമുണ്ട്. കോളേജുകളിലാ ണെങ്കിൽ അതിൽ കൂടുതൽ കൊടുക്കുന്ന അവസ്ഥയുണ്ട്. അതെല്ലാം നമുക്കെല്ലാവർക്കും അറിയാവുന്ന ഒരു വസ്തുതയാണെന്ന നിലയിൽ ഞാൻ അത് കൂടുതൽ ദീർഘിപ്പിച്ച് പറയണമെന്നാഗ്രഹിക്കുന്നില്ല.

ശ്രീ. സി. പി. മുഹമ്മദ്: സർ, ബഹുമാന്യനായ ജി. സുധാകരൻ പറഞ്ഞ വിദ്യാഭ്യാസ മേഖലയിലെ അഴിമതിയടക്കമുള്ള ഒരുപാട് പ്രശ്നങ്ങ ളുണ്ട്. പക്ഷേ വർത്തമാനകാലത്ത് യുവാക്കൾക്ക് അവരാഗ്രഹിക്കുന്ന തര ത്തിലുള്ള റോൾ മോഡലുകൾ നമ്മുടെ സമൂഹത്തിൽ ഇല്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമല്ലേ; മഹാത്മാഗാന്ധിയും ഇ.എം.എസുമൊക്കെ ഒരു കാലഘട്ട ത്തിൽ യുവാക്കളെ ത്രസ്സിപ്പിക്കുകയും അവരെ വികാരഭരിതമാക്കുകയും ചെയ്ത റോൾ മോഡലുകളായിരുന്നു. ഡൽഹിയിൽ കോൺഗ്രസ് ഭരണ ത്തോടുള്ള എതിർപ്പാണെങ്കിൽ എന്തുകൊണ്ട് അവിടത്തെ ജനങ്ങൾ

വേറൊരു രാഷ്ട്രീയ പ്രസ്ഥാനത്തെ സ്വീകരിച്ചില്ല. അല്ലെങ്കിൽ ഇടതു പക്ഷത്തെ സ്വീകരിച്ചില്ല. രണ്ടുമാസം കൊണ്ട് ഒരു പുതിയ ശക്തിയായി ഉയർന്നുവന്ന കെജ്രിവാൾ, അവർക്ക് പ്രായോഗികമായി എന്തെങ്കിലും ചെയ്യാൻ കഴിയില്ല എന്ന് ഇപ്പോൾത്തന്നെ തെളിയിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നത്തെ യുവ സമൂഹത്തിന് മാതൃകയാണെന്ന് വിശ്വസിക്കുന്ന റോൾ മോഡലുകൾ ഇല്ല. കാരണം അവർ കാണുന്ന മാതൃകയല്ല മുതിർന്നവരിൽ ഇന്ന് കാണുന്നത്. ഇന്ന് ചെറുപ്പക്കാർ വർഗ്ഗീയതയിലേക്കും അക്രമങ്ങളി ലേക്കും ക്വട്ടേഷൻ സംഘങ്ങളിലേക്കും വ്യാപകമായി ചേർന്നുകൊണ്ടിരിക്കു കയാണ്. അവരെ അതിൽ നിന്ന് വേർതിരിച്ച്, ഗാന്ധിജിയൊക്കെ നിലവിലുള്ള ഒരു വ്യവസ്ഥിതി, ബാരിസ്റ്റർ പരീക്ഷ പാസ്സാകുന്നവനോടുപോലും കോളേജ് വിട്ട് വരാൻ പറഞ്ഞപ്പോൾ ഇറങ്ങിപ്പോരികയാണ് ചെയ്തത്. ആ ഒരു കാഴ്ച പ്പാട് പോയില്ലേ; എച്ച്.ജി. വെൽസ് ചരിത്രത്തിന്റെ ജ്വാലയാണ് യുവാക്കൾ എന്നു പറഞ്ഞു. ആ ചരിത്രത്തിന്റെ ജ്വാലയാക്കി അവരെ മാറ്റാൻ നമ്മൾ വർത്തമാനകാലത്ത് ആത്മപരിശോധന നടത്തണ്ടേ; നമ്മളൊക്കെ എന്താണ് ചെയ്യുന്നത്; അത് ആലോചിച്ചിട്ടുവേണ്ടേ ഇവരെ ഉപദേശിക്കാൻ.; എന്താണ് അങ്ങയുടെ അഭിപ്രായം?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഈ കാര്യത്തിൽ വളരെ പ്രധാനമായി തോന്നിയ ഒരു വിഷയം, ദേശീയ പ്രസ്ഥാനത്തിന്റെ പാരമ്പര്യമുള്ള കോൺഗ്രസ്സോ ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ നമ്മുടെ പൈതൃ കങ്ങളുമെല്ലാം അവസാനിച്ചുകൊണ്ടിരിക്കുന്നു എന്നതിന്റെ തെളിവാണ് ബഹുമാന്യനായ സി. പി. മുഹമ്മദ് ഇപ്പോൾ ഇവിടെ ചൂണ്ടിക്കാണിച്ചത്. ആരെയാണ് മാതൃകയാക്കേണ്ടത്? ആം ആദ്മിയെയാണ് മാതൃകയാക്കേണ്ട തെന്നല്ലേ സൂചിപ്പിച്ചതിന്റെ ചുരുക്കം. ഡൽഹിയിൽ മാത്രമല്ല, വരാനിരിക്കുന്ന

കാലത്ത് നടക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിലും കോൺഗ്രസ്സിനെ പരാജയപ്പെടുത്തി ആം ആദ്മി വന്നേയ്ക്കുമെന്ന ആശങ്കയാണോ ഈ പറഞ്ഞതിന്റെ ചുരുക്കം. അല്ലെങ്കിൽ എന്തിനാണ് അങ്ങനെയൊരു കാര്യം ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. ഞങ്ങൾ അത് വിശ്വസിക്കുന്നില്ല. ഞങ്ങൾ ആം ആദ്മിയുടെ ഇപ്പോഴത്തെ വരിവിനെക്കുറിച്ചൊക്കെ സൂക്ഷ്മമായി പരിശോധിച്ചുകൊണ്ടിരിക്കുന്നു എന്നതിലപ്പുറത്ത് അതിനെക്കുറിച്ചുള്ള ഒരു അതിരുവിട്ട ചിന്തയും ഞങ്ങൾക്കില്ല. ഇവിടെ ഇപ്പോൾ മാതൃയാക്കാൻ ആളില്ലാതെ പോയവരുടെ കാര്യം നമ്മുടെ ഇന്നലെകളിലെ പൈതൃകങ്ങളൊന്നൊന്നായി ഇല്ലാതായിക്കൊണ്ടിരിക്കുന്നുവെന്നത് സി.പി.ക്കും എനിക്കുമെല്ലാം അറിയാവുന്ന കാര്യമാണ്. അതിൽ ഏറ്റവും വലിയ അപചയം സംഭവിച്ചിരിക്കുന്നത് ദേശീയ പ്രസ്ഥാനത്തിന് വലിയ സംഭാവന നൽകിയ പ്രസ്ഥാനംതൊട്ട് ഇങ്ങോട്ടുള്ളവ, ആ ദേശീയ പ്രസ്ഥാനത്തിൽ വിവിധ വിഭാഗങ്ങൾ ഉൾക്കൊണ്ടിരുന്നുവെന്ന് എല്ലാവർക്കുമറിയാം. കോൺഗ്രസ്സിനുമാത്രം അവകാശപ്പെട്ടതല്ല, എന്നാൽ അത് കോൺഗ്രസ്സിനകത്തുനിന്നുകൊണ്ടുതന്നെ മറ്റ് വിവിധ ചിന്താധാരകൾ അതിൽ സ്വാധീനം ചെലുത്തിയിട്ടുണ്ടെങ്കിലും അതിൽനിന്നെല്ലാം അതിന്റേതായ നൻമ നിറഞ്ഞ വശങ്ങൾ പലതും നഷ്ടപ്പെടുകയും ശോഷിക്കുകയും ഇല്ലാതാകുകയും ചെയ്തുവെന്നതുകൊണ്ടാണ് രാജ്യത്തെ റോൾ മോഡലായി അധികം ആളുകളെ ചൂണ്ടിക്കാണിക്കാൻ ഇപ്പോൾ ഇല്ലാതായിപ്പോയതെന്ന് കാണാൻ കഴിയും. ഞാൻ പറഞ്ഞുകൊണ്ടിരുന്ന കാര്യം, വിദ്യാഭ്യാസ രംഗത്ത് നടക്കുന്ന..........

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ജുഡീഷ്യൽ പവർ വേണം, ബാക്കിയുള്ള കാര്യങ്ങൾ വേണം, യുവാക്കൾക്ക് കൂടുതൽ അധികാരങ്ങൾ വേണം എന്നൊക്കെയാണ് ഇതിൽ പറയുന്നത്. ഇന്ത്യാ

രാജ്യംതന്നെ ഭരിക്കാൻ ഒരു യുവാവിനെ നിയമിക്കുന്നതല്ലേ ഏറ്റവും നല്ലത്. അതിനെക്കുറിച്ച് എന്താണ് താങ്കളുടെ അഭിപ്രായം?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇന്ത്യാ രാജ്യം ഭരിക്കാൻ പറ്റാവുന്ന യുവാവുണ്ടെങ്കിൽ കുഴപ്പമില്ല. അതിന് പറ്റാവുന്ന യുവാവിനെ കണ്ടെത്താൻ കഴിഞ്ഞില്ലായെന്ന വിഷയമേ ഇപ്പോൾ നമ്മുടെ മുന്നിലുള്ളൂ.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, പറ്റാവുന്ന യുവാക്കൾ ഇല്ലെന്നാണോ പറയുന്നത്?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇപ്പോൾ ഇല്ല. ബഹുമാന്യനായ ആര്യാടൻ മുഹമ്മദിനോടൊക്കെ ഞാൻ എന്താണ് പറയേണ്ടത്. പരിണിതപ്രജ്ഞനായ അദ്ദേഹം എന്നോട് ഇല്ലേയെന്ന് ചോദിച്ചാൽ ഉണ്ട്, ഇപ്പോൾ കണ്ടെത്തിയോ യെന്ന് ചോദിച്ചാൽ ഇല്ല എന്നാണ് എനിക്ക് അതിന് മറുപടി പറയുവാനു ളളത്. ഇപ്പോൾ അങ്ങനെ പറ്റിയ യുവാവിനെ കണ്ടെത്തിയിട്ടില്ല എന്നതാണ് വിഷയം. നിങ്ങൾ ഉദ്ദേശിക്കുന്ന യുവാവ് യുവത്വം പിന്നിട്ടുവെന്നതും ഒരു വിഷയമാണ്. 40 വയസ്സുവരെയുള്ള യുവാവിനെക്കുറിച്ചുമാത്രമെ ഇവിടെ ചിന്തയുള്ളു. അപ്പോൾ അങ്ങനെയൊരു യുവാവ് ഇപ്പോൾ ആരും കണ്ടെത്തിയ കൂട്ടത്തിലില്ല. ഞാൻ പറയാൻ പോകുന്നത് നമ്മുടെ ...........

ശ്രീ. സാജു പോൾ: സർ, ബഹുമാന്യനായ ആര്യാടൻ മുഹമ്മദ് ഇവിടെ ചോദിച്ചത് വളരെ പ്രസക്തമായ ഒരു ചോദ്യമാണ്. പക്ഷേ ഇന്ത്യയിൽ സഞ്ചയ് ഗാന്ധിക്ക് സ്വീകരണം നൽകാത്ത ഏക പി.സി.സി. അദ്ധ്യക്ഷൻ ശ്രീ.എ. കെ. ആന്റണിയുടെ നേതൃത്വത്തിലുളള.......... സഞ്ചയ് ഗാന്ധിയെ പ്പോലും അംഗീകരിക്കാതെനിന്ന ഒരു വിഭാഗമായി ഇടതുപക്ഷ ജനാധിപത്യ മുന്നണിയോടൊപ്പംനിന്ന ഒരാളാണ് ശ്രീ. ആര്യാടൻ മുഹമ്മദ്. പക്ഷേ അദ്ദേ

ഹത്തിന് പ്രായമായപ്പോൾ വന്ന മാറ്റം, രാജീവ് ഗാന്ധിയുടെ മകനെപ്പോലും നേതാവായി അംഗീകരിക്കുന്ന ഒരു മാനസികാവസ്ഥയായി അധ:പതിച്ചു വെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഈ കാര്യം എനിക്ക് മനസ്സിലായി. അദ്ദേഹം അങ്ങനെയാണ് ഉദ്ദേശിച്ചതെന്ന് നിങ്ങൾക്ക് മനസ്സിലായി. ഞാൻ അത് കണക്കിലെടുക്കുന്നില്ല. ആരെയാണ് അദ്ദേഹം ഉദ്ദേശിച്ചതെന്ന് ഞാൻ പരിഗണിക്കുന്നില്ല. ശ്രീ. ആര്യാടൻ മുഹമ്മദായതുകൊണ്ട് കൺസെഷനെ ങ്കിൽ കൺസെഷൻ. അതുകൊണ്ട് നമ്മുടെ വിദ്യാഭ്യാസ മേഖലയിലുൾപ്പെടെ അഴിമതി നിറഞ്ഞുനിൽക്കുന്ന അവസ്ഥ കണ്ടുകൊണ്ട് വളരുന്ന യുവാക്കൾക്ക് – യുവാക്കളുടെ ഈ ബില്ലും നയവും പറഞ്ഞാൽ എങ്ങനെ ബോധ്യമാകുമെന്നുള്ളതുകൊണ്ടാണ് ഞാൻ പറഞ്ഞത്. അതിനിടയിലാണ് മറ്റ് പല വിഷയങ്ങളും കടന്നുവന്നത്. എയ്ഡഡ് മേഖലയിൽ നിലനിൽക്കുന്ന തായ അവസ്ഥ പരിഹരിക്കേണ്ടതായിട്ടുണ്ട്. അവിടത്തെ അദ്ധ്യാപക നിയമനത്തിലും ഫീസ് വാങ്ങുന്ന കാര്യത്തിലും കോഴ വാങ്ങുന്ന കാര്യത്തിലും വിദ്യാർത്ഥികളുടെ പ്രവേശനത്തിനുള്ള കാര്യത്തിലുമൊക്കെ തീരുമാനമുണ്ടാകേണ്ടതായിട്ടുണ്ട്. അതിനെല്ലാം പുറമേയാണ് അൺഎ യ്ഡഡ് മേഖലയിലെ വിഷയങ്ങളെന്ന് എല്ലാവർക്കും അറിയാം. അൺഎ യ്ഡഡ് മേഖലയിലൊക്കെ പുതിയ പരീക്ഷണങ്ങൾ നടത്തുകയാണ്. ശമ്പളം നിശ്ചയിച്ച് കൊടുക്കുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ട് എന്തെങ്കിലും നടപടി യുണ്ടായാൽ അല്ലെങ്കിൽ ഏതാണ്ട് മെച്ചപ്പെട്ട ശമ്പളം നൽകുന്നുവെന്ന് അവകാശപ്പെടുന്ന മാനേജുമെന്റുകൾ ഇപ്പോൾ ചെക്കിലൂടെയാണ് ശമ്പളം കൊടുക്കുന്നത്. പക്ഷേ പതിനായിരവും പതിനയ്യായിരവും ഇരുപതിനായി രവും രൂപയെഴുതിയ ചെക്കുകൾ കൊടുക്കുകയും ചെക്ക് മാറി

കാശെടുത്താൽ മാനേജുമെന്റിൽ തിരിച്ചുകൊടുക്കാനുള്ള വ്യവസ്ഥകൾ നടപ്പാക്കുകയും ചെയ്തുകൊണ്ടാണ് പല അൺഎയ്ഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളും മുന്നോട്ടുപോകുന്നതെന്നും എല്ലാവർക്കും അറിയാം. ഇതൊന്നും ഇവിടെ അറിയാത്ത ആളുകളുണ്ടായിട്ടല്ല. അതിനൊക്കെ ആവശ്യമായ നിയമനിർമ്മാണം നടത്താനോ കർശനമായ നടപടി സ്വീകരിക്കാനോ പലവിധ കാരണങ്ങളാൽ സന്നദ്ധമാകാത്ത സാഹചര്യം കൊണ്ടാണ് ഇതൊക്കെത്തന്നെ ഈ നിലയിൽ തുടർന്നുപോരുന്നത്. യുവാക്കളെ സംബന്ധിച്ചിടത്തോളം കുറച്ച് അധികാരമുള്ള കമ്മീഷനും ഉണ്ടാകണമെന്നുതന്നെയാണ് അഭിപ്രായം. മറ്റ് കമ്മീഷനുകൾക്കുള്ള അധികാരമെങ്കിലും ഉണ്ടാകണമെന്നുള്ളതുതന്നെയാണ് ഏറ്റവും പ്രധാനപ്പെട്ട ആവശ്യം. ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ച സ്ത്രീകളുടെ പ്രാതിനിധ്യത്തിന്റെ കാര്യത്തിൽ നാമമാത്രമായ ഒരു മാറ്റം വരുത്തിയത് പുതിയ തന്ത്രത്തിലൂടെയാണ്. എങ്ങനെയാണ് നമ്പർ വർദ്ധിപ്പിക്കേണ്ടത്? അവരുടെ മൂന്ന് വർദ്ധിപ്പിക്കണമെങ്കിൽ കമ്മീഷനിലെ അംഗസംഖ്യതന്നെ വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയാണ്. അതൊരു കാര്യം. ഇതിൽ നേരത്തെ സംഭാവന പിരിക്കണമെന്ന രീതിയിലുള്ള ഒരു അഭിപ്രായമുണ്ടായത് ശക്തിയായി എതിർത്തതാണ്. യാതൊരു കാരണവശാലും അത്തരമൊരു നിലപാടുണ്ടാകാൻ പാടില്ല. സബ്ജക്ട് കമ്മിറ്റിയിലെ ചർച്ചയ്ക്കുശേഷം പുറത്തുവരുമ്പോഴും നേരത്തെ ഇവിടെ അവതരിപ്പിച്ച ബില്ലിൽ കാതലായ മാറ്റം വരുത്താതെ കേവലമായ ചില വാക്കുകളോ വാചകങ്ങളോ മാറ്റിയതൊഴിച്ചാൽ മറ്റ് നടപടികളൊന്നും സ്വീകരിക്കാത്ത സാഹചര്യത്തിലാണ് അതുമായി ബന്ധപ്പെട്ട് അവിടെ ഡിസെന്റിംഗ് എഴുതാൻ തയ്യാറായിട്ടുള്ളതെന്നും ഈ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ ബിൽ കൊണ്ടുവന്നതിൽ

എന്തെല്ലാം നല്ല കാര്യങ്ങളുണ്ടെങ്കിലും അല്ലെങ്കിൽ ബിൽ സദുദ്ദേശപര മാണെന്ന് പറഞ്ഞാലും അതിന്റെ ഉള്ളടക്കത്തിലേയ്ക്ക് കടന്നാൽ ഈ കേരള ത്തിലെ യുവാക്കൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനും അവരുടെ പ്രശ്നപരിഹാരത്തിനുള്ള ഇടപെടൽ നടത്താനും കഴിയുന്ന ഒരു വിധത്തിലുള്ള ഉള്ളടക്കവും ഈ ബില്ലിലില്ലായെന്നതുകൊണ്ട് ഞാൻ ഇതിനെ ശക്തിയായി എതിർക്കുകയാണ്.

<u>മി. ചെയർമാൻ:</u> ശ്രീ. പി. സി. വിഷ്ണുനാഥ്, പൊതുജനാഭിപ്രായം നേടുന്നതിനായി 2013-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ബിൽ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരി ക്കാവുന്നതാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. മലയാളത്തിൽ ഏറ്റവുമധികം ആളുകൾ കണ്ടിട്ടുള്ള സിനിമകളിലൊന്നായിരുന്നു മോഹൻലാലും ശ്രീനിവാ സനും അഭിനയിച്ച പോപ്പുലർ സംവിധായകനായ സത്യൻ അന്തിക്കാട് സംവിധാനം ചെയ്ത നാടോടിക്കാറ്റ് എന്ന സിനിമ. മയാളികൾക്ക് ഏറെ ഇഷ്ടപ്പെട്ട ഒരു സിനിമയായിരുന്നു അത്. അതിലെ ഒരു രംഗത്തിൽ ജോലിയി ല്ലാത്ത ദാസനും വിജയനും ബാങ്ക് ലോണെടുത്ത് ഒരു പശുവിനെ വാങ്ങുന്നു. പശുവിന്റെ കരച്ചിലുകേട്ട് കിടക്കുന്ന ദാസൻ, വിജയാ എത്ര മനോഹരമായ കരച്ചിലെന്ന് പറയുകയാണ്. അപ്പോൾ ഈ ബുദ്ധി നമുക്ക് നേരത്തേ തോന്നാത്തതെന്ത് ദാസായെന്ന് ചോദിക്കുമ്പോൾ ഓരോന്നിനും

ഓരോ സമയമുണ്ട് വിജയായെന്ന് പറഞ്ഞ ദാസന്റെയും വിജയന്റെ നാടോടി ക്കാറ്റ്. അഭ്യസ്തവിദ്യനായി, നല്ല വിദ്യാഭ്യാസ യോഗ്യതയുണ്ടായിട്ടും ജോലി കിട്ടാതെ ഗൂർഖയുടെ ജോലി ചെയ്യുന്ന മോഹൻലാലിന്റെ സേതു എന്ന ക്യാര ക്ടർ ഗാന്ധിനഗർ സെക്കന്റ് സ്ട്രീറ്റിൽ കണ്ടു. സായികുമാറും മുകേഷു മെല്ലാം അഭിനയിച്ച റാംജിറാവു സ്പീക്കിംഗ് മലയാളത്തിലെ വളരെ പ്രധാന പ്പെട്ട പോപ്പുലർ സിനിമകളിലൊന്നായിമാറി. നമ്മൾ പരിശോധിച്ചാൽ നാടോ ടിക്കാറ്റും ഗാന്ധി നഗർ സെക്കന്റ് സ്ട്രീറ്റും റ്റി.പി. ബാലഗോപാലൻ എം.എ. –യും റാംജിറാവു സ്പീക്കിംഗുമെല്ലാം ആ കാലഘട്ടത്തിൽ കൈകാര്യം ചെയ്തത് ഒരു പൊതുപ്രമേയമായിരുന്നു. അത് ചെറുപ്പക്കാരുടെ തൊഴിലില്ലാ യ്മായായിരുന്നു. അവിടെനിന്നും മാറി ഇപ്പോൾ മമ്മൂട്ടിയുടെ മകൻ ദുൽഖർ സൽമാൻ അഭിനയിച്ച ഉസ്താദ് ഹോട്ടൽ എന്ന സിനിമയിലേയ്ക്ക് വരു മ്പോൾ അവിടെ സിദ്ദിഖിന്റെ മകനായി അഭിനയിക്കുന്ന ഫൈസലിനോട് ബിസിനസുകാരനായ അച്ഛൻ പറയുകയാണ്, നിനക്ക് ഇനി ബാപ്പ സമ്പാദിച്ച ഒരുപാട് സ്വത്തുണ്ട്, ഈ ബിസിനസൊക്കെ നോക്കിനടത്തണമെന്ന് പറയു മ്പോൾ എനിക്ക് സ്വിറ്റ്സർലന്റിൽപ്പോയി ഹോട്ടൽ മാനേജുമെന്റ് പഠിക്കണ മെന്ന് പറയുകയാണ്. കോഴ്സ് പൂർത്തിയായി തിരിച്ചുവരുന്ന സമയത്ത് ഇനി നിനക്ക് വലിയൊരു ബാർ ഹോട്ടൽ ഞാൻ പണിഞ്ഞുനൽകാമെന്ന് പറയു മ്പോൾ ഉപ്പൂപ്പായോടൊപ്പം ചേർന്ന് ജീവിതവും ബിസിനസും പഠിക്കാൻ തയ്യാറെടുക്കുന്ന ഫൈസലിന്റെ കഥാപാത്രത്തിലേയ്ക്ക്, സേതുവിൽനിന്ന് ഇവിടേയ്ക്ക് എത്തുമ്പോൾ നമ്മുടെ ചെറുപ്പക്കാരുടെ ഇടയിലുണ്ടായ വലിയ മാറ്റത്തെ പോസിറ്റീവായി കാണാതിരുന്നത്.......... ഈ കേട്ട പ്രസംഗങ്ങ ളെല്ലാം, ചെറുപ്പക്കാരെല്ലാം തീവ്രവാദികളായിപ്പോയി, ചെറുപ്പക്കാരെല്ലാം നശിച്ചുപോയി, ചെറുപ്പക്കാർക്കൊന്നും പ്രതിബദ്ധതയില്ലായെന്ന്

പറയുന്നതിനോട് വിയോജിച്ചുകൊണ്ടാണ് ഞാൻ ഈ വിഷയത്തിലേയ്ക്ക് വരുന്നത്. ഇവിടെ ഞാൻ ഇത് പറയുമ്പോൾ എല്ലായിടത്തും, പ്രത്യേകിച്ച് യുവജന സംഘടനാ നേതാക്കൻമാർ ആവർത്തിച്ച് പറയും. ചെറുപ്പക്കാരുടെ യിടയിൽ തൊഴിലില്ലായ്മ ഒരു പ്രശ്നമാണ്. ഈ ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങ ളിൽ ഏറ്റവും പ്രധാനപ്പെട്ട കാരണമായിവരുന്നതും...... ഇതിന്റെ പവേഴ്സ് ആന്റ് ഫങ്ഷൻസ് ഓഫ് ദ കമ്മീഷനിൽ രണ്ടാമതായി പറയുന്നത്, ഒന്ന്, to function as the protector of youth affairs in the State രണ്ട്, to inculcate and educate among the youth the dignity of labour എന്നാണ്.

ബഹുമാനപ്പെട്ട ചെയർ, dignity of labour എന്ന വാചകം ഉപയോഗി ക്കുമ്പോൾ അവിടെ നമുക്ക് ഗാന്ധിജി എന്ന് ചേർക്കാതെ രണ്ടാമതൊന്ന് പറയാൻ കഴിയുമോ? ജോലിയുടെ മഹത്വത്തെക്കുറിച്ച് ഏറ്റവുമധികം നമ്മളെ പഠിപ്പിച്ചത് ഗാന്ധിജിയാണ്. അതിനുമുമ്പ് നമുക്കറിയാം, ലോകത്തിലെ ആദ്യത്തെ പാർലമെന്റ് സ്ഥാപിച്ചത് ഗ്രീസിലായിരുന്നു. ഇന്ത്യയിൽ അനുഭവ മണ്ഡപം എന്ന ആദ്യത്തെ പാർലമെന്റ് സ്ഥാപിച്ചത് ബസവേശ്വരനാ യിരുന്നു. അനുഭവമണ്ഡപം സ്ഥാപിച്ച ബസവേശ്വരനും ഡിഗ്നിറ്റി ഓഫ് ലേബറിനെക്കുറിച്ചാണ് പറഞ്ഞത്. ബസവേശ്വരൻ ചെയ്യാത്ത ഒരു ജോലിയും ഉണ്ടായിരുന്നില്ല. രാജാവായിരുന്ന അദ്ദേഹം തയ്യൽക്കാരന്റെ ജോലി ചെയ്തു, സാധാരണ കൃഷിപ്പണികളിലേർപ്പെട്ടു, എല്ലാ ജോലികളിലും ഏർപ്പെട്ടു. ബസവകല്ല്യാണ എന്ന സ്ഥലത്തുള്ള അനുഭവമണ്ഡപം സന്ദർശിക്കാൻ എനിക്ക് അവസരമുണ്ടായിട്ടുണ്ട്. അക്കാമഹാദേവിയും ബസവേശ്വരനു മെല്ലാം പന്ത്രണ്ടാം നൂറ്റാണ്ടിൽ കർണാടകത്തിൽ വലിയ സാമൂഹ്യനവോത്ഥാ നത്തിനും, മിശ്രവിവാഹത്തിനും പന്തീഭോജനത്തിനുമെല്ലാം തുടക്കംകുറി

ച്ചവരാണ്. നമ്മളെല്ലാവരും തൊഴിലില്ലായ്മയെക്കുറിച്ച് പറയുന്നുണ്ട്. 40 ലക്ഷം ചെറുപ്പക്കാർക്ക് കേരളത്തിൽ തൊഴിലില്ലായെന്ന് നമ്മൾ ആവർത്തിച്ചു പറയുമ്പോൾ ഈ നിയമസഭയിൽ വച്ച ഒരു റിപ്പോർട്ടുണ്ട്. Domestic Migrant Labour in Kerala : D.Naryana, C. S. Venkiteswaran with M. P. Joseph, IAS, Gulathi Institute of Finance & Taxation വളരെ ആധികാരികമായി പഠിച്ച് ഒരു വർഷക്കാലത്തെ പഠനത്തിനുശേഷം നിയമസഭയിൽ വച്ച ഈ റിപ്പോർട്ടു പ്രകാരം കേരളത്തിൽ ഇന്ന് 25 ലക്ഷം ഡി.എം.എൽ. ഉണ്ടെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ബഹുമാന്യനായ ബെന്നി ബെഹനാൻ ഇവിടെയുണ്ട്. അദ്ദേഹത്തിന്റെ ജന്മനാടും ശ്രീ. സാജു പോളിന്റെ മണ്ഡലവുമായ പെരുമ്പാവൂരിൽ വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ ചെന്നാൽ മലയാളത്തെക്കാൾ കൂടുതൽ ഹിന്ദിയിലും ബോജ്പുരിയിലും ബംഗാളിയിലുമെല്ലാം ബസുകളിൽ സ്ഥലനാമങ്ങൾ എഴുതിയിരിക്കുന്നത് കാണാം. ബോജ്പുരി സിനിമകൾ അവിടത്തെ തിയേറ്ററുകളിൽ പ്രദർശിപ്പിക്കുവാൻ തുടങ്ങി. ഇവിടെ 40 ലക്ഷം പേർക്ക് തൊഴിലില്ലെന്ന് നമ്മൾ പറയുന്നു. കണക്കുകളനുസരിച്ച് മറ്റ് സംസ്ഥാനങ്ങളിലെ 25 ലക്ഷം ആളുകൾ ഇവിടെ ജോലി ചെയ്യുന്നുണ്ട്. വെസ്റ്റ് ബംഗാളിൽ നിന്നും 20%, ബീഹാറിൽ നിന്നും 18%, ആസാമിൽ നിന്നും 17%, ഉത്തർപ്രദേശിൽ നിന്നും 14% എന്നിങ്ങനെയാണ് പ്രധാന സംസ്ഥാനങ്ങളുടെ ഡി.എം.എൽ. വിഹിതം. അവർക്ക് ഒരു ദിവസം 400–600 രൂപവരെയും അതിൽ കൂടുതലും വേതനമായി ലഭിക്കുന്നുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കഴിഞ്ഞ രണ്ടുവർഷങ്ങളിൽ മലയാളികൾ ഏറ്റവും അധികം വായിച്ച ഒരു നോവൽ എന്റെ നാട്ടുകാരൻ കൂടിയായ ബെന്യാമിൻ

എഴുതിയ 'ആടുജീവിത'മാണ്. ആടുജീവിതം വായിച്ചവർക്കറിയാം; പകുതി വരെ വായിക്കുമ്പോൾ വല്ലാതെ നമ്മുടെ മനസ്സ് കുടുങ്ങുകയാണ്. അടുത്ത പേജിലേയ്ക്ക് പോകാൻ കഴിയാത്ത മാനസികാവസ്ഥയിലേയ്ക്ക് നമ്മളെത്തും. അവിടെ മണലാരണ്യങ്ങളിൽ നമ്മുടെ സഹോദരങ്ങൾ അനുഭവിക്കുന്ന യാതനകൾ ഇതിവൃത്തമാക്കിയതാണ് ആടുജീവിതം. നമ്മൾ അത് ആലോചിച്ച് വിഷമിക്കുമ്പോൾ അതിനെക്കാൾ ദുരിതമായ സാഹചര്യത്തിലാണ് ഇവിടെ ഈ തൊഴിലാളികൾ പണിയെടുക്കുന്നത്. അതവിടെ നിൽക്കട്ടെ. ഇവിടെ 600-നും 1000-നും ഇടയിൽ വേതനം കിട്ടുന്ന ജോലിയുള്ളപ്പോൾ ഇതിനെക്കാൾ കുറഞ്ഞ വേതനത്തിന് ഇതിനെക്കാൾ മോശപ്പെട്ട സാഹചര്യങ്ങളിൽ വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്ന ആളുകളുമുണ്ട്. കേരളത്തിൽ ഇതൊരു തുറന്ന ചർച്ചയ്ക്ക് വിധേയമാക്കേണ്ട കാര്യമാണ്. അവിടെ dignity of labour എന്നു പറഞ്ഞ ഒരു വിഷയത്തിന് പ്രധാനമായും ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. യൂത്ത് കമ്മീഷന്റെ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നായി ചെറുപ്പക്കാരുടെയിടയിൽ ഇത്തരം ഒരു അവബോധമുണ്ടാക്കാൻ വേണ്ടിയുള്ള പ്രചാരണപ്രവർത്തനങ്ങളല്ല, ആത്മാർത്ഥമായ കർമ്മപരിപാടികളാണ് യൂത്ത് കമ്മീഷൻ ആവിഷ്കരിച്ചുനടപ്പിലാക്കാൻ പോകുന്നതെന്നറിയാനും മനസ്സിലാക്കാനും കഴിയുന്നതിൽ സന്തോഷമുണ്ട്. ഈ ഗവൺമെന്റിന് ഈ ബില്ല് കൊണ്ടുവരാനുള്ള അർഹതയുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ ഗവൺമെന്റിന് അതിനെ സംബന്ധിച്ച് ഒരു കാഴ്ച്ചപ്പാടുണ്ട്. യു.പി.എ. ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഇനിഷ്യേറ്റീവ് എന്നുപറയുന്നത് തൊഴിൽ അവകാശമാക്കിയ തൊഴിലുറപ്പു പദ്ധതി കൊണ്ടുവന്നതോ, വിദ്യാഭ്യാസം അവകാശമാക്കിയ

വിദ്യാഭ്യാസ അവകാശനിയമം കൊണ്ടുവന്നതോ, വിവരം അവകാശമാക്കിയ വിവരാവകാശനിയമം കൊണ്ടുവന്നതോ, ഭക്ഷ്യസുരക്ഷ അവകാശമാക്കിയ ഭക്ഷ്യസുരക്ഷാ നിയമം കൊണ്ടുവന്നതോ, ആദിവാസികൾക്ക് വനാവകാശം കൊടുത്ത വനാവകാശ നിയമം കൊണ്ടുവന്നതോ അല്ലെങ്കിൽ വഴിയോര കച്ചവടക്കാരെ സംരക്ഷിക്കാനുള്ള നിയമം കൊണ്ടുവന്നതോ മാനുവൽ സ്കാവഞ്ചേഴ്സിനുവേണ്ടി നിയമം കൊണ്ടുവന്നതോ മാത്രമല്ല. അതെല്ലാം നിൽക്കുമ്പോൾ തന്നെ സ്കിൽ ഡെവലപ്പ്മെന്റിന്റെ കാര്യത്തിൽ യു.പി.എ. സർക്കാർ കൊടുത്ത വലിയ ഇനിഷ്യേറ്റീവ് ആണ് പ്രൈമിനിസ്റ്റേഴ്സ് സ്കിൽ ഡെവലപ്പ്മെന്റ് മിഷൻ. ആ മിഷൻ ലക്ഷ്യം വയ്ക്കുന്നത് 2022-ൽ 500 മില്ല്യൺ സ്കിൽഡ് പീപ്പിളിനെ ഈ രാജ്യത്ത് സൃഷ്ടിക്കുക എന്നുള്ളതാണ്. കൃത്യമായ പദ്ധതിയിൽ ഇപ്പോൾ 100 മില്ല്യൺ ആളുകൾക്കുവേണ്ടിയിട്ടുള്ള കർമ്മപരിപാടി തയ്യാറായി. ഡ്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിന് 29 മില്ല്യൺ, സ്കിൽ ഡെവലപ്പ്മെന്റ് സെന്റേഴ്സിന് 57 മില്ല്യൺ, അപ്രന്റിസ്ഷിപ് ട്രെയിനിംഗ് സ്കീമിന് 5 മില്ല്യൺ, സ്കിൽ ഡെവലപ്പ്മെന്റ് ത്രൂ എം.ഇ.എസ് 11 മില്ല്യൺ, ഡി.ജി. & ഇ ഫീൽഡ് ഇൻഡസ്ട്രീസിന് 5 മില്ല്യൺ. അങ്ങനെ സ്കിൽ ഡെവലപ്പ്മെന്റിന് യു.പി.എ. സർക്കാർ വലിയ പ്രാധാന്യം കൊടുത്തു. നമ്മുടെ വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ ഏറ്റവും നല്ല പദ്ധതി നമ്മുടെയെല്ലാം നിയമസഭാ മണ്ഡലങ്ങളിലുണ്ട് - അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP). ഹയർ സെക്കൻഡറിയിലും ആർട്സ് ആന്റ് സയൻസ് കോളേജുകളിലുമാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം നടപ്പിലാക്കുന്നത്. പഠനത്തോടൊപ്പം ഒരു സ്കിൽ കൂടി പഠിപ്പി

ക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. നമ്മുടെ വിദ്യാഭ്യാസത്തിന്റെ ഇപ്പോഴത്തെ പ്രശ്നം എന്താണ്? നമ്മുടെ ജീവിതവുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു വിദ്യാഭ്യാസ പഠന പദ്ധതിയിൽ കൂടി നമ്മൾ കടന്നുപോകുകയാണ്. പി.ജി. കോഴ്സ് പഠിപ്പിക്കുന്ന കോളേജിന് മുമ്പിൽ പത്ത് രൂപയ്ക്ക് ആപ്ലിക്കേഷൻ ഫോം പൂരിപ്പിച്ചുകൊടുക്കുന്നവർ ഇരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. പി.ജി.-യുടെ ആപ്ലിക്കേഷൻ ഫോം പൂരിപ്പിക്കാൻ അറിയാത്ത ബിരുദധാരികളെ സൃഷ്ടിക്കുന്ന വിദ്യാഭ്യാസ സംവിധാനത്തിൽ അഭിമാനിക്കാവുന്ന എന്തെങ്കിലും ഉണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ഇവിടെ ഫൗണ്ടേഷൻ കോഴ്സ്, സ്കിൽ കോഴ്സ് എന്നിങ്ങനെ രണ്ടുതരം കോഴ്സുകളുണ്ട്. ഫൗണ്ടേഷൻ കോഴ്സിന്റെ ഭാഗമായി കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷും ഐ.ടി.-യുമാണുള്ളത്. സ്കിൽ കോഴ്സിന്റെ ഭാഗമായി 33 കോഴ്സുകളുണ്ട്. അതിൽ പ്രിന്റിംഗ്, ഹോസ്പിറ്റാലിറ്റി, ഇലക്ട്രോണിക്സ്, റബർ ടെക്നോളജി തുടങ്ങിയവയൊക്കെയുണ്ട്. അങ്ങനെ 33 കോഴ്സുകൾ സ്കിൽ കോഴ്സിന്റെ ഭാഗമായി വരികയാണ്. യൂത്ത് കമ്മീഷന്റെ ഭാഗമായി ASAP-മായി ബന്ധപ്പെട്ടുകൊണ്ട് .............., കാരണം ആർട്സ് ആന്റ് സയൻസ് കോളേജുകൾ വരികയാണ്. ഈ യുവജനത്തിന്റെ പരിധിക്ക് അകത്തുനിൽക്കുന്നവരാണ് ഈ മേഖലയിലും പ്രവർത്തിക്കുന്നത്. അതുകൊണ്ട് ഈ നിയമം വന്നതിനു ശേഷം ഇതിന്റെ കർമ്മപരിപാടി നടപ്പിലാക്കുമ്പോൾ ASAP-യെ പിന്തുണയ്ക്കുന്ന ഒരു കർമ്മപരിപാടി ഈ നിയമത്തിന്റെ അടിസ്ഥാനത്തിലുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. 33 ട്രെയിനിംഗ് സെന്റേഴ്സ് സംസ്ഥാനത്ത് ആരംഭിച്ചുകഴിഞ്ഞു. അവർക്ക് അവധി ദിവസങ്ങളിൽ ഈ സ്കിൽ കോഴ്സുകളിൽ പരിശീലനം കൊടുക്കുകയാണ്. 1000 ട്രെയിനേഴ്സ് ഉണ്ട്.

ഒരു മണിക്കൂറിന് 500 രൂപ വച്ച് അവർക്ക് ശമ്പളം കൊടുക്കുന്നുണ്ട്. സ്കിൽ കോഴ്സുകൾ പഠിപ്പിക്കാൻ വേണ്ടി റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ ക്ഷണിച്ചു കൊണ്ട് ഇൻഡസ്ട്രി ലിങ്ക്ഡ് ആയിട്ടുള്ള ഏജൻസികൾ തന്നെ വരികയാണ്. ഈ വർഷം ഞാൻ മനസ്സിലാക്കിയത് 442 ഇൻസ്റ്റിറ്റ്യൂഷനുകൾ ASAP-ൽ രജിസ്റ്റർ ചെയ്തു. 370 സ്കൂളുകൾ അതിൽ ഉൾപ്പെട്ടിരിക്കുകയാണ്. 14,000 കുട്ടികൾ അതിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. ഇൻഡസ്ട്രിയിൽ ഡിമാൻഡ് ഉള്ള കോഴ്സുകളാണ് അതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ആദ്യവർഷം ഒരു അസെസ്മെന്റ് നടത്തിയപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത് വലിയ കോൺഫിഡൻസ് നമ്മുടെ കുട്ടികൾക്ക്, പ്രത്യേകിച്ച് ഇംഗ്ലീഷിന്റെ കാര്യത്തിൽ കിട്ടിയിട്ടുണ്ടെന്നാണ്. അതുപോലെ ഇൻഡസ്ട്രി ലിങ്ക്ഡ് പ്രോഗ്രാമായതിനാൽ ഇൻഡസ്ട്രിയുടെ ഡിമാന്റിന് അനുസരിച്ചുള്ള കോഴ്സ് ഇതിനകത്ത് ഉൾപ്പെടുത്തിയിരിക്കുന്നതുകൊണ്ട് ഇവർക്ക് ഈ കോഴ്സ് കഴിഞ്ഞ് നേരിട്ട് ഇൻഡസ്ട്രിയിലേയ്ക്ക് പോകാൻ കഴിയുകയാണ്. വിദ്യാഭ്യാസം മൂല്യവത്താകുന്ന, നിർമ്മാണാത്മകമാകുന്ന രീതിയിലേയ്ക്ക് ASAP ഈ സംസ്ഥാനത്തെ മാറ്റിയിട്ടുണ്ട്. എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഈ ബഡ്ജറ്റിന് ശേഷം ASAP-ന്റെ സെക്കന്റ് സ്റ്റേജായി സ്കിൽ പാർക്കുകൾ വരാൻ പോകുകയാണ്. ഒരു നിയമസഭാ മണ്ഡലത്തിൽ നമ്മൾ നിർദ്ദേശിക്കുന്ന സൗകര്യമുള്ള ഒരു സ്കൂളിൽ ഒരു സ്കിൽ പാർക്ക് തുടങ്ങുവാൻ കഴിയും. ASAP-ന് അഡീഷണലായി ഒരു സ്കിൽ പാർക്ക് കൂടി വരുമ്പോൾ തീർച്ചയായും അത് ഏറ്റവും പ്രയോജനകരമായ ഒരു കാര്യമായി മാറും. സ്റ്റാർട്ട് അപ് വില്ലേജ്...... ബഹുമാന്യനായ ശ്രീ. ഉമ്മൻ ചാണ്ടിയെ ആൾക്കൂട്ട

ങ്ങൾക്ക് നടുവിൽ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നയാളെന്നുള്ള രൂപത്തിൽ ഇവിടെ വിമർശിക്കാറുണ്ട്. ഞാൻ കഴിഞ്ഞ ഒരു ദിവസം എന്റെ നിയോജകമണ്ഡലത്തിലെ ഒരു പരിപാടിക്ക് ക്ഷണിക്കുന്നതിനുവേണ്ടി അദ്ദേഹത്തെ കാണാൻ പോയി. രാത്രി പത്തരയായിട്ടും അദ്ദേഹം ഫ്രീയായിരുന്നില്ല. പത്തരയായപ്പോൾ അദ്ദേഹത്തെ കാണാൻ നാലു ചെറുപ്പക്കാർ വന്നു. എന്നേക്കാൾ പ്രായത്തിൽ ഇളപ്പമുള്ള നാലു ചെറുപ്പക്കാർ. അതിൽ ഒരു ചെറുപ്പക്കാരന്റെ പേര് സഞ്ജയ്, അയാൾ കേരളത്തിലെ ഒരു കമ്പനിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ്. എന്നേക്കാൾ പ്രായം കുറവാണ്. എന്റെയും ശ്രീ. ഹൈബി ഈഡന്റെയും ശ്രീ. ഷാഫി പറമ്പിലിന്റെയും സുഹൃത്താണ്. ആ സഞ്ജയ് ഇൻഡ്യയിലെ ആദ്യത്തെ സ്റ്റാർട്ട് അപ് വില്ലേജിന്റെ ആദ്യത്തെ ബിസിനസ് ഇൻക്യൂബേറ്ററിന്റെ സി.ഇ.ഒ. ആണ്. ആ നാലു ചെറുപ്പക്കാർ പത്തര മണി മുതൽ ഏതാണ്ട് പന്ത്രണ്ടര മണി വരെ മുഖ്യമന്ത്രിയുമായി ചർച്ച നടത്തി. അദ്ദേഹം ചെറുപ്പക്കാരുടെ അതേ മാനസികാവസ്ഥയിലിരുന്നുകൊണ്ട് ഈ സ്റ്റാർട്ട്-അപ് വില്ലേജിൽ നടപ്പിലാക്കുന്ന പുതിയ പദ്ധതികളെക്കുറിച്ച് അവരുമായി ചർച്ച നടത്തി. സ്റ്റാർട്ട്-അപ് വില്ലേജിൽ 532 പുതിയ ബിസിനസ് ഇൻക്യൂബേറ്ററുകൾ വന്നുകഴിഞ്ഞു. അവിടെ ഫിസിക്കൽ ഇൻഫ്രാസ്ട്രക്ച്ചർ, ടെക്നോളജി & സർവ്വീസ് ഇൻഫ്രാസ്ട്രക്ച്ചർ, മെന്റർ ക്യാപിറ്റൽ ആന്റ് പീപ്പിൾ നെറ്റ്വർക്ക്, ഇത് മൂന്നും പ്രൊവൈഡ് ചെയ്യുകയാണ്. എന്നിട്ട് ചെറുപ്പക്കാരോട് പറയുന്നത്......

ശ്രീ. ഹൈബി ഈഡൻ: ഇവിടെ ശ്രീ. പി.സി. വിഷ്ണുനാഥ് പറഞ്ഞ വളരെ പ്രധാനപ്പെട്ട കാര്യം, ചെറുപ്പക്കാരിൽ പോസിറ്റീവിസം ഡെവലപ് ചെയ്യാൻ ശ്രമിക്കുമ്പോൾ എമർജിംഗ് കേരള എന്ന പദ്ധതിയിൽ ബഹുമാന്യ

നായ മുഖ്യമന്ത്രി നടത്തിയ, ഗവൺമെന്റിന്റെ ഏറ്റവും വലിയ അനൗൺസ്മെന്റായി ഞാൻ കണ്ടത്, യംഗ് എന്റർപ്രണേഴ്സാകുന്നതിനു വേണ്ടി ബി.ടെക്കിന് പഠിക്കുന്ന കുട്ടികൾക്ക് അറ്റൻഡൻസിൽ 20 ശതമാനം ഇളവും 4 ശതമാനം ഗ്രേസ് മാർക്കും കൊടുക്കുന്ന ഒരു പദ്ധതിയാണ്. കേരള ത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽതന്നെ വലിയ ഒരു ചുവടുവയ്പായി ഞാന തിനെ കാണുകയാണ്. കാരണം ഫോറിൻ യൂണിവേഴ്സിറ്റി എഡ്യൂക്കേഷൻ സിസ്റ്റത്തെ ഇന്ത്യൻ എഡ്യൂക്കേഷൻ സിസ്റ്റവുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ ഏറ്റവും വലിയ ന്യൂനത എന്നു പറയുന്നത് നമ്മുടേത് ഒരു ക്ലോസ്ഡ് സിസ്റ്റം ഓഫ് എഡ്യൂക്കേഷൻ ആണെന്നുള്ളതാണ്. ഇവിടെ ശ്രീ. പി. സി. വിഷ്ണുനാഥ് സൂചിപ്പിച്ചതുപോലെ പുറംലോകവുമായി നമുക്ക് ഒരു ബന്ധമി ല്ലായ്മയുണ്ട്. ബഹുമാന്യനായ മുഖ്യമന്ത്രി ഈ സഞ്ജയ് വിജയകുമാറിന്റെ സ്റ്റാർട്ട്-അപ് വില്ലേജിലെ 500 ചെറുപ്പക്കാർക്ക് സിലിക്കൺവാലിയിലേയ്ക്ക് പോകാനുള്ള സാമ്പത്തികസഹായമടക്കമുള്ള കാര്യങ്ങൾ ചെയ്തത് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എസ്.വി. സ്ക്വയർ എന്നാണ് അതിന് പേരിട്ടിരിക്കുന്നത്. എസ്.വി. സ്ക്വയർ എന്ന ആ പ്രോജക്ട് 2013 ജനുവരിയിൽ ആരംഭിച്ചു. അതിന്റെ ഭാഗമായി ഈ ഗവൺമെന്റ് മിടുക്കരായ, സമർത്ഥരായ 500 പ്രൊഫഷണൽസിനെ ഇവിടെ നിന്നും സിലിക്കൺവാലിയിലേയ്ക്ക് അയയ്ക്കുകയാണ്. എന്നു മാത്രമല്ല ഏതാണ്ട് 3 കോടി രൂപ റെന്റടച്ചുകൊണ്ട് അവിടെ ഒരു ഏരിയ കരസ്ഥമാക്കി സ്റ്റാർട്ട് അപിന്റെ ഒരു സംരംഭം സിലിക്കൺവാലിയിലേയ്ക്ക് മാറ്റുന്ന ഒരു സംവിധാനം കൂടി വന്നിരിക്കുകയാണ്. അതുപോലെ സ്റ്റുഡന്റ് എന്റർപ്ര

ണർഷിപ്പ് പോളിസി, അത് ഇന്ത്യയിൽ തന്നെ ആദ്യമായിട്ടുള്ളതാണ്. അതായത് കോളേജ് സ്റ്റുഡന്റ്സിന് പഠിക്കുന്ന അവസരത്തിൽതന്നെ കമ്പനികൾ തുടങ്ങാം. അങ്ങനെ തുടങ്ങുന്ന സ്റ്റുഡന്റ്സിന് അറ്റൻഡൻസിൽ 20 ശതമാനം റിലാക്സേഷനും 4 ശതമാനം ഗ്രേസ് മാർക്കും കൊടുക്കുന്നു. അങ്ങനെ 20-ഉം 22-ഉം വയസ്സുള്ള മിടുക്കന്മാരായ കുട്ടികൾ കോളേജിൽ പഠിക്കുമ്പോൾതന്നെ സി.ഇ.ഒ.ആയും ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ (സി.ഒ.ഒ.) ആയുമൊക്കെയായി മാറുന്നു. അതുകൊണ്ടാണ് 'ഉസ്താദ് ഹോട്ടൽ' എന്ന സിനിമയിലെ ഷെഫ് ആയി ജോലി നോക്കുന്ന ഫൈസലിനെ എന്റെ ഈ പ്രസംഗത്തിന്റെ ആദ്യം ഞാൻ പ്രത്യേകം എടുത്തുപറഞ്ഞത്. 500 പേർ സിലിക്കൺവാലിയിൽ പോയി എന്നു പറയുമ്പോൾ, 532 പുതിയ ബിസിനസ് ഇൻക്യൂബേറ്ററുകൾ ഉണ്ടാകാൻ പോകുന്നു എന്നു പറയുമ്പോൾ ഇവിടെ നമ്മൾ അവരോട് വേറൊന്നും ആവശ്യപ്പെടുന്നില്ല. ആശയമുണ്ടോ ഉണ്ടെങ്കിൽ നിങ്ങൾക്ക് എല്ലാ പിന്തുണയും നൽകാൻ ഒരു ഗവൺമെന്റ് തയ്യാറാണെണ് പറയുന്ന സ്റ്റുഡന്റ് എന്റർപ്രണർഷിപ്പ് പോളിസി, എസ്.വി.സ്ക്വയർ അതുപോലെ സ്റ്റാർട്ട്-അപ് ബ്യൂട്ട് ക്യാമ്പ്, ശ്രീ. എം. എ. വാഹീദിന്റെ മണ്ഡലത്തിൽ, തിരുവനന്തപുരത്ത് ടെക്നോപാർക്കിൽ ഈ ജനുവരി 15-ന് തുടങ്ങിയിരിക്കുകയാണ്. എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ക്ലബ്ബ് (ഇ.ഡി.സി.) ആരംഭിക്കുന്നതിനുള്ള ഒരു സംവിധാനമായിട്ടാണ് സ്റ്റാർട്ടപ് ബ്യൂട്ട് ക്യാമ്പുകൾ തുടങ്ങിയിരിക്കുന്നത്. അതുകൊണ്ട് ഇനി നമ്മൾ യുവജന നയം നടപ്പിലാക്കുമ്പോൾ....... തീർച്ചയായും എന്റെ സ്നേഹിതന്മാരായ ശ്രീ. റ്റി വി. രാജേഷും ഡോ. കെ. ടി. ജലീലും ബഹുമാന്യനായ ഇ. ചന്ദ്രശേഖരനുമൊക്കെ സൂചിപ്പിച്ച ഇഷ്യൂസെല്ലാം ഞാൻ അഡ്രസ് ചെയ്യുന്നുണ്ട്. അവരോ

ടെല്ലാം ഞാൻ യോജിക്കുകയാണ്. ആർഭാടങ്ങൾക്കെതിരായി, വർഗ്ഗീയത യ്ക്കെതിരായി, മദ്യവിപത്തിനെതിരായി യുവാക്കളുടെ മുന്നേറ്റമുണ്ടാകണം. അതോടൊപ്പംതന്നെ ചില കാര്യങ്ങൾ നമ്മൾ കാണാതെ പോകരുത്, തൊഴിലി ല്ലായ്മയെക്കുറിച്ച് പരിതപിച്ചു നടക്കാതെ, ആകാശത്തുനോക്കി ആത്മഹത്യ യെക്കുറിച്ച് ചിന്തിക്കുന്നതിന് പകരം ആത്മവിശ്വാസത്തോടുകൂടി ഈ സമൂ ഹത്തിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്തുവാൻ തയ്യാറാകുന്ന ഒരു യുവത്വം നമ്മുടെ ഇടയിലുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഈ യൂത്ത് കമ്മീഷന്റെ പ്രവർത്തനങ്ങളെ വിശാലമായ ക്യാൻവാസിൽ, ആ അടിസ്ഥാനത്തിൽ കണ്ടുകൊണ്ട് അവരുടെ കോൺഫിഡൻസിനെ കൂടുതൽ മുന്നോട്ടുകൊണ്ടു പോകാൻ കഴിയുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഇതുമായി ബന്ധപ്പെട്ട് നടത്തണമെന്നുമാത്രം പറഞ്ഞുകൊണ്ട്, ആവർത്തിച്ച കാര്യങ്ങൾ വീണ്ടും പറഞ്ഞുകൊണ്ട് ഈ സഭയുടെ വിലപ്പെട്ട സമയം നഷ്ടപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എ. എം. ആരിഫ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013 – ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

എന്റെ സുഹൃത്ത് ശ്രീ. പി. സി. വിഷ്ണുനാഥ് പ്രസക്തമായ ചില കാര്യങ്ങൾ ഇവിടെ പറഞ്ഞു. പക്ഷേ, അദ്ദേഹം യൂത്ത് കമ്മീഷന്റെ അധികാ രത്തെ സംബന്ധിച്ചും അതിന്റെ സാധ്യതകളെ സംബന്ധിച്ചും പരാമർശിച്ചു കണ്ടില്ല. അതുകൂടി അദ്ദേഹം പറയേണ്ടതായിരുന്നു. ഇവിടെ വൈകിയാണെ

ങ്കിലും ഇത്തരമൊരു യുവജന കമ്മീഷൻ വന്നതിനെ എല്ലാവരും സ്വാഗതം ചെയ്യുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. പി. ശ്രീരാമകൃഷ്ണൻ ചെയർമാനായിരുന്ന യുവജനക്ഷേമ ബോർഡ് യുവജന ബില്ല് കൊണ്ടുവരാൻ തീരുമാനിച്ചിരുന്നു. ആ തീരുമാനത്തിന്റെയടിസ്ഥാന ത്തിൽ ഗവൺമെന്റ് നിയോഗിച്ചതനുസരിച്ച് ഒരു കമ്മിറ്റി ഉണ്ടാക്കിയിരുന്നു. ആ കമ്മിറ്റിയുടെ അടിസ്ഥാനത്തിൽ അവർ ബില്ല് മൂവ് ചെയ്തിരുന്നു. അപ്പോഴേയ്ക്കും ഗവൺമെന്റ് മാറി. അതുകഴിഞ്ഞ് ആ ബില്ലിലെ ഉള്ളടക്ക ങ്ങൾ തന്നെ വച്ചുകൊണ്ട് ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഒരു പ്രൈവറ്റ് മെമ്പേഴ്സ് ബിൽ കൊണ്ടുവന്നപ്പോൾ ഞങ്ങളൊരു ബിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുവെന്ന് ഗവൺമെന്റ് പറഞ്ഞു. അപ്പോൾ ഇതിന് ഒരു പൂർവ്വകാല ചരിത്രമുണ്ട്. എന്തായാലും ഇതിൽ ഉദ്ദേശകാരണങ്ങൾ വിശദീകരിക്കുന്നയി ടത്ത് പറയുന്നതുപോലെയല്ല. ഇവിടെ പറയുന്നത്, ഇൻഡ്യയെ ഒരു വികസിത രാഷ്ട്രമാക്കി രൂപാന്തരപ്പെടുത്തുന്നതിന് യുവജന സമ്പത്ത് ഒരു അവിഭാജ്യ ഘടകമായതിനാൽ യുവജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ തരണം ചെയ്യുന്നതിനും അതിലുൾപ്പെട്ട പ്രശ്നങ്ങൾക്ക് പുതിയ കാഴ്ചപ്പാട് നൽകുന്ന തിനുംവേണ്ടി രൂപീകരിച്ച ദേശീയ യുവജന കമ്മീഷൻ രാജ്യത്തെ യുവജന ങ്ങളുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ട ചില നടപടികൾ ശുപാർശ ചെയ്യുന്നു. നേരത്തെ ഇന്ത്യയിൽ ഉണ്ടായിരുന്ന യുവജന കമ്മീഷന്റെ ഭാഗമാ യിട്ടാണെങ്കിലും അല്ലെങ്കിലും കേരളത്തിൽ ഇതിനു മുമ്പൊരു മൂവ്മെന്റ് നേരത്തെതന്നെ നടന്നിരുന്നുയെന്നുള്ള ചരിത്രമുണ്ട്. എന്തായാലും ഞാൻ അതു സംബന്ധിച്ച തർക്കവിതർക്കങ്ങളിലേയ്ക്കോ അതിന്റെ ഹിസ്റ്ററിയി ലേയ്ക്കോ കടക്കുന്നില്ല. ഇവിടെ പരാമർശിക്കപ്പെട്ട എല്ലാവരുടെയും വിമർശനം ഇതൊരു ഉപദേശക കമ്മീഷനായി മാറുന്നു എന്നുള്ളതാണ്.

ഇതിന് അധികാരങ്ങളോ അവകാശങ്ങളോ ഇല്ല. കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും എന്ന ഭാഗത്തെ ഉള്ളടക്കത്തിൽ ആദ്യം തന്നെ പറയുന്നതും അതു തന്നെയാണ് – "ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, യുവാക്കളുടെ ക്ഷേമത്തിനായി മാർഗ്ഗനിർദ്ദേശം നൽകുന്നതും സഹായിക്കുന്നതും പ്രോത്സാഹിപ്പിക്കുന്നതും കഴിവുകൾ പരിപോഷിപ്പിക്കുന്നതും സർക്കാർ, അതിന് അതത് സമയം എൽപ്പിച്ചുകൊടുത്തേക്കാവുന്ന അങ്ങനെയുള്ള മറ്റു ചുമതലകൾ നിർവ്വഹിക്കുന്നതും കമ്മീഷന്റെ കർത്തവ്യമായിരിക്കുന്നതാണ്." ഒരു ഉപദേശക സ്വഭാവത്തിനപ്പുറമായി മറ്റു കമ്മീഷനുകളെപോലെ പല്ലും നഖവുമുള്ള അധികാരങ്ങളോടുകൂടിയ, പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം വകവച്ചു നൽകുന്ന ഒരു കമ്മീഷനായി ഇതിനെ മാറ്റണം. ആ നിലയിൽ ഈ കമ്മീഷന് വളരെ പരിമിതമായ അധികാരാവകാശങ്ങൾ മാത്രമേയുള്ളൂ. ഇപ്പോൾ പറയുന്ന കാര്യങ്ങളാണെങ്കിൽ നിലവിൽ പ്രവർത്തിക്കുന്ന യുവജന ക്ഷേമ ബോർഡ് ഒരുവിധം നന്നായി പ്രവർത്തിക്കുന്നുണ്ട്, ഇല്ലെന്ന് പറയാൻ കഴിയില്ല. പക്ഷേ, ആ ബോർഡിന്റെ പ്രവർത്തനത്തിനപ്പുറമായി ഇതിന് എന്താണ് സംഭാവന ചെയ്യാൻ കഴിയുന്നത്? അവിടെ അതിന് ചെയ്യാൻ കഴിയാത്ത എതെല്ലാം കാര്യങ്ങളിലേയ്ക്കാണ് ഈ യുവജന കമ്മീഷൻ കടന്നുപോകുന്നതെന്ന് വിശദീകരിക്കപ്പെടാൻ കഴിയണം. അങ്ങനെ നോക്കുമ്പോൾ ഒരേയവസരത്തിൽ തുല്യ അധികാരങ്ങളോടുകൂടിയ അല്ലെങ്കിൽ തുല്യ പ്രവർത്തികൾ ചെയ്യുന്ന രണ്ട് സംവിധാനങ്ങളുണ്ടാകുന്നു. ഒന്നിന്റെ ചെലവുകൂടി അധികരിച്ചുവരുന്നു എന്നതിന് അപ്പുറമായി, ഒരു ബോർഡിന് അപ്പുറമായി മറ്റു കാര്യങ്ങളൊന്നും ചെയ്യുന്നില്ല എന്നുള്ളതാണ്.

ഇപ്പോൾ കമ്മീഷൻ കുറെ കാര്യങ്ങളിൽ ഇടപെടുന്നുണ്ട്. ഇങ്ങനെയുള്ള കാര്യങ്ങളിൽ നേരത്തെയും യുവജനക്ഷേമ ബോർഡ് ഇടപെട്ടിരുന്നു. ഇപ്പോൾ കൂടുതൽ പണം കൊടുക്കാൻ ബഡ്ജറ്റ് സപ്പോർട്ടർമാർ പറയുന്നുണ്ട്. അതനുസരിച്ച് വരുമ്പോൾ കുറെ കാര്യങ്ങൾ യുവജനക്ഷേമ ബോർഡിന് ചെയ്യാൻ സാധിക്കും. യുവജനക്ഷേമ ബോർഡിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾക്കപ്പുറമുള്ള ഏതെല്ലാം കാര്യങ്ങളിലേയ്ക്കാണ് ഈ കമ്മീഷൻ പ്രവർത്തിക്കുന്നതെന്ന് വിശദീകരിക്കുവാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് സാധിക്കുമോ? ഈ ബില്ലിലുള്ള നല്ല കാര്യങ്ങളെല്ലാം വായിച്ചു നോക്കിയിട്ടും അത്തരത്തിലുള്ള അധികാര അവകാശങ്ങൾ എവിടെയും പരാമർശിക്കപ്പെടുന്നില്ല. എല്ലാ കാര്യങ്ങളും ഗവൺമെന്റിലേക്ക് ശുപാർശ ചെയ്യുകയാണ് ചെയയ്തിരിക്കുന്നത്. ആ കാര്യങ്ങൾ സ്വീകരിക്കുകയോ തള്ളിക്കളയുകയോ ചെയ്യാം. ഈ നിലയിലേയ്ക്കപ്പുറമായി ഒന്നും ഈ ബില്ലിൽ കാണാൻ കഴിയുന്നില്ലെന്നതാണ് ദൗർഭാഗ്യകരമായ ഒരു വസ്തുത. അതായത് വളരെ വളരെ വീര്യം കുറഞ്ഞ യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനത്തേക്കാൾ വീര്യം കുറഞ്ഞ കമ്മീഷനായി മാറുന്നുവെന്നുള്ളതാണ് ഇതിന്റെ മുഖ്യ പരിമിതി. നിയമപരമായ പിൻബലം അവരുടെ തീരുമാനങ്ങൾ എടുക്കാൻ അവർക്ക് കഴിയുന്നില്ല എന്നതാണ് ഏറ്റവും വലിയ ദൗർബല്യം. ഉദാഹരണത്തിന് പി.എസ്.സി. –യുടെ നിയമനങ്ങൾ റാങ്ക് ലിസ്റ്റ് പ്രകാരം യഥാസമയം നടത്തണമെങ്കിൽ ഉദ്യോഗസ്ഥന്മാർ വേക്കൻസി റിപ്പോർട്ട് ചെയ്യണം. പല വകുപ്പുകളിലും യാതൊരു വിധത്തിലുള്ള ഒഴിവുകളും ഉദ്യോഗസ്ഥന്മാർ യഥാസമയം റിപ്പോർട്ട് ചെയ്യുന്നില്ല. ആധുനിക സാങ്കേതിക വിദ്യ വളരെയധികം വികസിച്ച ഒരു ലോകത്താണ് നാം

ജീവിക്കുന്നത്. ഏതെങ്കിലും ഡിപ്പാർട്ടുമെന്റിൽ ഒഴിവുണ്ടായാൽ സ്വമേധയാ പി.എസ്.സി. റാങ്ക് ഹോൾഡറിന് കിട്ടത്തക്കരീതിയിൽ പി.എസ്.സി.യുമായി ചേർന്നുകൊണ്ട് ലിങ്ക് ചെയ്യാവുന്നതാണ്. ഇന്നത്തെ സാങ്കേതിക വിദ്യ ആ നിലയിൽ പുരോഗമിച്ചിട്ടുണ്ട്. ഒരാൾ ദീർഘകാല അവധി എടുത്തതു പ്രകാരമോ, വിരമിച്ചതിന്റെ അടിസ്ഥാനത്തിലോ ഡിപ്പാർട്ടുമെന്റുകളിൽ വേക്കൻസികൾ ഉണ്ടാകുമ്പോൾ റാങ്ക് ലിസ്റ്റ് പ്രകാരം കിട്ടേണ്ട ഉദ്യോഗാർത്ഥി കളെ ഉടനെ വിവരം അറിയിക്കേണ്ടതാണ്. ആ ഒഴിവ് പ്രകാരം താങ്കൾ അർഹനാണെങ്കിൽ ബന്ധപ്പെട്ട വകുപ്പിനോട് ബന്ധപ്പെടാമെന്നുള്ള വിവരം ഉദ്യോഗാർത്ഥിക്കോ പി.എസ്.സി. – ക്കോ നൽകാവുന്നതാണ്. ഈ വിവരം പി.എസ്.സി.–ക്ക് ഉടനെ റാങ്ക് ഹോൾഡേഴ്സിനെ അറിയിക്കാവുന്നതാണ്. ഇത്തരത്തിൽ പരസ്പരം ലിങ്ക് ചെയ്യപ്പെടാവുന്ന ഒന്നായി ഇതുമാറുന്നു. യഥാസമയം വേക്കൻസികൾ റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥന്മാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുമോയെന്ന് എത്രയോ തവണ ബഹുമാന പ്പെട്ട മുഖ്യമന്ത്രിയോട് ചോദിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണെന്നും അവരെ ചോദ്യം ചെയ്യുന്നതുമാണെന്ന് ആലങ്കാരികമായി മുഖ്യമന്ത്രി മറുപടിയും നൽകിയിട്ടുണ്ട്. പക്ഷേ, ഇന്നു വരെ ഒരു ഗവൺമെന്റും റിപ്പോർട്ട് ചെയ്യാത്ത ഒരു ഉദ്യോഗസ്ഥന്റെ പേരിലും ഒരു നടപടിയും എടുത്തിട്ടില്ല. ഈ അടുത്ത ദിവസം റാങ്ക് ഹോൾഡേഴ്സെ ല്ലാവരും കൂടി സെക്രട്ടേറിയറ്റുനടയിൽ ആത്മാഹൂതി സമരം നടത്തുകയു ണ്ടായി. കക്ഷി രാഷ്ട്രീയമൊന്നുമില്ലാതെ എല്ലാ രാഷ്ട്രീയത്തിലുംപെട്ട ചെറുപ്പക്കാരായ ആൾക്കാരാണ് ആത്മാഹൂതി സമരം നടത്തിയത്. യഥാസമയം വേക്കൻസികൾ റിപ്പോർട്ട് ചെയ്തിരുന്നെങ്കിൽ റാങ്ക് ഹോൾഡേ ഴ്സായിട്ടുള്ള കുറച്ചു പേർക്കെങ്കിലും നിയമനം കിട്ടുമായിരുന്നു. ഇക്കാര്യ

ത്തിൽ എന്ത് ചെയ്യാൻ സാധിക്കും? കമ്മീഷന് ഈ കാര്യങ്ങളിൽ ഇടപെടാൻ സാധിക്കുമോ? ഈ കമ്മീഷന്റെ ദൗർബല്യങ്ങളെക്കുറിച്ച് നാം ബോധവാന്മാരാകണം. ഒരു കമ്മീഷനെ കൊണ്ടുവരികയും യുവാക്കളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ മുൻകൈ എടുത്തിരിക്കുന്നുവെന്നും വേണമെങ്കിൽ അഭിമാനം കൊള്ളുകയോ ഊറ്റം കൊള്ളുകയോ ചെയ്ത് സൂയൂജ്യമടയാവുന്നതാണ്. പക്ഷേ, അതൊരു ഉപരിവിപ്ലവമായ ഒരു ഊറ്റംകൊള്ളൽ മാത്രമാണ്. കടന്നുകയറി എന്തെങ്കിലും ചെയ്യാൻ കഴിയില്ല എന്നുള്ളതാണ് കമ്മീഷന്റെ ഏറ്റവും വലിയ ദൗർബല്യം. പി.എസ്.സി.-യിൽ പ്രായത്തിന്റെയും അപേക്ഷിക്കാനുള്ള പ്രായത്തിന്റെയും പ്രശ്നങ്ങളുണ്ട്. ഇതിനെ സംബന്ധിച്ച് മറ്റുള്ള അംഗങ്ങൾ പറഞ്ഞ വിഷയങ്ങളെക്കുറിച്ചൊന്നും വിശദീകരിക്കുന്നില്ല. ഓരോ സെക്ടർവൈസിലും അൺഎയ്ഡഡ് വിദ്യാലയങ്ങളിൽ കൊടുക്കുന്ന ശമ്പളത്തിന്റെ പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. യുവതീ-യുവാക്കളാണ് ജോലി ചെയ്യുന്നത് എന്നതിനാൽ, അവരുടെ സേവനവേതന വ്യവസ്ഥകളിലൊന്നും ഇടപെടാൻ സാധിക്കുകയില്ല. അങ്ങനെയുള്ള പല കാര്യങ്ങളിലും ഇടപെടാൻ സാധിക്കില്ല. കൂടാതെ നഴ്സുമാരുടെ കാര്യത്തിലും ഐ.റ്റി. സെക്ടറിന്റെ കാര്യത്തിലും സേവന വേതന വ്യവസ്ഥകളുടെ കാര്യത്തിലും കമ്മീഷന്റെ തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനുള്ള കാര്യങ്ങളിലും കമ്മീഷന്റെ ചുമതലകൾ നിർവ്വചിക്കപ്പെടുന്ന കാര്യങ്ങളിലുമെല്ലാം യുവജനക്ഷേമ ബോർഡ് ഇടപെടുന്നുണ്ട്. നാളെയും അവർക്ക് ചെയ്യാവുന്നതാണ്. അതെല്ലാം നിർവ്വഹിക്കപ്പെടുന്ന കാര്യങ്ങൾക്കുവേണ്ടി ചെയ്യണമെന്നാണ്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, സംസ്ഥാന സർക്കാർ നിയോഗിച്ച പബ്ലിക് ആന്റ് എക്സ്പെന്റിച്ചർ കമ്മിറ്റി യുവജനങ്ങളുടെ പെൻഷൻ പ്രായം 58 ആക്കി ഉയർത്തണമെന്നും സർക്കാർ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി യെ അഭിമുഖികരിക്കുകയുമാണെന്ന ഒരു ശുപാർശ സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്. ഇത് ബഹുമാന്യനായ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ. എം. ആരിഫ്</u> : സർ, എന്റെ സുഹൃത്ത് ശ്രീ. പി. സി. വിഷ്ണു നാഥ് ഒരിക്കൽ പെൻഷൻ പ്രായം വർദ്ധിപ്പിക്കുമോ എന്നുള്ള പ്രശ്നത്തിനു വേണ്ടി നിയമസഭയിൽ ഒരു സബ്മിഷൻ അവതരിപ്പിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പി. സി. വിഷ്ണുനാഥിന് മറുപടി കൊടുത്തത് ഒരു കാരണ വശാലും പെൻഷൻ പ്രായം വർദ്ധിപ്പിക്കില്ല എന്നുമാത്രമല്ല വർദ്ധിപ്പിക്കുന്ന തിനെക്കുറിച്ചുള്ള ഏതെങ്കിലും ആലോചനകൾ നടക്കുകയാണെങ്കിൽ അത് യുവജനസംഘടനകളുമായി ചർച്ച ചെയ്ത് ആലോചിച്ചതിനുശേഷം മാത്രമേ വർദ്ധിപ്പിക്കുകയുള്ളു എന്നാണ് പറഞ്ഞത്. പക്ഷേ, വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് പത്രത്തിലൂടെ വായിച്ചാണ് ശ്രീ. പി. സി. വിഷ്ണുനാഥും മനസ്സിലാ ക്കിയത്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : സർ, ബഹുമാന്യനായ ഡോ. തോമസ് ഐസക് പെൻഷന്റെ ഏകീകരണം കൊണ്ടുവന്നതിനുശേഷമാണ് പെൻഷൻ പ്രായം 55 –ൽ നിന്ന് 56–ലേക്ക് മാറ്റിയത്. അതുവരെ 55 വയസ് തന്നെയായി രുന്നു പെൻഷൻ പ്രായം. പെൻഷൻ ഏകീകരണത്തിന്റെ അശാസ്ത്രീയത കൾ മനസ്സിലാക്കികൊണ്ട് പെൻഷൻ പ്രായം 56 ആക്കി നിജപ്പെടുത്തുകമാ ത്രമാണ് ചെയ്തത്. പുതിയതായി 56 വയസ്സ് ആക്കുന്നതിനുള്ള തീരുമാനം ഈ ഗവൺമെന്റ് എടുത്തിട്ടില്ല. അങ്ങനെയുള്ള തീരുമാനം പുതിയതായി

എടുക്കുകയാണെങ്കിൽ യുവജന സംഘടനാ നേതാക്കന്മാരുമായി ആലോചിച്ചുമാത്രമേ ചെയ്യുകയുള്ളു എന്നാണ് പറഞ്ഞത്. അങ്ങനെമാത്രമേ ചെയ്യുകയുള്ളു എന്നാണ് ഇപ്പോഴും ഞങ്ങളുടെയെല്ലാം വിശ്വാസം.

<u>ശ്രീ. എ. എം. ആരിഫ്</u> : സർ, അങ്ങ് ഇപ്പോഴും ഈ സഭയെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുകയാണ്. വീണിടത്തു കിടന്ന് ഉരുളുകയാണ്. നേരത്തെ പെൻഷൻ പ്രായം 55 എന്നുള്ളത് 56 ആക്കി കൊണ്ടുള്ള ഉത്തരവ് ഉണ്ടായിരുന്നില്ല.

<u>ശ്രീ. റ്റി. വി. രാജേഷ്</u> : സർ, ബഹുമാന്യനായ ശ്രീ. പി. സി. വിഷ്ണുനാഥിനോട് മുഖ്യമന്ത്രി പറഞ്ഞത് യുവജനങ്ങളോട് ആലോചിച്ചതിനുശേഷമേ പെൻഷൻ വർദ്ധിപ്പിക്കുകയുള്ളു എന്നാണ്. നേരത്തെ പെൻഷൻ പ്രായം 56 ആക്കാനുള്ള തീരുമാനം സംബന്ധിച്ച് ഇവിടെ സബ്മിഷൻ ഉന്നയിച്ചപ്പോൾ മുഖ്യമന്ത്രി നൽകിയ മറുപടി യുവജനസംഘടനകളുമായി ആലോചിച്ചതിനുശേഷം മാത്രമേ തീരുമാനമെടുക്കു എന്നുള്ളതാണ്. എന്നാൽ ബഡ്ജറ്റിൽ അത് ഏകപക്ഷീയമായി പ്രഖ്യാപിക്കുകയാണ് ചെയ്തത്. ഒന്നു പറയുകയും അതിന് ഘടകവിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു രീതിയാണ് കേരളത്തിലെ മുഖ്യമന്ത്രി സ്വീകരിക്കുന്നതെന്ന അഭിപ്രായത്തോട് താങ്കൾ യോജിക്കുന്നുണ്ടോ?

<u>ശ്രീ. എ. എം. ആരിഫ്</u> : സർ, ആ കാര്യങ്ങളൊക്കെ അറിയാവുന്നതാണ്. ശ്രീ.പി. സി. വിഷ്ണുനാഥ്, ഇവിടെ പെൻഷൻ പ്രായം 56 ആക്കിയിരിക്കുന്നു എന്നവസ്ഥയുണ്ടെങ്കിൽ അങ്ങ് ഒരു സബ്മിഷനുമായി വരേണ്ട കാര്യമില്ലായിരുന്നു. ഞാൻ നല്ലവണ്ണം അക്കാര്യങ്ങളെക്കുറിച്ച് ഓർക്കുന്നുണ്ട്. രേഖയിൽ വേണമെങ്കിൽ പരിശോധിക്കാവുന്നതാണ്. അങ്ങ്

പെൻഷൻ പ്രായം 56 ആക്കുന്നതിനെതിരായും പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിനെതിരായുമായാണ് അങ്ങ് സബ്മിഷൻ കൊണ്ടുവന്നത്. പക്ഷെ, അങ്ങയുടെ നേതാവ് അങ്ങയെ വെട്ടിലാക്കി.

ശ്രീ. ആർ. രാജേഷ് : സർ, യുവജനസംഘടനകളുമായി ആലോചിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞതല്ലാതെ ഒരു സംഘടനയുമായി ആലോചിച്ച് കണ്ടില്ല. ഇപ്പോൾ ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി പബ്ലിക് എക്സ്പെന്റിച്ചർ കമ്മിറ്റി 56 എന്നുള്ളത് 58 ആക്കി മാറ്റുന്നതിനുവേണ്ടിയുള്ള ശുപാർശ ഗവൺമെന്റിലേക്ക് കൊടുത്തു. അത് നടപ്പിലാക്കാൻ പോകുന്നു എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, മനഃപൂർവ്വമായി ഒരു തെറ്റിദ്ധാരണ സഭയിൽ ഉണ്ടാക്കേണ്ട കാര്യമില്ല. ഗവൺമെന്റ് അതേ ശുപാർശ ഈ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊടുത്തിട്ടുള്ളതായിരുന്നു. ശുപാർശ അങ്ങനെ കൊടുക്കാറുണ്ട്. ശുപാർശ സ്വീകരിക്കാൻ കഴിയുന്നവയാണെങ്കിൽ ഗവൺമെന്റ് സ്വീകരിക്കും. സ്വീകരിക്കാൻ കഴിയാത്തവയാണെങ്കിൽ ഗവൺമെന്റ് സ്വീകരിക്കുകയില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇതേ ശുപാർശ കൊടുത്തപ്പോൾ സ്വീകരിച്ചോ? സ്വീകരിച്ചില്ലെന്നുമാത്രമല്ല പെൻഷൻ ഏകീകരണം എന്നൊരു പിൻവാതിൽ ഏർപ്പാട് നടത്തുകയുണ്ടായി. ഞാനന്ന് യൂത്ത് കോൺഗ്രസ്സ് പ്രസിഡന്റാണ്. കേരളത്തിൽ ഏതെങ്കിലും യുവജന സംഘടനാ നേതാക്കന്മാരുമായി ചേർന്ന് ചർച്ച ചെയ്തിട്ടാണോ ഡോ. ടി.എം. തോമസ് ഐസക് പെൻഷൻ ഏകീകരണം പ്രഖ്യാപിച്ചത്?

ശ്രീ. എ. എം. ആരിഫ് : സർ, പെൻഷൻ ഏകീകരണം ഉണ്ടായിരുന്നിട്ടും അങ്ങ് ഇവിടെ ഒരു സബ്മിഷൻ കൊണ്ടുവന്നത് എന്തിനാണ്? ഒരു ഉത്തരവിന്മേൽ പെൻഷൻപ്രായം 56 ആക്കാനുള്ള സാധ്യത കണ്ടുകൊണ്ടാണ് അങ്ങ് സബ്മിഷൻ അവതരിപ്പിച്ചത്. പെൻഷൻ പ്രായം കൂട്ടുന്ന സമയത്ത് അങ്ങ് യൂത്ത് കോൺഗ്രസ് പ്രസിഡന്റുകൂടിയായിരുന്നു. അപ്പോൾ കേരളത്തിലെ യുവജനങ്ങളെ പ്രതിനിധീകരിക്കുന്ന ഒരു പ്രസ്ഥാനത്തിന്റെ നേതാവെന്ന നിലയിൽ അങ്ങ് അവരുടെ മുന്നിൽ പെൻഷൻപ്രായം 56 ആക്കരുത് എന്ന ഉദ്ദേശം ഉറപ്പുവരുത്താൻവേണ്ടിയാണ് അങ്ങ് സബ്മിഷനിലൂടെ ആവശ്യപ്പെട്ടത്. നേരത്തെ പെൻഷൻ തീയതി ഏകീകരിക്കുന്ന കാര്യത്തെ സംബന്ധിച്ച് ഒരു ഉത്തരവ് ഉണ്ടെങ്കിൽ അതിനപ്പുറമായ കാര്യമാണ് നടന്നത്. അതിനെ ന്യായീകരിക്കാൻ അങ്ങ് ശ്രമിക്കുന്നത് ശരിയല്ല. അങ്ങയടക്കമുള്ളവരെ പറ്റിക്കുകയും വഞ്ചിക്കുകയുമാണ് ചെയ്തിരുന്നതെന്നുള്ള വസ്തുത അങ്ങേയ്ക്ക് ബോധ്യപ്പെടേണ്ടതാണ്. അതിനെക്കുറിച്ചൊന്നും കൂടുതൽ സംസാരിക്കുന്നില്ല. എക്സ്പെന്റീച്ചർ കമ്മിറ്റി നേരത്തെ ശുപാർശ ചെയ്തിട്ടുണ്ട്. അതുകൊണ്ട് അത് സ്വീകരിച്ചില്ല. ഇപ്പോഴും വന്നിട്ടുണ്ടെങ്കിലും സ്വീകരിച്ചില്ല എന്നു പറയുമ്പോൾ സ്വീകരിക്കാനുള്ള സാധ്യതകളിലേയ്ക്കാണ് പോകുന്നതെന്ന ആശങ്ക ഇപ്പോഴും യുവജന പ്രസ്ഥാനങ്ങൾക്കുണ്ട്. അങ്ങ് നേരത്തെ ഇവിടെ സബ്മിഷൻ ഉന്നയിച്ച് നേടിയ ഉറപ്പുപോലെയാകരുത്. ഇനിയും ഇക്കാര്യത്തിൽ അങ്ങ് വിശ്വസിക്കുന്നിടത്ത് കാര്യങ്ങൾ എത്തിക്കാൻ അങ്ങേയ്ക്ക് ഇടപെടാൻ കഴിയണം. അതുമാത്രമേ എനിക്ക് പറയാൻ കഴിയുകയുള്ളു. അല്ലാതെ അങ്ങ് ഇത് വിശ്വസിച്ചിരുന്നാൽ അടികിട്ടും. നേരത്തെ മറ്റ് സംസ്ഥാനങ്ങളിലെ തൊഴിലാളികൾ

ഇവിടെ വന്ന് ജോലി ചെയ്യുന്ന കാര്യത്തെക്കുറിച്ചും ഇവിടെയുള്ള ആളുകകൾ ഇതിനെക്കാൾ ബുദ്ധിമുട്ടേറിയ സാഹചര്യത്തിൽ ഗൾഫ് രാജ്യ ങ്ങളിൽ ജോലി ചെയ്യുന്ന കാര്യത്തെ സംബന്ധിച്ചും പറഞ്ഞു. തൊഴിലിന് സംസ്കാരം വളർത്തണം. എന്താണ് നമ്മുടെ രാജ്യത്ത് സംഭവിച്ചുകൊണ്ടിരി ക്കുന്നത്?

ലോകം മുഴുവൻ ആഗോളവത്ക്കരിക്കപ്പെടുകയാണ് എന്നുള്ളത് യാഥാർത്ഥ്യമാണ്. അതുകൊണ്ട് ആഗോളവത്ക്കരണത്തിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്തി മുന്നേറണം എന്നൊക്കെ നമുക്ക് പറയാൻ കഴിയും. ഇത് നമ്മുടെ സമൂഹത്തിൽ വരുത്തുന്ന മാറ്റങ്ങൾ നിസ്സാരമായി നാം കാണ രുത്. ആഗോളവത്ക്കരണം ലോകത്തെ എവിടെ എത്തിച്ചിരിക്കുന്നു; ആഗോളവത്ക്കരണം നമ്മുടെ തലമുറയെ വലിയ തോതിൽ അരാഷ്ട്രീയവ ത്ക്കരിക്കപ്പെടുകയാണ്. ആ അരാഷ്ട്രീയവത്ക്കരണം പ്രതികരിക്കാനുള്ള ശേഷിയെ ഇല്ലാതാക്കിയിരിക്കുന്നു. യുവത്വത്തിന്റെ ഏറ്റവും വലിയ സവി ശേഷത പ്രതികരിക്കാനുള്ള ശേഷിയാണ്. ക്ഷുഭിത യൗവ്വനം പ്രതികരിക്കാ നുള്ള കർമ്മശേഷി വളരെ കൂടുതലായ പ്രായം, വളരെയധികം ആളുകളുടെ പേരുകൾ ഉദ്ധരിക്കുകയുണ്ടായി. ചന്ദ്രശേഖർ ആസാദ്, ഷഹീദ് ഭഗത് സിംഗ്, രാജ്ഗുരു, സുഖ്ദേവ് ഉൾപ്പെടെയുള്ള ഒട്ടേറെ ആളുകളുടെ പേരുകൾ ഇവിടെ പരാമർശിച്ചു. ആഗോളവത്ക്കരണം ഇവിടെ അരാഷ്ട്രീയമായ ഒരു സമൂഹത്തെ കെട്ടിപ്പടുത്തുകൊണ്ടിരിക്കുകയാണ് എന്നാണ് ഞാൻ പറഞ്ഞത്. എന്താണ് ഈ അരാഷ്ട്രീയവത്ക്കരണം സമൂഹത്തിൽ ചെയ്തുകൊണ്ടിരി ക്കുന്നത്; ലോകം മുഴുവൻ തങ്ങളുടെ കൈപ്പിടിയിലേയ്ക്കൊതുക്കാൻ സാമ്രാജ്യത്വ ശക്തികൾ ലോകത്ത് ഇടപെട്ടുകൊണ്ടിരിക്കുകയാണ്. അവർ

ഭരണകൂടങ്ങളെ നിയന്ത്രിക്കുന്ന സ്ഥിയിലേയ്ക്ക് മാറി. ഭരണകൂടങ്ങളെ വില യ്ക്കുവാങ്ങാനുള്ള ശേഷിയിലേയ്ക്ക് അവർ മാറി. അവർ കമ്പോള സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കുകയാണ്. അവർ അവരുടെ സമ്പദ് സാമ്രാജ്യം വലുതാക്കിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ വലുതാക്കിക്കൊണ്ടിരിക്കു മ്പോൾ ചൂഷണാധിഷ്ഠിതമായ ഒരു സാമൂഹിക ക്രമമാണ് അവർ പടുത്തു യർത്താൻ ശ്രമിക്കുന്നത്. ചൂഷണം എന്നുപറയുമ്പോൾ അധ്വാനത്തിന് കൊടുക്കേണ്ട വേതനം കൊടുക്കാതെ പരമാവധി കുറഞ്ഞ കൂലിക്ക് ആളുക ളെക്കൊണ്ട് അധ്വാനിപ്പിച്ച് ലാഭമുണ്ടാക്കാനുള്ള വ്യഗ്രത ലോകം മുഴുവൻ വന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായിട്ടാണ് കോൺട്രാക്ട് നിയമ നങ്ങളൊക്കെ വരുന്നത്. കൂടാതെ മാർക്കറ്റിംഗ് പിടിച്ചെടുക്കാനുള്ള ശ്രമം നടത്തുന്നതുമെല്ലാം ഇതിന്റെ ഭാഗമാണ്. ഇന്ത്യൻ പാർലമെന്റുപോലും അതിന് നിയമസാധുത കൊടുത്തിരിക്കുകയാണ്. ഇന്ത്യൻ പാർലമെന്റ് എന്നു പറഞ്ഞാൽ, വിദേശ ശക്തികൾക്കെതിരായുള്ള പോരാട്ടങ്ങളിൽ ചരിത്രം രചിച്ച ഇന്ത്യൻ പാർലമെന്റ്, ബ്രിട്ടീഷുകാരുടെ പാർലമെന്റിനകത്തു കയറി സ്ഫോടനം സൃഷ്ടിച്ചുകൊണ്ട് സാമ്രാജ്യത്വ ശക്തികൾക്കെതിരെ ഭീഷണി മുഴക്കിയ ഷഹീദ് ഭഗത് സിംഗിന്റെ നാടായ ഇവിടെ നിന്നുകൊണ്ട്.......... അതേ പാർലമെന്റ് ഇന്ത്യക്കാർക്ക് കൈമാറിക്കഴിഞ്ഞപ്പോൾ ഇന്ത്യൻ പാർല മെന്റ് മെമ്പർമാർക്ക് വിപ്പ് കൊടുത്തു. ചെറുകിട വ്യാപാരമേഖലയിലേക്ക് കട ന്നുവരുന്ന വിദേശശക്തികൾക്ക് അനുകൂലമായി നമ്മൾ വോട്ട് ചെയ്യണം, അവർക്ക് എഫ്.ഡി.ഐ. കൊടുക്കാനുള്ള അനുവാദം കൊടുക്കാൻവേണ്ടി വോട്ട് ചെയ്യണമെന്നുള്ള വിപ്പ് കൊടുത്തു. എത്രത്തോളം അപകടകരമാണെ ന്നോർക്കണം. അപ്പോൾ ഞാൻ പറയുന്നത് ഇതെല്ലാം അവരുടെ ശക്തിയെ യാണ് കാണിക്കുന്നത് എന്നാണ്. ലോകത്തിലെ അങ്ങനെ സ്വാധീനിച്ച ഒരു

ഭരണകൂടത്തെ തന്നെ നിയന്ത്രിച്ചുനിർത്താൻ വേണ്ടി 125 കോടി ഡോളർ ചെലവഴിച്ചു എന്ന് അമേരിക്കൻ സെനറ്റിൽ കണക്കുകൊടുത്തിരിക്കുകയാണ് വാൾമാർട്ട് പോലുള്ള കമ്പനികൾ. അപ്പോൾ ഭരണകൂടത്തെ വിലയ്ക്കെടുക്കാൻ അവിടത്തെ ഉദ്യോഗസ്ഥർക്കും ഇവിടത്തെ ഉദ്യോഗസ്ഥർക്കുമെല്ലാം കൊടുത്ത കൈക്കൂലിയുടെ കണക്കടക്കം അവർ സെനറ്റിൽ എഴുതിക്കൊടുത്തിരിക്കുകയാണ്. അതെല്ലാം ഇനി ചർച്ച ചെയ്യപ്പെടും. അപ്പോൾ ലോകം മുഴുവൻ തങ്ങളുടെ നിയന്ത്രണത്തിൽ കൊണ്ടുവരാനുള്ള അവരുടെ പരിശ്രമത്തിനെതിരായി വരുന്ന പ്രതിഷേധത്തെ ഇല്ലായ്മ ചെയ്യാൻ എല്ലാ തരത്തിലുമുള്ള അരാഷ്ട്രീയവത്ക്കരണം നമ്മുടെ സമൂഹത്തിൽ വരുത്തിക്കൊണ്ടിരിക്കുകയാണ്. ആ വസ്തുതകൾ നമ്മൾ കാണാതെ പോകരുത്. ആ അരാഷ്ട്രീയവത്ക്കരണം എവിടെ ചെന്നെത്തിയിരിക്കുന്നു; തങ്ങൾക്ക് തീരുമാനിക്കുന്ന കാര്യങ്ങൾ യഥേഷ്ടം ഏത് രാജ്യത്തും നടപ്പിലാക്കാം. പ്രതികരിക്കാനുള്ള ചെറുപ്പക്കാരുടെ തലമുറയെ, അവരുടെ കഴിവിനെ വന്ധ്യംകരിക്കപ്പെടുന്നു എന്നുവേണമെങ്കിൽ പറയാം. അങ്ങനെ വന്ധ്യംകരിക്കപ്പെടുന്ന അവസ്ഥയിലേയ്ക്കാണ് നമ്മുടെ സമൂഹം പൊയ്ക്കൊണ്ടിരിക്കുന്നത്. പ്രതികരിക്കാനുള്ള ശേഷി നമുക്കില്ല. ....

ശ്രീ. ആർ. രാജേഷ്: സർ, അപ്പുറത്ത് സംസാരിക്കുന്ന ആളുകൾ, പ്രതിപക്ഷ ബഹുമാനത്തെ സംബന്ധിച്ചും സമവായത്തെ സംബന്ധിച്ചുമൊക്കെയാണ് സൂചിപ്പിച്ചത്. കഴിഞ്ഞ തവണ നല്ല പ്രതിപക്ഷ ബഹുമാനമായിരുന്നു ഭരണപക്ഷം കാണിച്ചത്. യുവജനക്ഷേമ ബോർഡിൽ യൂത്ത് കോൺഗ്രസ്സിന്റെ നേതാവായ ചന്ദ്രൻ തില്ലങ്കേരിയെയാണ് ഉൾപ്പെടുത്തിയത്. ഇത്തവണ യുവജനക്ഷേമ ബോർഡിൽ പ്രതിപക്ഷത്തുനിന്നും ഒരാളെപ്പോലും

ഉൾപ്പെടുത്തിയിട്ടില്ല. ഇതാണോ പ്രതിപക്ഷ ബഹുമാനം; ആ വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ബഹുമാനപ്പെട്ട മന്ത്രികൂടി ഇടപെട്ട് ഇത് പരിഹരിക്കാനാവശ്യമായ നടപടികൂടി സ്വീകരിക്കണം. എന്നാവശ്യപ്പെടുന്നു.

ശ്രീ. എ.എം. ആരിഫ്: പ്രതിപക്ഷത്തുള്ള യുവജനസംഘടനകളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് സാധാരണ യുവജനക്ഷേമബോർഡുകൾ രൂപീകരിക്കുന്നത് എന്നാണ് എന്റെ ഇതുവരെയുള്ള അറിവ്. ഇടതുപക്ഷം ആ മാതൃക കാണിച്ചു. ഇവിടെ മാത്രമല്ല, ഹജ്ജ് കമ്മിറ്റിയിലും ഉൾപ്പെടുത്തിയില്ല, അപ്പുറത്തുനിന്ന് ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി ആയിരുന്നു എന്ന് തോന്നുന്നു എൽ.ഡി.എഫ്-ന്റെ കാലത്ത് ഹജ്ജ് കമ്മിറ്റിയുടെ പ്രതിനിധി.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ആരിഫ്, ഈ ബില്ലിൽത്തന്നെ ഇനിയും രണ്ടുപേർ സംസാരിക്കാനുണ്ട്. 20 വകുപ്പുകളും നാനൂറിലധികം ഭേദഗതികളുമുണ്ട്. അടുത്ത് ഇനിയുമൊരു ബില്ലുകൂടിയുണ്ട്.

ശ്രീ. എ.എം. ആരിഫ്: ഞാൻ ചുരുക്കുകയാണ്. ബാക്കിയുള്ളവർ സംസാരിച്ച അത്രയും സമയം ഞാനെടുത്തോ;

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി.സി.വിഷ്ണുനാഥ് ഇത്രയും സമയം എടുത്തില്ല. ഇത് ഭേദഗതിയാണ്.

ശ്രീ. എ.എം. ആരിഫ്: ഞാൻ ചുരുക്കുകയാണ്. ശ്രീ. ആർ. രാജേഷിന്റെ ചോദ്യം ബഹുമാന്യയായ മന്ത്രി ശ്രദ്ധിച്ചതായി തോന്നുന്നില്ല. പ്രതിപക്ഷത്തുനിന്ന് ഒരാളെയെങ്കിലും വച്ചുകൊണ്ട് യുവജനക്ഷേമബോർഡ് സംഘടിപ്പിച്ചാൽ കുഴപ്പമൊന്നുമില്ല. ഞങ്ങൾ അത്തരത്തിൽ മാതൃക കാണിച്ചിട്ടുണ്ട്. ഹജ്ജ് കമ്മിറ്റിയുടെ നിയമനത്തിലും ആ മാതൃക കാണിച്ചിട്ടുണ്ട്. ഇപ്പോൾ അതൊന്നും കാണിക്കുന്നില്ല. കാരണം ഒരാളെപ്പോലും സഹിക്കാ

നുള്ള സഹനശക്തി നിങ്ങൾക്കില്ല. അത്രകണ്ട് സങ്കുചിത ചിന്താശക്തിയാണ് നിങ്ങൾക്കുള്ളത്. ബഹുമാനപ്പെട്ട പി.സി. വിഷ്ണുനാഥ് പ്രസംഗിച്ചപ്പോൾ യു.പി.എ. ഗവൺമെന്റിന്റെ നേട്ടങ്ങളെക്കുറിച്ചെല്ലാം പറഞ്ഞു. വനാവകാശ നിയമം, വിവരാവകാശ നിയമം, വിദ്യാഭ്യാസ നിയമം ഇതിനെക്കുറിച്ചൊക്കെ പറഞ്ഞു. അത്യപൂർവ്വമായ ഒരു രാഷ്ട്രീയ പരീക്ഷണത്തിന് 2004 മുതൽ 2009 വരെ ഇന്ത്യാരാജ്യം സാക്ഷ്യം വഹിക്കുകയുണ്ടായി. അതിന് മുമ്പുണ്ടായിരുന്ന സാഹചര്യത്തിൽനിന്നും വ്യത്യസ്തമാണ്. നമ്മളിവിടെ പരസ്പരം മത്സരിച്ചവർ ആർ.എസ്.എസ്-ന്റെ നിയന്ത്രണത്തിലുള്ള എൻ.ഡി.എ. ഭരണം വരാതിരിക്കാൻ വേണ്ടി ഇടതുപക്ഷം ഒന്നാം യു.പി.എ സർക്കാരിനെ പിന്തുണച്ച ഘട്ടത്തിലാണ് ഈ നിയമങ്ങളെല്ലാമുണ്ടായത്. അത് മറക്കരുത്. അതിൽ ഞങ്ങളുടെ സംഭാവന ചെറുതാണെന്ന് ചുരുക്കി കാണിക്കാൻ, വേണമെങ്കിൽ തെരഞ്ഞെടുപ്പ് ഘട്ടത്തിൽ നിങ്ങൾക്ക് പറയാം. പക്ഷെ ഇന്ത്യയുടെ ഓരോ സംസ്ഥാനത്തേയും രണ്ട് ജില്ലകളിൽ മാത്രം നടപ്പിലാക്കാൻ നിങ്ങൾ തീരുമാനിച്ചിരുന്ന തൊഴിലുറപ്പുപദ്ധതി ഇന്ത്യയിലെ സംസ്ഥാനത്തൊട്ടാകെ എല്ലാവർക്കും നൂറുദിവസത്തെ തൊഴിൽ ഉറപ്പുവരുത്തണം എന്നത് നിയമംമൂലം പാസ്സാക്കണമെന്ന് നിർബന്ധംപിടിച്ച്, നിബന്ധനവച്ച്, ഞങ്ങൾ ശഠിച്ച് നിങ്ങളുടെ യോഗങ്ങളിൽ പങ്കെടുക്കാതെ ഇരിക്കുന്ന അവസ്ഥപോലുമുണ്ടാക്കിയാണ് അത് സാധിച്ചെടുത്തത് എന്ന കാര്യം നിങ്ങൾ വിസ്മരിക്കാൻ ശ്രമിക്കരുത്. അങ്ങനെ ഒരുപാട് കാര്യങ്ങളുണ്ട്. അപ്പോൾ ഇതെല്ലാം പറയുമ്പോൾ, ഇതെല്ലാം വെറുതെ പറയുന്നതാണോ എന്ന് നോക്കണം. അക്കാലത്തെ ഞങ്ങളുടെ ഇടപെടലുകളെക്കുറിച്ച് അന്നത്തെ പത്രങ്ങളെടുത്തുനോക്കിയാൽ അറിയാൻ കഴിയും.

<u>ശ്രീ. പി.സി. ജോർജ്</u>: ബംഗാൾ ഘടകം എങ്ങനെയായിരുന്നു എന്നു കൂടി പറയണം.

<u>ശ്രീ. എ.എം. ആരിഫ്</u>: എല്ലാ ഘടകവും ഒരുപോലെയാണ്. ബംഗാൾ ഘടകമല്ല, സി.പി.ഐ(എം)-ന്റെ കേന്ദ്ര കമ്മിറ്റിയാണ് പറഞ്ഞത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്........ 21 മിനിറ്റായി..

<u>ശ്രീ. എ.എം. ആരിഫ്</u>: സർ, പറയാനുദ്ദേശിച്ച കാര്യങ്ങൾ പറയാതിരുന്നാൽ എങ്ങനെയാണ്. അതുകൊണ്ട് ഇന്ത്യാരാജ്യത്തുവന്ന മാറ്റങ്ങളിലെല്ലാം ഇടതുപക്ഷം വഹിച്ച പങ്ക് ചെറുതല്ല. നിങ്ങൾ എത്ര ചുരുക്കിക്കാണാൻ ശ്രമിച്ചാലും ഇതെല്ലാം സത്യമാണ്. ഞാൻ രാഷ്ട്രീയം പറയുകയല്ല, ഇപ്പോൾ തന്നെപത്രങ്ങളിലും വലിയ ഫ്ളക്സ് ബോർഡുകളിലും വന്നുകൊണ്ടിരിക്കുന്നത് രാഷ്ട്രീയ വ്യവഹാരങ്ങളിലെല്ലാം യുവത്വം, കാര്യവിചാരമാണ്. പാർലമെന്റ് തെരഞ്ഞെടുപ്പിൽ പ്രധാനമന്ത്രി സ്ഥാനാർത്ഥിയായി രാഹുൽ ഗാന്ധിയെ പ്രഖ്യാപിക്കുന്നില്ലെങ്കിലും അദ്ദേഹത്തെ ഫോക്കസ് ചെയ്താണ് പ്രചരണ പ്രവർത്തനങ്ങളെല്ലാം നടക്കുന്നത്. ബാക്കിയെല്ലാവരേയും അപ്രസക്തമാക്കി അദ്ദേഹത്തിന്റെ പടവും വച്ചുകൊണ്ടാണ് പരസ്യങ്ങൾ വരുന്നത്. എന്നുപറഞ്ഞാൽ യുവത്വത്തെ ത്രസിപ്പിക്കാൻ, യുവത്വത്തിന്റെ വോട്ട് കരസ്ഥമാക്കാൻ കഴിയുന്ന രൂപത്തിലാണ് പ്രചരണ പ്രവർത്തനങ്ങൾ. പക്ഷെ രാഷ്ട്രീയം വിട്ടൊന്ന് ചിന്തിക്കുക, ഒരു പക്വമായ രാഷ്ട്രീയ നേതൃത്വത്തിലേയ്ക്കാണോ അദ്ദേഹം കൊണ്ടുപോകുന്നത്. ഒരു സാധാരണ ചെറുപ്പക്കാരൻപോലും കാണിക്കാത്ത, വലിയ അനുഭവജ്ഞാനമോ പരിജ്ഞാനമോ വിദ്യാഭ്യാസമോ ഇല്ലാത്ത ഒരു ചെറുപ്പക്കാരൻപോലും കാണിക്കാൻ മടി കാണിക്കുന്നതരത്തിൽ പോലീസ് ജീപ്പിന്റെ മുകളിലേയ്ക്ക് ഓടിക്കയ

റുന്നു., ഒരു ഔദ്യോഗിക വക്താവ് പത്രസമ്മേളനം നടത്തിക്കൊണ്ടിരിക്കുന്ന സ്ഥലത്ത് കയറിവരുന്നു, എന്നിട്ട് ആ ഉത്തരവ് വലിച്ചുകീറിക്കളയുന്ന അപക്വമായ ഒരു യുവത്വത്തെ കാണിച്ച് രാഷ്ട്രത്തെ നയിക്കാൻ പോകുകയാണ്. ഇതൊക്കെ എവിടെയെങ്കിലും നിങ്ങൾ തുറന്നുപറയണം, ഞങ്ങളോട് പറയണമെന്നില്ല. എവിടെയെങ്കിലും തുറന്നുപറയാനുള്ള ആർജ്ജവം കാണിക്കണം. ഞാൻ പറയുന്നത് ഇത്തരത്തിലുള്ള നയങ്ങളുമായി പോയിക്കഴിഞ്ഞാൽ നമ്മൾ രക്ഷപ്പെടില്ല, നമ്മൾ സർഗ്ഗാത്മക യൗവ്വനം, തീക്ഷ്ണ യൗവ്വനം, ക്ഷുഭിത യൗവ്വനം എന്നൊക്കെ പറഞ്ഞിട്ട് കാര്യമില്ല, അവർക്ക് അവരുടേതായ അവകാശങ്ങളുണ്ട്. ആ അവകാശങ്ങൾ സംരക്ഷിക്കാൻ ഈ ബില്ല് അപര്യാപ്തമാണ്. ഈ ബില്ല് യുവജനക്ഷേമ ബോർഡിന്റെ ജോലിക്കപ്പുറം ഒന്നും ചെയ്യുന്നില്ല എന്നുപറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. കെ.എം. ഷാജി: സർ, ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുന്നു. ഈ ബില്ലുമായി ബന്ധപ്പെട്ട് എല്ലാ മെമ്പർമാരും സംസാരിച്ചതുപോലെ വളരെ പ്രധാനമായി വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വളരെ കുറച്ചു കാര്യങ്ങൾ മാത്രമേ ഞാൻ പറയാൻ ഉദ്ദേശിക്കുന്നുള്ളു. എല്ലാവരും പറഞ്ഞതുപോലെ ചെറുപ്പക്കാരെ ബാധിക്കുന്ന പ്രശ്നങ്ങളും അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുമൊക്കെയാണ് പ്രതിപാദിച്ചു കണ്ടത്. ചെറുപ്പക്കാരുടെ ഉത്തരവാദിത്തമെന്ന് പറയുന്നത് അവരുടെ അവകാശത്തേക്കാൾ പ്രധാനപ്പെട്ട ഒന്നാണ്. കാരണം അവരുടെ പ്രശ്നമെന്ന് പറയുന്നത് അല്ലെങ്കിൽ അവർ ഏറ്റെടുക്കേണ്ടുന്ന പ്രശ്നങ്ങളെന്ന് പറയുന്നത് സമൂഹത്തിന്റെ മുഴുവൻ പ്രശ്നങ്ങളാണ്. കേരള

ത്തിലെ ചെറുപ്പക്കാർ വലിയ സ്വാധീനമുണ്ടാക്കുന്നുവെന്നും ചെറുപ്പക്കാർക്ക് ഒരുപാട് പ്രശ്നങ്ങളുണ്ടെന്നൊക്കെ പറയുമ്പോഴും പുതുതായി വരുന്ന എല്ലാ കണക്കുകളും പറയുന്നത് ഇന്ത്യാ രാജ്യത്ത് ഏറ്റവും കൂടുതൽ വാർദ്ധക്യം ബാധിച്ചവരുള്ള നാട് കേരളമാണെന്നാണ്. എന്നാൽ ജനസംഖ്യാനുപാതിക മായി വാർദ്ധക്യം ബാധിച്ചവരുടെ കണക്കുകൾ നോക്കുമ്പോൾ ഇന്ത്യയിൽ ഏറ്റവും കൂടുതലുള്ളത് കേരളത്തിലാണ്. അതിന് ആയൂർദൈർഘ്യം ഒരു കാരണമായിരിക്കാം. എന്റെ നിയോജക മണ്ഡലത്തിൽ ഒരു സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി സർവ്വേ നടത്തിയതിന്റെ കണക്കുകൾ വളരെ ഞെട്ടിക്കുന്നതായിരുന്നു. അതിൽ ചെറുപ്പക്കാരുടെ തൊഴിലിനെക്കു റിച്ച്, തൊഴിലില്ലായ്മയെക്കുറിച്ചൊക്കെ ചോദിച്ചപ്പോൾ, കണ്ണൂർ ജില്ലയിലെ പള്ളിക്കുന്ന് പഞ്ചായത്തിൽ മാത്രം നടത്തിയ സർവ്വേയിൽ 172 പേർ ചെറുപ്പ ക്കാർക്ക് തൊഴിൽ വേണമെന്ന് പറഞ്ഞപ്പോൾ 50 വയസ്സുകഴിഞ്ഞ 364 പേരാണ് തൊഴിൽ വേണമെന്ന് ആവശ്യപ്പെട്ടത്. ആ പ്രശ്നങ്ങൾ വ്യാപക മായി എല്ലായിടത്തും കാണാൻ കഴിയും. ഇങ്ങനെ നിരവധി തൊഴിൽ മേഖല കൾ കേരളക്കരയിലുണ്ടെന്ന കാര്യം ശ്രീ. പി.സി. വിഷ്ണുനാഥ് പ്രസംഗിച്ച പ്പോൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആ തൊഴിൽ മേഖലകൾ മലയാളി കൈവിടുകയുമാണ്. ഇതുമായി ബന്ധപ്പെട്ട ഒരു സ്വകാര്യ ബിൽ അവതരിപ്പി ക്കുമ്പോൾ അനുമതി തേടുകയും ചെയ്തിട്ടുണ്ട്. കേരളം മുഴുവൻ സഞ്ചരി ച്ചാൽ നമുക്ക് അറിയാൻ സാധിക്കും. ഇവിടത്തെ ബാങ്ക്, ജ്വല്ലറി, ടെക്സ്റ്റ യിൽസ്, ഹോട്ടലുകൾ, എ.ടി.എം. കൗണ്ടർ ഇവയുടെയൊക്കെ മുമ്പിൽ കാവൽ നിൽക്കുന്ന സെക്യൂരിറ്റി ഉദ്യോഗസ്ഥന്മാർ 99 ശതമാനവും 55-60 വയസ്സ് കഴിഞ്ഞ വൃദ്ധരായ, പ്രായമായ ആളുകളാണ്. ഒരുപക്ഷെ കേരള

ത്തിലെ യൗവനം മൂടിപ്പുതച്ച് കിടന്നുറങ്ങുമ്പോൾ യൗവനത്തിന് വാർദ്ധക്യം കാവൽ നിൽക്കുന്നുവെന്ന് പറയേണ്ടി വരുന്ന വിധത്തിലാണ് കേരളത്തിലെ സെക്യൂരിറ്റി ഉദ്യോഗസ്ഥന്മാരുടെ ജീവിതം കാണുമ്പോൾ തോന്നുന്നത്.

ശ്രീ. സി.പി. മുഹമ്മദ്: സർ, യുവജന കമ്മീഷൻ ബില്ലിൽ ചെറുപ്പക്കാരായ ശ്രീ. പി.സി. വിഷ്ണുനാഥും ശ്രീ. എ. എം. ആരിഫും സംസാരിച്ചു. ശ്രീ. കെ.എം. ഷാജി അല്പം ചെറുപ്പം വിട്ടിരിക്കുന്നു. എന്നാലും വളരെ കൂടുതലായിട്ടില്ല. ഡോ. കെ.ടി. ജലീൽ സംസാരിക്കുമ്പോൾ ചെറുപ്പക്കാരുടെ മനസ്സുമായി കുറേ വൃദ്ധന്മാരുണ്ടെന്ന് പറയുകയുണ്ടായി. ശ്രീ. കെ.എം. മാണി, ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി....ഇപ്പോഴും മുഖത്ത് നോക്കിയാൽ ചെറുപ്പമാണ്. ശ്രീ. രാഹുൽ ഗാന്ധിയെന്ന് പറഞ്ഞ ഒരാളെ കേന്ദ്രത്തിൽ കൊണ്ടുവന്നാൽ നാടിന്റെ സ്ഥിതി എന്താകുമെന്ന് ശ്രീ. എ.എം. ആരിഫ് പ്രസംഗിച്ചപ്പോൾ പറഞ്ഞു. പശു വാൽ പൊക്കുന്നതുകണ്ടാൽ അറിയാം ഓടാനാണെന്ന്. നരേന്ദ്ര മോദിയുടെ പാളയത്തിലേയ്ക്കോ അല്ലെങ്കിൽ അഴിമതിയുടെ അമ്മ മഹാറാണിയായ ജയലളിതയുടേയോ താവളത്തിലേയ്ക്കോ ആണ് ഇപ്പോഴും കണ്ണ്. യുവാക്കളുടെ പ്രശ്നങ്ങൾ ഇങ്ങനെ സംസാരിക്കുന്നതിൽ അങ്ങേയ്ക്ക് രോഷമില്ലേ; എന്താണ് അഭിപ്രായം?

ശ്രീ. കെ.എം. ഷാജി: ഞാൻ പറയാൻ വരുന്ന വിഷയം എന്താണെന്ന് വച്ചാൽ ചെറുപ്പക്കാരെന്ന് പറയുമ്പോൾ ഇപ്പോൾ കാണുന്ന തൊലിയുടെ ചുളിവില്ലായ്മയോ അതല്ലെങ്കിൽ പ്രായത്തിന്റെ കണക്കോ അല്ല പ്രായമെന്നതുകൊണ്ടുദ്ദേശിക്കുന്നത്. എന്റെ ഉത്തരത്തിനുവേണ്ടിയാണ് ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചതെങ്കിൽ ഞാൻ പറയാം. പലപ്പോഴും തോന്നാം. ഇപ്പോൾ ശ്രീ. റ്റി.വി. രാജേഷ്, അദ്ദേഹം പുറത്തുപോയി. ശ്രീ. റ്റി.വി. രാജേഷ് അല്ലെങ്കിൽ ശ്രീ. എ.എം. ആരിഫിനെ നമ്മളൊക്കെ കാണുമ്പോൾ അവർ

ചെറുപ്പമാണെന്ന് എല്ലാവരും പറയും. വയസ് ചോദിച്ചാൽ 40–42 വയസ്സ് പറയും. ചിലപ്പോഴൊക്കെ ഒരു 80 വയസ്സുള്ള ആളുകൾ കാണിക്കുന്ന ആർജ്ജവം പോലും അല്ലെങ്കിൽ 90 വയസ്സുള്ള ആളുകൾ കാണിക്കുന്ന ആർജ്ജവം പോലും ഈ യൗവനം കാണിക്കാതെ ഒരുതരം മരവിപ്പിലിരിക്കുമ്പോൾ വാർദ്ധക്യമേതാണെന്നും അല്ലെങ്കിൽ യൗവനം ഏതാണെന്നും നമ്മൾ അത്ഭുതപ്പെട്ടുപോകും. അതാണ് ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച ചോദ്യത്തിന്റെ ഉത്തരമെന്ന് ഞാൻ കരുതുന്നു. 90 വയസ്സിന്റെ യൗവ്വനം പോലും കാണിക്കാതെ എന്തിനും ഏതിനും തഞ്ചാവൂർ ബൊമ്മകളെപ്പോലെ എല്ലാത്തിനും തലയാട്ടി അടിമത്വം വഹിക്കുന്ന ചെറുപ്പത്തേക്കാൾ നല്ലത് 90 വയസ്സുള്ള മനസ്സിന്റെ യൗവനം തന്നെയാണെന്നാണ് എനിക്ക് തോന്നുന്നത്. ഞാൻ പറഞ്ഞുവന്ന പ്രശ്നവും വാർദ്ധക്യം ബാധിച്ചവരുടെ പ്രശ്നവും കേരളത്തിൽ വലിയ പ്രശ്നമാണ്. സാമൂഹ്യനീതി വകുപ്പുമായി ബന്ധപ്പെട്ട് വൃദ്ധസദനങ്ങളെക്കുറിച്ച് വ്യാപകമായി സംസാരമുണ്ടാകുന്നു. കേരളത്തിൽ അതൊരു പ്രശ്നം തന്നെയാണ്. കേരളത്തിലെ ഇന്നത്തെ പോക്ക് പോയാൽ ഒരു കാര്യം ഉറപ്പാണ്. 10–15 വർഷമായാൽ കേരളം തന്നെ ഒരു വൃദ്ധസദനമാകാൻ വേണ്ടി പോകുകയാണ്. കാര്യം എന്താണെന്ന് ചോദിച്ചാൽ ഇപ്പോൾ തന്നെ ഗൾഫ് മേഖലകളിൽ പോകുന്നവർ മാതാപിതാക്കളെ കൊണ്ടുപോയി വൃദ്ധസദനത്തിൽ തള്ളാറുണ്ട്. ഇനി കേരളത്തിൽ സംഭവിക്കാൻ പോകുന്നത് മക്കൾ ഉപേക്ഷിക്കുകയല്ല, മക്കളോട് ഇവിടെ നിൽക്കണമെന്ന് പറയാൻ വയ്യാത്ത അല്ലെങ്കിൽ മക്കൾക്ക് ഇവിടെ നിൽക്കാൻ കഴിയാത്ത വിധത്തിൽ നമ്മുടെ നാട് ദിവസന്തോറും ദുസ്സഹമായി വരികയാണ്. കാരണം എന്താണെന്ന് വച്ചാൽ കേരളത്തിന് പുറത്തുള്ള

ഏതെങ്കിലും ഒരു പ്ലാൻഡ് സിറ്റിയിൽ പോയാലും, ഞാൻ ലുധിയാനയിൽ പോയപ്പോൾ അവിടെ ഫ്ളാറ്റുകളൊക്കെ കൊടുക്കുന്നുണ്ട്. വളരെ മനോഹരമായ സിറ്റികൾ, വളരെ എൻവയോൺമെന്റ് ഫ്രണ്ട്ലി ആയ സിറ്റികൾ, വണ്ടികൾ, ട്രാഫിക്കുകൾ എല്ലാ സൗകര്യങ്ങളുള്ള വലിയ സിറ്റികളൊക്കെ കാണാം. ഒരു പക്ഷേ കേരളത്തിനേക്കാൾ ചെലവ് കുറഞ്ഞ വിധത്തിൽ താമസിക്കാൻ കഴിയുന്ന സിറ്റികൾ ഇഷ്ടം പോലെ കേരളത്തിന് പുറത്തുണ്ട്. എന്റെ നിയോജക മണ്ഡലത്തിൽ പുതിയ തെരുവിൽ നിന്ന് കണ്ണൂരിലേയ്ക്ക് വരാൻ 5 മിനിട്ട് ഡ്രൈവ് ചെയ്താൽ മതി. പക്ഷെ ഇന്ന് നമ്മൾ യാത്ര ചെയ്യുമ്പോൾ മിനിമം ഒരു മണിക്കൂർ സമയമെടുക്കും. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണന്റെ മണ്ഡലമായ തലശ്ശേരിയിൽ നിന്ന് മാഹി വരെ വരണമെങ്കിൽ 10 മിനിട്ട് ഡ്രൈവ് ചെയ്യേണ്ട ആവശ്യമില്ല. ഒരു മണിക്കൂറില്ലാതെ ഒരു മന്ത്രിയുടെ കാർ വരുമ്പോൾ പോലീസ് എസ്കോർട്ട് ഉണ്ടെങ്കിൽപോലും കടക്കില്ല. നമ്മുടെ നാടിന്റെ സ്ഥിതി അതാണ്. എല്ലാ അർത്ഥത്തിലും എന്തൊക്കെ വർത്തമാനങ്ങൾ ഒരുമിച്ചു പറയുമ്പോഴും എല്ലാ അർത്ഥത്തിലും നമ്മുടെ നാട് ദുസ്സഹമായി കൊണ്ടിരിക്കുകയാണ്. 10 വർഷം കഴിഞ്ഞാൽ എന്റെ മക്കൾ ഈ നാട്ടിൽ നിൽക്കണമെന്ന് ഒരച്ഛന് പറയാനാകാത്ത വണ്ണം, മകന് ഇവിടെ നിൽക്കാൻ കഴിയാത്തവണ്ണം, വളരെ സന്തോഷത്തോടുകൂടി അമ്മയേയും അച്ഛനേയും വീട്ടിലാക്കി മക്കളൊക്കെ രാജ്യം വിടുന്ന ഒരവസ്ഥയാകും. അങ്ങനെ കേരളം തന്നെ വൃദ്ധസദനമാകാൻ പോകുന്ന ഒരപകടം കേരളക്കരയിൽ വന്നുകൊണ്ടിരിക്കുകയാണ്. യുവജനങ്ങൾ ചിന്തിക്കേണ്ടത് ഇതിനൊരു മാറ്റമുണ്ടാക്കാൻ, ഇത്തരമൊരു അപകടത്തെ നേരിടാൻ വേണ്ടി നമുക്ക് കഴിയുക ഏതു തരത്തിലാണ് എന്നുള്ളതാണ്. ഞാൻ കൂടുതൽ

ആശങ്കയിൽ പങ്കാളിയാകാൻ പറയുന്നില്ല. ശ്രീ. പി.സി. വിഷ്ണുനാഥ് പറഞ്ഞതുപോലെ ആശങ്ക മാത്രമല്ല പ്രതീക്ഷയുമുണ്ട്. ശ്രീ. റ്റി.വി. രാജേഷ് സംസാരിച്ചപ്പോഴും അതിലിടപ്പെട്ടുകൊണ്ട് ശ്രീ. ജി. സുധാകരൻ സംസാരിച്ചപ്പോഴും ഞാനും സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതാണ്. വ്യാപകമായി ഒരു കമ്മ്യൂണിറ്റിയുടെ അല്ലെങ്കിൽ രാജ്യത്തിലെ സാമൂഹ്യ പ്രതിബദ്ധതയുടെ ഉത്തരവാദിത്തം നിർവ്വഹിക്കുന്ന വിഷയത്തിൽ ചെറുപ്പക്കാർ വലിയ ആശങ്കാകുലർ തന്നെയാണ്. പ്രത്യേകിച്ച് എയ്ഡഡ് മാനേജ്മെന്റുകളെക്കുറിച്ച് ഇവിടെ പറഞ്ഞു. ഞാൻ ആദ്യമേ സഭയുടെ ശ്രദ്ധയിൽ പെടുത്തിയ ഒരു കാര്യമാണ്. എയ്ഡഡ് മാനേജ്മെന്റുകൾ കേരളക്കരയിൽ വന്നതിൽ വളരെ പോസിറ്റീവായിട്ടുള്ള ഒരു താൽപ്പര്യമുണ്ട്. അന്നത്തെ ഗവൺമെന്റ് ചെയ്തത് ഈ നാട്ടിലെ പ്രത്യേകിച്ച് കമ്മ്യൂണിറ്റി ബേസ്ഡായിട്ടുള്ള സമൂഹത്തിലെ വിദ്യാഭ്യാസത്തിന് വലിയ പണമിറക്കാൻ കഴിയാതെ വന്നപ്പോൾ എയ്ഡഡ് മാനേജ്മെന്റുകളെ ഏൽപ്പിക്കാൻ തീരുമാനിച്ചു. ഞാൻ ചരിത്രം വായിക്കേണ്ടതൊക്കെ വായിച്ചിട്ടുണ്ട്. ലീഗിന്റെ ചരിത്രം വായിക്കുമ്പോൾ സി.എച്ച്. മുഹമ്മദ് കോയ സാഹിബ് മലപ്പുറത്ത് നിന്നൊക്കെ വരുന്ന അവിടത്തെ പ്രായമുള്ള ആളുകളോട് നിങ്ങൾ എങ്ങനെയെങ്കിലും ഒരു സ്കൂൾ നടത്തണമെന്ന് പറയും. അവർ ആകുന്നത്ര കുതറുന്നതാണ്. കാരണം അന്ന് കച്ചവടത്തിന്റെ സാദ്ധ്യതയൊന്നും അറിയാത്തതുകൊണ്ടാണ് കുതറുന്നത്. അങ്ങനെ അടിച്ചേൽപ്പിച്ച് സമുദായത്തിലെ ഒരു സർവ്വീസായി തുടങ്ങിയതാണ് കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെന്ന് പറയുന്നത്. എന്നാൽ എയ്ഡഡ് മാനേജുമെന്റുകൾ എത്ര ഭീകരമായിട്ടാണ് കേരളത്തിൽ ഇന്ന് അഴിമതി നടത്തിക്കൊണ്ടിരിക്കുന്നത്. നല്ല സ്ഥാപനങ്ങളെ പറയാതിരുന്നുകൂടാ. സഭയിൽ ഒരു വിഷയമുണ്ടായപ്പോൾ ഡോ. കെ.ടി.

ജലീൽ ഇവിടെ പറഞ്ഞ ഒരു കാര്യമുണ്ട്. ഡോ. കെ.ടി. ജലീൽ അദ്ധ്യാപനം നടത്തിയിരുന്ന, പഠിച്ചിരുന്ന സർ സെയ്ദ് കോളേജ്, പി.എസ്.എം. കോളേജ് ഈ സ്ഥാപനങ്ങളൊക്കെ വളരെ പ്രശംസനീയമാണ്. അതുകൊണ്ട് ഈ സ്ഥാപനങ്ങളെ അഭിനന്ദിച്ച് തന്നെ പറയേണ്ടതാണ്. അതുപോലെതന്നെയാണ് ഡബ്ല്യു.ഒ.എം. എന്ന് പറയുന്ന സ്ഥാപനം. എനിക്കറിയാം എന്റെ ഭാര്യയ്ക്ക് ഒരു ബി.എഡ് സീറ്റിനായി പോയപ്പോൾ 75,000 രൂപ ചോദിച്ചു. അവസാനം ഞാൻ ഒരു എം.എൽ.എ. ആണെന്ന് പറഞ്ഞപ്പോൾ രൂപ വേണ്ട എന്ന് അവർ പറഞ്ഞു. ഞാൻ 75,000 രൂപ കൊടുത്തു. സഭയ്ക്കകത്തോ പിന്നീടോ പറയ ണമെന്നുള്ളതുകൊണ്ട്, പറയേണ്ടി വരുമെന്നുള്ളതുകൊണ്ട് ഞാൻ ഫീസ് കൊടുത്തിട്ടാണ് ബി.എഡിന് സീറ്റ് വാങ്ങിയത്. രസമെന്താണെന്ന് വച്ചാൽ ആ പണം കൊടുക്കുന്നത് ഒരു കോളേജ് മാനേജ്മെന്റിന്റെ മുറിക്കകത്ത് പോയിട്ടാണ് പണം കൊടുക്കുന്നതെങ്കിൽ തരക്കേടില്ലായിരുന്നു. കോഴിക്കോട് വലിയങ്ങാടിയിലെ പാണ്ട്യാലയിലും അവരുടെ കൊപ്ര കച്ചവടം നടക്കുന്നിടത്തും പോയിട്ട് 75,000 രൂപയും ലക്ഷങ്ങളും കൊടുത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സീറ്റ് വാങ്ങേണ്ടുന്ന സ്ഥിതിയാണ്.

ശ്രീ. റ്റി.എൻ. പ്രതാപൻ: സർ, ഒരു ബി.എഡ് സീറ്റിന് 75,000 രൂപ കൊടുത്ത കാര്യമാണ് ബഹുമാനപ്പെട്ട കെ.എം. ഷാജി പറഞ്ഞത്. ബി. എഡ്-നുമാത്രമല്ല, പല മാനേജ്മെന്റുകളും ബി.കോം-നും എം.കോം ഉൾപ്പെ ടെയുള്ള പി.ജി കോഴ്സുകൾക്കും ലക്ഷങ്ങൾ വാങ്ങുന്നുണ്ട്. ബി.കോം-ന് ഒരു ലക്ഷവും ഒന്നരലക്ഷവും എം.കോം-ന് രണ്ടുലക്ഷവും വാങ്ങുന്ന മാനേ ജ്മെന്റ് കോളേജുകളുണ്ട്. ഡിഗ്രിക്കും പി.ജി ക്കുപോലും ഒരു ലക്ഷം മുതൽ

മുകളിലേയ്ക്ക് വാങ്ങുന്ന മാനേജ്മെന്റുകൾ, പ്രശസ്തരായ ആളുകളുടെ പേരിലുള്ള കോളേജുകളും വലിയ സമുദായങ്ങൾ നടത്തുന്നവയുമാണെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ.എം. ഷാജി: സർ, ഞാൻ ബി.എഡ് സീറ്റിനായി 75000 രൂപ കൊടുത്തു എന്നുപറഞ്ഞത് ഏഴ് വർഷം മുമ്പുള്ള കാര്യമാണ്. അന്ന് 75000 രൂപ വലിയ തുകയായിരുന്നു. ഇന്ന് പ്ലസ് വൺ സീറ്റിനുപോലും മാനേ ജ്മെന്റുകൾ കാശ് വാങ്ങുന്നുണ്ട്. ഞാൻ പറയുന്നത്, മാനേജ്മെന്റുകൾക്ക് നമ്മൾ കൊടുക്കുന്ന പണം വാങ്ങുന്നത് പാണ്ട്യാലയിൽ, കച്ചവടകേന്ദ്രങ്ങ ളിൽ വച്ചാണ്. ആ സ്ഥാപനം ഉണ്ടായതിന്റെ ചരിത്രം ഞാൻ വായിച്ചിട്ടുണ്ട്. ഇവിടെ സർക്കാരിന്റെ മുന്നിലേയ്ക്ക് പുതിയ ആവശ്യങ്ങളുമായി കമ്മ്യൂണിറ്റി യിലെ ആളുകൾ വരുന്നതിനുമുമ്പ് സമുദായത്തിലെ, ഏത് സമുദായമായാ ലും, വരേണ്യവർഗ്ഗം കെട്ടിപൂട്ടി വച്ച ഇത്തരം സ്ഥാപനങ്ങളുടെ വാതിലുകൾ ചവിട്ടിപ്പൊളിച്ച് അത് സമുദായത്തിന് തുറന്നുകൊടുക്കാനുള്ള നിയമ നിർമ്മാണം രാജ്യത്തുണ്ടാകണമെന്നാണ് ഞാൻ പറയുന്നത്. അല്ലെങ്കിൽ ഇത് അപകടമാണ്. കുറെ ആളുകളുടെ തറവാട്ടുമഹിമ വർദ്ധിപ്പിക്കാനോ അല്ലെ ങ്കിൽ അവരുടെ കുടുംബത്തിന്റെ സ്വത്തായോ അല്ല ഈ വിദ്യാഭ്യാസ സ്ഥാപ നങ്ങൾ അനുവദിച്ചത്. ഒരു കമ്മ്യൂണിറ്റി നന്നാവണമെന്ന് വിചാരിച്ച് അനുവദി ച്ചതാണ്, രാജ്യത്തിന്റെ സ്വത്താണത്. അഴിമതി എല്ലാ മേഖലകളിലുമുണ്ട്. അത് കമ്മ്യൂണിറ്റിക്കകത്തായാലും പുറത്തായാലും തടയപ്പെടേണ്ടത് തന്നെ യാണെന്നാണ് ഞാൻ വിചാരിക്കുന്നത്. ഇവിടെ അരാഷ്ട്രീയവാദത്തെക്കു റിച്ച് പറഞ്ഞു. നേരത്തെ ശ്രീ. എ.എം. ആരിഫ് എല്ലാവരും അരാഷ്ട്രീയവാദി കളാണെന്ന് പറഞ്ഞു. ഞാൻ അക്കാര്യത്തിൽ വളരെ പോസിറ്റീവായി ചിന്തി

ക്കുന്ന ആളാണ്. കേരളത്തിൽ ആ വാദം വളരെ തെറ്റാണ്. രാഷ്ട്രീയത്തിന്റെ എസ്റ്റാബ്ലിഷ്മെന്റായിട്ടുള്ള രൂപം നമ്മളൊക്കെയാണ്. അത് സി.പി.എം, കോൺഗ്രസ്, മുസ്ലീം ലീഗ്, സി.പി.ഐ തുടങ്ങി ഏത് പാർട്ടിയുമാവാം. അതുകൊണ്ട് നമ്മൾ വിചാരിക്കുന്നത് നമ്മളുടെ കൊടി പിടിക്കാൻ വരാത്ത വരെല്ലാം അരാഷ്ട്രീയവാദികളാണെന്ന്. രാഷ്ട്രീയം അങ്ങനെയല്ല, വളരെ സൈലന്റായിട്ടുള്ള രാഷ്ട്രീയ മൂവ്മെന്റ് കേരളക്കരയിലുണ്ട്. കേരളത്തിൽ 100 സീറ്റ് കിട്ടുന്ന യു.ഡി.എഫ് തൊട്ടടുത്ത തെരഞ്ഞെടുപ്പ് വരുമ്പോൾ നേരെ 40 സീറ്റിലേയ്ക്ക് പോകുന്നു. 90 സീറ്റ് ലഭിക്കുന്ന എൽ.ഡി.എഫ് വീണ്ടും കീഴ്പ്പോട്ട് പോകുന്നു. 100 സീറ്റ് യു.ഡി.എഫ്–നോ എൽ.ഡി.എഫ് –നോ കിട്ടുമ്പോൾ അത് എൽ.ഡി.എഫ്–ന്റെയും യു.ഡി.എഫ്–ന്റെയും വോട്ടാണെങ്കിൽ അടുത്ത തെരഞ്ഞെടുപ്പ് വന്നാൽ പരമാവധി എഴു പത്തഞ്ചോ എൺപതോ സീറ്റല്ലേ ആകാൻ പാടുള്ളൂ. എന്താണ് ഇത്രയും പുറകോട്ട് പോകുന്നത്? യു.ഡി.എഫ്–നും എൽ.ഡി.എഫ്–നും ഇടയിലുള്ള നിഷ്പക്ഷമതികളായുള്ള ജനത കേരളക്കരയിൽ അതിശക്തമാണ്. മുമ്പ് വോട്ട് ചെയ്യാൻവേണ്ടി ആളുകളെ താങ്ങിപ്പിടിച്ച് പോളിംഗ് ബൂത്തിൽ കൊണ്ടുപോവുകയും വോട്ട് ചെയ്തുകഴിഞ്ഞാൽ അവരെ വഴിയിൽ ഉപേക്ഷി ക്കുകയും ചെയ്യുന്ന തമാശകൾ കാർട്ടൂണുകളിൽ കണ്ടിരുന്നു. ഇന്ന് രാഷ്ട്രീ യപ്പാർട്ടികൾ അങ്ങനെ ചെയ്യേണ്ട ആവശ്യമില്ല. എല്ലാവരും സ്വയം വന്ന് വോട്ട് ചെയ്യുകയാണ് ചെയ്യുന്നത്. വോട്ടിംഗ് ശതമാനം എല്ലായിടത്തും വർദ്ധിക്കുന്നു. അങ്ങനെയൊരു രാഷ്ട്രീയം കേരളത്തിലുണ്ട്. അരാഷ്ട്രീയവാദം കേരളത്തിൽ വർദ്ധിക്കുന്നുവെങ്കിൽ അതിന് ഉത്തരവാദി കൾ ആരാണ്? അരാഷ്ട്രീയവാദം നമ്മൾ പറഞ്ഞതുപോലെ രാഷ്ട്രീയ

ത്തിന്റെ കൊടി പിടിക്കാൻ വരാത്തതാണ് കാരണമെങ്കിൽ യുവജനസംഘടനകൾ പത്ത് പതിനഞ്ച് വർഷമായി വേണ്ടവിധത്തിൽ പ്രോജ്ജ്വലിച്ച് നിൽക്കുന്നില്ലെന്ന വാദം നമുക്കുണ്ടെങ്കിൽ ആരാണ് ഉത്തരവാദികൾ? രാഷ്ട്രീയത്തിന്റെ എസ്റ്റാബ്ലിഷ്മെന്റുകളെന്ന് പറയുന്ന നമ്മൾ തന്നെയാണ് ഉത്തരവാദികൾ. നമ്മൾ ഏത് തരത്തിലുള്ള മാതൃകയാണ് കേരളത്തിൽ കാണിച്ചുകൊണ്ടിരിക്കുന്നത്. മുൻകാലങ്ങളിൽ കേരളത്തിന് ഒരുപാട് മര്യാദകളുണ്ടായിരുന്നു. കേരളത്തിലെ ആളുകൾ അഴിമതിയും അതിക്രമങ്ങളും കൊലപാതകങ്ങളും ബോംബ് സ്ഫോടനങ്ങളും നടത്താറുണ്ട്. പക്ഷേ കേരളത്തിൽ ബോംബ് സ്ഫോടനം നടത്തിയാൽ ബോംബ് വച്ചവർ ഒരു കിലോമീറ്റർ ദൂരെപ്പോയി ബോംബ് വച്ചത് ഞങ്ങളല്ല എന്ന് പറയും. അതൊരു മര്യാദയാണ്. പക്ഷേ മറ്റ് സംസ്ഥാനങ്ങളിൽ അങ്ങനെയല്ല. ആരെങ്കിലും ബോംബ് സ്ഫോടനം നടത്തിയാൽ തൊട്ടടുത്ത നിമിഷത്തിൽ അത് തങ്ങളാണ് വച്ചതെന്ന് അവർ പറയും. ഏതെങ്കിലും ഒരു സംഘടന അത് ഏറ്റെടുക്കും. പൊതുസമൂഹത്തിനുമുന്നിൽ ഞങ്ങളല്ല അത് ചെയ്തത് എന്ന് പറയാനുള്ള സാമാന്യ മര്യാദ കേരളം കാണിച്ചിരുന്നു. ആ മര്യാദയും നമ്മൾ കൈവിട്ടുകൊണ്ടിരിക്കുകയാണ്. എനിക്ക് തർക്കത്തിലേയ്ക്കും വിവാദങ്ങളിലേയ്ക്കും പോകാൻ താല്പര്യമില്ലാത്തതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. നമ്മുടെ ചെറുപ്പക്കാർ അരാഷ്ട്രീയ വാദികളാകുന്നുവെങ്കിൽ അതിന് ഉത്തരവാദികൾ ആരാണെന്ന് ചോദിച്ചാൽ അതിലെ ഒന്നാമത്തെ പ്രതികൾ ഈ നിയമസഭയിലുള്ള മുഴുവൻ രാഷ്ട്രീയക്കാരുമാണെന്ന് ആദ്യം നമ്മൾതന്നെ സമ്മതിക്കണം. അതിനുശേഷമാണ് പുറത്തുള്ളവർ അരാഷ്ട്രീയ വാദികളാകുന്നതിന്റെ സങ്കടം പങ്കിടേണ്ടത്. ശ്രീ. റ്റി.വി. രാജേഷ്, ശ്രീ. എ.എം. ആരിഫ്, ശ്രീ. പി.സി. വിഷ്ണുനാഥ് എന്നിവരെപ്പോലെയുള്ള ചെറുപ്പ

ക്കാരും അല്ലെങ്കിൽ ഞാനടക്കമുള്ള ആളുകളും ആ ഉത്തരവാദിത്തം ഏറ്റെടു ത്തിട്ടാണ് അരാഷ്ട്രീയ വാദത്തിന്റെ കാരണങ്ങൾ പറയേണ്ടത് എന്ന് ഞാൻ കരുതുന്നു. മറ്റൊന്ന്, നേരത്തെ പറഞ്ഞതുപോലെ ഒരു സെന്റിമെന്റ്സുമി ല്ലാത്ത തലമുറ നമ്മുടെ നാട്ടിൽ വളർന്നുവരികയാണ്. ചില രാഷ്ട്രീയ നേതാ ക്കൻമാരുടെ ഫോണിലേയ്ക്ക് വിളിച്ചാൽ രാഷ്ട്രീയപ്പാർട്ടിയുടെ സ്തുതിഗീത ങ്ങളാണ് ഫോണിന്റെ റിങ് ടോണായി കേൾക്കുന്നത്. ചില കുട്ടികളുടെ ഫോണിൽ ജനഗണമന....., സാരേ ജഹാം സേ അച്ഛാ ....... തുടങ്ങിയ ഗാന ങ്ങൾ റിങ്ടോണായി കേൾക്കാം. ഒരാഴ്ച കഴിഞ്ഞ് വിളിക്കുമ്പോൾ ചിക് പുക് ചിക് പുക് റെയിലേ ...... പോലുള്ള സിനിമാ പാട്ട് റിങ് ടോണായി കേൾക്കാം. അവർക്ക് ഒരു മര്യാദയുമില്ല. സിനിമാ പാട്ടുകൾ റിങ് ടോണായി ഉപയോഗിക്കുന്നതുപോലെ തന്നെ ദേശീയഗാനവും റിങ് ടോണായി ഉപ യോഗിക്കുന്നു. ദേശീയഗാനമോ ദേശഭക്തി ഗാനങ്ങളോ കേൾക്കുമ്പോൾ ഹൃദയത്തിൽനിന്നും വൈകാരികതയുടെ വികാരമുണ്ടാകണം. മരണ വിവരം പറയാനായി വിളിക്കുമ്പോൾ ജനഗണമനയാണ് റിങ്ടോണായി കേൾക്കു ന്നത്. യാന്ത്രികതയുടെ, ജാടയുടെ ഭാഗമായി ദേശസ്നേഹം കൊണ്ടുനട ക്കുന്നു എന്നല്ലാതെ ഉള്ളിൽ തട്ടിയ ദേശസ്നേഹമില്ലാത്ത ചെറുപ്പക്കാരാണ് നമ്മുടെയിടയിൽ വളർന്നുവന്നുകൊണ്ടിരിക്കുന്നത് എന്നത് സങ്കടകരമാണ്. ശ്രീ. ജി. സുധാകരന്റെ കവിതയെക്കുറിച്ച് നേരത്തെ ശ്രീ. ബെന്നി ബെഹ നാൻ ഇവിടെ പറയുകയുണ്ടായി. തോൽക്കാൻ മനസുണ്ടാവുകയെന്നത് വലിയ കാര്യമാണ്. പുതിയ തലമുറയിലെ ചെറുപ്പക്കാർ പഠിക്കേണ്ട പ്രധാന പ്പെട്ട കാര്യം തോൽക്കാൻ ധൈര്യമുണ്ടാവുക എന്നതാണ്. തോൽക്കാൻ ധൈര്യമുള്ളവർക്കല്ലാതെ ഒരു വിപ്ലവവും രാജ്യത്തുണ്ടാക്കാൻ കഴിയില്ല. ജയിക്കാൻ വേണ്ടി ശ്രമിക്കുന്നവർ മൂട് താങ്ങികളോ ഏറ്റവും വലിയ മോശ

ത്തരത്തിന് വിധേയരാകുന്നവരോ ആകും. തോൽക്കാൻ ധൈര്യമുള്ളവർക്ക് മാത്രമേ രാജ്യത്ത് വിപ്ലവമുണ്ടാക്കാൻ കഴിയൂ. ജയിക്കാൻ ധൈര്യമുള്ളവന്റെ പ്രശ്നം, തെരഞ്ഞെടുപ്പ് വരുമ്പോൾ പത്ര പ്രവർത്തകരോ സാംസ്കാരിക നായകൻമാരോ നമ്മളോട് സംസാരിക്കുമ്പോൾ ഞാൻ പറയാറുണ്ട്, നിങ്ങൾക്ക് ബുദ്ധിമുട്ടൊന്നും അറിയില്ല, തെരഞ്ഞെടുപ്പിൽ മത്സരിച്ചു നോക്കണം, എന്നാലെ വിവരമറിയൂ എന്ന്. കാരണം തെരഞ്ഞെടുപ്പിന്റെ തലേദിവസമാണ് രാജ്യത്തെ എല്ലാ കച്ചവടവും നടക്കുന്ന ദിവസം. അന്നാണ് എല്ലാ വൃത്തികെട്ടവന്റേയും കാല് പിടിക്കാൻ പോകുന്ന ദിവസം. അന്ന് തീവ്രവാദിയോ വർഗ്ഗീയവാദിയോ ഗുണ്ടയോ ആരുമില്ല. എല്ലാവരുടെയും അടുത്ത് പോകുന്നു. അവിടെ ധൈര്യം കാണിക്കാൻ കേരളത്തിലെ രാഷ്ട്രീയപ്പാർട്ടികൾ തന്റേടം കാണിക്കുന്നുവെങ്കിൽ, ഇത്തരം ആളുകളോട് കോംപ്രമൈസ് ചെയ്യില്ല എന്ന് വിചാരിക്കുന്നുവെങ്കിൽ, തോൽക്കട്ടെ എന്ന് വിചാരിക്കാൻ ധൈര്യമുണ്ടെങ്കിൽ അങ്ങനെ ധൈര്യമുള്ള ചെറുപ്പക്കാരാണ് കേരളത്തിൽ വരേണ്ടതെന്ന് ഞാൻ വിചാരിക്കുന്നു. ഈ ബില്ലിലെ ‘യുവാക്കളെ’ എന്ന പരാമർശം ‘യുവജനങ്ങളെ’ എന്നാക്കി മാറ്റണം. പ്രത്യേകിച്ച് ഒരു വനിതാ മന്ത്രിയാണ് ഈ ബിൽ കൊണ്ടുവരുന്നത്. യുവാക്കളെയും യുവതികളെയും അഭിസംബോധന ചെയ്യുന്നതുപോലെ യുവജനങ്ങളെ എന്നാക്കണം. ചെറുപ്പക്കാരെ വിദ്യാസമ്പന്നരാക്കുക എന്ന വലിയ ഉത്തരവാദിത്തം ഈ പുതിയ കമ്മീഷന്റെ ഭാഗമായി വരുന്നു എന്ന് എനിക്ക് തോന്നുന്നില്ല. അവരെ ഉത്തരവാദിത്ത ബോധമുള്ളവരും മനുഷ്യത്വമുള്ളവരും പൗരബോധമുള്ളവരും ദേശസ്നേഹമുള്ളവരും മൂല്യബോധമുള്ളവരുമാക്കി മാറ്റാനുള്ള ശ്രമം എന്ന നിലയ്ക്കാണ് ഭേദഗതി വരുത്തേണ്ടതെന്ന് ഞാൻ വിചാരിക്കുന്നു. അതു

പോലെ കമ്മീഷന്റെ യോഗങ്ങളെക്കുറിച്ച് ശ്രീ. റ്റി.വി. രാജേഷ് പറഞ്ഞു. സെക്ഷൻ 8–ൽ യോഗം വിളിക്കുന്നത് സംബന്ധിച്ച് എപ്പോഴെങ്കിലും വിളി ച്ചാൽ മതിയെന്ന് വേഗായി പറഞ്ഞിരിക്കുകയാണ്. കൃത്യമായി വിളിക്കാൻ പറയുന്ന യോഗങ്ങൾതന്നെ വിളിച്ചുചേർക്കാത്ത സ്ഥിതിയാണ് കമ്മീഷനു കൾക്കും കമ്മിറ്റികൾക്കുമുള്ളത്. മിനിമം ഒരു മാസം കൂടുമ്പോഴെങ്കിലും കമ്മിറ്റി യോഗം വിളിക്കണമെന്ന നിർദ്ദേശം ഇതിൽ ഉൾപ്പെടുത്തേണ്ടതാണ്. ചെയർ പേഴ്സണ് യുക്തമെന്ന് തോന്നുന്ന ഏത് സ്ഥലത്തും എത് സമ യത്തും യോഗം വിളിക്കാമെന്നാണ് ഇതിൽ പറയുന്നത്. അങ്ങനെയാകാൻ പാടില്ല. ഒരു മാസംകൂടുമ്പോഴെങ്കിലും യോഗം വിളിക്കണമെന്നാണ് വരേ ണ്ടത്. മറ്റ് കാര്യങ്ങളെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. എല്ലാവിധത്തിലും ഈ ബില്ലിനെ അഭിവാദ്യം ചെയ്തുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. വി.എസ്. സുനിൽ കുമാർ: സർ, ഞാൻ ഈ ഭേദഗതിയെ പിന്താ ങ്ങുകയാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി ഈ ബിൽ കേരള നിയമസഭയിലാണ് ആദ്യമായി അവതരിപ്പിക്കുന്നതെന്ന് നമുക്ക് അവകാശപ്പെടാൻ കഴിയും എന്നത് സത്യമാണ്. ഇന്ന് യുവജനങ്ങൾ നേരി ടുന്ന വളരെ സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളെ ഈ ബില്ലും ഇതിന്റെ അധികാര ങ്ങളും അഭിസംബോധന ചെയ്യുന്നുണ്ടോയെന്ന് ചോദിച്ചാൽ, അതിന്റെ സങ്കീർണ്ണതകളുമായി ബന്ധപ്പെട്ട് നോക്കിയാൽ, ഈ ബില്ലുകൊണ്ട് മാത്രം പരിഹരിക്കാൻ കഴിയുന്ന പ്രശ്നങ്ങളല്ല ഇന്നത്തെ യുവജന സമൂഹം നേരിടു ന്നതെന്ന് മനസിലാക്കാൻ കഴിയും. ഒട്ടേറെ അംഗങ്ങൾ ഈ ചർച്ചയിൽ പങ്കെ ടുത്ത് ദീർഘമായും ഹ്രസ്വമായുമൊക്കെ സംസാരം നടത്തിയതാണ്. അതു

കൊണ്ട് ഞാൻ മറ്റ് വിശദാംശങ്ങളിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. സംസ്ഥാനത്തെ യുവജനകാര്യങ്ങളുടെ സംരക്ഷകനായി വർത്തിക്കുകയെന്ന താണ് ഈ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നതെങ്കിൽ ഒരിക്കലുമത് സാധ്യമാകു മെന്ന് ഞാൻ വിചാരിക്കുന്നില്ല. ഇപ്പോൾ ബഹുമാന്യനായ കെ.എം. ഷാജി സംസാരിച്ചപ്പോൾ അദ്ദേഹം പറയാൻ വിട്ടുപോയൊരു കാര്യം, അദ്ദേഹം പറയണമെന്ന് ആഗ്രഹിച്ചതായിരിക്കും എന്ന് ഞാൻ വിചാരിക്കുന്നു, മറ്റ് സംസ്ഥാനങ്ങളിൽ ഒരു തീവ്രവാദ ആക്രമണമോ ബോംബ് സ്ഫോടനമോ ഉണ്ടായാൽ അത് അവകാശപ്പെടാൻ അവിടെ ആളുകൾ രംഗത്ത് വരാറു ണ്ടെന്നും കേരളത്തിലങ്ങനെയല്ല എന്ന് വിശ്വസിക്കാമെന്നും അദ്ദേഹം പറഞ്ഞു. പക്ഷേ അദ്ദേഹം പറഞ്ഞത് സത്യമല്ല.

കേരളത്തിൽ ആ സംസ്കാരത്തിന് വ്യത്യസ്തമായി കഴിഞ്ഞ ദിവസം... വളരെ സ്പെസിഫിക്കായി പറഞ്ഞാൽ സി.പി.ഐ.(എം)-ന്റെ പ്രവർത്തകരെ, ജന്മനാ മുസ്ലീം സമുദായത്തിൽപ്പെട്ട ആളുകളും അള്ളാഹുവിനെയും പടച്ചവ നെയും വിളിച്ച് കരയുന്നവരുമായ മുസ്ലീം മതതീവ്രവാദത്തിൽപ്പെട്ട എസ്. ഡി.പി.ഐ. യുടെ ചെറുപ്പക്കാർ വളരെ ഭീകരമായി ആ സഖാക്കളെ മർദ്ദിക്കു കയും വടിവാൾ ഉപയോഗിച്ച് വീണ്ടും മർദ്ദിക്കുകയും ചെയ്യുന്ന ഒരു താലി ബാനിസത്തിന്റെ നേർച്ചിത്രം കാണുകയുണ്ടായി. എസ്.ഡി.പി.ഐ. ഒരിക്കലും അവകാശപ്പെട്ടില്ലെന്നുള്ളതാണ് നമ്മൾ പ്രതീക്ഷിച്ചത്. എന്നാൽ അടുത്ത ദിവസം എസ്.ഡി.പി.ഐ. യുടെ സംസ്ഥാന നേതാവ് പത്രസമ്മേളനം വിളി ച്ചുകൂട്ടി അത് തങ്ങളാണ് ചെയ്തതെന്ന് അവകാശപ്പെടുന്ന സ്ഥിതിവിശേഷം കേരളത്തിൽ ഉണ്ടായി. ഇത് കേരളത്തിൽ ഉണ്ടായിരിക്കുന്ന വളരെ പ്രകട മായ, കണ്ടിട്ടും കണ്ടില്ലെന്ന് നടിച്ചിരിക്കുന്ന മതതീവ്രവാദത്തിന്റെ ഏറ്റവും

അപകടകരമായ മുഖമാണ്. സി.പി.ഐ.(എം)–ന്റെ പ്രവർത്തകരെയാണ് കൊന്നത്, അല്ലെങ്കിൽ കൊല്ലാൻ ശ്രമിച്ചത് എന്നുള്ളതുകൊണ്ട് ഒരു പക്ഷേ കോൺഗ്രസ്സുകാർ വേണ്ട രീതിയിൽ ഇടപെട്ടുകാണില്ല. ഇവിടത്തെ പ്രധാന പ്പെട്ട പ്രശ്നം, അരാഷ്ട്രീയ വാദത്തെക്കുറിച്ച് ശ്രീ.കെ.എം. ഷാജിയും മറ്റു പലരും ഇവിടെ സൂചിപ്പിച്ചതാണ്. അരാഷ്ട്രീയവാദം എത്തിച്ചേർന്നി രിക്കുന്നത് ഏറ്റവും അപകടകരമായ സ്ഥിതിവിശേഷത്തിലാണ്. ക്യാമ്പസ്സുക ളിൽ നിന്നും സ്കൂളുകളിൽ നിന്നും വിദ്യാർത്ഥി സംഘടനകളെ നിരോധിക്കു മ്പോൾ നമുക്ക് ഏകസ്വരമായിരുന്നു. വിദ്യാർത്ഥി സംഘടനകൾ നിരോധിക്ക പ്പെടണം. പാർലമെന്ററി ജനാധിപത്യത്തെക്കുറിച്ച് വിദ്യാർത്ഥികളെ പഠിപ്പി ക്കാൻ വേണ്ടിയാണ് വിദ്യാർത്ഥി സംഘടനകൾ പ്രവർത്തിപ്പിക്കാനും സ്കൂൾ പാർലമെന്ററി ഉണ്ടാക്കാനും തീരുമാനിച്ചത്. സംഘടനാ പ്രവർത്തനം ഒരു ഘട്ടം കഴിഞ്ഞപ്പോൾ അതിനെ അധിക്ഷേപിക്കാൻ ആളുകളും കോടതിയുമു ണ്ടായി. എല്ലാവരും ഒറ്റക്കെട്ടായി വിദ്യാർത്ഥി സംഘടനകളെ സ്കൂളിൽ നിന്നും ആട്ടിയകറ്റി. അതുകഴിഞ്ഞ് കോളേജുകളിലും വിദ്യാർത്ഥി സംഘടന കൾക്ക് നിയന്ത്രണം ഏർപ്പെടുത്തി. ഇപ്പോൾ ഭൂരിപക്ഷം സ്വാശ്രയ കോളേ ജുകളിലും ഒരു വിദ്യാർത്ഥി സംഘടനാ പ്രവർത്തനവും അനുവദിക്കപ്പെടു ന്നില്ല. അവരുടെ ഏറ്റവും വലിയ ശത്രുക്കൾ വിദ്യാർത്ഥി സംഘടനാ രാഷ്ട്രീയമാണ്. വിദ്യാർത്ഥി സംഘടനാ രാഷ്ട്രീയം നിരോധിച്ച കേരളം, ഇന്ന് തിരിഞ്ഞുനോക്കി പരിശോധിക്കേണ്ട കാലമായിരിക്കുന്നു. കോടതി മാത്രമല്ല ഇടപെട്ടത്, പത്രമാധ്യമങ്ങളും മതസംഘടനകളുമുണ്ടായിരുന്നു. ഇവിടെ സൂചിപ്പിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മുകളിൽ അതിശക്തം സ്ഥാപിച്ചിരിക്കുന്ന ജാതി സംഘടനകളാണ് വിദ്യാർത്ഥി സംഘടനകളെ കലാ ലയങ്ങളിൽ നിന്നും ആട്ടിയോടിക്കാൻ വേണ്ടി വാളും വട്ടയുമെടുത്ത് ഇറങ്ങി

യത്. അവരാണിതിന് മറുപടി പറയേണ്ടത്. രാഷ്ട്രീയ സംഘടനകൾ അരാഷ്ട്രീയത്തെക്കുറിച്ച് സ്വയംവിമർശനമായി ചിന്തിക്കണമെന്ന് ശ്രീ. കെ. എം. ഷാജി സൂചിപ്പിച്ചത് സത്യമാണ്. അതേസമയം കേരളത്തിലെ പൊതുസമൂഹവും അക്കാര്യത്തെക്കുറിച്ച് ചിന്തിക്കണം. ക്യാമ്പസ്സുകളിൽ നിന്നും ആട്ടിയകറ്റിയ വിദ്യാർത്ഥി സംഘടനകളുടെ സ്ഥാനത്ത് സ്ഥാനം പിടിച്ചത് ആരാണ്? അവിടെ ക്യാമ്പസ് ഫ്രണ്ടും ജാതി അടിസ്ഥാനത്തിലുള്ള സംഘടനകളും വരുന്നു. അതുപോലെ ക്രൈസ്തവ സഭ മേലദ്ധ്യക്ഷന്മാർ നടത്തുന്ന സ്ഥാപനങ്ങളിൽ ക്രൈസ്തവ മതവുമായി ബന്ധപ്പെട്ട സംഘടനയുണ്ടാക്കാൻ യാതൊരു തടസ്സവുമില്ല. അവർക്ക് യുവജനസംഘടനയും വിദ്യാർത്ഥി സംഘടനയുമുണ്ടാക്കാം. മുസ്ലീം മതവിഭാഗങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന സ്ഥാപനങ്ങളിൽ മുസ്ലീം മതവുമായി ബന്ധപ്പെട്ടും സംഘടനയുണ്ടാക്കാൻ യാതൊരു തടസ്സവുമില്ല. ഈഴവർക്കും നായർക്കും സംഘടനയുണ്ടാക്കാൻ ഒരു തടസ്സവുമില്ല. രാഷ്ട്രീയ പാർട്ടികൾക്ക് വിദ്യാർത്ഥി സംഘടനയുണ്ടായാൽ ലോകം ഇടിഞ്ഞുവീഴും. ശരിയായിരിക്കാം. രാഷ്ട്രീയ സംഘടനയുടെ പേരിൽ സംഘട്ടനവും കൊലപാതകങ്ങളും രക്തസാക്ഷിത്വങ്ങളും ഉണ്ടായിട്ടുണ്ടെന്നുള്ളത് സത്യമാണ്. അത് തിരുത്തുന്നതിനുപകരം വിദ്യാർത്ഥി സംഘടനകൾ തന്നെ അപകടകരമാണ്; വിദ്യാർത്ഥികൾക്ക് രാഷ്ട്രീയം വേണ്ട, ചെറുപ്പക്കാർക്ക് എന്തിനാണ് രാഷ്ട്രീയം എന്ന നിലയിലേയ്ക്ക് വരികയും അരാഷ്ട്രീയ വാദത്തെ പതുക്കെ കൊണ്ടുവരികയും ആ സ്പെയ്സിൽ വർഗ്ഗീയവാദികൾ കടന്നുവരികയും ചെയ്തതിന്റെ ഏറ്റവും അവസാനത്തെ ഉദാഹരണമാണ്, പ്രകടമായി കൊടി ഉയർത്തി, എസ്.ഡി. പി.ഐ. യുടെ സംസ്ഥാന സെക്രട്ടറിയുടെ പത്രമ്മേളനം. ഇത് പറയാൻ ഞങ്ങൾക്ക് യാതൊരു മടിയുമില്ല, തടസ്സവുമില്ല, നാണവും മാനവുമില്ല എന്ന

നിലയിലേയ്ക്ക് കേരളത്തെ കൊണ്ടെത്തിച്ചത് ആരാണ്? അതിൽ കേരളത്തിലെ രാഷ്ട്രീയ പാർട്ടികൾ മാത്രമാണോ? ഇവിടത്തെ കോടതികൾ ഇടപെടേണ്ട കാര്യങ്ങളിൽ ഇടപെടുന്നതിന് പകരം പലപ്പോഴും ഇത്തരം കാര്യങ്ങളിൽ ഇടപെടേണ്ട സ്ഥിതിവിശേഷമുണ്ടായി. കേരളത്തിൽ വിദ്യാഭ്യാസ കച്ചവടമുണ്ടായപ്പോൾ കോടതിക്ക് യാതൊരു പ്രശ്നവുമുണ്ടായില്ല. ഇടതുപക്ഷം കൊണ്ടുവന്ന ബിൽ തെറ്റാണെന്നും ശരിയാണെന്നും അഭിപ്രായവ്യത്യാസമുണ്ടാകാം. പക്ഷേ, അന്തർലീനമായിരിക്കുന്ന, കച്ചവടത്തിനെതിരായിട്ടുള്ള വികാരം എല്ലാവർക്കുമുണ്ട്. ബഹുമാനപ്പെട്ട പി.സി. വിഷ്ണുനാഥ് ആണെങ്കിലും ഇവിടെയിരിക്കുന്ന ശ്രീ. പി. ശ്രീരാമകൃഷ്ണൻ ആണെങ്കിലും എല്ലാവരും വിദ്യാഭ്യാസ മേഖലയിൽ കച്ചവടം ഉണ്ടാക്കാൻ പാടില്ലെന്ന് ആഗ്രഹിക്കുന്നവരാണ്. മതമേലദ്ധ്യക്ഷന്മാരായിട്ടുള്ള ആളുകൾക്ക് ഈ വികാരം ഉണ്ടെന്ന് ഞാൻ കരുതുന്നില്ല. ഉത്തരവാദിത്തപ്പെട്ട രാഷ്ട്രീയ പാർട്ടികൾ കാണിക്കുന്ന താൽപ്പര്യവും ഉത്തരവാദിത്ത ബോധവും ഇന്ന് മറ്റ് പലരും കാണിക്കുന്നില്ല എന്നുള്ളിടത്താണ് പ്രശ്നങ്ങൾ എത്തിയിരിക്കുന്നത്. ഞാൻ ഇത് പറയാൻ കാരണം, ശ്രീ.കെ.എം. ഷാജി പറയാൻ വിട്ടുപോയതാണ്. ശ്രീ. കെ.എം. ഷാജി മതസംഘടനകളെക്കുറിച്ച് പറഞ്ഞു. മതന്യൂനപക്ഷത്തിന്റെ പേരിലും മതങ്ങളുടെ പേരിലും ധാരാളം സ്ഥാപനങ്ങൾ ആരംഭിക്കുന്നു. നാളെ മതങ്ങൾ, സ്ഥാപനങ്ങൾ ആരംഭിക്കുക മാത്രമല്ല, ..... ഓരോ മതത്തിൽപ്പെട്ട ആളുകളേയും സമുദ്ധരിക്കുന്നതിനുവേണ്ടിയാണ് ആ സംഘടനകൾ രൂപീകരിക്കപ്പെട്ടിരിക്കുന്നത്. അത്തരത്തിൽ നടക്കുന്ന ധാരാളം പ്രവർത്തനങ്ങളിൽ ക്രൈസ്തവരുടെ നോവേനകളും ഇസ്ലാം സമുദായത്തിൽ യുവാക്കളെ വിളിച്ചുകൂട്ടി നടത്തുന്ന മതസദസ്സുകളുമുണ്ട്. മലപ്പുറം ജില്ലയിലും തൃശ്ശൂർ ജില്ലയിലെ തേക്കിൻകാട് മൈതാനത്തും ശക്തൻ തമ്പുരാൻ

സ്റ്റാൻഡിലും എല്ലാ ദിവസവും വൈകുന്നേരം ആയിരക്കണക്കിന് ആളുകളെ വിളിച്ചുകൂട്ടി മതസമ്മേളനങ്ങൾ നടത്തുകയാണ്. രാഷ്ട്രീയ പാർട്ടികൾ വിളിച്ചകൂട്ടുന്നതിനേക്കാൾ കൂടുതൽ ആളുകൾ അവിടെയെത്തുന്നു. കഴിഞ്ഞ ദിവസം നടന്ന ഈഴവ മഹാസംഗമത്തിൽ ലക്ഷക്കണക്കിന് ആളുകൾ പങ്കെടുത്തു. എല്ലാവരും അവകാശപ്പെടുന്നത് അവരുടെ ശക്തിയാണ്. ഓരോരുത്തരും അവരവരിലേയ്ക്ക് ചുരുങ്ങാനും സമൂഹത്തെ അവരവരുടെ കാൽക്കീഴിൽ കൊണ്ടുവരാനുമുള്ള വ്യഗ്രതയിൽ നമ്മുടെ സമൂഹത്തെ സമഗ്രതയിൽ കാണാനുള്ള മനസ്സ് നഷ്ടപ്പെടുന്നതായി മാറിയിരിക്കുന്നു. അതിൽ ഏറ്റവും അധികം ഇരകളാകുന്നത് ചെറുപ്പക്കാരാണ്. ആ പ്രശ്നത്തെ നാം എങ്ങനെ അഭിമുഖീകരിക്കുന്നുവെന്നുള്ളതാണ് ഇന്ന് കേരളത്തിലെ ചെറുപ്പക്കാർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. അതിനെ സ്ഥാപനവൽക്കരിക്കപ്പെട്ട കമ്മീഷൻ കൊണ്ടുമാത്രം പരിഹരിക്കാൻ കഴിയുന്നതല്ല. മതതീവ്രവാദത്തിനുപോലും നേരും നെറിയുമില്ല. ഇവിടെ നക്സലിസം ഉണ്ടായിരുന്നു. ആ നക്സലൈസ് മൂവ്മെന്റിന് സത്യസന്ധത ഉണ്ടായിരുന്നു. കാരണം അവർക്ക് അവരുടെ പ്രത്യയശാസ്ത്രമുണ്ടായിരുന്നു. അതിന് തെറ്റുണ്ടെങ്കിലും ശരിയുണ്ടെങ്കിലും ആത്മാർത്ഥത ഉണ്ടായിരുന്നു. അത്തരം ആത്മാർത്ഥതപോലും നഷ്ടപ്പെട്ട തീവ്രവാദം ചെറുപ്പക്കാരിൽ കുത്തിച്ചെലുത്തുകയാണ്. അത് മയക്കുമരുന്നിലൂടെ, പണത്തിലൂടെ, പ്രലോഭനങ്ങളിലൂടെ മാത്രം ചെലുത്തപ്പെടുന്ന തീവ്രവാദ പ്രവർത്തനമാണ്. അല്ലെങ്കിൽ, ഒരിക്കലും അള്ളാഹുവിനെയും പടച്ചവനെയും വിളിച്ച് കരയുന്നവൻ മുസ്ലീം മതതീവ്രവാദത്തിന്റെ പേരിൽ ഒരാളെ വെട്ടുകയില്ല. വെട്ടാൻ അവന്റെ മനസ്സ് അനുവദിക്കില്ല. അവന്റെ മനസ്സിൽ പടച്ചവനോ, അള്ളാഹുവോ അല്ല. അതിനപ്പുറത്തുള്ള മറ്റെന്തോ ആണ്. പ്രലോഭനങ്ങൾക്ക് അടിമപ്പെട്ട തീവ്രവാദിക

ളായി ചെറുപ്പക്കാരെ മാറ്റാൻ ഇവർക്ക് കഴിയുന്നു. അതിനെ നമുക്ക് എങ്ങ നെയാണ് അഭിസംബോധന ചെയ്യാൻ കഴിയുന്നത്. ഇവിടെ ശ്രീ. കെ.എം. ഷാജി സൂചിപ്പിച്ചതുപോലെ, രാഷ്ട്രീയപാർട്ടികൾ മാത്രമാണോ; ഇവിടത്തെ മതസംഘടനകളുടെയും മതമേലദ്ധ്യക്ഷന്മാരുടെയും മതവുമായി ബന്ധപ്പെട്ട ജാതി നേതാക്കന്മാരുടെയും ഉത്തരവാദിത്തം എന്താണെന്ന് കൂടി തിരിച്ചറി യേണ്ട കാലമാണ്. ഇവിടത്തെ രാഷ്ട്രീയ പാർട്ടി നേതാക്കന്മാരെല്ലാം അങ്ങനെ പോകുന്നുണ്ടോയെന്ന് എനിക്കറിയില്ല. ഒരു പാർട്ടിയിൽപ്പെട്ട എല്ലാ വരും പോകുന്നുണ്ടോ? ഇല്ല. അത് ഇഷ്ടപ്പെടാത്ത ആളുകളുണ്ട്. ഇലക്ഷന് തലേദിവസം തീവ്രവാദികളുടെയും ഗുണ്ടകളുടെയും പുറകേയും മതമേല ദ്ധ്യക്ഷന്മാരുടെയും ജാതിസംഘടനാ നേതാക്കന്മാരുടെ വീടുകളിലും പോകുന്നു. നമുക്ക് ജാതി സംഘടനകളെ അംഗീകരിക്കണം. അവരെ എവിടെവരെ അംഗീകരണം, എവിടെവരെ അംഗീകരിക്കാൻ പാടില്ലെന്ന് തിരി ച്ചറിയണം. അതിനപ്പുറത്തേയ്ക്ക് ഓരോ ജാതി സംഘടനകളും അവർ പ്രഖ്യാപിക്കുന്ന കാര്യങ്ങളാണോ നടപ്പിലാക്കുന്നത്; അവർ രൂപീകരിക്ക പ്പെട്ട ലക്ഷ്യമാണോ നടപ്പിലാക്കുന്നത്? രാഷ്ട്രീയ പാർട്ടികൾക്ക് അപചയം സംഭവിച്ചിട്ടുണ്ടാകാം. ഈ അപചയം ഏറ്റവും കൂടുതൽ ബാധിച്ചിരിക്കു ന്നത് ചെറുപ്പക്കാരെയാണ്. ആ ചെറുപ്പക്കാർക്ക് കേരളത്തിലും ഇൻഡ്യ യിലും പുതിയ മാതൃകകളില്ല. കേരളത്തിൽ പുതിയ മാതൃകകൾ ഉണ്ടാക്കി യെടുക്കേണ്ടിയിരിക്കുന്നു. അതിന് വ്യക്തികൾ മാത്രമല്ല, സമൂഹവും ഒറ്റക്കെ ട്ടായി നിന്നുകൊണ്ട് ചെയ്യാൻ കഴിയണം. അവനവനിസം കേരളത്തിൽ വളരുകയാണ്. മാർക്സിസമല്ല, ലെനിനിസമല്ല, നക്സലിസമല്ല, ഗാന്ധിസമല്ല അവനവനിസമാണ് കേരളത്തിൽ വളർന്നുകൊണ്ടിരിക്കുന്നത്. എങ്ങനെയും മൂന്ന് ദിവസം കൊണ്ട് പണക്കാരനാകണം. എനിക്ക് ഏറ്റവും കൂടുതൽ

മാർക്ക് കിട്ടണം, എനിക്ക് ആദ്യം ജോലി കിട്ടണം, എന്റെ പേര് ആദ്യം വരണം, അതിന് ഏത് തത്വശാസ്ത്രത്തെയും ബലികഴിക്കാൻ ഒരു മടിയുമില്ല, ഒരു പ്രശ്നവുമില്ല. ആം ആദ്മി പാർട്ടി ഉണ്ടായി. രാഷ്ട്രീയ പാർട്ടിക്കാരെ ഭയങ്കരമായി കുറ്റം പറഞ്ഞ ആളുകളാണ്. അധികാരത്തിന്റെ കാര്യം വന്നപ്പോൾ ആം ആദ്മി പാർട്ടിക്ക് കൈപ്പത്തിയുമായി ചേരാൻ ഒരു പ്രശ്നവുമുണ്ടായില്ല. അധികാരത്തിനുവേണ്ടി ചേരാനും അവർക്ക് പ്രശ്നമില്ലെന്ന നിലയിലേയ്ക്ക് വന്നിരിക്കുന്നു.

<u>ശ്രീ. സി. പി. മുഹമ്മദ്:</u> സർ, താങ്കൾ പറഞ്ഞതിന്റെ ആത്മാർത്ഥതയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. രാഷ്ട്രീയത്തിൽ മതസംഘടനകളുടെ അടുത്ത് വോട്ടിനുവേണ്ടി പോകുന്നവരുണ്ട്, പോകാത്തവരുമുണ്ട്. അത് ഓരോരുത്തരുടെയും മൂല്യബോധവും ആദർശവും അനുസരിച്ചിരിക്കും. ഹിംസ എന്നുപറയുന്നത് ഇവിടെ എല്ലാപേരും ഇന്ന് ചെയ്തുകൊണ്ടിരിക്കുന്ന ഒരു പ്രക്രിയയാണ്. ഇവിടെ അബ്ദുൾ നാസർ മഅ്ദനി ജയിലിൽ കിടക്കുമ്പോൾ അദ്ദേഹത്തെ മോചിപ്പിക്കണമെന്നും വിചാരണകൂടാതെ അറസ്റ്റ് ചെയ്തത് ശരിയല്ലെന്ന് ഈ നിയമസഭ 2001–ൽ ഞാൻ വന്ന അന്നുതൊട്ട് എല്ലാ രാഷ്ട്രീയ പാർട്ടികളും പറഞ്ഞു. അദ്ദേഹം തിരിച്ചുവന്നപ്പോൾ ശംഖുംമുഖത്ത് സ്വന്തം പാർട്ടിയുടെ ഒരു സമ്മേളനത്തിൽ ഇരിക്കുന്നതിനേക്കാളേറെ സമയം ഏകദേശം നാല് മണിക്കൂറാണ് രണ്ട് മന്ത്രിമാർ അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാൻ ഇരുന്നത്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ വന്നപ്പോൾ എഴുന്നേറ്റുനിൽക്കാത്തവർ അബ്ദുൾ നാസർ മഅ്ദനി വന്നപ്പോൾ എഴുന്നേറ്റുനിന്നുവെന്ന് ഇന്നലെ ഞാനിവിടെ പറഞ്ഞു. കഴിഞ്ഞ അസംബ്ലി തെരഞ്ഞെടുപ്പിൽ എസ്.ഡി.പി.ഐ. എനിക്കെതിരായിരുന്നു. അതിനുമുമ്പത്തെ ഇലക്ഷനിലും എനിക്കെതിരായിരുന്നു. എസ്.ഡി.പി.ഐ.യുടെ വോട്ട് വാങ്ങുന്നവരുണ്ട്.

ഇതിൽനിന്ന് നിങ്ങളുടെ പാർട്ടിയെ ഞാൻ ഒരു പരിധിവരെ ഒഴിച്ചുനിർത്തുന്നു. ഹൃദയത്തിൽ കൈവച്ചുകൊണ്ട് ബാക്കി ആർക്കാണ് പറയാൻ കഴിയുന്നത്. എസ്.ഡി.പി.ഐ.യുടെ വിധ്വംസക പ്രവർത്തനങ്ങൾ സംസ്ഥാനത്ത് വലി യൊരു പ്രശ്നം തന്നെയാണ്. പക്ഷെ അതുപോലെ രാഷ്ട്രീയ ഇസ്ലാമിന്റെ മാനം നൽകുന്ന ജമാഅത്തെ ഇസ്ലാമി അടക്കം.....(മൈക്ക് ഓഫ്)

<u>മി. സ്പീക്കർ</u>: യെസ്... യെസ്. മതി. ഇനി ഒരു ബില്ലുകൂടിയുണ്ട്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, അങ്ങ് പറഞ്ഞതിന്റെ അർത്ഥം എനിക്ക് മനസ്സിലായി. ഒരു കാര്യം ഞാൻ പറയാം. ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് എസ്.ഡി.പി.ഐ.യുടെ വോട്ട് ആവശ്യമില്ല. ഞാൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്കുവേണ്ടി പറയുന്നു, കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് എസ്.ഡി.പി.ഐ.യുടെ വോട്ട് വേണ്ട, ഒരു സംശയവും അക്കാര്യത്തിൽ ആർക്കും വേണ്ട. ഞങ്ങൾ ആരും എസ്.ഡി.പി.ഐ.യുടെയോ എൻ.ഡി.എഫ്-ന്റെയോ പുറകേ പോകാൻ പോകുന്നില്ല. അബ്ദുൾ നാസർ മഅ്ദനിയുടെ വോട്ടും വേണ്ട. മഅ്ദനിക്കുവേണ്ടി വാദിച്ചിട്ടുണ്ടായിരിക്കാം, അതൊരു മനുഷ്യാവകാശ ലംഘനത്തിന്റെ പേരിലാണ് അല്ലാതെ മഅ്ദനി ഉദ്ദേശിക്കുന്ന പ്രത്യയ ശാസ്ത്രത്തിന്റെ പുറകേ പോകുന്നുതിനല്ല ആ സംസാരം നടത്തിയത്. അതു കൊണ്ട് വ്യക്തമാക്കി പറഞ്ഞേക്കാം, എസ്.ഡി.പി.ഐ.യുടെയും പി.ഡി.പി. യുടെയും എൻ.ഡി.എഫ്.ന്റെയും വോട്ട് വേണ്ടെന്ന് തീരുമാനിക്കാൻ നമുക്ക് കഴിയണം. ഇവിടത്തെ മതതീവ്രവാദികൾ, മതസംഘടനകൾ, ജാതി സംഘട നകൾ എന്നിവരുടെ തീട്ടൂരമനുസരിച്ച് പ്രവർത്തിക്കുന്നവരല്ല ഇവിടത്തെ രാഷ്ട്രീയ പാർട്ടികളെന്ന് തെളിയിക്കാൻ കഴിയുമോ?

<u>ശ്രീ. എം. എ. ബേബി</u>: സർ, ജർണെയിൽ സിംഗ് ഭിന്ദ്രൻവാല എന്നുപ റയുന്ന ഭീകരവാദി നമ്മുടെ രാജ്യത്തിനെതിരായി വിഘടനവാദപരമായ

ആക്രമണത്തിന് ഒരു സുവർണ്ണക്ഷേത്രത്തിൽ മാരാകയുധങ്ങൾ ശേഖരിച്ചു കൊണ്ടിരുന്നപ്പോൾ ആ ഭിന്ദ്രൻവാല ഒരു ആത്മീയ മത നേതാവാണ് എന്നുപറഞ്ഞ ഒരു ദേശീയ രാഷ്ട്രീയ നേതാവ്, പിന്നീട് അദ്ദേഹം ഇൻഡ്യയുടെ പ്രധാനമന്ത്രിയായി, ദാരുണമായ സാഹചര്യത്തിൽ മരണപ്പെട്ടു. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇത് ഇൻഡ്യയുടെ രാഷ്ട്രീയത്തിൽ പലപ്പോഴായി സംഭവിച്ച അപചയങ്ങളിലൊന്നാണ്. അന്ന് അകാലിദൾ–നെ തോൽപ്പിക്കാൻവേണ്ടി സഞ്ജയ് ഗാന്ധി ഭിന്ദ്രൻവാലയെന്നുപറയുന്ന തീവ്രവാദിയെ നൂറും പാലുംകൊടുത്ത് വളർത്തി. ആ ഭിന്ദ്രൻവാലയാണ് പിന്നീട് അവരെ തിരിച്ചുകൊത്തിയത്. പിന്നീട് ഇന്ദിരാഗാന്ധിക്ക് അവിടെ ഓപ്പറേഷൻ ബ്ലൂ സ്റ്റാർ നടത്തേണ്ടിവന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഓപ്പറേഷൻ ബ്ലൂ സ്റ്റാർ നടത്തി അതിനെ ഒതുക്കിതീർത്തതും കോൺഗ്രസ്സ് തന്നെയാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഒതുക്കിത്തീർന്നുവെന്ന് നിങ്ങൾ പറയുകയാണെങ്കിൽ ഞാനത് വിശ്വസിക്കാം. പക്ഷെ അതിലൂടെ ഉണ്ടാക്കിയ ഒരു കാര്യം മതത്രീവ്രവാദികളെ പ്രീണിപ്പിച്ചുകൊണ്ടാണെങ്കിലും അധികാരം അരക്കിട്ടുറപ്പിക്കാൻ മുന്നിട്ടിറങ്ങാമെന്ന് രാഷ്ട്രീയ പാർട്ടികളെ പ്രേരിപ്പിച്ച ഒരു ഘടകം അതിനകത്തുണ്ടായിരുന്നു. ആ ഊർജ്ജം ഇപ്പോഴും നിലനിൽക്കുകയാണ്. അന്ന് മതത്രീവ്രവാദികളായ ഖാലിസ്ഥാൻവാദികളെ തുരത്താൻവേണ്ടി ഓപ്പറേഷൻ ബ്ലൂ സ്റ്റാർ കൊണ്ടുമാത്രമല്ല സാധിച്ചത്, അതിനുശേഷം നടന്ന അതിശക്തമായ ജനവികാരംകൂടിയുണ്ടായിരുന്നു. ആ ജനവികാരത്തിൽ പഞ്ചാബിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുമുണ്ടായിരുന്നുവെന്നതുകൂടി മനസ്സിലാക്കണം. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജില്ലാ സെക്രട്ടറിയായിരുന്ന

സഖാവ് ദർശൻ സിംഗ് കനേഡിയൻ അടക്കമുള്ള 22 കമ്മ്യൂണിസ്റ്റു കാരെയാണ് ഭീകരവാദികൾ കൊന്നത്. അന്ന് തീവ്രവാദികൾക്കെതിരായി ഏറ്റവും ശക്തമായ ജനവികാരം ഉയർത്തിപ്പിടിച്ച നേതാവാണ് സഖാവ് സത്യപാൽ ഡാങ്. അതുകൊണ്ട് കോൺഗ്രസ്സുകാർ മാത്രമല്ല, ഇന്ദിരാഗാന്ധി ഉണ്ടാക്കിയ കുഴപ്പത്തെ കമ്മ്യൂണിസ്റ്റുകാരടക്കംചേർന്ന് ചെറുത്തു തോൽപ്പിച്ച തുകൊണ്ടാണ് തീവ്രവാദം പഞ്ചാബിൽ തുടച്ചുമാറ്റാൻ കഴിഞ്ഞതെന്ന് അങ്ങ് ഓർമ്മിപ്പിക്കാൻ അവസരമുണ്ടാക്കിയതിൽ വളരെ സന്തോഷമുണ്ട്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർ, ഇന്ദിരാഗാന്ധിയുടെ ജീവൻവരെ ബലിയർപ്പിച്ചുകൊണ്ടാണ് അവിടെ സമാധാനം കൈവരുത്തിയതെന്നുള്ള കാര്യം അങ്ങ് ഓർക്കുമോ? ഇന്ദിരാ ഗാന്ധിയുടെ ജീവൻ ബലിയർപ്പിച്ചാണ് അവിടെ സമാധാനം കൈവരുത്തിയത്.

<u>ശ്രീ. ജി. സുധാകരൻ:</u> സർ, അങ്ങയുടെ സംസാരത്തിന്റെ തൊട്ടുമു മ്പിൽ ബദലിനെപ്പറ്റി പറഞ്ഞു, 'കോൺജ്രിവാളി'നെപ്പറ്റി പറയുകയുണ്ടായി. നേരത്തെതന്നെ 'കോൺജ്രിവാളെ'ന്നുകേട്ടാൽ ഇവിടെ പലരും ഭയപ്പെടുക യാണ്. വാസ്തവത്തിൽ നല്ല ഭരണകക്ഷിയായ കോൺഗ്രസ്സ് അവരെപ്പറ്റി പറ ഞ്ഞാൽ ഭയപ്പെടാൻ പാടില്ല, വളരെ തെറ്റാണ് അത്. നിങ്ങൾ പരാജയപ്പെടു കയോ, ജയിക്കുകയോ ചെയ്തുകൊള്ളൂ, നിങ്ങൾ അധികാരത്തിൽ വരില്ലെ ന്നൊരു അഭിപ്രായം ഞങ്ങൾക്കുണ്ട്. പക്ഷെ ഇവിടെ ബദൽ എന്തോ ഒരു പുതിയ കാര്യമാണ് എന്നു പറയുകയാണ്. തമിഴ്നാട്ടിൽ ഡി.എം.കെ.യും അണ്ണാ ഡി.എം.കെ.യും കോൺഗ്രസ്സിന് ബദലായിട്ട് നിൽക്കുകയല്ലേ; കാമരാ ജിന്റെ കാലത്ത് കോൺഗ്രസ്സായിരുന്നില്ലേ അവിടെ ഉണ്ടായിരുന്നത്? നിതീഷ് കുമാർ, മായാവതി, മുലായംസിംഗ് യാദവ് അങ്ങനെ എത്രപേർ.... റീസൺ

അല്ല.. ബദൽ.. റീസൺ ഉണ്ടല്ലോ കാരണമില്ലാതെ കാര്യമില്ല, ഞാൻ പറഞ്ഞത് അതല്ല, ബദൽ ആദ്യമായി വരികയാണ് വേറെ ആരും അവിടെയില്ല, ബദൽ വരികയാണ് എന്നുപറയുന്നത് ശരിയാണ് ഡൽഹിയിൽ ബി.ജെ.പി.യും കോൺഗ്രസ്സുമാണുള്ളത്, ഞങ്ങൾ അവിടെയില്ല. ഇവിടെ പ്രശ്നമതല്ല. അവർ വരികയോ വരാതിരിക്കുകയോ ചെയ്യട്ടെ, ചൂല്– ചൂലെന്നുപറഞ്ഞാൽ ഭൂമിയുടെ മുകളിൽ കിടക്കുന്ന അഴുക്ക് മാറ്റാൻ ഉപയോഗിക്കാമെന്നല്ലാതെ ഈ പ്രതലത്തെ പുനഃസംഘടിപ്പിക്കാനോ പുനർനിർമ്മിക്കാനോ ചൂലു കൊണ്ട് കഴിയുമോ? ഈ രാജ്യത്ത് ഇത് ചിന്തിക്കണ്ടെ? കുറെ പത്രക്കാർ പൂച്ചം പൂച്ചം കൂ കൂ എന്ന് എഴുതിക്കൊണ്ടിരിക്കുകയാണ്, വേറെ പണിയൊ ന്നുമില്ല.

<u>മി. സ്പീക്കർ</u>: അക്കാര്യത്തിൽ ഇവിടെ തർക്കമൊന്നുമില്ല.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, തർക്കമുണ്ട്. കാരണം ആം ആദ്മി പാർട്ടിയെപ്പറ്റി ഭയപ്പെട്ട് ഇവിടെ സംസാരിച്ചു. എനിക്ക് പ്രധാനപ്പെട്ട ഒരു പ്രശ്നം ഉന്നയിക്കാനുണ്ട്. ഇവിടെ ഫ്രഞ്ച് വിപ്ലവമുണ്ടായി, ചൂലുകൊണ്ട് തൂത്തിട്ടാണോ; മാർപ്പാപ്പയുടെ വാഴ്ചയെയും ഫ്യൂഡലിസത്തിലെ രാജവാഴ്ച യെയും ഒറ്റയടിക്ക് തകർക്കാനായിരുന്നു ലോകത്തെ ഏറ്റവും മഹത്തായ അന്നത്തെ വിപ്ലവം. അമേരിക്കൻ വിപ്ലവമുണ്ടായി, അടിമത്വത്തിന് എതിരാ യിട്ടല്ലേ, ചൂലുകൊണ്ട് തൂത്തിട്ടാണോ? റഷ്യൻ വിപ്ലവമുണ്ടായി, ചൂലു കൊണ്ട് തൂത്തിട്ടാണോ? സ്വാതന്ത്ര്യ സമരവും ചൂലുകൊണ്ട് തൂത്തിട്ടാണോ ഉണ്ടായത്? എത്ര ആളുകൾ മരിച്ചു. അടിസ്ഥാനപരമായ ഒരു മാറ്റവും വരു ത്താൻ യാതൊന്നും കൈയിലില്ലാത്ത ഒരാൾ... ഞാനൊന്നു പറയട്ടെ, ഒരു സ്ത്രീ അവർ എഴുത്തുകാരിയാണ്, അവർ അതിന്റെ മെമ്പറായി. അവർ നിലത്ത് കാല് ചവിട്ടുന്നത് ചെരുപ്പ് മാറ്റുമ്പോൾ മാത്രമാണ്, ഈ ഭൂമിയിൽ

അവർ കാല് ചവിട്ടുന്നത് ചെരുപ്പ് മാറ്റുമ്പോഴാണ്. ഉപരിവർഗ്ഗത്തിൽ പ്രത്യേകതലത്തിൽ അഭിരമിക്കുന്ന ഒരു ലേഡി അതിന്റെ ഭാരവാഹിയായാൽ എന്താണ് സംഭവിക്കാൻ പോകുന്നത്? ഇതൊക്കെ വെറും പപ്പടം പോലെ പൊളിയാൻ പോകുകയാണ്. രാജ്യത്തിന്റെ അടിസ്ഥാനമാറ്റത്തിന് യുവാക്കളെ അണിനിരത്താൻ എന്താണ് നിർദ്ദേശങ്ങൾ?

മി. സ്പീക്കർ: ശ്രീ. വി. എസ്. സുനിൽ കുമാർ, ഇനി അങ്ങ് ആർക്കും വഴങ്ങരുത്. നോ.. നോ.. ഒരു ബില്ല് കൂടിയുണ്ട്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഈ ഒരാൾക്കു കൂടി വഴങ്ങാം. ഞാൻ നേരത്തെ വാക്കുകൊടുത്തുപോയി.

മി. സ്പീക്കർ: ഇപ്പോൾ ആരാണ് ബില്ലിനെക്കുറിച്ച് സംസാരിക്കുന്നത്; ശ്രീ. വി. എസ് സുനിൽ കുമാറാണോ അതോ....

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. വി. എസ്. സുനിൽ കുമാർ സംസാരിച്ചപ്പോൾ, ഇന്ദിരാഗാന്ധിയുടെ മരണത്തെക്കുറിച്ചും ശ്രീ. എം. എം. ബേബി സംശയ നിവാരണത്തിനുവേണ്ടി ജെർണയിൽ സിംഗ് ഭിന്ദ്രൻവാലയെയൊക്കെ കൊണ്ടുവന്നത് ഇന്ദിരാ ഗാന്ധിയോടും അവരെടുത്ത നടപടിയോടുമുള്ള വിരോധം കൊണ്ടാണല്ലോ. ഇന്ദിരാ ഗാന്ധി പ്രധാനമന്ത്രിയായിരുന്ന സമയത്ത് സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജനറൽ സെക്രട്ടറി അടിയന്തരാവസ്ഥകാലത്ത് പാർലമെന്റിൽവന്ന് പ്രസംഗിച്ചപ്പോൾ അതു വളരെ സന്തോഷത്തോടുകൂടി കൈ അടിച്ച് കേട്ടിരുന്നവരാണ് ഇടതുപക്ഷത്തെ എം.പി.മാർ മുഴുവൻ. അതുമാത്രമല്ല, ഇരുപതിന പരിപാടിക്കും സോഷ്യലിസത്തിനും ജനാധിപത്യത്തിനുവേണ്ടിയെന്ന മുദ്രാവാക്യം ഏറ്റെടുത്തിട്ട് ഇന്ദിരാഗാന്ധിയുടെ അടിയന്തരാവസ്ഥയുടെ കാലത്ത് ഇന്ദിരാ

ഗാന്ധിക്കനുകൂലമായിട്ട് ഞാൻ ക്യാപ്റ്റനും ശ്രീ. പന്ന്യൻ രവീന്ദ്രൻ വൈസ് ക്യാപ്റ്റനുമായിട്ട് നമ്മൾ ജാഥ നടത്തിയത് മറന്നുപോയോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, നമ്മൾ പലതും അങ്ങോട്ടുമിങ്ങോട്ടും ഓർമ്മിപ്പിക്കാതിരിക്കുന്നതാണ് നല്ലത്. അദ്ദേഹം പറഞ്ഞ നല്ല കാര്യങ്ങളെല്ലാം ഞാൻ ഉൾക്കൊള്ളുകയാണ്. ഞാനതിനെ എതിർക്കുന്നില്ല. ഞാൻ പറഞ്ഞത് എന്താണെന്നുവച്ചാൽ, ഇവിടെ ബഹുമാന്യനായ ജി. സുധാകരൻ ഇവിടെ പല കാര്യങ്ങളും സൂചിപ്പിച്ചു. ഈ ഉപരിപ്ലവമായ കാര്യങ്ങൾ കൊണ്ടൊന്നും നടക്കില്ല. അതാണ് അദ്ദേഹം സൂചിപ്പിച്ചത്. അടിസ്ഥാനപരമായ പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ വേണ്ടി ചെറുപ്പക്കാരെ പ്രാപ്തരാക്കാൻ എന്താണ് പ്രോഗ്രാം എന്നുള്ളതാണ് അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട ചോദ്യം. അതിനുവേണ്ടിയാണ് അദ്ദേഹം പറഞ്ഞത്, ഈ ചൂല് എന്നുപറയുന്നത് വെറും ചൂലാണ്, ചൂലിനെ അധിക്ഷേപിക്കാൻ പറയുന്നതല്ല. അടിസ്ഥാനപരമായ വിഷയങ്ങൾ നേരിടാൻ ഇതുകൊണ്ട് സാദ്ധ്യമല്ല. കാരണം, പ്രൈവറ്റൈസേഷനെക്കുറിച്ച് ചോദിച്ചപ്പോൾ ഇതുവരെ മറുപടി പറയാത്ത ആളാണ് ശ്രീ. അരവിന്ദ് കെജ്രിവാൾ. ഇൻഡ്യ നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്നാണ് അത്. പ്രൈവറ്റൈസേഷനെക്കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്താണ്, അദ്ദേഹത്തിന് യാതൊരു മറുപടിയും ഇതുവരെ പറയാൻ കഴിഞ്ഞിട്ടില്ല. അടിസ്ഥാനപരമായ വിഷയങ്ങളെ അഭിസംബോധന ചെയ്യാൻ കഴിയുമോ എന്നുള്ളതാണ് ചോദ്യം. ഇവിടെ ഇന്ദിരാ ഗാന്ധിയുടെ കാലഘട്ടത്തെക്കുറിച്ച് പറഞ്ഞു. ഇന്ദിരാ ഗാന്ധി ജീവൻ ബലികൊടുത്തുവെന്ന് ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഇവിടെ സൂചിപ്പിച്ചു. എന്തുകൊണ്ട് ജീവൻ ബലികൊടുക്കേണ്ടി വന്നു; സ്വന്തം അംഗരക്ഷകരാൽ ഇന്ദിരാഗാന്ധിക്ക് വെടിയേറ്റ് മരിക്കേണ്ടി വന്നു. അതിനേക്കാൾ വലിയ മഹത്തായ രക്തസാക്ഷിത്വ

മുണ്ടായിരുന്നു, മഹാത്മ ഗാന്ധിയുടെ രക്തസാക്ഷിത്വം, അത് നമ്മൾ മറക്കാൻ പാടില്ല. എന്തുകൊണ്ട് ഇൻഡ്യയിൽ അദ്ദേഹത്തിന് രക്തസാക്ഷിത്വമുണ്ടായി; അദ്ദേഹം എടുത്ത നിലപാടാണ് കാരണം. ആ നിലപാടും ഇന്ദിരാ ഗാന്ധിയുടെ നിലപാടും തമ്മിൽ വ്യത്യാസമുണ്ട്. മഹാത്മാ ഗാന്ധിയെടുത്ത നിലപാട് 'ഞാനൊരു സനാതന ഹിന്ദുവാണ്, പക്ഷെ എന്റെ സ്വപ്നം രാമ രാജ്യമാണ്, എന്റെ രാമരാജ്യം റഹീമിന്റേതുമാണ്' എന്നു പറഞ്ഞ ആ മഹാത്മ ഗാന്ധിയാണ് ഹൈന്ദവ തീവ്രവാദത്തിന് ഏറ്റവും വലിയ ശത്രുവെന്നുള്ളതുകൊണ്ടാണ് അന്ന് മഹാത്മഗാന്ധിയെ വെടിവച്ചുകൊല്ലാൻ നാഥുറാം വിനായക് ഗോഡ്സെ എന്ന ആർ.എസ്.എസ്. കാരൻ തീരുമാനിക്കുന്നത്. ഇന്ദിരാ ഗാന്ധി വെടിയേറ്റു മരിക്കാൻ കാരണം അവർ അന്ന് മതത്രീവ്രവാദത്തെ പ്രീണിപ്പിക്കാൻ വേണ്ടി സഞ്ജയ് ഗാന്ധിക്ക് എല്ലാ ഒത്താശയും ചെയ്തുകൊടുത്തതുകൊണ്ടാണ്.

<u>മി. സ്പീക്കർ</u>: ഇത്രയും വേണോ, അവർ മരിച്ചുപോയില്ലേ.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> സർ, ഞാനവരുടെ മഹത്വത്തെ തള്ളിക്കളയാൻ വേണ്ടി പറയുന്നതല്ല. ഇന്ദിരാഗാന്ധിയുടെ രക്തസാക്ഷിത്വത്തെ ഒരിക്കലും തള്ളിക്കളയാൻ പറയുകയല്ല.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ. ഒരു സഭയിലും ഇങ്ങനെ ഉണ്ടാകാൻ പാടില്ല. രാജ്യത്തിന് വളരെ വിലപ്പെട്ട സേവനങ്ങൾ നൽകിയ, ബാങ്ക് നാഷണലൈസേഷൻപോലുള്ള വിപ്ലവകരമായ തീരുമാനങ്ങൾ നടപ്പിലാക്കിയ, നമ്മുടെ സൈലന്റ് വാലിയെ സംരക്ഷിച്ച, രാഷ്ട്രത്തിനുവേണ്ടി രക്തസാക്ഷിയായ ഇന്ദിരാഗാന്ധിയുടെ രക്തസാക്ഷിത്വത്തെ

ലോകത്തൊരു നിയമനിർമ്മാണ സഭയിലും സാമാജികന്മാർ ഈ വിധത്തിൽ അപമാനിക്കരുത്. ഇത് ഇത്തരം സഭകൾക്ക് ചേർന്നതാണോ? രാഷ്ട്രീയമുണ്ടാകാം, സങ്കുചിത രാഷ്ട്രീയമാകാം. അതിന്റെ പരിധികൾ ലംഘിച്ച് ഇന്ദിരാഗാന്ധിയെ അപമാനിക്കുന്നത് രേഖയിൽ ഉണ്ടാകാൻ പാടില്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാൻ ഒരു വാക്കുകൊണ്ടു പോലും ഇന്ദിരാഗാന്ധിയെ അപമാനിക്കാൻ ഇഷ്ടപ്പെടുന്ന ആളല്ല. ശ്രീ. പി. സി. വിഷ്ണുനാഥ് വെറുതേ ആവശ്യമില്ലാതെ വ്യാഖ്യാനിക്കുകയാണ്. ഇന്ദിരാഗാന്ധി ചെയ്ത മഹത്തായ കാര്യങ്ങളെന്താണെന്നും അവരുടെ കോൺട്രിബ്യൂഷൻ എന്താണെന്നും വ്യക്തമായിട്ട് അറിയുന്ന ഒരു എളിയ രാഷ്ട്രീയ പ്രവർത്തകനാണ് ഞാൻ. ഇന്ദിരാഗാന്ധി ചെയ്ത കാര്യങ്ങൾ വിമർശിക്കുകയെന്നുപറഞ്ഞാൽ, വി. എസ്. സുനിൽകുമാറിന്റെ വിമർശനം കൊണ്ട് ഒളിച്ചുപോകുന്ന ആളല്ല ഇന്ദിരാഗാന്ധിയെന്ന് അറിയാൻ കൂടി ശ്രീ. പി. സി. വിഷ്ണുനാഥിന് കഴിയണം. ഇന്ദിരാഗാന്ധിയുടെ മഹത്വമെന്താണെന്ന് നമുക്കറിയാം. ഇന്ദിരാഗാന്ധിയെ അറസ്റ്റുചെയ്ത് കൊണ്ടുപോകുമ്പോൾ അവർ വണ്ടിയിൽ നിന്ന് ചാടിയിറങ്ങി ഒരു കലിങ്കിലിരുന്നപ്പോൾ രാജ്യത്തെ മുഴുവൻ ജനങ്ങളെ പ്രതിഷേധിക്കാനുള്ള കരുത്ത് ഇന്ദിരാഗാന്ധിക്കുണ്ടായിരുന്നു. ആ കരുത്തുള്ള നേതാക്കളൊന്നും ഇന്ന് കോൺഗ്രസ്സിലില്ല. അതുകൊണ്ട് ഇന്ദിരാഗാന്ധിയുടെ മഹത്വത്തെക്കുറിച്ച് എന്നെ ബോധ്യപ്പെടുത്തണ്ട. ഇന്ദിരാഗാന്ധിയുടെ മഹത്വം പറയുമ്പോൾത്തന്നെ ഇന്ദിരാഗാന്ധിക്ക് ചരിത്രത്തിൽ സംഭവിച്ച തെറ്റുകൾ ചൂണ്ടിക്കാണിക്കാൻകൂടി ഒരു രാഷ്ട്രീയ പ്രവർത്തകനെന്ന നിലയിൽ എന്റെ സ്വാതന്ത്ര്യത്തെ അങ്ങ് ഈ രൂപത്തിൽ അധിക്ഷേപിച്ചത് ശരിയല്ല. അതുകൊണ്ട് ഇത് രേഖയിൽ നിന്നും നീക്കം ചെയ്യേണ്ട ഒരു കാര്യവുമില്ല. നമ്മുടെ രാജ്യം രാഷ്ട്രീയത്തെ അധിക്ഷേപിച്ച്,

രാഷ്ട്രീയത്തോടുള്ള അധിക്ഷേപം വർദ്ധിപ്പിച്ച്, പ്രത്യേകിച്ച് ചെറുപ്പക്കാരുടെ ഇടയിൽ അരാഷ്ട്രീയ അബോധം വളർത്തി ...... അതിൽ പങ്കെടുത്തവർ മറ്റു പലരുമാണ്. അവസാനം ചെന്നെത്തി നിൽക്കുന്നത് നമ്മുടെ സമൂഹത്തിലെ ചെറുപ്പക്കാരാണ്. അരാഷ്ട്രീയവാദത്തിൽ മാത്രമല്ല അവർ അരാജകത്വ ത്തിലും വർഗ്ഗീയ തീവ്രവാദത്തിലും എത്തി നിൽക്കുന്ന സന്ദർഭത്തിൽ ഇത്തരം ബില്ലുകൊണ്ടുമാത്രം പരിഹരിക്കപ്പെടാവുന്ന ഒരു വിഷയമല്ല ഇത്. മറിച്ച് അവർ നേരിടുന്ന ദൈനംദിനമായ വിഷയങ്ങളൊക്കെത്തന്നെ പരിഹരി ക്കാൻ കഴിയാവുന്ന അധികാരങ്ങളൊന്നുംതന്നെ ഈ ബില്ലിലുണ്ടെന്ന് ഞാൻ വിചാരിക്കുന്നില്ല. പക്ഷേ ഒന്നുമില്ലാത്തതിനേക്കാൾ നല്ലതാണല്ലോ ഒരു കമ്മീഷനെങ്കിലും എന്നു വിചാരിച്ചുകൊണ്ട് ഈ ബില്ലിനെ സ്വാഗതം ചെയ്യാ മെന്നല്ലാതെ ഞാൻ കൂടുതലായൊന്നും പറയുന്നില്ല. ഇത്രയും പറഞ്ഞു കൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാ ലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി): സർ, കേരള സംസ്ഥാന യുവജന കമ്മീഷൻ ബിൽ ചർച്ചാവേളയിൽ സംസാരിച്ച് നല്ല നിർദ്ദേശങ്ങൾ നൽകിയ എല്ലാ ബഹുമാനപ്പെട്ട അംഗങ്ങൾക്കും ഞാൻ ആദ്യമായി നന്ദി രേഖപ്പെടുത്തുന്നു. യുവജനങ്ങളുടെ അവകാശ സംരക്ഷണത്തിനും ക്ഷേമം ലക്ഷ്യമാക്കിയും സർക്കാർ കൊണ്ടുവന്ന ഒരു ബില്ലാണിത്. മുൻ സർക്കാർ ഇത്തരത്തിലൊരു കമ്മീഷൻ രൂപീകരിക്കുന്നതിനെപ്പറ്റി ആലോചിക്കുകയും അതിനായി ഒരു ബില്ലിന്റെ കരട് തയ്യാറാക്കുകയും ചെയ്തിരുന്നു. പ്രസ്തുത കരട് ബില്ലിൽ ഗുണപ്രദമായ ചില കൂട്ടിച്ചേർക്കലുകൾ മാത്രമാണ് വരുത്തിയി ട്ടുള്ളത്. കമ്മീഷന്റെ പ്രവർത്തനം ഒരിക്കലും ഒരു കടലാസ്സിൽ ഒതുങ്ങുന്ന ഒന്നായിരിക്കില്ല. സംസ്ഥാന ബഡ്ജറ്റിന്റെ ഒരു ശതമാനം യുവജനക്ഷേമ

പ്രവർത്തനങ്ങൾക്ക് നീക്കിവയ്ക്കുന്നതിനായി ഇപ്പോൾതന്നെ തീരുമാനമെടുത്തിട്ടുണ്ട്. യുവജനങ്ങളെ സംബന്ധിച്ച് ഇത് തികച്ചും സ്വാഗതാർഹമാണ്. കമ്മീഷന്റെ മുന്നോട്ടുള്ള പ്രവർത്തനം നല്ല നിലയിലായിരിക്കുമെന്നതിന്റെ സൂചന കൂടിയാണിത്. പ്രായോഗിക തലത്തിലെത്തുന്നവേളയിൽ ഏതവസരത്തിലും നിയമഭേദഗതി വരുത്തുവാൻ ഈ സഭയ്ക്ക് അധികാരമുണ്ട്. അതിനാൽ കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ച് യുവജന കമ്മീഷന്റെ പ്രവർത്തനത്തിൽ ആവശ്യമായ മാറ്റം വരുത്തുവാൻ നമുക്ക് കഴിയുമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. ഇവിടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീ. എ. എം. ആരിഫ് യുവജന ക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടക്കുന്നുവെന്ന് സൂചിപ്പിച്ചു. അതിൽ വളരെയേറെ സന്തോഷമുണ്ട്. യുവജനക്ഷേമ ബോർഡിൽ നിന്നും വ്യത്യസ്തമായി ഒരു ക്വാസി ജുഡീഷ്യൽ അധികാരത്തോടുകൂടി യുവജനങ്ങളുടെ പ്രശ്നങ്ങളിൽ സ്വമേധയാ ഇടപെടുവാനും നടപടി കൈക്കൊള്ളുവാനുമുള്ള അധികാരത്തോടുകൂടിയാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ഭരണഘടനാ പ്രകാരം വനിതകൾക്കും കുട്ടികൾക്കും വേണ്ടി മാത്രമേ പ്രത്യേക നിയമവ്യവസ്ഥകളോടെ പ്രോസിക്യൂഷനും മറ്റും അധികാരം നൽകിക്കൊണ്ട് നിയമനിർമ്മാണം നടത്തുവാൻ കഴിയുകയുള്ളൂ. ഇപ്രകാരമല്ലാത്ത ഒരു വിഭാഗത്തിനായി അപ്രകാരം നിയമനിർമ്മാണം നടത്തുവാൻ പ്രയാസമുണ്ട്. അതുപോലെതന്നെ ശ്രീ. കെ. എം. ഷാജി ബില്ലിൽ 'യുവാക്കൾ' എന്നതിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. അതിൽ Kerala interpretation and General Cause Act അനുസരിച്ച് പുല്ലിംഗത്തിൽ ഉപയോഗിക്കുന്ന വാക്ക് സ്ത്രീലിംഗത്തിലും തിരിച്ചും അർത്ഥം വരുന്നതുകൊണ്ട് 'യുവാക്കൾ' എന്ന പ്രയോഗ

ത്തിൽ യുവതികളും ഉൾപ്പെടും എന്നതുകൊണ്ടാണ് അതിന് മാറ്റം വരുത്താൻ സാധിക്കാത്തത്. ശ്രീ. ആർ. രാജേഷ് ഇവിടെ സൂചിപ്പിച്ചത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് യുവജനക്ഷേമ ബോർഡിൽ പ്രതിപക്ഷ ബഹുമാനത്വം നിലനിറുത്തുന്നതിന് ഒരു അംഗത്തെ ഉൾപ്പെടുത്തിയെന്നാണ്. അത് ഗവൺമെന്റ് പരിഗണിക്കുന്നതായിരിക്കും.

മി. സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ് അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. എം. ആരിഫ് അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

**2-ാം വകുപ്പ്**

ഡോ. എൻ. ജയരാജ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

147. ഖണ്ഡം 2(എ) താഴെപ്പറയും പ്രകാരം മാറ്റുക :

''(എ) ''ചെയർമാൻ/ചെയർപേഴ്സൺ'' എന്നാൽ കമ്മീഷന്റെ ചെയർമാൻ/ ചെയർപേഴ്സൺ എന്നർത്ഥമാകുന്നു;''

ചെയർമാൻ/ചെയർപേഴ്സൺ എന്നു പറയുമ്പോൾ സാധാരണ പുരുഷന്മാരാണെങ്കിൽ അവരെ ചെയർമാനെന്നും വനിതകളാണെങ്കിൽ ചെയർപേഴ്സൺ എന്നുമാണ് പറയാറുള്ളത്. എല്ലാ സംവിധാനത്തിലും അങ്ങനെയാണ് പറയുന്നത്. അതുകൊണ്ട് ചെയർപേഴ്സൺ എന്ന പ്രയോഗം നിയമത്തിനകത്ത് വരുമ്പോൾ പുരുഷന്മാർ ചെയർമാനായിട്ടിരിക്കുന്ന സന്ദർഭങ്ങളിൽ ചെയർപേഴ്സൺ എന്നത് ഒരു അനൗചിത്യമാണ് എന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീമതി. കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

149. ഖണ്ഡം 2(ഡി) താഴെപ്പറയും പ്രകാരം മാറ്റുക :

'(ഡി) ''അംഗം'' എന്നാൽ കമ്മീഷനിലെ ഒരംഗം എന്നർത്ഥമാകുന്നതും അതിൽ ചെയർപേഴ്സൺ ഉൾപ്പെടുന്നതും ആകുന്നു;''

156. ഖണ്ഡം 2(എഫ്)ൽ, ''ഒരാൾ'' എന്നവാക്കിന് പകരം ''യുവതീയുവാക്കൾ'' എന്ന വാക്കു ചേർക്കുക.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

150. ''ഖണ്ഡം 2(ഡി)ക്കു ശേഷം താഴെപ്പറയുന്നത് (ഇ) ആയി ചേർത്ത് ശേഷിക്കുന്നവ പുന:ക്രമീകരിക്കുക:

‘‘(ഇ) ‘‘സെക്രട്ടറി’’ എന്നാൽ കമ്മീഷന്റെ സെക്രട്ടറി എന്നർത്ഥ മാകുന്നു;’’

ശ്രീ. ഹൈബി ഈഡൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

151. ഖണ്ഡം 2(ഇ)യിൽ, ‘‘ആക്റ്റിൻകീഴിൽ’’ എന്ന വാക്കിന് ശേഷം ‘‘ഗസറ്റ് വിജ്ഞാപനത്തിനു ശേഷം 90 ദിവസത്തിനകം’’ എന്നീ വാക്കുകളും അക്കങ്ങളും ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

154.‘‘ഖണ്ഡം 2(എഫ്)ൽ, ‘‘നാൽപതുവയസ്സ് പൂർത്തിയാകാത്തതുമായ’’ എന്നതിന് പകരം ‘‘നാൽപ്പതുവയസ്സ് പൂർത്തിയാകാത്തതുമായ’’ എന്ന് ചേർക്കുക.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. Kerala Interpretation and General Cause Act അനുസരിച്ച് 12-ാം വകുപ്പുപ്രകാരം പുല്ലിംഗത്തിൽ ഉപയോഗിക്കുന്ന വാക്ക് സ്ത്രീലിംഗത്തിലും അതേ അർത്ഥം വരുന്നതുകൊണ്ടാണ് ഡോ. എൻ. ജയരാജിന്റെ ഭേദഗതി സ്വീകരിക്കാത്തത്.

മി. സ്പീക്കർ: ശ്രീ. ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 147-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 149, 156 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. റ്റി. എൻ. പ്രതാപൻ അവതരിപ്പിച്ച 150-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 151-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 154-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

(3-ാം വകുപ്പ്)

## 3-ാം വകുപ്പ്

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

158. ഖണ്ഡം 3(1)-ൽ ''കഴിയുന്നത്ര വേഗം'' എന്നീ വാക്കുകൾക്ക് പകരം ''രണ്ടുവർഷത്തിനുള്ളിൽ'' എന്നീ വാക്കുകൾ ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

160. ഖണ്ഡം 3(2) (എ) യിൽ, ''ചെയർപേഴ്സണും'' എന്ന വാക്കിന് പകരം ''ചെയർമാൻ/ചെയർപേഴ്സൺ'' എന്നീ വാക്കുകൾ ചേർക്കുകയും ''ചെയർപേഴ്സൺ'' എന്ന വാക്ക് ആവർത്തിച്ചുവരുന്നിടത്തെല്ലാം ''ചെയർമാൻ/ചെയർപേഴ്സൺ'' എന്ന് ചേർക്കുകയും ചെയ്യുക.

184. ഖണ്ഡം 3(2)(ബി)-ക്ക് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

'' (സി) എല്ലാ അംഗങ്ങളും അംഗീകൃത സർവ്വകലാശാലയിൽ നിന്നും മൂന്നു വർഷത്തിൽ കുറയാതെയുള്ള പഠനത്തിനു ശേഷമുള്ള ബിരുദം നേടിയവരായിരിക്കണം.''

ശ്രീ. കെ. ദാസൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

161. ഖണ്ഡം 3(2) (എ) യിൽ, ''ചെയർപേഴ്സണും'' എന്ന വാക്കിന് പകരം ''അദ്ധ്യക്ഷനും'' എന്ന വാക്ക് ചേർക്കുകയും ''ചെയർപേഴ്സണും'' എന്ന വാക്ക് ആവർത്തിച്ചുവരുന്നിടത്തെല്ലാം ''അദ്ധ്യക്ഷൻ'' എന്ന വാക്ക് പകരം ചേർക്കുകയും ചെയ്യുക.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

164. ഖണ്ഡം 3(2) (ബി)-ൽ, ''പതിമൂന്നിൽ കവിയാത്ത'' എന്നീ വാക്കുകൾക്ക് പകരം ''പത്തിൽ കവിയാത്ത'' എന്നീ വാക്കുകളും ''മൂന്നു പേരെങ്കിലും'' എന്നീ വാക്കുകൾക്ക് പകരം ''മൂന്നുപേർ'' എന്ന വാക്കും ചേർക്കുക.

190. ഖണ്ഡം 3(5)–ൽ, ''വഹിക്കുകയോ, വഹിച്ചിരുന്നതോ ആയ'' എന്നീ വാക്കുകൾക്ക് പകരം ''വഹിക്കുന്ന'' എന്ന വാക്കു ചേർക്കുക.

സർ, ഇതിൽ ''പതിമൂന്നിൽ കവിയാത്തത്രയും എണ്ണം അംഗങ്ങൾ ഉണ്ടായിരിക്കണം'' എന്നത് ''പത്തിൽ കവിയാത്തത്രയും എണ്ണം അംഗങ്ങൾ ഉണ്ടായിരിക്കണം '' എന്നായി മാറ്റണം. വനിതാ കമ്മീഷനിൽ മൂന്ന് അംഗങ്ങ ളാണുള്ളത്. യൂത്ത് കമ്മീഷനിൽ എന്തിനാണ് പതിമൂന്ന് പേരുള്ള ജംബോ കമ്മിറ്റി? അതുകൊണ്ട് ''പതിമൂന്നിൽ കവിയാത്ത'' എന്നുള്ളത് ''പത്തിൽ കവിയാത്ത'' എന്നും അതുപോലെതന്നെ ''മൂന്നുപേരെങ്കിലും'' എന്നുള്ളത് ''മൂന്നുപേർ'' എന്നുമായി മാറ്റേണ്ടതാണ്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

165. ഖണ്ഡം 3(2) –(ബി) യിൽ, ''അത്രയും'' എന്ന വാക്ക് ഒഴിവാക്കു ക.

169. ഖണ്ഡം 3(2) –(ബി) യിൽ, ''പട്ടികജാതിയിൽപ്പെട്ട ആളും'' എന്നീ വാക്കുകൾക്ക് പകരം ''പട്ടികജാതിയിൽപ്പെട്ട വ്യക്തിയും'' എന്നീ വാക്കുകൾ ചേർക്കുക.

179. ഖണ്ഡം 3(2) (ബി)–യിൽ, ''പട്ടികഗോത്രത്തിൽപ്പെട്ട ആൾ'' എന്നീ വാക്കുകൾക്ക് പകരം ''പട്ടികഗോത്രത്തിൽപ്പെട്ട വ്യക്തി'' എന്നീ വാക്കു കൾ ചേർക്കുക.

സർ, ഖണ്ഡം 3(2) (ബി)–യിൽ പറയുന്ന ''അത്രയും'' എന്ന വാക്ക് ഒഴിവാ ക്കണം.

ശ്രീ. സി. മോയിൻകുട്ടി: സർ, ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

167. ഖണ്ഡം 3(2) (ബി)-യിൽ, ''യോഗ്യതയുള്ള'' എന്ന വാക്കിന് മുമ്പ് ''ബിരുദാനന്തര ബിരുദ'' എന്നീ വാക്കുകൾ ചേർക്കുക.

196. ഖണ്ഡം 3(6)-ൽ ''തിരുവനന്തപുരം'' എന്ന വാക്കിനുപകരം ''കോഴിക്കോട്'' എന്ന വാക്ക് ചേർക്കുക.

ശ്രീ. ഹൈബി ഈഡൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

168. ഖണ്ഡം 3(2) (ബി)-യിൽ, ''ഒരാൾ പട്ടികജാതിയിൽപ്പെട്ട ആളും'' എന്നീ വാക്കുകൾക്ക് ശേഷം ''ഒരാൾ പട്ടികഗോത്ര വർഗ്ഗത്തിൽപ്പെട്ട ആളും ഒരാൾ വിദ്യാർത്ഥിയും'' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

170. ഖണ്ഡം 3(ബി)-യിൽ, ''പട്ടികജാതിയിൽപ്പെട്ട ആളും'' എന്നീ വാക്കുകൾക്ക് ശേഷം ''ഒരാൾ മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ട ആളും'' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

172. ഖണ്ഡം 3(2) (ബി)–യിൽ, ''മൂന്നു പേരെങ്കിലും വനിതകളും'' എന്നീ വാക്കുകൾക്ക് പകരം ''നാല് പേരെങ്കിലും വനിതകളും'' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഹംസ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

173. ഖണ്ഡം 3(2) (ബി)–യിൽ, ''പേരെങ്കിലും'' എന്ന വാക്ക് നീക്കം ചെയ്യുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

176. ഖണ്ഡം 3(2) (ബി) യിൽ, ''വനിതകളിൽ'' എന്ന വാക്കിനു ശേഷം ''ഒരാൾ പട്ടികജാതിയിലും'' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ജോസഫ് വാഴക്കൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

180. ഖണ്ഡം 3(2) (ബി) താഴെപ്പറയും പ്രകാരം മാറ്റുക:–

''(ബി) പതിമൂന്നിൽ കവിയാത്ത അത്രയും എണ്ണം അംഗങ്ങളും ഉണ്ടായിരിക്കേണ്ടതും അവയിൽ ഒരാൾ യോഗ്യതയുള്ള ഒരു ലീഗൽ പ്രാക്ടീഷണറും ഒരാളെങ്കിലും പട്ടികജാതിയിലോ, പട്ടിക ഗോത്ര വർഗ്ഗത്തിലോ പെട്ട ആളും ആയിരിക്കേണ്ടതും മൂന്നു പേരെങ്കിലും വനിതകളും വനിതകളിൽ ഒരാളെങ്കിലും പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോ പെട്ട ആളും ആയിരിക്കേണ്ടതാണ്.''

ശ്രീ. കെ. എം. ഷാജി: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

195. ഖണ്ഡം 3(6)ൽ ''തിരുവനന്തപുരം'' എന്ന വാക്കിനുപകരം ''തൃശ്ശൂർ'' എന്ന വാക്ക് ചേർക്കുക.

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

182. ഖണ്ഡം 3(2) (ബി) താഴെപ്പറയും പ്രകാരം മാറ്റുക.

''(ബി) പതിനാല് മറ്റ് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും അവരിൽ ഓരോ അംഗവും ഓരോ ജില്ലയെ പ്രതിനിധീകരിക്കേണ്ടതും അവരിൽ ഒരാൾ നിശ്ചിത യോഗ്യതയുള്ള ഒരു ലീഗൽ പ്രാക്ടീഷണറും ഒരാൾ പട്ടികജാതിയിൽപ്പെട്ട ആളും ആയിരിക്കേണ്ടതും നാലുപേരെങ്കിലും വനിതകളും വനിതകളിൽ പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ടയാളും ഉണ്ടായിരിക്കേണ്ടതു മാണ്''

188. ഖണ്ഡം 3(4), താഴെപ്പറയും പ്രകാരം മാറ്റുക:

''(4) ചെയർപേഴ്സൻ ഉൾപ്പെടെ മറ്റ് അംഗങ്ങളെയും സർക്കാർ നിയമിക്കേണ്ടതും നാൽപത് വയസ്സ് പൂർത്തീകരിച്ചാൽ ഇവരുടെ അംഗത്വം നഷ്ടപ്പെടുന്നതുമാണ്.''

197. ഖണ്ഡം 3(6)ൽ, താഴെപ്പറയും പ്രകാരം മാറ്റുക:

''(6) കമ്മീഷന്റെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കേണ്ടതും മറ്റ് രണ്ട് മേഖലാ ഓഫീസുകൾ കൂടി ഉണ്ടായിരിക്കേണ്ടതുമാണ്.''

സർ, 188–ൽ ചെയർപേഴ്സൺ ഉൾപ്പെടെ മറ്റ് അംഗങ്ങളെയും സർക്കാർ നിയമിക്കേണ്ടതും എന്നുകഴിഞ്ഞിട്ട് നാൽപത് വയസ്സ് പൂർത്തിയായാൽ ഇവരുടെ അംഗത്വം നഷ്ടപ്പെടുന്നതാണ് എന്നുകൂടി ചേർക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

183. ഖണ്ഡം 3(2) (ബി) താഴെപ്പറയും പ്രകാരം മാറ്റുക.

''(ബി) പത്തിൽ കവിയാത്ത എണ്ണം അംഗങ്ങളും ഉണ്ടായിരിക്കേണ്ടതും അദ്ധ്യക്ഷനും അംഗങ്ങളും ഉൾപ്പെട്ടവരിൽ ഒരാൾ പട്ടികജാതിയിൽപ്പെട്ട ആളും ഒരാൾ പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ട ആളും മൂന്നുപേരെങ്കിലും യുവതികളും ആയിരിക്കേണ്ടതുമാണ്.''

187. ഖണ്ഡം 3(4), താഴെപ്പറയും പ്രകാരം മാറ്റുക:

''(4) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനപ്രതിനിധികളായി പ്രവർത്തിച്ചിട്ടുള്ളവരിൽ നിന്നോ പൊതുപ്രവർത്തനത്തിലും പൊതുഭരണരംഗത്തും പ്രാഗൽഭ്യം തെളിയിച്ചിട്ടുള്ളവരിൽ നിന്നോ സർക്കാർ, അദ്ധ്യക്ഷനേയും അംഗങ്ങളേയും നിയമിക്കേണ്ടതാണ്.''

സർ, നിർദ്ദിഷ്ട ബില്ലിൽ മൂന്നുപേരെങ്കിലും വനിതകളും വനിതകളിൽ ഒരാൾ പട്ടിക ഗോത്രവിഭാഗത്തിൽപ്പെട്ട ആളുമായിരിക്കണം എന്നാണ് വ്യവസ്ഥപ്പെടുത്തിയിട്ടുള്ളത്. അതിനുപകരം മൂന്ന് വനിതകളെ നിർബന്ധമായി എടുക്കുകയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരാളെ പ്രത്യേകമായി എടുക്കുകയും വേണം. വനിതാ പ്രാതിനിധ്യം ഈ ഗോത്രവർഗ്ഗ

ത്തിന്റെ മാത്രമാക്കി പരിമിതപ്പെടുത്തുന്നത് ശരിയല്ല എന്നുള്ളതാണ് എന്റെ അഭിപ്രായം.

അതുപോലെതന്നെ 187–ൽ, ചെയർമാനും അംഗങ്ങളുമായി വരുന്ന ആളുകൾക്ക് എന്തെങ്കിലുമൊരു മാനദണ്ഡം വയ്ക്കണം. അവരൊരു പൊതു പ്രവർത്തകനായിരിക്കണം. അല്ലെങ്കിൽ ജനപ്രതിനിധിയായിരിക്കണം. ഇതൊന്നുമല്ലാത്ത ആരെയെങ്കിലും പിടിച്ച് ചെയർമാനാക്കുന്ന സ്ഥിതി വന്നാൽ ഇതൊരു ഗൗരവമില്ലാത്ത സമിതിയായി മാറും. ഗൗരവമില്ലാത്ത താണ് ഇതിന്റെ ഘടനയെങ്കിലും പേര് കേൾക്കുമ്പോഴെങ്കിലും നല്ലതാണെന്ന് തോന്നേണ്ടേ. ആ വിധത്തിൽ ഒരു വ്യവസ്ഥകൂടി ഉൾക്കൊള്ളിക്കണം.

മി. സ്പീക്കർ: പൊതുപ്രവർത്തകൻ എന്നുപറഞ്ഞാൽ എല്ലാവരും അതിൽപ്പെടും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ജനപ്രതിനിധികളായി പ്രവർത്തി ക്കുന്ന ആളുകളെന്നാണ് ഞാൻ പറഞ്ഞത്. ഇതുപ്രകാരം വേണമെങ്കിൽ 40 വയസ്സിൽ താഴെയുള്ള ഉദ്യോഗസ്ഥനെ വേണമെങ്കിൽ ചെയർമാനായി വയ്ക്കാം. അങ്ങനെ വേഗായി വയ്ക്കാൻ പാടില്ലെന്നുള്ളതുകൊണ്ട് ഒരു വ്യവസ്ഥ വേണം. പുലരുന്നതുവരെ പ്രസംഗിച്ചാലും ഇതൊന്നും അംഗീകരി ക്കുകയില്ലെന്ന് വ്യക്തമായിക്കഴിഞ്ഞു. അതുകൊണ്ട് ഞാൻ കൂടുതലൊന്നും പറയുന്നില്ല.

പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗ ശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 165–ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. മറ്റുള്ള ഭേദഗ തികൾ സ്വീകാര്യമല്ല.

<u>മി. സ്പീക്കർ</u>: ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 158–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 160, 184 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ദാസൻ അവതരിപ്പിച്ച 161–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 164, 190 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 169, 179 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. മോയിൻകുട്ടി അവതരിപ്പിച്ച 167, 196 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 168–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 170–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 172–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 173–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 176–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 182, 188, 197 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 183, 187 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 195-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 4-ാം വകുപ്പ്

ശ്രീ. എം. ഹംസ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

202. ഖണ്ഡം 4(1)-ൽ "മൂന്ന്" എന്ന വാക്കിനുപകരം "അഞ്ച്" എന്ന വാക്ക് ചേർക്കുക.

ശ്രീമതി കെ. എ. സലീഖ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

203. ഖണ്ഡം 4(1) താഴെപ്പറയും പ്രകാരം മാറ്റുക.

"(1) ചെയർപേഴ്സണും മറ്റ് അംഗങ്ങൾക്കും അവർ ഔദ്യോഗിക സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ രണ്ട് വർഷക്കാലം ഔദ്യോഗികസ്ഥാനം വഹിക്കാവുന്നതും, എന്നാണോ ചെയർപേഴ്സണും അംഗങ്ങൾക്കും നാൽപത് വയസ്സ് പൂർത്തിയാകുന്നത് അന്നുമുതൽ അവരുടെ അംഗത്വം നഷ്ടപ്പെടുന്നതുമാണ്".

207. ഖണ്ഡം 4(2)–ൽ, "എഴുതി", "നൽകിക്കൊണ്ട്" എന്നീ വാക്കുകൾ ക്കിടയിൽ "നേരിട്ട്" എന്ന വാക്ക് ചേർക്കുക.

223. ഖണ്ഡം 4(4)(ഇ)–യിൽ, '' ബോധ്യമാകുകയോ'', എന്ന വാക്കിന് ശേഷം ''ക്ഷമതയുള്ള ഒരു കോടതി പ്രഖ്യാപിക്കുകയോ'' എന്നീ വാക്കുകൾ ചേർക്കുക.

225. ഖണ്ഡം 4(4)(ഇ)–യ്ക്കുശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക;

''(എഫ്) (1)–ാം ഉപവകുപ്പിൻ കീഴിലോ മറ്റ് വിധത്തിലോ ഉണ്ടാകുന്ന ഒഴിവുകൾ സർക്കാർ പുതിയ നാമനിർദ്ദേശം വഴി നികത്തേണ്ടതാണ് ''.

235. ഖണ്ഡം 4(7),(8) എന്നിവയ്ക്കുപകരം താഴെപ്പറയുന്നത് ഉപഖണ്ഡം (7) ആയി ചേർക്കുക;

''(7) ചെയർപേഴ്സണും അംഗങ്ങൾക്കും നൽകേണ്ട അലവൻസുകളോ അഥവാ സിറ്റിംഗ് ഫീസോ തുടങ്ങി അവരുടെ സേവനത്തിന്റെ മറ്റ് നിബന്ധനകളും ഉപാധികളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ് ''.

സർ, 207-ൽ, "എഴുതി", "നൽകിക്കൊണ്ട്" എന്നീ വാക്കുകൾക്കിടയിൽ "നേരിട്ട്" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

205. ഖണ്ഡം 4(2)-ൽ, "ചെയർപേഴ്സണോ" എന്നതിനുപകരം "ചെയർപേഴ്സനോ" എന്ന് ചേർക്കുക.

206. ഖണ്ഡം 4(2)-ൽ, "അംഗത്തിനോ" എന്ന വാക്കിനുപകരം "അംഗങ്ങൾക്കോ" എന്ന വാക്ക് ചേർക്കുക.

211. ഖണ്ഡം 4(4)-ൽ, "ചെയർപേഴ്സണെയോ" എന്ന വാക്കിനുപകരം "ചെയർപേഴ്സനേയോ" എന്ന വാക്ക് ചേർക്കുക.

212. ഖണ്ഡം 4(4)(എ)-യിൽ, "ഒരു" എന്ന വാക്കിനുശേഷം "കോടതി" എന്ന വാക്ക് ചേർക്കുക.

215. വകുപ്പ് 4(4)(ബി)-യിൽ ''ഒരു കുറ്റത്തിന്'' എന്നീ വാക്കുകൾ ഒഴിവാക്കുക.

218. ഖണ്ഡം 4(4)(സി)-യിൽ, ''ബുദ്ധിസ്ഥിരത'' എന്ന വാക്കിനു പകരം ''മാനസികസ്ഥിരത'' എന്ന വാക്കുചേർക്കുക.

229. ഖണ്ഡം 4(5)-ൽ, ''ചെയർ പേഴ്സണോ'' എന്നതിനുപകരം ''ചെയർപേഴ്സനോ'' എന്ന് ചേർക്കുക.

സർ, 205-ൽ "ചെയർപേഴ്സണോ" എന്നതിനുപകരം "ചെയർപേഴ്സനോ" എന്നാക്കി മാറ്റണം. അതുപോലെത്തന്നെ 206-ൽ "അംഗത്തിനോ" എന്ന വാക്കിനുപകരം "അംഗങ്ങൾക്കോ" എന്ന വാക്ക് ചേർക്കണം. 211-ൽ "ചെയർപേഴ്സണെയോ" എന്നുള്ളത് "ചെയർപേഴ്സനേയോ" എന്നാക്കണം. 212-ൽ "ഒരു" എന്ന വാക്കിനുശേഷം "കോടതി" എന്ന വാക്ക് ചേർക്കണം. 215-ൽ ''ഒരു കുറ്റത്തിന്'' എന്നീ വാക്കുകൾ ഒഴിവാക്കണം.

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

209. ഖണ്ഡം 4(3)-ൽ, ''നിയമനം മുഖേന നികത്തേണ്ടതും അങ്ങനെ നിയമിക്കപ്പെടുന്ന വ്യക്തി, ആരുടെ സ്ഥാനത്തേക്കാണോ നിയമിക്കപ്പെടുന്നത് അയാളുടെ കാലാവധിയിലെ അവശേഷിക്കുന്ന കാലയളവിലേക്ക് ഔദ്യോഗിക സ്ഥാനത്ത് തുടരേണ്ടതുമാണ്'' എന്നീ

വാക്കുകൾക്കുപകരം, ''നിയമനം മുഖേന നികത്തേണ്ടതാണ്'' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

210. ഖണ്ഡം 4(3)–ൽ, താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

''എന്നാൽ ചെയർപേഴ്സന്റെ കാര്യത്തിൽ രാജി സ്വീകരിച്ച് സർക്കാർ പകരം സംവിധാനം ഒരുക്കിയ ശേഷമേ രാജി പ്രാബല്യത്തിൽ വരികയുള്ളൂ''

ശ്രീ. ഹൈബി ഈഡൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

214. വകുപ്പ് 4(4)(ബി)–യിൽ, ''സാന്മാർഗികദൂഷ്യം'' എന്ന വാക്കിനു ശേഷം ''അഥവാ സാമ്പത്തിക ക്രമക്കേട്, സ്ത്രീകൾക്കോ കുട്ടികൾക്കോ എതിരായ കുറ്റകൃത്യങ്ങൾ, അഴിമതി നിരോധന നിയമപ്രകാരമുള്ള കുറ്റകൃത്യം എന്നിവയിലേതെങ്കിലും'' എന്നീ വാക്കുകൾ ചേർക്കുക.

216. വകുപ്പ് 4(4)(ബി)–യിൽ, ''വിധിക്കപ്പെടുകയോ'' എന്ന വാക്കിനുശേഷം ''പിഴ ശിക്ഷയ്ക്ക് വിധിക്കപ്പെടുകയോ '' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

217. ഖണ്ഡം 4(4)(ബി)–യ്ക്കുശേഷം താഴെപ്പറയുന്ന പുതിയ ഉപഖണ്ഡം ചേർത്ത് തുടർന്നുള്ള ഉപഖണ്ഡങ്ങൾ പുനരക്ഷരം ചെയ്യുക:

''(സി) സ്ത്രീകൾക്കെതിരായ അതിക്രമത്തിന്റെ പേരിലോ, സ്ത്രീധന നിരോധന നിയമത്തിൻ കീഴിലോ കോടതിയിൽ കുറ്റപത്രം സമർപ്പിക്കപ്പെടുകയോ; അല്ലെങ്കിൽ ''.

ശ്രീ. സി. കൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

222. ഖണ്ഡം 4(4)(ഇ)–യിൽ, ''ചെയ്തതായി'' ''സർക്കാരിന്'' എന്നീ വാക്കുകൾക്കിടയിൽ ''നീതിപൂർവ്വമായ അന്വേഷണത്തിൽ''എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

227. ഖണ്ഡം 4(4)–നുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുകയും തുടർന്നുള്ളവ പുനരക്കം ചെയ്യുകയും ചെയ്യുക:

''(5) അദ്ധ്യക്ഷൻ ആ സ്ഥാനത്ത് തുടരുന്നിടത്തോളം കാലം വേതനം പറ്റുന്ന മറ്റു ജോലികളിലോ പ്രതിഫലമുള്ള മറ്റ് പ്രവൃത്തികളിലോ വ്യാപൃതനാകാൻ പാടില്ലാത്തതാകുന്നു. ''.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

231. ഖണ്ഡം 4(6)–ൽ, ''മറ്റംഗങ്ങൾ'' എന്നതിനുപകരം ''മറ്റംഗങ്ങളും സെക്രട്ടറിയും '' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

233. ഖണ്ഡം 4(7)–ൽ, ''അങ്ങനെയുള്ള'' എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

234. ഖണ്ഡം 4(7)-ൽ, ''നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള'' എന്നീ വാക്കുകൾക്കുപകരം ''തദനുസൃതമായ'' എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. ബി. അബ്ദുൾ റസാക് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

236. ഖണ്ഡം 4(8)-ൽ, ' അങ്ങനെയുള്ള ' എന്ന വാക്ക് ഒഴിവാക്കുക.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 212-ാം നമ്പർ ഭേദഗതിയയും ശ്രീ. കെ. സുരേഷ് കുറുപ്പിന്റെ 227-ാം നമ്പർ ഭേദഗതി അദ്ധ്യക്ഷൻ എന്നതിനുപകരം ചെയർ പേഴ്സൺ എന്നതും സ്വീകരിക്കുന്നു. മറ്റുളളവ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ:. ശ്രീ. എം. ഹംസ അവതരിപ്പിച്ച 202 -ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 203, 207, 225, 235 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 205, 206, 211, 215, 218, 229 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. കെ.ടി. ജലീൽ ജലീൽ അവതരിപ്പിച്ച 209 -ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു

ശ്രീ. റ്റി. എ. അഹ്മദ് കബീർ അവതരിപ്പിച്ച 210 -ാം നമ്പർ നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 214, 216 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 217 –ാം നമ്പർ ഭേദ ഗതി സഭ നിരാകരിച്ചിരിക്കുന്നു

ശ്രീ. സി. കൃഷ്ണൻ അവതരിപ്പിച്ച 222 –ാം നമ്പർ ഭേദഗതി സഭ നിരാക രിച്ചിരിക്കുന്നു

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 231 –ാം നമ്പർ ഭേദഗതി സഭ യുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 233 –ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 234 –ാം നമ്പർ ഭേദഗതി സഭ നിരാ കരിച്ചിരിക്കുന്നു

ശ്രീ. പി. ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 236 –ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാ മോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്ത പ്രകാരമുള്ള 4–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു

4–ാംവകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

ശ്രീ. പി. ഉബൈദുള്ള : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരി പ്പിക്കുന്നു.

238. ഖണ്ഡം 5(1)–ൽ, ''അങ്ങനെയുള്ള'' എന്ന വാക്ക് നീക്കം ചെയ്യുക.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

239. ഖണ്ഡം 5(1)–ൽ, "അങ്ങനെയുള്ള" എന്ന വാക്കിന് പകരം, "സെക്രട്ടറി ഉൾപ്പെടെയുള്ള" എന്നീ വാക്കുകൾ ചേർക്കുക.

{ശ്രീ. ഹൈബി ഈഡൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

240. ഖണ്ഡം 5(1)–ൽ, "സർക്കാർ" എന്ന വാക്കിനു ശേഷം "അടിയന്തിരമായി" എന്ന വാക്ക് ചേർക്കുക.

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

241. ഖണ്ഡം 5(1)–ൽ, "ലഭ്യമാക്കേണ്ടതാണ്'' എന്ന വാക്കിന് പകരം □ലഭ്യമാക്കേണ്ടതും രണ്ട് വർഷത്തിനകം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി തുടർ നിയമനങ്ങൾ നടത്തേണ്ടതുമാണ്.'' എന്നീ വാക്കുകൾ ചേർക്കുക.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ:. ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 238 –ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ അവതരിപ്പിച്ച 239 –ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 240 –ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 241 –ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു

5–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ........

5–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു

5–ാംവകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ആറാം വകുപ്പ്**

ശ്രീ. പി. കെ. ബഷീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

243. ഖണ്ഡം 6–ൽ, ‘‘ചെയർപേഴ്സണ’’ എന്നതിനുപകരം ‘‘ചെയർപേഴ്സൺ, സെക്രട്ടറി എന്നിവർക്ക്’’ എന്ന് ചേർക്കുക.

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

244. ഖണ്ഡം 6–ൽ, ‘‘ചെയർപേഴ്സണ് നൽകേണ്ടതായ ശമ്പളവും ബത്തകളും അംഗങ്ങൾക്ക് നൽകേണ്ടതായ’’ എന്നീ വാക്കുകൾക്കു പകരം ‘‘ചെയർപേഴ്സണും അംഗങ്ങൾക്കും നൽകേണ്ട’’ എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 6–ൽ "ചെയർ പേഴ്സണ് നൽകേണ്ടതായ ശമ്പളവും ബത്ത കളും'' എന്നതിന് ശേഷം അംഗങ്ങൾക്ക് നൽകേണ്ടതായ എന്ന വേറെ വാക്കു കൊടുത്തിരിക്കുകയാണ്. അതിനു പകരം "ചെയർപേഴ്സണും അംഗ ങ്ങൾക്കും നൽകേണ്ട'' എന്ന വാക്ക് ചേർക്കണം.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

245. ഖണ്ഡം 6–ൽ, "അലവൻസുകളോ അഥവാ സിറ്റിംഗ് ഫീസോ'' എന്നീ വാക്കുകൾക്കു പകരം "ബത്തയും സിറ്റിംഗ് ഫീസും" എന്നീ വാക്കു കൾ ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവ തരിപ്പിക്കുന്നു.

246. ഖണ്ഡം 6–ൽ, "5–ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള" എന്നതിനു പകരം "5–ാം വകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന'' എന്ന് ചേർക്കുക.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാ ലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): സർ, ഭേദഗതിക ളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ:. ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 243 –ാം നമ്പർ ഭേദ ഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ് സലീഖ അവതരിപ്പിച്ച 244 –ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ അവതരിപ്പിച്ച 245 –ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 246 –ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

6–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ........

6–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു

6–ാംവകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഏഴാം വകുപ്പ്**

7–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ........

7–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു

7–ാംവകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**എട്ടാം വകുപ്പ്**

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

247. ഖണ്ഡം 8(1)–ൽ, ''ചെയർപേഴ്സണ്'' എന്നതിനു പകരം □ചെയർപേഴ്സന് '' എന്ന് ചേർക്കുക.

252. ഖണ്ഡം 8(2)–ൽ, ''കയ്യൊപ്പോടുകൂടി'' എന്നതിനുപകരം ''കൈയ്യൊപ്പോടുകൂടി'' എന്ന് ചേർക്കുക.

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

248. ഖണ്ഡം 8(1), താഴെ പറയും പ്രകാരം മാറ്റുക.

'' (1) ചെയർപേഴ്സണ് യുക്തമെന്ന് തോന്നുന്ന സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും രാവിലെ പത്ത് മണിയ്ക്കും വൈകുന്നേരം അഞ്ച് മണിയ്ക്കും ഇടയിലുള്ള സമയങ്ങളിലും യോഗം ചേരേണ്ടതും, കമ്മീഷന് അതിന്റെ ഭരണനടപടിക്രമം നിയന്ത്രിക്കുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതുമാണ്''.

254. ഖണ്ഡം 8(3), താഴെ പറയും പ്രകാരം മാറ്റുക:-

''(3) കമ്മീഷൻ, അതിന്റെ മുൻപിലുള്ള ഏതെങ്കിലും സങ്കീർണ്ണമായ കാര്യങ്ങളുടെ നിർവ്വഹണത്തിനും ആവശ്യത്തിനും പഠനം വഴി തീർപ്പിനും ഏതെങ്കിലും പ്രത്യേക വിഷയം പരിഗണിക്കുന്നതിനും വേണ്ടി വിവിധ വിഷയങ്ങളിൽ പ്രാവീണ്യം നേടിയ യുവതീയുവാക്കളിൽ നിന്നും പത്തു പേരുടെ ഒരു പാനൽ രണ്ട് വർഷത്തിലൊരിക്കൽ തയ്യാറാക്കേണ്ടതും ഓരോ വിഷയത്തിലും പ്രത്യേക അറിവുള്ള മൂന്നിൽ കൂടുതലല്ലാത്ത വ്യക്തികളെ ക്ഷണിക്കാവുന്നതും എന്നാൽ അവർക്ക് കമ്മീഷൻ യോഗങ്ങളിൽ വോട്ടവകാശം ഇല്ലാത്തതുമാകുന്നു.

എന്നാൽ, പാനലിൽ ഉൾപ്പെട്ട അംഗങ്ങൾക്ക് കമ്മീഷൻ യോഗങ്ങളിൽ പങ്കെടുക്കുന്നതിന് നൽകേണ്ടതായ അലവൻസുകളും സിറ്റിംഗ് ഫീസും നിർണ്ണയിക്കപ്പെട്ട പ്രകാരം നൽകേണ്ടതാണ് ''.

256. ഖണ്ഡം 8(3)-നുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

''(4) കമ്മീഷൻ, ഒരു ജില്ലയിൽവച്ച് യോഗം നടത്തുമ്പോൾ അതിന്റെ നടപടി ക്രമങ്ങളിൽ സംബന്ധിക്കുന്നതിനായി താഴെപ്പറയുന്നവരെ നിരീക്ഷകരായി ക്ഷണിക്കേണ്ടതാണ്, അതായത്:–

(എ) ജില്ലയിലെ ബന്ധപ്പെട്ട നിയോജകമണ്ഡലങ്ങളെ പ്രതിനിധീകരിക്കുന്ന ലോകസഭാംഗങ്ങൾ;

(ബി) ജില്ലയിലെ ബന്ധപ്പെട്ട നിയോജകമണ്ഡലങ്ങളെ പ്രതിനിധീകരിക്കുന്ന നിയമസഭാംഗങ്ങൾ.''

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

249. ഖണ്ഡം 8(1)–ന്റെ ക്ലിപ്തനിബന്ധനയായി താഴെ പറയുന്നത് ചേർക്കുക.

''എന്നാൽ, രണ്ട് യോഗങ്ങൾ തമ്മിൽ രണ്ട് മാസത്തിലധികം കാലം അന്തരം ഉണ്ടാകാൻ പാടില്ലാത്തതാകുന്നു.''

ഇതിൽ കമ്മീഷന്റെ യോഗങ്ങൾ ചേരുന്നതിനെ സംബന്ധിച്ച് വലിയ അവ്യക്തതയാണ്. എപ്പോഴാണ് യോഗം ചേരേണ്ടതെന്ന് സംബന്ധിച്ച് ഒരു നിബന്ധനയുമില്ല. രണ്ട് യോഗങ്ങൾ തമ്മിൽ രണ്ട് മാസത്തിലധികം കാലം അന്തരം ഉണ്ടാകാൻ പാടില്ല എന്നൊരു വകുപ്പു കൂടി വേണം.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

250. ഖണ്ഡം 8(1)–ന്റെ ക്ലിപ്തനിബന്ധനയായി താഴെ പറയുന്നത് ചേർക്കുക.

''എന്നാൽ, അങ്ങനെയുള്ള രണ്ട് യോഗങ്ങൾക്കിടയിലെ കാലപരിധി പരമാവധി ആറുമാസമായിരിക്കുന്നതാണ്.''

യോഗങ്ങളുടെ കാലാവധി സംബന്ധിച്ച് തന്നെയാണ് പറയാനുള്ളത്. ശ്രീ. ഷാജി ഇവിടെ സംസാരിച്ചപ്പോൾ ഇക്കാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. യോഗത്തിനൊരു കാലപരിധി പറഞ്ഞിട്ടില്ല. ചിലപ്പോൾ ഒരു യോഗം പോലും ഒരു വർഷത്തിൽ നടക്കാതെ പോകും. ശ്രീ. പി. ശ്രീരാമകൃഷ്ണൻ രണ്ട് മാസത്തിലൊരിക്കൽ ഒരു യോഗം ചേരണമെന്ന് പറഞ്ഞു. എന്റെ അമെൻഡ്മെന്റിൽ എഴുതികൊടുത്തിരിക്കുന്നത് അങ്ങനെയുള്ള രണ്ട് യോഗങ്ങൾക്കിടയിലുള്ള കാലപരിധി പരമാവധി ആറ് മാസമായിരിക്കണമെന്നാണ്. ഇവിടെ സംസാരിച്ച മുഴുവൻ ആളുകളും പ്രകടിപ്പിച്ച വികാരം യോഗങ്ങൾക്ക് ഒരു സമയ പരിധി വയ്ക്കണമെന്നാണ്. അവ്യക്തമായി ഇതു പറഞ്ഞുകൂടാ എന്നതാണ്. അതുകൊണ്ട് എന്റെ ഭേദഗതി സ്വീകരിക്കണെന്നാണ് എന്റെ നിർദ്ദേശം.

ശ്രീ. റ്റി. വി. രാജേഷ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

251. ഖണ്ഡം 8(1)–നു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുകയും, ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക:

‘‘(2) കമ്മീഷൻ മാസത്തിൽ കുറഞ്ഞ പക്ഷം ഒരു യോഗമെങ്കിലും ചേരേണ്ടതും യോഗം ചേരാനുള്ള ക്വാറം മൂന്നിലൊന്ന് ആയിരിക്കേണ്ടതുമാണ്’’.

യോഗത്തിൽ കാലയളവ് പറഞ്ഞിട്ടില്ല. മാസത്തിൽ കുറഞ്ഞപക്ഷം ഒരു യോഗമെങ്കിലും ചേരേണ്ടതുണ്ട്. യോഗം ചേരാനുള്ള ക്വാറം മൂന്നിൽ ഒന്ന് ആയിരിക്കേണ്ടതുമാണ് എന്ന തരത്തിൽ ഭേദഗതി വരുത്തണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

253. ഖണ്ഡം 8(2)–ൽ, താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക.

''എന്നാൽ, കയ്യൊപ്പ് നിർബന്ധിതമല്ലാത്ത കമ്പ്യൂട്ടർ ജന്യരേഖകളിൽ കയ്യൊപ്പില്ലെങ്കിലും ആധികാരികതയുള്ളതായി കരുതപ്പെടേണ്ടതാണ്''

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

255. ഖണ്ഡം 8(3)–ൽ, താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക.

''എന്നാൽ അങ്ങനെ ക്ഷണിക്കപ്പെടുന്നവർക്ക്, അംഗത്തിന് അർഹമായ യാത്രാ ബത്തയും, സിറ്റിംഗ് ഫീസും നൽകേണ്ടതാണ്''.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): സർ, ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 255–ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 247, 252 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ് സലീഖ അവതരിപ്പിച്ച 248,254,256 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു

ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 249 –ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 250 –ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 251 –ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 253 –ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്ത പ്രകാരമുള്ള 8–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു

8–ാംവകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഡോ. എൻ. ജയരാജ്: സർ, ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

258. ഖണ്ഡം 9 –ൽ, ''യുവാക്കളുടെ'' എന്ന വാക്ക് ആവർത്തിച്ചു വരുന്നിടത്തെല്ലാം ''യുവജനങ്ങളുടെ'' എന്ന വാക്ക് ചേർക്കുക .

ഈ നിയമത്തിന്റെ പേര് തന്നെ സംസ്ഥാന യുവജന കമ്മീഷൻ എന്നാണ്. ഇവിടെ യുവാക്കളുടെ എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. അതിന്റെ അന്തഃസത്ത ഉൾക്കൊള്ളണമെങ്കിൽ യുവാക്കൾ എന്നു പറയുമ്പോൾ യുവതികളെ മാറ്റിനിർത്തിയിരിക്കുന്നു. അതുകൊണ്ട് യുവാക്കളും യുവതികളും ചേരുമ്പോൾ യുവജനങ്ങൾ എന്നുള്ളത് ചേർക്കണമെന്നതാണ് എന്റെ ഭേദഗതി.

266. ഖണ്ഡം 9(2)(എ)–യിൽ, ''പരിശോധിക്കുകയും'' എന്ന വാക്കിന് പകരം, ''ശുപാർശ ചെയ്യുകയും'' എന്നീ വാക്കുകൾ ചേർക്കുക.

കമ്മീഷന്റെ അധികാരങ്ങൾക്കകത്ത് യുവാക്കളുടെ ക്ഷേമത്തിനും സംരക്ഷണത്തിനും .......... നടത്തിപ്പിനും അന്വേഷിക്കുകയും പരിശോധിക്കു

കയും ചെയ്യുക; മാത്രമല്ല, 9(2)(ബി)–യുടെ അവസാനത്തിൽ പറയുന്നത് അത്തരം കാര്യങ്ങളിൽ സർക്കാരിന് ആവശ്യമായ ശുപാർശകൾ നൽകുകയും ചെയ്യുക എന്നാണ്. (ബി)–യിൽ ശുപാർശ ചെയ്യുക എന്നു പറയുമ്പോൾ സ്വാഭാവികമായും തന്നെ (എ)–യിൽ ഇതിന്റെ പ്രവർത്തനരീതികളും നടത്തിപ്പും അന്വേഷിക്കുകയും ശുപാർശ ചെയ്യുകയും ചെയ്യുക എന്ന പ്രക്രിയ തീർച്ചയായും ഈ കമ്മീഷന്റെ പ്രവർത്തനത്തിന്റെ ഒരു ഭാഗമാണെന്നുള്ളതാണ്.

285. ഖണ്ഡം 9(2)(ഇ)–യിൽ, ''ഏറ്റെടുക്കുക'' എന്ന വാക്കിന് പകരം ''ഏറ്റെടുക്കുകയും അത്തരം പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക'' എന്നീ വാക്കുകൾ ചേർക്കുക.

(ഇ)–യിൽ യുവാക്കൾക്ക് തൊഴിൽപരമായ അവസരങ്ങൾ നേടുന്നതിന്, അവിടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി പ്രോത്സാഹനപരവും വിദ്യാഭ്യാസപരവുമായ ഗവേഷണം ഏറ്റെടുക്കുക എന്ന് പറഞ്ഞിട്ടുണ്ട്. പക്ഷേ ഗവേഷണം ഏറ്റെടുക്കാനായി ഒരു കമ്മീഷന് സാധ്യമല്ല എന്നുള്ളതാണ് യാഥാർത്ഥ്യം. അവിടെ കമ്മീഷന് ചെയ്യാൻ കഴിയുന്നത് പ്രോത്സാഹിപ്പിക്കുകയും വിദ്യാഭ്യാസപരമായ ഗവേഷണങ്ങൾക്കും പഠനങ്ങൾക്കുമുള്ള കാര്യങ്ങൾക്ക് അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നുള്ളതാണ്. അതുകൊണ്ട് കമ്മീഷന് ഏറ്റെടുക്കാൻ പറ്റാത്ത പ്രക്രിയയാണ് ഗവേഷണം. അതുകൊണ്ട് അത് ഭേദഗതി ചെയ്യണമെന്നുള്ളതാണ്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

270. ഖണ്ഡം 9(2)ബി–യിൽ 'പുകയില ഉൽപ്പന്നങ്ങൾ' എന്നീ വാക്കുകൾക്ക് ശേഷം 'മറ്റ് ലഹരി പദാർത്ഥങ്ങൾ' എന്നീ വാക്കുകൾ ചേർക്കുക.

യുവാക്കൾക്കിടയിൽ വർദ്ധിച്ചുവരുന്ന സാമൂഹിക വിപത്തുകളായ മദ്യം, മയക്കുമരുന്ന്, പുകയില ഉല്പന്നങ്ങൾ എന്നിവയ്ക്കു ശേഷം മറ്റു ലഹരി പദാർത്ഥങ്ങൾ എന്നു കൂടി ചേർക്കണം.

283. ഖണ്ഡം 9(2)(ഇ)-യിൽ, "തേടുന്നതിനുള്ള" എന്ന വാക്കിനു പകരം "നേടുന്നതിനുള്ള" എന്ന വാക്ക് ചേർക്കുക.

(ഇ)-യിൽ യുവാക്കൾക്ക് തൊഴിലവസരങ്ങൾ തേടുന്നതിനുള്ള മെച്ചപ്പെട്ട വഴികൾ എന്നുള്ളതിനു പകരം നേടുന്നതിനുള്ള മെച്ചപ്പെട്ട വഴികൾ എന്നാക്കണം.

284. ഖണ്ഡം 9 (2) (ഇ)-യിൽ, ''ഏറ്റെടുക്കുക'' എന്ന വാക്കിന് പകരം ''ഏറ്റെടുത്ത് നടപ്പിലാക്കുക'' എന്നീ വാക്കുകൾ ചേർക്കുക.

വിദ്യാഭ്യാസപരമായ ഗവേഷണങ്ങൾ ഏറ്റെടുക്കുക എന്നുള്ളത് ഏറ്റെടുത്ത് നടപ്പിലാക്കുക എന്നുള്ളതാണ് എന്റെ ഭേദഗതി.

259. ഖണ്ഡം 9(1)-ൽ, ''മാർഗ്ഗ നിർദ്ദേശം'' എന്നവാക്കിന് പകരം ''മാർഗ്ഗനിർദ്ദേശങ്ങൾ'' എന്ന വാക്ക് ചേർക്കുക.

279. ഖണ്ഡം 9(2) (സി)-യിൽ, "സർക്കാർ" എന്ന വാക്കിന് മുമ്പ് "ബന്ധപ്പെട്ട" എന്ന വാക്ക് ചേർക്കുക.

300. ഖണ്ഡം 9(2)(എച്ച്)-ൽ, ''യുവാക്കൾ'' എന്ന വാക്കിനു പകരം ''യുവജനങ്ങൾ'' എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

260. ഖണ്ഡം 9(1)–ൽ, ''കഴിവുകൾ പരിപോഷിപ്പിക്കുന്നതും'' എന്നീ വാക്കുകൾക്ക് പകരം, ''യുവജനങ്ങളെ വിദ്യാസമ്പന്നരാക്കുന്നതിനും ശാക്തീകരിക്കുന്നതിനും വേണ്ടി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതും യുവജനങ്ങളുടെ അവകാശ സംരക്ഷകരായി വർത്തിക്കുന്നതും'' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

262. ഖണ്ഡം 9(1)–ൽ, ''അങ്ങനെയുള്ള'' എന്ന വാക്ക് നീക്കം ചെയ്യുക.

അതിൽ അനാവശ്യമായി അങ്ങനെയുള്ള എന്ന ഒരു വാക്കുണ്ട്. ആ വാക്ക് നീക്കം ചെയ്യണമെന്നാണ് എന്റെ ഭേദഗതി. നിയമങ്ങളും ആക്ടുകളുമൊക്കെ പരമാവധി ദുഃസൂചനകളും സംശയങ്ങളും ഒഴിവാക്കി ലളിതമായ പദപ്രയോഗം നടത്തിയിട്ടുണ്ട്. ഇംഗ്ലീഷിനേക്കാൾ കടുപ്പമുള്ള വാക്ക് മലയാളത്തിലുണ്ടായിട്ട് കാര്യമില്ല. അതുകൊണ്ട് പരിപോഷിപ്പിക്കുന്നതും സർക്കാർ അതതു സമയം ഏൽപ്പിച്ചു കൊടുത്തേയ്ക്കാവുന്നതും അങ്ങനെയുള്ള ചുമതലകൾ, അവിടെ അങ്ങനെയുള്ള എന്ന വാക്ക് തീർത്തും അനാവശ്യമാണ്. വേണ്ടാത്ത ഇന്റർപ്രട്ടേഷന് അത് ഇടനൽകും എന്നുള്ളതുകൊണ്ട് അങ്ങനെയുള്ള എന്ന വാക്ക് ഒഴിവാക്കിയാൽ നന്നായിരിക്കും.

297. ഖണ്ഡം 9(2)–(ജി) യിൽ, ''കണ്ടെത്തുക'' എന്നതിനുപകരം ''കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക'' എന്നു ചേർക്കുക.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

263. ഖണ്ഡം 9(2)-ൽ, നിലവിലുള്ള ഇനങ്ങൾക്ക് മുന്നിൽ, (എ) മുതൽ (കെ) വരെ താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കുകയും നിലവിലുള്ള ഇനങ്ങൾ തദനുസരണമായി പുനരക്ഷരം ചെയ്യുകയും ചെയ്യുക.

.

''(എ) യുവജനങ്ങളുടെ പ്രത്യേകിച്ച് ദുർബല വിഭാഗത്തിൽപ്പെട്ടവരുടെയും വനിതകളുടെയും സാമ്പത്തിക സുസ്ഥിരതയ്ക്കും സാമൂഹ്യ ഉന്നതിക്കും തൊഴിൽ ലഭ്യതക്കും ഉതകുന്ന പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുക;

(ബി) യുവതികൾക്ക് സാമൂഹ്യ സമത്വം ഉറപ്പാക്കാനാവശ്യമായ
നടപടികൾ സ്വീകരിക്കുക;

(സി) ഐ.ടി. മേഖലയിൽ ജോലി ചെയ്യുന്ന യുവതികൾക്ക് ജോലി സംബന്ധിയായ രാത്രി യാത്രകൾക്കായി സുരക്ഷിത സൗകര്യം ഒരുക്കാത്ത കമ്പനികൾക്കെതിരെ നടപടി സ്വീകരിക്കുക;

(ഡി) ഐ.ടി. മെഖലയിൽ പണിയെടുക്കുന്ന യുവജനങ്ങളുടെ തൊഴിൽ സാഹചര്യങ്ങളെക്കുറിച്ച് പഠിച്ച് മാന്യമായ തൊഴിൽ സാഹചര്യം ഉറപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കുക;

(ഇ) അന്യ സംസ്ഥാനത്ത് ജോലി ചെയ്യുന്ന കേരളീയരായ യുവജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പഠിച്ചു ബന്ധപ്പെട്ട സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണാൻ നടപടി സ്വീകരിക്കുക;

(എഫ്) വിദ്യാഭ്യാസ മേഖലയിൽ അവസര സമത്വം ഉറപ്പാക്കുന്നതിനായി സ്വാശ്രയ വിദ്യാഭ്യാസ മാനേജ്മെന്റുകളുടെ പ്രവർത്തനം പഠിച്ചു തിരുത്തൽ നടപടികൾ നിർദ്ദേശിക്കുക;

(ജി) സംസ്ഥാനത്തിനകത്തും പുറത്തും സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ വിദ്യാഭ്യാസ വായ്പ നിഷേധിക്കുന്ന ബാങ്കുകളുടെ മേൽ നടപടി സ്വീകരിക്കുക;

(എച്ച്) വിദ്യാഭ്യാസപരമായി പിൻതള്ളപ്പെട്ട യുവജനങ്ങൾക്ക് തൊഴിൽ അവസരങ്ങൾ ലഭ്യമാക്കാനായി കാർഷികാധിഷ്ഠിത വ്യവസായത്തിലും സ്വയം തൊഴിൽ മേഖലയിലും പരിശീലനം നല്കാനായി വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുക;

(sF) പരമ്പരാഗത തൊഴിൽ മേഖലയിൽ ആധുനികീകരണവും യന്ത്രവൽക്കരണവും സാധ്യമാക്കുന്ന പരിശീലന പദ്ധതി നടപ്പിലാക്കാനായി ഐ.ടി.ഐ, പോളിടെക്നിക്ക് കോളേജുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ സിലബസ്സിൽ വേണ്ട മാറ്റം പഠിച്ച് നിർദ്ദേശിക്കുക;

(ജെ) കാർഷിക മേഖലയിലും പരമ്പരാഗത തൊഴിൽ മേഖലയിലും പണിയെടുക്കുന്ന യുവജനങ്ങൾക്ക് തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും ആധുനികീകരണം സാദ്ധ്യമാക്കുന്നതിനും പുതിയ തൊഴിൽ മേഖല കണ്ടെത്തുന്നതിനും സാമ്പ്രദായികേതരമായ പരിശീലന പദ്ധതികൾ ആവിഷ്കരിക്കുക;

(കെ) യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന ജാതി–മത സ്പർദ്ധ ഒഴിവാക്കാൻ വേണ്ട നടപടികൾ നിർദ്ദേശിക്കുക;''

ഈ വകുപ്പ് കമ്മീഷന്റെ ചുമതലകളെ സംബന്ധിച്ച് പ്രതിപാദിക്കുന്ന ഒരു വകുപ്പാണ്. ലക്ഷ്യപ്രാപ്തിക്കു വേണ്ടിയുള്ള ചുമതലകൾ കൂടെ ഇതിനകത്ത് പറഞ്ഞിട്ടുണ്ട്. പക്ഷേ അതിൽ എല്ലാം തന്നെ യുവാക്കളുടെ എന്നു പറഞ്ഞിട്ടാണ് കാണുന്നത്. യുവതികൾ ഇതിൽ ഉൾപ്പെടില്ലേ എന്ന പ്രശ്നം ഇവിടെ ഉന്നയിച്ചത് പ്രസക്തമായിട്ട് വരികയാണ്. യുവജനങ്ങൾ എന്നാണ് സാധാരണ ഗതിയിൽ സ്ത്രീയും പുരുഷനും കൂടി ഉൾപ്പെടുന്ന ഒരു സംവിധാനമായി തോന്നണമെങ്കിൽ അങ്ങനെ വേണമെന്നാണ് തോന്നുന്നത്. പിന്നെ എങ്ങനെയും നമുക്ക് കൊണ്ടുവരാം, വ്യാഖാനിക്കാം എന്ന് മാത്രമേയുള്ളൂ. അതുകൊണ്ട് ഇത് കുറച്ചുകൂടി ചുമതലകൾ കൊടുക്കുന്ന വിധത്തിൽ വേണം. അല്ലെങ്കിൽ തലയില്ലാത്ത ഒരു പ്രതിമ പോലെയായിരിക്കും ഈ കമ്മീഷൻ. ഒരു കമ്മീഷൻ വന്നുവെന്നുള്ളതല്ലാതെ ഒന്നും സംസ്ഥാനത്ത് സംഭവിക്കാൻ പോകുന്നില്ല എന്ന സ്ഥിതി വരും. അതുകൊണ്ട് കുറേക്കൂടി ഉത്തരവാദിത്വങ്ങളും അധികാരങ്ങളും കൊടുക്കുന്ന

വിധത്തിലുള്ള ഒരു കമ്മീഷനാക്കി മാറ്റണം. അതിനുള്ള ഭേദഗതികളാണ് ഞാൻ സമർപ്പിച്ചിട്ടുള്ളത്.

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

265. ഖണ്ഡം 9(2)(എ)-യിൽ, ''യുവാക്കളുടെ'' എന്ന വാക്കിന് പകരം, ''യുവതീ യുവാക്കളുടെ'' എന്ന വാക്ക് ചേർക്കുക.

268. ഖണ്ഡം 9(2)(ബി)-യിൽ, ''യുവാക്കൾക്കിടയിൽ'' എന്ന വാക്കിന് പകരം, ''യുവതീയുവാക്കൾക്കിടയിൽ'' എന്ന വാക്ക് ചേർക്കുക.

276. ഖണ്ഡം 9(2)(സി)-യിൽ, 'യുവാക്കൾക്ക് ' എന്ന വാക്കിനു പകരം 'യുവതീയുവാക്കൾക്ക്.' എന്ന വാക്ക് ചേർക്കുക.

278. ഖണ്ഡം 9(2)(സി)-യിൽ, "നേടിയെടുക്കുന്നതിനും" എന്ന വാക്കിനുശേഷം "വിദ്യാഭ്യാസപരമായി പിൻതള്ളപ്പെട്ടവരെ സംരക്ഷിക്കാനും" എന്നീ വാക്കുകൾ ചേർക്കുക.

280. ഖണ്ഡം 9(2)(ഡി)-യിൽ, "യുവാക്കളുടെ" എന്ന വാക്കിനു പകരം "യുവതീയുവാക്കളുടെ" എന്ന വാക്ക് ചേർക്കുക.

282. ഖണ്ഡം 9(2) (ഇ)-യിൽ, "യുവാക്കൾക്ക്" എന്ന വാക്കിനു പകരം "യുവതീയുവാക്കൾക്ക്" എന്ന വാക്ക് ചേർക്കുക.

289. ഖണ്ഡം 9(2)(എഫ്)-ൽ, ''യുവാക്കളുടെ'' എന്ന വാക്കിനു പകരം ''യുവതീയുവാക്കളുടെ'' എന്ന വാക്ക് ചേർക്കുക.

294. ഖണ്ഡം 9(2) (ജി) യിൽ, ''യുവാക്കളുടെ'' എന്ന വാക്കിനുപകരം ''യുവതീയുവാക്കളുടെ'' എന്ന വാക്ക് ചേർക്കുക.

299. ഖണ്ഡം 9(2) (എച്ച്)–ൽ, ''യുവാക്കൾ' എന്ന വാക്കിനുപകരം ''യുവതീയുവാക്കൾ'' എന്ന വാക്ക് ചേർക്കുക.

305. ഖണ്ഡം 9(2)(ഐ)–യിൽ, ''യുവാക്കളുടെ'' എന്ന വാക്കിനുപകരം ''യുവതീയുവാക്കളുടെ'' എന്ന വാക്ക് ചേർക്കുക.

312. ഖണ്ഡം 9(2)(ഐ)–യ്ക്കുശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർത്ത്ശേഷിക്കുന്നവ പുന:ക്രമീകരിക്കുക:

''(ജെ) സ്ഥിരമായ ശാരീരിക അസ്വസ്ഥത അനുഭവിക്കുന്ന തൊഴിൽ ചെയ്യുന്നതിന് പ്രാപ്തികുറവുമൂലം നിത്യവൃത്തിക്ക് കഴിവില്ലാത്ത യുവതീ–യുവാക്കൾക്കളെ കണ്ടെത്തി അവർക്ക് സർക്കാർ സാമ്പത്തിക സഹായം ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കുക;

(കെ) സങ്കുചിത മത–ജാതി സ്പർദ്ധ കുറയ്ക്കാനുള്ള പരിപാടികൾക്കും ഭീകരവാദത്തിലേയ്ക്കും മതതീവ്രവാദത്തിലേയ്ക്കും ആകൃഷ്ഠരാകുന്ന യുവതീ–യുവാക്കളെ കണ്ടെത്തി അവരെ സാമൂഹ്യമുഖ്യധാരയിലേയ്ക്ക് നയിക്കാൻ ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക;

(എൽ) സ്വാശ്രയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് വായ്പ ഉൾപ്പെടെ അവരുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള പദ്ധതികളും മറ്റ് സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന

വിദ്യാർത്ഥികൾ ഉൾപ്പെടെ തൊഴിൽ മേഖലയിലെ യുവതീ-യുവാക്കളുടെ ഭരണഘടനാപരമായ ആവശ്യങ്ങൾ സംരക്ഷിക്കുന്നതിനുള്ളതുമായ പദ്ധതികൾ ആവിഷ്കരിക്കുക;

(എം) യുവതീ-യുവാക്കളുടെ വിദ്യാഭ്യാസ-സാമൂഹ്യ-സാമ്പത്തിക-കലാ-സാംസ്കാരിക വികസനത്തിനും ക്ഷേമത്തിനും സംരക്ഷണത്തിനുംവേണ്ടിയുള്ള നടപടികളും സംരക്ഷണ വ്യവസ്ഥകളും ഫലപ്രദമായി നടപ്പാക്കുന്നതിനുവേണ്ടി സർക്കാർ കൈകൊള്ളാനുള്ള നടപടികൾ ശുപാർശ ചെയ്യുന്നതിനും വാർഷികമായോ കമ്മീഷന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള മറ്റ് സമയങ്ങളിലോ സ ർക്കാരിന് റിപ്പോർട്ട് നൽകുകയും ചെയ്യുക;

(എൻ) യുവതീ-യുവാക്കൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠനം, ഗവേഷണം, വിശകലനം എന്നിവ നടത്തി യഥാസമയങ്ങളിൽ സർക്കാർ സ്വീകരിക്കേണ്ട അനുയോജ്യമായ നടപടികൾ നിർദ്ദേശിക്കുക; ’’.

നേരത്തെ പറഞ്ഞതു തന്നെയാണ്, അംഗീകരിക്കില്ല എന്ന് അറിയാം. എങ്കിലും യുവാക്കൾ എന്നതിനുപകരം യുവതീയുവാക്കൾ എന്നാക്കണമെന്ന നിർദ്ദേശമുള്ളതാണ്. അതോടൊപ്പം തന്നെ ഈ ബില്ലിനെ കൂടുതൽ സമ്പുഷ്ടമാക്കുന്നതിനു വേണ്ടി 9(2)(ഐ) ക്കു ശേഷം ഒട്ടേറെ നിർദ്ദേശങ്ങൾ ഇതുമായി ബന്ധപ്പെട്ട് കൊണ്ട് പറയുന്നുണ്ട്. ഞാൻ എല്ലാം വിശദീകരിക്കുന്നില്ല. ഞാൻ അതിനകത്ത് കാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. അത് അംഗീകരിക്കാൻ കഴിയുമെങ്കിൽ ഏതെങ്കിലും അംഗീകരിച്ചാൽ കൊള്ളാം.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

261. ഖണ്ഡം 9(1)–ൽ, ''കഴിവുകൾ പരിപോഷിപ്പിക്കുന്നതും'' എന്നീ വാക്കുകൾക്ക് പകരം, ''യുവജനങ്ങളെ വിദ്യാസമ്പന്നരാക്കുന്നതിനും ശാക്തീകരിക്കുന്നതിനും വേണ്ടി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതും യുവജനങ്ങളുടെ അവകാശ സംരക്ഷകരായി വർത്തിക്കുന്നതും'' എന്നീ വാക്കുകൾ ചേർക്കുക.

267. ഖണ്ഡം 9(2)(എ)–യിൽ, ''പരിശോധിക്കുകയും'' എന്നതിന് ശേഷം, ''നടപടിയെടുക്കുകയും'' എന്ന വാക്ക് ചേർക്കുക.

9(2)(എ)–യിൽ പരിശോധിക്കുകയും ചെയ്യുക എന്നതിനുപകരം നടപടിയെടുക്കുകയും ചെയ്യുക എന്നാണ് എന്റെ ഭേദഗതി. എങ്കിൽ മാത്രമേ കൂടുതൽ ലക്ഷ്യത്തിലേയ്ക്ക് ബിൽ വരികയുള്ളൂ. യൂത്ത് കമ്മീഷനിലേയ്ക്ക് ഒരു അപേക്ഷയോ പരാതിയോ വരുമ്പോൾ അത് നമ്മുടെ ഭരണഘടനയിലോ മറ്റേതെങ്കിലും നിയമത്തിൻ കീഴിലോ സർക്കാർ ഉത്തരവിന്റെ കീഴിലോ യുവാക്കൾക്കെതിരെയുള്ള ചൂഷണം, അത് അവസാനിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ അന്വേഷിക്കും, പരിശോധിക്കും എന്നതിനുപകരം അതിൽ ക്രിയാത്മകമായി നടപടിയെടുക്കാൻ കഴിയും എന്ന സ്ഥിതി വന്നാൽ മാത്രമേ ഇവിടേയ്ക്ക് അപേക്ഷകളുണ്ടാകൂ. ആ അപേക്ഷകൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയുകയുള്ളൂ. ഒരു കോൺസ്റ്റിറ്റ്യൂഷണൽ പവർ ഇതിനുണ്ടാകണം. അതില്ല എന്നതാണ് ഈ ബില്ലിന്റെ പ്രധാനപ്പെട്ട പ്രശ്നം. അതുകൊണ്ട് അന്വേഷിക്കു

ക, പരിശോധിക്കുക എന്നതിനപ്പുറത്തേയ്ക്ക് കൂടുതൽ ലക്ഷ്യത്തിലേയ്ക്ക് പോകാൻ അതിൽ നടപടിയെടുക്കുക എന്ന ഭേദഗതിയോടു കൂടി അംഗീകരിക്കണം എന്ന് ഞാൻ നിർദ്ദേശിക്കുകയാണ്.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു

273. ഖണ്ഡം 9(2)ബി-യിൽ, 'ആവിഷ്കരിച്ചു നടപ്പിലാക്കുകയും' എന്നതിനുശേഷം 'അവരിൽ പൗരബോധവും, കർമ്മബോധവും വളർത്തി' എന്നു ചേർക്കുക.

308. ഖണ്ഡം 9(2)(ഐ)-യിൽ, '' ശിപാർശ ചെയ്യുകയും '' എന്നതിനുശേഷം ''തുടർ നടപടികൾ നിരീക്ഷിക്കുകയും'' എന്ന് ചേർക്കുക.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

274. ഖണ്ഡം 9(2)ബി-യിൽ, 'കണ്ടെത്തുന്നതിനുള്ള അറിവ് നൽകുന്നതിനുള്ള നടപടികൾ' എന്നീ വാക്കുകൾക്ക് പകരം 'കണ്ടെത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ' എന്നീ വാക്കുകൾ ചേർക്കുക.

(ബി)-യിൽ 'കണ്ടെത്തുന്നതിനുള്ള അറിവ് നൽകുന്നതിനുള്ള നടപടികൾ' എന്നീ വാക്കുകൾക്ക് പകരം 'കണ്ടെത്തുന്നതിനുള്ള സാഹചര്യം

സൃഷ്ടിക്കുന്നതിനുള്ള നടപടികൾ' എന്നുള്ള വാക്കുകൾ ചേർക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

277. ഖണ്ഡം 9(2)സി-യിൽ, 'വിദ്യാഭ്യാസത്തിനും ' എന്ന വാക്കിനു പകരം 'വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനും' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ഹൈബി ഈഡൻ: സർ, ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

275. ഖണ്ഡം 9(2)ബി-യിൽ 'സ്വീകരിക്കുകയും' എന്ന വാക്കിനു ശേഷം 'മദ്യം, മയക്കുമരുന്ന്, പുകയില ഉൽപന്നങ്ങൾ എന്നിവയുടെ വ്യാപനം നിയന്ത്രിക്കുന്ന നിയമങ്ങളുടെ കാര്യക്ഷമമായ നിർവ്വഹണം ഉറപ്പാക്കുകയും' എന്നീ വാക്കുകൾ ചേർക്കുക.

340. ഖണ്ഡം 9(2)-ലെ (ജെ) ഇനത്തിനുശേഷം താഴെപ്പറയുന്ന പുതിയ ഇനങ്ങൾ ചേർക്കുക.

''(കെ) കേരളസംസ്ഥാനത്തിലെ വിവിധ സർക്കാർ വകുപ്പുകളിൽ ഉണ്ടാകുന്ന ഉദ്യോഗങ്ങളുടെ ഒഴിവുകൾ നിശ്ചിതസമയത്ത് കെ.പി.എസ്.സി.ക്കു റിപ്പോർട്ട് ചെയ്യാതിരിക്കുന്നതുമൂലം തൊഴിൽരഹിതരായ യുവാക്കൾ നേരിടുന്ന പ്രശ്നങ്ങൾക്കും തൊഴിലില്ലായ്മ യ്ക്കും പരിഹാരം ഉണ്ടാക്കുക;''

(എൽ) യുവകലാകാരന്മാരുടെ സാമൂഹിക അംഗീകാരം വർദ്ധിപ്പിക്കുകയും സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുകയും ചെയ്യുക;

ശ്രീ. പി. റ്റി. എ. റഹീം: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

281. ഖണ്ഡം 9(2) (ഡി)-യിൽ, "യുവാക്കളുടെ കഴിവ് വികസിപ്പിക്കുകയും നേർവഴിക്ക് നയിക്കുകയും ചെയ്യുക" എന്നീ വാക്കുകൾക്ക് പകരം, "യുവജനങ്ങളുടെ കഴിവ് വികസിപ്പിക്കുന്നതിനും നേർവഴിക്ക് നയിക്കുന്നതിനും വേണ്ട പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക;" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(290) ഖണ്ഡം 9 (2) (എഫ്)-ൽ, ''സാമൂഹിക-സാമ്പത്തിക'' എന്നീ വാക്കുകൾക്കുശേഷം ''വിദ്യാഭ്യാസ-തൊഴിൽ'' എന്നു കൂട്ടിച്ചേർക്കുക.

(298) ഖണ്ഡം 9(2) (ജി)-യിൽ, ''കണ്ടെത്തുക'' എന്ന വാക്കിനു പകരം ''കണ്ടെത്തുകയും അതിനായി പ്രത്യേക ക്യാമ്പുകൾ പഞ്ചായത്തുതലത്തിൽ/നഗരസഭാതലത്തിൽ നടത്തി കഴിവുള്ളവരെ താഴെത്തട്ടിൽ നിന്നും കണ്ടെത്തി ആവശ്യമായ പരിശീലനങ്ങൾ നൽകുക'' എന്നീ വാക്കുകൾ ചേർക്കുക.

(303) ഖണ്ഡം 9 (2) (എച്ച്)–ൽ, ''ചെയ്യുക'' എന്ന വാക്കിനു പകരം ''ചെയ്യുകയും തൊഴിൽ ചൂഷണത്തിനെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യുക'' എന്നീ വാക്കുകൾ ചേർക്കുക.

(307) ഖണ്ഡം 9 (2) (ഐ)–യിൽ, ''കൊണ്ടുവരികയും'' എന്ന വാക്കിനുശേഷം ''അവ പരിഹരിക്കാൻ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് ഒരു മാസത്തെ സമയം അനുവദിക്കുകയും എന്നിട്ടും പരിഹരിക്കാത്തപക്ഷം സ്വമേധയാ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും ചെയ്യുക'' എന്നീ വാക്കുകൾ ചേർക്കുകയും ശേഷിക്കുന്നവ വിട്ടുകളയുകയും ചെയ്യുക.

(341) ഖണ്ഡം 9(2)(ജെ)–യ്ക്കുശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കുക:

''(കെ) യുവജനങ്ങൾക്ക് ഇന്ത്യയിലും വിദേശത്തും തൊഴിൽ സുരക്ഷിതത്വം ലഭ്യമാകുന്ന തരത്തിലുള്ള തൊഴിലുകളിൽ എത്തിപ്പെടുന്നതിനാവശ്യമായ പരിശീലനങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും നൽകുക.

(എൽ) അൺ–എയ്ഡഡ് സ്കൂളുകൾ, കോളേജുകൾ, മറ്റു സ്വാശ്രയ വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നിവയിലെ അദ്ധ്യാപകരും വിദ്യാർത്ഥികളുമായ യുവതീയുവാക്കൾ അനുഭവിക്കുന്ന തൊഴിൽപരവും അല്ലാത്തതുമായ വിവിധ ചൂഷണങ്ങൾ തടയാനുള്ള നടപടികൾ സ്വീകരി ക്കുക''

ഖണ്ഡം 9 (2) (എഫ്)–ൽ ''സാമൂഹിക–സാമ്പത്തിക'' വികസനത്തെക്കുറിച്ചുള്ള സൂചനയാണുള്ളത്. യഥാർത്ഥത്തിൽ യുവജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട രണ്ട് മേഖലാ പ്രശ്നങ്ങളെന്ന് പറയുന്നത് വിദ്യാഭ്യാസവും തൊഴിൽപരവുമായ കാര്യങ്ങളാണ്. അതുകൊണ്ട് ''വിദ്യാഭ്യാസ–തൊഴിൽ'' എന്നുള്ളതുകൂടി ''സാമൂഹിക–സാമ്പത്തിക'' എന്നുള്ളിടത്ത് ചേർക്കണം. രണ്ടാമത്, ഭേദഗതി 298, ഖണ്ഡം 9 (2) (ജി)– യിൽ ''കണ്ടെത്തുക'' എന്ന വാക്കാണ് കൊടുത്തിരിക്കുന്നത്. വിവിധ സർഗ്ഗാത്മകത കഴിവുകൾ കണ്ടെത്തുകയെന്നാണ്. കണ്ടെത്തുന്നതിനുശേഷമുള്ള പ്രായോഗികമായ കാഴ്ചപ്പാടുകളെക്കുറിച്ചൊന്നും പറഞ്ഞിട്ടില്ല. അതുകൊണ്ട് ''താഴെ തട്ടിൽ നിന്ന് കണ്ടെത്തി ആവശ്യമായ പരിശീലനങ്ങൾ നൽകുക'' എന്നുള്ളതുകൂടി ചേർക്കണം. ഭേദഗതി 303, ഖണ്ഡം 9(2) (എച്ച്)–ൽ ഇതൊരു അഡ്വൈസറി ബോർഡ് പോലെയുള്ള കമ്മീഷനാണെന്നുള്ള വിമർശനം ശരിവയ്ക്കുന്നതാണ്. അസംഘടിത മേഖലയിലെ തൊഴിൽ പ്രശ്നങ്ങൾ കണ്ട് റിപ്പോർട്ട് ചെയ്യണമെന്നാണ് ഇതിൽ പറയുന്നത്. മാധ്യമ പ്രവർത്തകരുടെ ജോലിയാണ് റിപ്പോർട്ട് ചെയ്യുകയെന്നുള്ളത്. ഇതിൽ കോടതിയുടെ അധികാരമുള്ള ജുഡീഷ്യൽ കമ്മീഷന്റെ പണിയല്ല റിപ്പോർട്ട് ചെയ്യൽ. അതുകൊണ്ട് ''റിപ്പോർട്ട് ചെയ്യുകയെന്ന'' വാക്കിനുപകരം ''ചെയ്യുകയും തൊഴിൽ ചൂഷണത്തിനെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുക'' എന്ന വാക്ക് ചേർക്കണം. ഭേദഗതി 307– ഖണ്ഡം 9 (2) (ഐ)–യിൽ എല്ലാം ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യുകയെന്നാണ് പറയുന്നത്. ആരുടെ ശ്രദ്ധയിലാണ് കൊണ്ടുവരുന്നത്. ഇവിടെ വനിതാ കമ്മീഷനിലും മനുഷ്യാവകാശ കമ്മീഷനിലുമെല്ലാം നടപടി സ്വീകരിക്കാനുള്ള അധികാരങ്ങളുണ്ട്. യുവജനകമ്മീഷനോട് മാത്രം ഒരു വിവേചനം കൊടുത്തിരിക്കുകയാണ്. അതുകൊണ്ട് അവ

പരിഹരിക്കാൻ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് ഒരു മാസത്തെ സമയം അനുവദിക്കുകയും എന്നിട്ടും പരിഹരിക്കാത്ത പക്ഷം സ്വമേധയാ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും ചെയ്യുകയെന്ന വാക്കുകൾ അവിടെ ചേർക്കണം. ഇത് രണ്ട് കമ്മീഷനും നിലവിലുള്ള അധികാരമാണ്. ആ ജുഡീഷ്യൽ അധികാരം യുവജന കമ്മീഷന് മാത്രം കൊടുക്കാതിരിക്കുന്നത് ഒട്ടും ശരിയല്ല. അത് കമ്മീഷനെന്ന സങ്കൽപ്പത്തെ തന്നെ ഇല്ലാതാക്കുന്ന പ്രക്രിയയാണ്, ഉപദേശിക്കൽ മാത്രമാണ്. തൊഴിലും വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട രണ്ട് പ്രധാനപ്പെട്ട പ്രശ്നങ്ങൾ കേരളീയ സമൂഹം അഭമുഖീകരിക്കുന്നുണ്ട്. 9(2) (ജെ)–യ്ക്കുശേഷം രണ്ട് ഉപവകുപ്പുകൾ ചേർക്കണമെന്നാണ് ഞാൻ പറയുന്നത്. ഒന്ന്, ''യുവജനങ്ങൾക്ക് ഇന്ത്യയിലും വിദേശത്തും തൊഴിൽ സുരക്ഷിതത്വം ലഭ്യമാകുന്ന തരത്തിലുള്ള തൊഴിലിൽ എത്തിപ്പെടുന്നതിനാവശ്യമായ പരിശീലനങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും നൽകുക. രണ്ട്, അൺ എയ്ഡഡ് സ്കൂളുകൾ, കോളേജുകൾ, മറ്റ് സ്വാശ്രര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്, ഒരു നിയമവും ബാധകമല്ലാത്ത നിലയിൽ യുവതലമുറയോട് പെരുമാറി കൊണ്ടിരിക്കുന്നത്, എന്നിവയിലെ അദ്ധ്യാപകരും വിദ്യാർത്ഥികളുമായ യുവതീയുവാക്കൾ അനുഭവിക്കുന്ന തൊഴിൽപരവും അല്ലാത്തതുമായ വിവിധ ചൂഷണങ്ങൾ തടയാനുള്ള നടപടികൾ സ്വീകരിക്കുക.'' കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിദ്യാർത്ഥികളും അദ്ധ്യാപകരും അനുഭവിക്കുന്ന ദുരിതങ്ങൾക്ക് പരാതി പറയുവാനും പരിഹരിക്കുവാനുള്ള ജുഡീഷ്യൽ അധികാരം യുവജന കമ്മീഷന് നിർബന്ധമായും കൊടുക്കേണ്ടതാണ്. അതുകൂടി 9 (ജെ)–ക്ക് ശേഷം (കെ), (എൽ) എന്നീ രണ്ട് വകുപ്പുകളായി ഉൾപ്പെടുത്തണം.

ശ്രീ. കെ. കെ. നാരായണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(296) ഖണ്ഡം 9(2) (ജി)യിൽ, ''എല്ലാ തലങ്ങളിലുമുള്ള പ്രവർത്തനങ്ങളിൽ അവരുടെ സാദ്ധ്യതകളും കഴിവുകളും കണ്ടെത്തുക'' എന്നിവയ്ക്കു പകരം ''വേണ്ട പദ്ധതികൾ തയ്യാറാക്കി സർക്കാരിനു സമർപ്പിക്കുക;'' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീമതി കെ. കെ. ലതിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(302) ഖണ്ഡം 9(2)(എച്ച്)-ൽ, ''ശ്രദ്ധിച്ച് റിപ്പോർട്ട് ചെയ്യുക'' എന്നതിനു പകരം ''റിപ്പോർട്ട് ചെയ്യുകയും പരിഹാര നടപടികൾ നിർദ്ദേശിക്കുകയും ചെയ്യുക'' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(306) ഖണ്ഡം 9(2) (ഐ)-യിൽ, ''സ്വമേധയായും അന്വേഷണം നടത്തുകയും അത്തരം കാര്യങ്ങൾ ബന്ധപ്പെട്ട അധികാര സ്ഥാനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയകും നടപടികൾക്ക് ശിപാർശ ചെയ്യുകയും ചെയ്യുക; '' എന്നീ വാക്കുകൾക്കുപകരം '' സ്വമേധയാ അന്വേഷണം നടത്തുകയും ബന്ധപ്പെട്ട അധികാരികൾക്ക് നടപടിയെടുക്കാൻ നിർദ്ദേശം നൽകുകയും ചെയ്യുക; '' എന്നീ വാക്കുകൾ ചേർക്കുക.

306-ൽ ''സ്വമേധയായും അന്വേഷണം നടത്തുകയും അത്തരം കാര്യങ്ങൾ ബന്ധപ്പെട്ട അധികാര സ്ഥാനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയും നടപടികൾക്ക് ശിപാർശ ചെയ്യുകയും ചെയ്യുക'' എന്നീ വാക്കുകൾക്കുപകരം

''സ്വമേധയാ അന്വേഷണം നടത്തുകയും ബന്ധപ്പെട്ട അധികാരികൾക്ക് നടപടിയെടുക്കാൻ നിർദ്ദേശം നൽകുകയും ചെയ്യുകയെന്ന്'' ചേർക്കുന്നതായിരിക്കും ഉചിതം.

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(309). ഖണ്ഡം 9(2)(ഐ)-യ്ക്കുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർത്ത് ശേഷമുള്ളത് പുനരക്ഷരം ചെയ്യുക:

''(ജെ) യുവാക്കളുടെ ജീവിതത്തിൽ അച്ചടക്കവും കൃത്യനിഷ്ഠയും, ദേശസ്നേഹവും ഉണ്ടാക്കുന്നതിന് നിർബ്ബന്ധ പരിശീലന കോഴ്സ് ആരംഭിക്കുന്നതിനെക്കുറിച്ച് പഠനം നടത്തുക.''

ഖണ്ഡം 9(2) (ഐ)-ക്കുശേഷം വർത്തമാന ഇന്ത്യയുടെയും കേരളത്തിന്റെയും സാഹചര്യംവച്ച് ഇതുംകൂടി ചേർക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ഹൈസ്കൂൾ കോളേജ് നിലവാരങ്ങളിൽ എൻ.സി.സി., എൻ.എസ്.എസ്., സ്കൗട്ട് എല്ലാമുണ്ടെങ്കിലും നമ്മുടെ നിത്യജീവിതത്തിൽ കൃത്യനിഷ്ഠയില്ല. അക്കാര്യം ഇവിടെത്തന്നെ നമുക്ക് ബോദ്ധ്യപ്പെടുന്നതാണ്. ''യുവാക്കളിൽ അച്ചടക്കവും കൃത്യനിഷ്ഠയും ദേശസ്നേഹവും ഉണ്ടാക്കുന്നതിന് നിർബന്ധ പരിശീലന കോഴ്സ് ആരംഭിക്കുന്നതിനെക്കുറിച്ച് പഠനം നടത്തുകയെന്നാണ് ഇതിൽ ആവശ്യപ്പെടുന്നത്.''

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(310). ഖണ്ഡം 9(2)(ഐ)-യ്ക്കുശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കുക:

'' (ഐ-എ) യുവാക്കളുടെ വിദ്യാഭ്യാസവും തൊഴിൽ പരവുമായ ആവശ്യങ്ങൾ വികസിപ്പിക്കുന്നതിലേയ്ക്കായി വർക്ക്ഷോപ്പു

കളും സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും സർക്കാർ അനുമതിയോടുകൂടി നടപ്പിലാക്കുക;

(ഐ–ബി) പരമ്പരാഗത മേഖലകളിലെ യുവാക്കൾക്ക് പാരമ്പര്യ തൊഴിൽ നൈപുണ്യം നേടുന്നതിനുള്ള മെച്ചപ്പെട്ട മാർഗ്ഗങ്ങൾ സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുക; ''

ശ്രീ. റ്റി. വി. രാജേഷ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(311.) ഖണ്ഡം 9(2)(ഐ)–യ്ക്കുശേഷം താഴെപ്പറയുന്നവ ചേർത്ത് ശേഷിക്കുന്നത് പുനരക്ഷരം ചെയ്യുക:

''(ജെ) സ്ത്രീധന സമ്പ്രദായത്തിനെതിരെ യുവാക്കളിൽ അവബോധം സൃഷ്ടിക്കുക;

(കെ) ശൈശവ വിവാഹം തടയുന്നതിനുള്ള പ്രവർത്തനങ്ങളിൽ യുവാക്കളെ സജ്ജരാക്കുക;

(എൽ) അന്യസംസ്ഥാനങ്ങളിൽ തൊഴിൽ ചെയ്യുന്ന നഴ്സുമാർ ഉൾപ്പെടെയുള്ള കേരളീയ യുവതീയുവാക്കൾ അഭിമുഖീകരിക്കുന്ന പ്രശ്നത്തിൽ ഇടപെടുക;

(എം) പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമ്പത്തിക സുസ്ഥിരതയ്ക്കും തൊഴിൽ ലഭ്യതയ്ക്കും സാമൂഹ്യ ഉന്നതിക്കും ഉതകുന്ന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക;

(എൻ) ബഹുരാഷ്ട്രവും അല്ലാത്തതുമായ കമ്പനികളിൽ പ്രത്യേകിച്ച് ഐ.ടി. രംഗത്ത് ജോലി ചെയ്യുന്ന യുവതീ–യുവാക്കൾക്ക് അന്തസ്സുള്ള തൊഴിൽ സാഹചര്യവും വേതനവും സംഘടിക്കാനുള്ള അവകാശവും ഉറപ്പുവരുത്തുക; ''.

(ഒ) യുവതികളുടെ സാമൂഹ്യ–സാമ്പത്തിക ശാക്തീകരണത്തിനുള്ള പരിപാടികൾ ആവിഷ്കരിക്കുക;

(പി) തൊഴിൽ നൈപുണ്യം നേടുന്നതിനായുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കാൻ അധികാരം നൽകുക;

(ക്യു) സ്വാശ്രയ വിദ്യാഭ്യാസരംഗത്തെ ചൂഷണങ്ങളിൽ നിന്ന് യുവജനതയെ രക്ഷപ്പെടുത്തുന്നതിനുള്ള ഇടപെടലുകൾ നടത്തുക;

(ആർ) അന്യ സംസ്ഥാനങ്ങളിൽ വിദ്യാഭ്യാസം നടത്തികൊണ്ടിരിക്കുന്ന കേരളീയരായ യുവതീ യുവാക്കൾക്കെതിരെ ഉണ്ടാകുന്ന അതിക്രമങ്ങളെക്കുറിച്ച് പരിശോധിക്കുകയും അന്വേഷിക്കുകയും ചെയ്യുക;

(എസ്) വിദേശത്തു നിന്നും മടങ്ങിവരുന്ന യുവാക്കൾക്ക് സ്വയം തൊഴിൽ ലഭ്യമാക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുക;

(റ്റി) അസംഘടിത മേഖലകളിൽ പ്രത്യേകിച്ചും അൺ–എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന യുവതീയുവാക്കൾക്ക് മിനിമം വേതനം ഉറപ്പാക്കുന്നതിന് ഇടപെടലുകൾ നടത്തുക;
(യു) സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വായ്പ നല്കാൻ വിസമ്മതിക്കുന്ന ബാങ്കുകൾക്കെതിരെ നടപടിയെടുക്കാൻ അധികാരം നൽകുക;
(വി) വിദ്യാഭ്യാസപരമായി പിന്തള്ളപ്പെട്ടവരെ സംരക്ഷിക്കാനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കാൻ അധികാരം നൽകുക;
(ഡബ്ല്യു) വർദ്ധിച്ചുവരുന്ന സങ്കുചിത മത, ജാതി സ്പർദ്ധ കുറയ്ക്കുന്നതിനും ഭീകരവാദത്തിലേക്കും മതതീവ്രവാദത്തിലേക്കും ആകൃഷ്ടരാകുന്ന യുവാക്കളെ സാമൂഹ്യ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക;

ശ്രീ. വി. ശശി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(313.) ഖണ്ഡം 9(2) (ഐ)–ക്ക് ശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കുകയും തുടർന്നുള്ളത് പുനരക്ഷരം ചെയ്യുകയും ചെയ്യുക.

‘‘(ജെ) പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട യുവജനങ്ങളുടെ സാമ്പത്തിക സുരക്ഷയ്ക്കും തൊഴിൽ ലഭ്യതയ്ക്കും സാമൂഹ്യ ഉന്നതിയ്ക്കും ഉതകുന്ന പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ സർക്കാരിനോട് നിർദ്ദേശിക്കുക;

(കെ) യുവതികളുടെ സാമൂഹ്യ–സാമ്പത്തിക ശാക്തീകരണത്തിനുള്ള പരിപാടികളും സാമ്പത്തിക സുരക്ഷയ്ക്കും തൊഴിൽ ലഭ്യതയ്ക്കും സാമൂഹ്യ ഉന്നതിക്കും ഉതകുന്ന പരിപാടികളും ആവിഷ്കരിച്ച് നടപ്പാക്കാൻ സർക്കാരിനോട് നിർദ്ദേശിക്കുക.;

(എൽ) അന്യസംസ്ഥാനങ്ങളിൽ തൊഴിലെടുക്കുന്ന നഴ്സുമാർ അടക്കമുള്ള കേരളീയ യുവതീയുവാക്കളുടെ തൊഴിൽ സ്ഥലങ്ങളിൽ ഉൾപ്പെടെ നേരിടുന്ന പ്രശ്നങ്ങളിന്മേലുള്ള പരാതി കേൾക്കുകയും അതിന്റെ അടിസ്ഥാനത്തിലുള്ള പരിഹാരങ്ങൾ സർക്കാരിലേക്ക് നിർദ്ദേശിക്കുകയും ചെയ്യുക.’’

<u>ശ്രീ. എ. റ്റി. ജോർജ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(314). ഖണ്ഡം 9(2) (ജെ)-യ്ക്കുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

''(കെ) യുവജനങ്ങളുടെ ക്ഷേമ വികസന പ്രവർത്തനങ്ങളിൽ തദ്ദേശ സർക്കാരുകളുടെ പങ്കാളിത്തം ഉറപ്പാക്കുക.''

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(316). ഖണ്ഡം 9(2) (ജെ)-യ്ക്കുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

''(കെ) കേരളത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ പൈതൃകം സംരക്ഷിക്കുകയും നിലനിർത്തുകയും ചെയ്യുന്നതിന് യുവജനങ്ങളെ സജ്ജരാക്കുക.''

<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(317). ഖണ്ഡം 9(2) (ജെ)-യ്ക്കുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

''(കെ) പരിസ്ഥിതി സംരക്ഷണം, ജൈവവൈവിദ്ധ്യ സംരക്ഷണം എന്നീ പ്രവർത്തനങ്ങളിൽ യുവജനങ്ങളെ മുഖ്യപങ്കാളികളാക്കുക.''

<u>ശ്രീ. സണ്ണി ജോസഫ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(318). ഖണ്ഡം 9(2) (ജെ)-യ്ക്കുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

''(കെ) യുവജനങ്ങളിൽ നിയമസാക്ഷരതാ ക്ലാസ്സുകൾ സംഘടിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുക.''

ശ്രീ. ആർ. സെൽവരാജ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(320).ഖണ്ഡം 9(2) (ജെ)-യ്ക്കുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

''(കെ) പരിസ്ഥിതി സൗഹൃദപരമായ നൂതന സങ്കേതിക വിദ്യകളിലൂടെ കാർഷികോൽപ്പാദന വർദ്ധനവും പ്രകൃതി വിഭവങ്ങളുടെ സംരക്ഷണവും സാദ്ധ്യമാക്കുന്നതിന് യുവജനങ്ങളെ സജ്ജരാക്കുക.''

ശ്രീ. ജോസഫ് വാഴക്കൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(321). ഖണ്ഡം 9(2) (ജെ)-യ്ക്കുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

''(കെ) സമൂഹത്തിലും തൊഴിലിടങ്ങളിലും ഗൃഹങ്ങളിലും യുവതികൾക്ക് സുരക്ഷയും സംരക്ഷണവും ഉറപ്പാക്കുന്നതിന് യുവജനങ്ങളെ സജ്ജരാക്കുക.''

ശ്രീ. അൻവർ സാദത്ത് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(323.) ഖണ്ഡം 9 (2) (ജെ) - യ്ക്ക് ശേഷം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കുക:

''(കെ) റോഡ് സുരക്ഷയിൽ യുവജനങ്ങളെ പ്രാപ്തരാക്കുക.''

അദ്ധ്യായം III-ൽ കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും എന്ന ഹെഡ്ഡിൽ ''റോഡ് സുരക്ഷയിൽ യുവജനങ്ങളെ പ്രാപ്തരാക്കുക'' എന്ന താണ് എനിക്ക് ചേർക്കാനുള്ളത്. കാരണം യുവാക്കളിന്ന് കൂടുതൽ പേർ വാഹനങ്ങൾ ഉപയോഗിക്കുന്ന ആധുനിക ലോകത്താണ്. അതുകൊണ്ട് യുവ ജനങ്ങൾക്ക് റോഡ് സുരക്ഷയെക്കുറിച്ച് കൂടുതൽ അറിയേണ്ടത് ഇന്നും വലിയ ആവശ്യമാണ്. ഇന്ന് പലരും നിയമങ്ങൾ അറിഞ്ഞിട്ടും അറിയാതെ നടിച്ചുപോകുന്നതുമൂലം ഒരുപാട് അപകടങ്ങളും റോഡ് സുരക്ഷയിൽ വലിയ പാളിച്ചകളുമൊക്കെ ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് പ്രധാനമായും ഇതിൽ ഉൾപ്പെടുത്തണം. ഈ കാലഘട്ടത്തിൽ റോഡ് സുരക്ഷയിൽ യുവജന ങ്ങളെ പ്രാപ്തരാക്കുകയെന്നത് സംബന്ധിച്ച് ഈ ബിൽ തയ്യാറാക്കുമ്പോൾ ഉൾപ്പെടുത്തിയില്ലെങ്കിൽ വലിയ ഒരു കുറവായിട്ടാണ് ഞാൻ കാണുന്നത്. പരി സ്ഥിതിയെക്കുറിച്ച് കൂടുതൽ അവബോധം ഉണ്ടാകേണ്ടതുണ്ട്. അതിനെക്കു റിച്ചും ഇതിനകത്ത് ഉൾപ്പെടുത്തുന്നത് നല്ലതാണെന്നാണ് എന്റെ അഭിപ്രായം. പരിസ്ഥിതി സംരക്ഷണം ഇന്നത്തെ പുതിയ തലമുറ ഏറ്റെടുക്കേണ്ടത് കാല ഘട്ടത്തിന്റെ അനിവാര്യമാണ്. പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചും ഈ ബില്ലിൽ ഉൾപ്പെടുത്തുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു.

ശ്രീ. എം. എ. വാഹീദ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരി പ്പിക്കുന്നു.

(330) ഖണ്ഡം 9 (2) (ജെ) -യ്ക്ക് ശേഷം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കുക:

''(കെ) പൗരബോധം, പരിസ്ഥിതിബോധം ജനാധിപത്യബോധം, ശാസ്ത്രബോധം, സാമൂഹികബോധം തുടങ്ങിയ കാര്യങ്ങളിൽ

യുവജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി പരിപാടികൾ നടപ്പാക്കുക.''

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(331). ഖണ്ഡം 9(2)(ജെ)-യ്ക്കുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

''(കെ)സംസ്ഥാന ബഡ്ജറ്റ് കൂടുതൽ യുവജന സൗഹൃദപരമാക്കുന്നതിനുള്ള നടപടികൾ ആവിഷ്ക്കരിക്കുക.''

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(332) ഖണ്ഡം 9(2)(ജെ)-യ്ക്കുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

''(കെ)പൗരധർമ്മവും അവകാശബോധവും വർദ്ധിപ്പിക്കുന്നതിനായി നിയമസാക്ഷരത ഉറപ്പാക്കുക.''

ശ്രീ. കെ. മുരളീധരൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(333).ഖണ്ഡം 9(2)(ജെ)-യ്ക്കുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

''(കെ)പൗരബോധവും പരിസ്ഥിതിബോധവും ശാസ്ത്രബോധവുമുള്ള വിശ്വപൗരന്മാരായി യുവജനങ്ങളെ വാർത്തെടുക്കുക.''

ശ്രീ. വർക്കല കഹാർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(334) ഖണ്ഡം 9(2)(ജെ)–യ്ക്കുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

''(കെ)സംസ്ഥാനത്തിന്റെ ഭരണനിർവ്വഹണം യുവജന സൗഹൃദപരമാക്കുക.''

ശ്രീ. പി. എ. മാധവൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(335).ഖണ്ഡം 9(2)(ജെ)–യ്ക്കുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

''(കെ) യുവകായിക പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുവാനും, കായികവിനോദ പ്രവർത്തനങ്ങൾ മുഴുവൻ യുവജനങ്ങൾക്കു പ്രാപ്യമാക്കുവാനും വേണ്ട നടപടികൾ സ്വീകരിക്കുക.''

ശ്രീ. കെ. അച്ചുതൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(336) ഖണ്ഡം 9(2)(ജെ)–യ്ക്കുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

''(കെ)യുവജനങ്ങളുടെ ആരോഗ്യസംരക്ഷണം ഉറപ്പാക്കിക്കൊണ്ട് ആരോഗ്യപൂർണ്ണമായ യുവജനതയെ വാർത്തെടുക്കുക.''

ശ്രീ. കെ. ശിവദാസൻ നായർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(337) ഖണ്ഡം 9(2)(ജെ)–യ്ക്കുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

''(കെ)സഹകരണമേഖലയിലൂടെ യുവജനവികസനം ശക്തി പ്പെടുത്തുക.''

ശ്രീ. എം. പി. വിൻസെന്റ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവത രിപ്പിക്കുന്നു.

(339).ഖണ്ഡം 9(2)(ജെ)-യ്ക്കുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

''(കെ) ഉത്തരവാദിത്വ ടൂറിസം ഉൾപ്പെടെ വിനോദ സഞ്ചാരരംഗത്ത് യുവജനപങ്കാളിത്തം വർദ്ധിപ്പിച്ച് തൊഴില വസരങ്ങൾ കൂട്ടുക.''

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാ ലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): സർ, ബഹുമാനപ്പെട്ട അംഗം ഡോ. എൻ. ജയരാജൻ അവതരിപ്പിച്ച 266-ാം നമ്പർ ഭേദഗതിയിൽ ഖണ്ഡം 9(2)(എ)-യിലെ നിർദ്ദേശം ''പരിശോധിക്കുകയും'' എന്ന വാക്കിനു ശേഷം ''പരിഹാരനടപടികൾ ശുപാർശ ചെയ്യുകയും'' ചെയ്യുകയെന്ന ഭേദഗ തിയോടുകൂടി അംഗീകരിക്കുന്നു. ബഹുമാനപ്പെട്ട അംഗം ശ്രീ. എം. ഉമ്മറിന്റെ 270-ാം നമ്പർ ഭേദഗതിയിൽ ഖണ്ഡം 9(2)ബി-യിലെ നിർദ്ദേശം ''പുകയില ഉത്പ്പന്നങ്ങൾ'' എന്നീ വാക്കുകൾക്ക് ശേഷം ''നിരോധിക്കപ്പെട്ട മറ്റ് ലഹരി പദാർത്ഥങ്ങളെന്ന്'' എന്ന ഭേദഗതിയോടെ സ്വീകരിക്കുന്നു. കൂടാതെ ബഹുമാ നപ്പെട്ട അംഗങ്ങളുടെ 273, 317, 318, 320, 321, 323, 325, 326, 327, 332, 333 എന്നീ ഭേദഗതികളുടെ അന്തസത്ത ഉൾകൊണ്ടുകൊണ്ടും ബഹുമാനപ്പെട്ട അംഗം ശ്രീ. എം. എ. വാഹിദിന്റെ 330-ാം നമ്പർ ഭേദഗതിയിൽ ഖണ്ഡം 9(2) (ജെ)- യ്ക്കുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക. ''(കെ) പൗരബോധം,

പരിസ്ഥിതിബോധം, ശാസ്ത്രബോധം, സാമൂഹികബോധം തുടങ്ങിയ കാര്യങ്ങളിൽ യുവജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി പിരാപടികൾ നടപ്പിലാക്കുക'' 9–ാം വകുപ്പിൽ 2–ാം ഉപവകുപ്പിൽ (ജെ)–യിനം (കെ)–യിനമായി പുനരക്ഷരം ചെയ്യേണ്ടതും അങ്ങനെ പുനരക്ഷരം ചെയ്ത (കെ) ഇനത്തിന് മുമ്പായി താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്. '' (ജെ) പരിസ്ഥിതി സംരക്ഷണം, പൗരബോധം, ജനാധിപത്യബോധം, സാമൂഹികബോധം, നിയമസാക്ഷരത തുടങ്ങിയവ വളർത്തിയെടുക്കുന്നതിനാവശ്യമായ നടപടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക''. എന്ന ഭേദഗതികളോടെയും അംഗീകരിക്കുന്നു. 258–ാം നമ്പർ ഭേദഗതി, കേരള ഇന്റർപ്രെട്ടേഷൻ ആന്റ് ജനറൽ ക്ലോസസ് ആക്ടിന്റെ 12–ാം വകുപ്പ് പ്രകാരം പുല്ലിംഗത്തിൽ ഉപയോഗിക്കുന്ന വാക്കുകൾ സ്ത്രീലിംഗത്തിലുള്ള അർത്ഥവും വരുന്നതുകൊണ്ടാണ് ഭേദഗതി സ്വീകരിക്കുന്നില്ല എന്നുപറയുന്നത്. 263–ാം നമ്പർ ഭേദഗതി, ബില്ലിന്റെ 9(2)–ൽ (എ) വകുപ്പുപ്രകാരം നിർദ്ദേശിച്ച ഭേദഗതികളെല്ലാം ഭരണഘടനാപരമായും നിലവിലുള്ള നിയമപ്രകാരം ഉൾപ്പെട്ടിട്ടുള്ളതിനാൽ ഭേദഗതി അംഗീകരിക്കുന്നില്ല. ശ്രീ. പി. ശ്രീരാമകൃഷ്ണൻ നിർദ്ദേശിച്ച 290–ാം നമ്പർ ഭേദഗതിയുടെ അന്തസത്ത ഉൾകൊള്ളുന്നു. എന്നാൽ സാമൂഹിക–സാമ്പത്തിക വികസനമെന്ന വാക്കിൽ ആ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നതിനാൽ അത് സ്വീകരിക്കുന്നില്ല. അദ്ദേഹത്തിന്റെ മറ്റ് ഭേദഗതികളും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ. എം. ഷാജി, ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി, ശ്രീ.സി. മമ്മൂട്ടി, ശ്രീ. പി. ബി. അബ്ദുൾ റസാക്, ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) തുടങ്ങിയ മെമ്പർമാർ അവതരിപ്പിച്ച ഭേദഗതികൾ നിയമാനുസൃതമല്ലാ

ത്തതുകൊണ്ട് മൂവ് ചെയ്യേണ്ടതില്ല. അംഗങ്ങൾക്ക് വേണമെങ്കിൽ സംസാരിക്കാം.

(ബഹുമാനപ്പെട്ട അംഗങ്ങളാരും സംസാരിച്ചില്ല.)

മി. സ്പീക്കർ: ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച 257-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 258, 285, എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 259, 279, 283, 284, 300, എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 260-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 261, 267-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 263-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 265, 268, 276, 278, 280, 282, 289, 294, 299, 305, 312 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 273, 308 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എസ്. രാജേന്ദ്രൻ അവതരിപ്പിച്ച 274, 277 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 275, 340 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. റ്റി. എ. റഹീം അവതരിപ്പിച്ച 281-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 290, 298, 303, 307,341 എന്നീ നമ്പർ ഭേദഗതി നിരാകരിച്ചു.

ശ്രീ. എ. പ്രദീപ് കുമാർ അവതരിപ്പിച്ച 292-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 306-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. കെ. നാരായണൻ അവതരിപ്പിച്ച 296-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീമതി. കെ. കെ. ലതിക അവതരിപ്പിച്ച 302-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ഇ.കെ. വിജയൻ അവതരിപ്പിച്ച 309-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 310-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 311-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ശശി അവതരിപ്പിച്ച 313-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. റ്റി. ജോർജ് അവതരിപ്പിച്ച 314-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 316–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. റ്റി. എൻ. പ്രതാപൻ അവതരിപ്പിച്ച 317–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 318–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ആർ. സെൽവരാജ് അവതരിപ്പിച്ച 320–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 321–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 323–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ അവതരിപ്പിച്ച 331–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 332–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 333–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 334–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. എ. മാധവൻ അവതരിപ്പിച്ച 335–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. അച്ചുതൻ അവതരിപ്പിച്ച 336–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 337–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. പി. വിൻസെന്റ് അവതരിപ്പിച്ച 339–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, 290, 303, 307, 341 എന്നീ ഭേദഗതികൾക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

പ്രതികൂലിക്കുന്നവർ–60

1. ശ്രീമതി പി. അയിഷാ പോറ്റി
2. ശ്രീ. എ. എം. ആരിഫ്
3. ശ്രീ. ബാബു എം. പാലിശ്ശേരി
4. ശ്രീ. എം. എ. ബേബി
5. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
6. ശ്രീമതി ഇ. എസ്. ബിജിമോൾ
7. ശ്രീ. ഇ. ചന്ദ്രശേഖരൻ
8. ശ്രീ. വി. ചെന്താമരാക്ഷൻ
9. ശ്രീ. കെ. ദാസൻ
10. ശ്രീ. ബി. ഡി. ദേവസ്സി
11. ശ്രീ. സി. ദിവാകരൻ
12. ശ്രീ. എം. ഹംസ
13. ശ്രീമതി ജമീലാ പ്രകാശം
14. ഡോ. കെ. ടി. ജലീൽ
15. ശ്രീ. ജി. എസ്. ജയലാൽ
16. ശ്രീ. ജോസ് തെറ്റയിൽ

17. ശ്രീ. സി. കൃഷ്ണൻ
18. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
19. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
20. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
21. ശ്രീമതി കെ. കെ. ലതിക
22. ശ്രീ. കെ. കെ. നാരായണൻ
23. ശ്രീ. കെ. രാധാകൃഷ്ണൻ
24. ശ്രീ. പി. റ്റി. എ. റഹീം
25. ശ്രീ. എസ്. രാജേന്ദ്രൻ
26. ശ്രീ. ആർ. രാജേഷ്
27. ശ്രീ. റ്റി. വി. രാജേഷ്
28. ശ്രീ. കെ. രാജു
29. ശ്രീ. മുല്ലക്കര രത്നാകരൻ
30. പ്രൊഫ. സി. രവീന്ദ്രനാഥ്
31. ശ്രീ. സി. കെ. സദാശിവൻ
32. ശ്രീ. സാജു പോൾ
33. ശ്രീമതി കെ. എസ്. സലീഖ
34. ശ്രീ. എസ്. ശർമ്മ
35. ശ്രീ. വി. ശശി
36. ശ്രീ. എ. കെ. ശശീന്ദ്രൻ
37. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
38. ശ്രീ. ജി. സുധാകരൻ
39. ശ്രീ. വി. എസ്. സുനിൽകുമാർ
40. ശ്രീ. കെ. സുരേഷ് കുറുപ്പ്
41. ശ്രീ. പി. തിലോത്തമൻ
42. ഡോ. ടി. എം. തോമസ് ഐസക്
43. ശ്രീ. ഇ. കെ. വിജയൻ
44. ശ്രീ. കെ. വി. വിജയദാസ്

**<u>അനുകൂലിക്കുന്നവർ-44</u>**

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രത്താണി
5. ശ്രീ. കെ. അച്ചുതൻ
6. ശ്രീ. ടി. എ. അഹ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. എ. പി. അനിൽകുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. കെ. ബാബു
12. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
13. ശ്രീ. പി. കെ. ബഷീർ
14. ശ്രീ. ബെന്നി ബെഹനാൻ
15. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
16. ശ്രീ. എ. റ്റി. ജോർജ്
17. ശ്രീ. പി. സി. ജോർജ്
18. ശ്രീ. ഹൈബി ഈഡൻ
19. ശ്രീമതി പി. കെ. ജയലക്ഷ്മി
20. ഡോ. എൻ. ജയരാജ്
21. ശ്രീ. കെ. സി. ജോസഫ്
22. ശ്രീ. ജോസഫ് വാഴക്കൻ
23. ശ്രീ. വർക്കല കഹാർ
24. ശ്രീ. കെ. എൻ. എ. ഖാദർ
25. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
26. ശ്രീ. റ്റി. യു. കുരുവിള
27. ശ്രീ. ലൂഡി ലൂയിസ്
28. ശ്രീ. പി. എ. മാധവൻ
29. ശ്രീ. സി. മമ്മൂട്ടി

30. ശ്രീ. കെ. പി. മോഹനൻ
31. ശ്രീ. സി. മോയിൻകുട്ടി
32. ശ്രീ. സി. പി. മുഹമ്മദ്
33. ശ്രീ. ആര്യാടൻ മുഹമ്മദ്
34. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
35. ഡോ. എം. കെ. മുനീർ
36. ശ്രീ. കെ. മുരളീധരൻ
37. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
38. ശ്രീ. ഉമ്മൻ ചാണ്ടി
39. ശ്രീ. റ്റി. എൻ. പ്രതാപൻ
40. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
41. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
42. ശ്രീ. രമേഷ് ചെന്നിത്തല
43. ശ്രീ. പാലോട് രവി
44. ശ്രീ. റോഷി അഗസ്റ്റിൻ
45. ശ്രീ. വി. പി. സജീന്ദ്രൻ
46. ശ്രീ. എൻ. ശക്തൻ
47. ശ്രീ. ഷാഫി പറമ്പിൽ
48. ശ്രീ. കെ. എം. ഷാജി
49. ശ്രീ. എൻ. ഷംസുദീൻ
50. ശ്രീ. ആർ. സെൽവരാജ്
51. ശ്രീ. കെ. ശിവദാസൻ നായർ
52. ശ്രീ. സണ്ണി ജോസഫ്
53. ശ്രീ. സി. എഫ്. തോമസ്
54. ശ്രീ. തോമസ് ഉണ്ണിയാടൻ
55. ശ്രീ. പി. ഉബൈദുള്ള
56. ശ്രീ. എം. ഉമ്മർ
57. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
58. ശ്രീ. എം. എ. വാഹീദ്
59. ശ്രീ. എം. പി. വിൻസെന്റ്

60. ശ്രീ. പി. സി. വിഷ്ണുനാഥ്

നിഷ്പക്ഷത പാലിക്കുന്നവർ– ആരുമില്ല.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ – 44

പ്രതികൂലിക്കുന്നവർ – 60

നിഷ്പക്ഷത പാലിക്കുന്നവർ– ആരുമില്ല.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 290, 303, 307, 341 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ.....................

ഭേദഗതി ചെയ്ത പ്രകാരമുള്ള 9–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9–ം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**10–ാം വകുപ്പ്**

ശ്രീ. ബി.ഡി. ദേവസ്സി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(342) ഖണ്ഡം 10(1) (ബി) –യിൽ, ഒന്നാംവരിയിൽ ''ലോക്കൽ അതോറിറ്റികളുടെയോ'' എന്നതിനുപകരം ''തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ'' എന്ന് ചേർക്കുക.

ശ്രീ. പി.കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(343) ഖണ്ഡം 10(1) (ബി) –യിൽ, ''അനുമതിയോടുകൂടിയും സർക്കാരിന്റെ സമ്മതത്തോടുകൂടിയും'' എന്നീ വാക്കുകൾക്ക് പകരം ''സമ്മതത്തോടെ'' എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(344) ഖണ്ഡം 10(1) (ബി)– യിൽ, മൂന്നാം വരിയിൽ ''കോർപ്പറേഷന്റെയോ ലോക്കൽ അതോറിറ്റിയുടേയോ'' എന്നതിനു പകരം ''കോർപ്പറേഷനിലെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയോ'' എന്ന് ചേർക്കുക.

(348) ഖണ്ഡം 10(2) (എഫ്)– യിൽ, ''നിർണ്ണയിക്കപ്പെടാവുന്ന'' എന്നതിനു പകരം ''സർക്കാർ ചട്ടപ്രകാരം നിശ്ചയിക്കുന്ന'' എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(345) ഖണ്ഡം 10(1) (ബി) താഴെപ്പറയും പ്രകാരം മാറ്റുക:

''(ബി) സർക്കാർ–പൊതുമേഖല ഉടമസ്ഥതയിലുള്ള കോർപ്പറേഷനുകളുടെയോ ലോക്കൽ അതോറിറ്റികളുടെയോ അനുമതിയോടുകൂടിയും സർക്കാരിന്റെ സമ്മതത്തോടുകൂടിയും അങ്ങനെയുള്ള കോർപ്പറേഷന്റെയോ

ലോക്കൽ അതോറിറ്റിയുടെയോ ഏതെങ്കിലും ഉദ്യോഗസ്ഥ ന്റെയോ, സർക്കാർ ധനസഹായം ലഭിക്കുന്ന ഏതു സ്ഥാപനത്തിന്റെയും ബന്ധപ്പെട്ട അധികാരിയുടെയോ''

സർ, ഇവിടെ ബഹുമാനപ്പെട്ട കെ. എം. ഷാജി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സ്കൂളുകൾ ഉൾപ്പെടെ പ്രത്യേകിച്ച് സ്വകാര്യ സ്കൂളുകളുൾപ്പെടെ അവിടെ നടക്കുന്ന അഴിമതിയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഇവിടെ പറഞ്ഞിരിക്കുന്ന കാര്യം സർക്കാർ, അർദ്ധസർക്കാർ, കോർപ്പറേഷനുകൾ, ലോക്കൽ അതോറിറ്റി അതോടൊപ്പം സർക്കാർ ധനസഹായം ലഭിക്കുന്ന ഏത് സ്ഥാപനവും ബന്ധപ്പെട്ട ഇതിന്റെ പരിധിയിലേയ്ക്ക് കൊണ്ടുവരാൻ ശ്രമിക്കുക എന്നുള്ളത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണെന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ട് ഞാൻ ഈ ഭേദഗതി മൂവ് ചെയ്യുന്നു.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(346) ഖണ്ഡം 10(2) (എ)-യിൽ, ''ആളെ'' എന്നതിനുപകരം ''വ്യക്തിയെ'' എന്ന് ചേർക്കുക.

(347) ഖണ്ഡം 10(2) (എ)-യിൽ, ''ഹാജരാക്കൽ'' എന്നതിനുപകരം ''ഹാജരാകൽ'' എന്ന് ചേർക്കുക.

(355) ഖണ്ഡം 10(5)-ൽ, ''മൊഴിയോവഴി'' എന്ന വാക്കിനുപകരം ''മൊഴിയോ വഴി'' എന്നീ വാക്കുകൾ ചേർക്കുക.

(357) ഖണ്ഡം 10(5) – ൽ, ''ആൾക്കെതിരായി'' എന്ന വാക്കിനുപകരം ''വ്യക്തിക്കെതിരായി'' എന്ന വാക്ക് ചേർക്കുക.

സർ, ഇതിൽ ''ആളെ'' എന്നുള്ളത് ''വ്യക്തിയെ'' എന്നാക്കണം. ഏതെങ്കിലും ആളെ വിളിച്ചുവരുത്തുക എന്നുള്ളതല്ല ശരി, ഏതെങ്കിലും വ്യക്തിയെ വിളിച്ചുവരുത്തുക എന്നാക്കണം. ''ഹാജരാക്കൽ'' എന്നുപറഞ്ഞാൽ അറസ്റ്റ് ചെയ്ത് ഹാജരാക്കലാണ്. ''ഹാജരാകൽ'' എന്നുപറഞ്ഞാൽ ഒരു നോട്ടീസ് കിട്ടി ഹാജരാകുന്നതിനെയാണ് പറയുന്നത്. അതിനെ ഹാജരാക്കൽ എന്ന് പറയുകയില്ല. ''മൊഴിയോവഴി'' എന്ന് ഒറ്റ വാചകമായിട്ടാണ് എഴുതിയിരിക്കുന്നത്. അത് ഏതെങ്കിലും പ്രസ്താവനയോ ''മൊഴിയോ വഴി''എന്നാക്കുന്നതാണ് ശരി.

ശ്രീ. റ്റി.എ. അഹമ്മദ് കബീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(349) ഖണ്ഡം 10(3)-യിൽ, ''സ്വമേധയായോ'' എന്ന വാക്കിന് പകരം ''നേരിട്ടു ഹാജരായോ രേഖാമൂലമോ'' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(350) ഖണ്ഡം 10(3)-യിൽ ''സ്വമേധയായോ അല്ലെങ്കിൽ അധികാരപ്പെടുത്തിയ പ്രതിനിധി മുഖേനയോ അവരുടെ'' എന്നീ വാക്കുകൾക്ക് പകരം ''സ്വമേധയായി'' എന്ന വാക്ക് ചേർക്കുക.

ശ്രീ. സാജു പോൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(351) ഖണ്ഡം 10(3) – ൽ, ''സ്വമേധയായോ അല്ലെങ്കിൽ അധികാരപ്പെടുത്തിയ പ്രതിനിധി മുഖേനയോ'' എന്നീ വാക്കുകൾക്ക് പകരം ''നേരിട്ട്'' എന്ന വാക്ക് ചേർക്കുക.

(352) ഖണ്ഡം 10(4) – ൽ, ''അതിന്റെ ശിപാർശയോടുകൂടി ഉചിതമായ നടപടിക്കോ അല്ലെങ്കിൽ തർക്കത്തിലേർപ്പെട്ട കക്ഷികൾക്ക് പരിഹാരത്തിനായോ'' എന്നതിനുപകരം ''അവ നടപ്പാക്കാനായി'' എന്ന് ചേർക്കുക.

ശ്രീ. വി. ശശി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(353) ഖണ്ഡം 10(4) – ൽ, ''ശിപാർശയോടു കൂടി'' എന്ന വാക്കിന് പകരം ''നിർദ്ദേശത്തോടു കൂടി'' എന്ന വാക്ക് ചേർക്കുക.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(354) ഖണ്ഡം 10(4) – ൽ, ''തർക്കത്തിലേർപ്പെട്ട കക്ഷികൾക്ക്'' എന്നീ വാക്കുകൾക്ക് പകരം ''തർക്ക'' എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(358) ഖണ്ഡം 10(5) –ന് ശേഷം താഴെ പറയുന്ന ഉപഖണ്ഡങ്ങൾ ചേർക്കുക:

''(6) വിവിധ സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിൽ കാലാകാലമുണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി.–ക്ക് റിപ്പോർട്ട് ചെയ്യുന്നു എന്ന് ഉറപ്പു വരുത്തുന്നതിനും, അങ്ങനെ ചെയ്യാത്ത

സ്ഥാപന മേധാവികൾക്കെതിരെ നടപടിക്ക് സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നതിനുമുള്ള അധികാരം;''

(7) വ്യവസ്ഥാപിതമായ നിയമന രീതികൾ മറികടന്ന് നടക്കുന്ന നിയമനങ്ങൾ തടയുന്നതിനും, യുവജനങ്ങൾക്ക് എല്ലാവർക്കും അവസരം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനുമുള്ള അധികാരം.''

സർ, 358–ൽ പറയുന്നത് പിൻവാതിൽ നിയമനങ്ങൾ വ്യാപകമായി നടന്നുവരുന്ന പശ്ചാത്തലത്തിൽ വിവിധ സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിൽ കാലാകാലമുണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നു എന്ന് ഉറപ്പു വരുത്തുന്നതിനും, അങ്ങനെ സർക്കാരിന്റെ നയത്തിന് എതിരായി നിലപാട് സ്വീകരിക്കുന്ന ആളുകളെ പ്രോസിക്യൂട്ട് ചെയ്യാനുമുള്ള അധികാരം കൊടുക്കണമെന്നുള്ള ഒരു വകുപ്പാണ്. അതുപോലെ വ്യവസ്ഥാപിതമായ നിയമന രീതികൾ മറികടന്ന് നടക്കുന്ന നിയമനങ്ങൾ തടയുന്നതിനും യുവജനങ്ങൾക്ക് എല്ലാവർക്കും അവസരം ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനുമുള്ള അധികാരം ഈ കമ്മീഷനുണ്ടായിരിക്കണം എന്ന ഭേദഗതിയാണ്.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എം. ഉമ്മറിന്റെ 355–ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ബി. ഡി. ദേവസ്സി അവതരിപ്പിച്ച 342–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 343-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) അവതരിപ്പിച്ച 344, 348 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഡോ. എൻ ജയരാജ് അവതരിപ്പിച്ച 345-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 346, 347, 357 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 349-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. റ്റി.വി. രാജേഷ് അവതരിപ്പിച്ച 350-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സാജു പോൾ അവതരിപ്പിച്ച 351, 352 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ശശി അവതരിപ്പിച്ച 353-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 354-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 358-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............................................

പ്രതികൂലിക്കുന്നവർ.............................................

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 11-ാം വകുപ്പ്

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(360) ഖണ്ഡം 11-ൽ, "പലതരത്തിലുള്ള" എന്ന വാക്കിനുശേഷം "കലയും" എന്ന വാക്ക് ചേർക്കുക.

(372) ഖണ്ഡം 11-ൽ, "പണം സ്വീകരിക്കാവുന്നതാണ്" എന്നീ വാക്കുകൾക്കുപകരം "രസീതി നൽകിക്കൊണ്ട് പണം സ്വീകരിക്കാവുന്നതും ആയതിന്റെ കണക്കുകൾ കമ്മീഷൻ ഓരോ മൂന്നുമാസത്തിൽ ഒരിക്കൽ പരിശോധിക്കേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

സർ, 360-ൽ വ്യവസ്ഥകൾക്ക് വിധേയമായി പലതരത്തിലുള്ള സാഹിത്യവും സാംസ്കാരികവും സ്പോർട്സും എന്ന് കൊടുത്തിട്ടുണ്ട്. 'പലതരത്തിലുള്ള' എന്ന് കഴിഞ്ഞ് 'കലയും' കൂടി അതിൽ കൂട്ടിച്ചേർക്കണം എന്നുള്ളതാണ്. കലയും സാഹിത്യവും സാംസ്കാരികവും സ്പോർട്സും പ്രവർത്തികളിൽ എന്നാക്കിമാറ്റണമെന്നുള്ളതാണ് എന്റെ ഭേദഗതി. 372-ൽ "പണം സ്വീകരിക്കാവുന്നതാണ്" എന്നീ വാക്കുകൾക്ക് പകരം "രസീതി

നൽകിക്കൊണ്ട് പണം സ്വീകരിക്കാവുന്നതും ആയതിന്റെ കണക്കുകൾ കമ്മീഷൻ ഓരോ മൂന്നുമാസത്തിൽ ഒരിക്കൽ പരിശോധിക്കേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കണം എന്നുള്ളതാണ്.

ശ്രീ. റ്റി.എ.അഹമ്മദ് കബീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(361) ഖണ്ഡം 11–ൽ, "പലതരത്തിലുള്ള" എന്ന വാക്ക് ഒഴിവാക്കുകയും "സ്പോർട്സും" എന്നവാക്കിനുശേഷം "സംബന്ധമായ" എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(362) ഖണ്ഡം 11–ൽ, "പലതരത്തിലുള്ള സാഹിത്യവും സാംസ്കാരികവും സ്പോർട്സും പ്രവൃത്തികളിൽ" എന്നീ വാക്കുകൾക്കുപകരം, "സാഹിത്യ–കലാ–കായിക–സാംസ്കാരിക രംഗത്ത്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(364) ഖണ്ഡം 11–ൽ, "പ്രവൃത്തികളിൽ" എന്ന വാക്കിനുപകരം "രംഗങ്ങളിൽ" എന്ന വാക്ക് ചേർക്കുക.

(370) ഖണ്ഡം 11–ൽ, "മറ്റേതൊരു പേരിലോ" എന്നീ വാക്കുകൾ ഒഴിവാക്കുക.

സർ, സാംസ്കാരികവും സ്പോർട്സും പ്രവർത്തികളിൽ യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനാണ്. അതുകൊണ്ട് "പ്രവൃത്തികളിൽ" എന്നല്ല "രംഗങ്ങളിൽ" എന്നുപറയണം. അങ്ങനെയുള്ള കലാസാംസ്കാരിക സ്പോർട്സ് രംഗങ്ങൾ എന്നാക്കണം. അതൊരു പ്രവൃത്തി (ജോലി) അല്ല. അതുകൊണ്ട് സാംസ്കാരികവും സ്പോർട്സും രംഗങ്ങളിൽ യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് എന്നാക്കണം.

ശ്രീ. സി. കെ. സദാശിവൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(365) ഖണ്ഡം 11–ൽ, "എൻഡോവ്മെന്റുകൾ" എന്ന വാക്കിനുപകരം "നിധി" എന്ന വാക്ക് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(366) ഖണ്ഡം 11–ൽ, "സമ്മാനങ്ങൾ" എന്ന വാക്കിനുപകരം "പ്രോത്സാഹനങ്ങൾ" എന്ന വാക്ക് ചേർക്കുക.

സർ, കമ്മീഷനിലേയ്ക്കുള്ള വിഹിതങ്ങൾ, എൻഡോവ്മെന്റുകൾ മുതലായവയുമായി ബന്ധപ്പെട്ടതാണ് 11–ാം വകുപ്പ്. ലക്ഷ്യം മാർഗ്ഗത്തെ ന്യായീകരിക്കുമെങ്കിലും അവിടെ ഒരു പ്രശ്നമുള്ളത് എൻഡോവ്മെന്റുകൾ രൂപീകരിക്കുന്നതിനും സമ്മാനങ്ങൾ നൽകുന്നതിനും, നിയമത്തിനകത്ത് "സമ്മാനങ്ങൾ" നൽകുക എന്ന പദപ്രയോഗംതന്നെ ശരിയല്ല എന്നാണ് എനിക്ക് തോന്നുന്നത്. അതിനുപകരം "പ്രോത്സാഹനങ്ങൾ" നൽകുക എന്നുള്ളതായിരിക്കും കുറെക്കൂടി ഉചിതം എന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(367) ഖണ്ഡം 11–ൽ, "ഏതൊരു സംഘടനയിൽനിന്നോ" എന്നീ വാക്കുകൾക്കുപകരം "രാജ്യത്തെ ഏതൊരു വ്യവസ്ഥാപിത സംഘടനയിൽനിന്നോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി.കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(368) ഖണ്ഡം 11–ൽ, "വ്യക്തിയിൽനിന്നോ" എന്ന വാക്കിനുമുമ്പ് "അനഭിമതപ്രവൃത്തികളിൽ ഏർപ്പെട്ട് നിയമനടപടിക്ക് വിധേയനാവാത്ത" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(369) ഖണ്ഡം 11–ൽ, "സംഭാവനയായോ വിഹിതമായോ മറ്റേതൊരു പേരിലോ പണം സ്വീകരിക്കാവുന്നതാണ്" എന്നീ വാക്കുകൾക്കുപകരം "സംഭാവനയോ വിഹിതമോ കമ്മീഷന്റെ അക്കൗണ്ടിൽ സ്വീകരിക്കാവുന്നതാണ്" എന്നീ വാക്കുകൾ ചേർക്കുക.

സർ, സംഭാവനകളോ വിഹിതമോ ഒക്കെ പണമായി സ്വീകരിക്കുന്ന കാര്യത്തിൽ ഇപ്പോൾ പറഞ്ഞിരിക്കുന്നത് "സംഭാവനയായോ വിഹിതമായോ മറ്റേതൊരു പേരിലോ പണം സ്വീകരിക്കാവുന്നതാണ്" എന്നതിന് പകരം

"സംഭാവനയോ വിഹിതമോ കമ്മീഷന്റെ അക്കൗണ്ടിൽ സ്വീകരിക്കാവുന്ന താണ്" എന്നുപറഞ്ഞാൽ കുറച്ചുകൂടി അക്കൗണ്ടബിലിറ്റിയുണ്ടാകും.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(371) ഖണ്ഡം 11–ൽ, "പണം സ്വീകരിക്കാവുന്നതാണ്" എന്നീ വാക്കുകൾക്കു പകരം "രേഖാമൂലം സ്വീകരിക്കാവുന്നതും ആയ തിന് രസീത് നൽകേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

സർ, എൻഡോവ്മെന്റുകൾ രൂപീകരിക്കുന്നതിനും സമ്മാനങ്ങൾ നൽകുന്നതിനും ഏതൊരു സംഘടനയിൽ നിന്നോ വ്യക്തിയിൽ നിന്നോ സംഭാവനയായോ വിഹിതമായോ മറ്റേതൊരു പേരിലോ പണം സ്വീകരിക്കാവുന്നതാണ് എന്നതിന് പകരം "രേഖാമൂലം സ്വീകരിക്കാവുന്നതും ആയതിന് രസീത് നൽകേണ്ടതുമാണ്" എന്നുകൂടി ചേർക്കുന്നത് നല്ലതാണ്.

മി. സ്പീക്കർ: ശ്രീ. സി.കെ. സദാശിവന്റെ 359–ാം നമ്പർ ഭേദഗതി ക്രമാനുസൃതമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): സർ, ഭേദഗതികളൊന്നും സ്വീകാര്യമല്ല.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 360, 372 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. റ്റി.എ. അഹമ്മദ് കബീർ അവതരിപ്പിച്ച 361–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പ്രൊഫ. സി. രവീന്ദ്രനാഥ് അവതരിപ്പിച്ച 362-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 364, 370 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി.കെ. സദാശിവൻ അവതരിപ്പിച്ച 359, 365 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 366-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 367-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി.കെ. ബഷീർ അവതരിപ്പിച്ച 368-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 369-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 371-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........................................

പ്രതികൂലിക്കുന്നവർ..........................................

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**12-ാം വകുപ്പ്**

ശ്രീ. എൻ.എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(374) ഖണ്ഡം 12 (1) താഴെപ്പറയും പ്രകാരം മാറ്റുക :

''(1) ഈ ആക്റ്റിലെ വ്യവസ്ഥകളുടെ നടത്തിപ്പിന്, ധനവിനിയോഗം സംബന്ധിച്ച നിയമസഭയിലെ നടപടിക്രമങ്ങൾക്കുശേഷം സർക്കാരിന് യുക്തമെന്നു കരുതുന്ന തുക ഗ്രാന്റായി കമ്മീഷനു നൽകേണ്ടതാണ്.''

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി.കെ. ജയലക്ഷ്മി): സർ, ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. എൻ.എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 374-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........................................

പ്രതികൂലിക്കുന്നവർ..........................................

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**13-ാം വകുപ്പ്**

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു

(376). ഖണ്ഡം 13(1)–ൽ, 'കമ്മീഷൻ' എന്ന വാക്കിനുശേഷം 'അതിന്റെ വരവുചെലവുകൾ സംബന്ധിച്ച്' എന്നീ വാക്കുകൾ ചേർക്കുക.

(385) ഖണ്ഡം 13(3)–ൽ, 'നിയമിക്കുന്ന' എന്ന വാക്കിനുപകരം 'നിയോഗിക്കുന്ന' എന്ന വാക്കുചേർക്കുക.

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

(377). ഖണ്ഡം 13(1)–ൽ, 'കമ്മീഷൻ' എന്ന വാക്കിനുശേഷം '11–ാം വകുപ്പിൽ പറയുന്ന വിഹിതങ്ങൾ, എൻഡോവ്മെന്റുകൾ മുതലയായവയും' എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു

(378). ഖണ്ഡം 13(1)–ൽ, 'ശരിയായ' എന്നതിനുശേഷം 'വരവുചെലവ്' എന്ന് ചേർക്കുക.

(380) ഖണ്ഡം 13(1)-ൽ, 'പ്രസക്ത' എന്ന വാക്കിനുപകരം 'അനുബന്ധ' എന്ന വാക്കുചേർക്കുക.

(381) ഖണ്ഡം 13(1)–ൽ, 'അങ്ങനെയുള്ള ഫാറത്തിൽ' എന്നതിനുപകരം 'നിശ്ചിത ഫാറത്തിൽ' എന്നുചേർക്കുക.

(387) ഖണ്ഡം 13(4)–ൽ, 'മുമ്പാകെ വയ്പിക്കേണ്ടതുമാണ്' എന്നതിനുപകരം 'മുമ്പാകെ സമർപ്പിക്കേണ്ടതുമാണ് ' എന്നുചേർക്കുക.

ഇതിൽ കമ്മീഷൻ 'ശരിയായ വരവുചെലവ്' കണക്കുകളും മറ്റ് പ്രസക്ത രേഖകൾ എന്നല്ല 'അനുബന്ധ രേഖകൾ' എന്നാണ് സാധാരണഗതി

യിൽ പറയാറുള്ളത്. അക്കൗണ്ടന്റ് ജനറലുമായി കൂടിയാലോചിച്ച് നിർണ്ണയിക്കപ്പെടുന്ന ‘അങ്ങനെയുള്ള ഫാറത്തിൽ’ എന്നതിനുപകരം ‘നിശ്ചിത ഫാറത്തിൽ’ എന്നാക്കണം. ‘അങ്ങനെയുള്ള ഫാറത്തിൽ’ എന്നുപറയുന്നത് ശരിയല്ല. ‘നിശ്ചിത ഫാറത്തിൽ’ കണക്കുകളുടെ വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുമാണ് എന്നുള്ളതാണ് എന്റെ ഭേദഗതി. അതുപോലെ തന്നെ 387–ാം നമ്പർ ഭേദഗതിയിൽ ‘മുമ്പാകെ വയ്പിക്കേണ്ടതുമാണ്’ എന്നുള്ളതിനുപകരം ‘മുമ്പാകെ സമർപ്പിക്കേണ്ടതുമാണ്’ എന്നാക്കിമാറ്റണം. നിയമസഭ മുമ്പാകെ വയ്പിക്കുന്ന എന്നല്ല, സഭ മുമ്പാകെ സമർപ്പിക്കേണ്ടതുമാണ് എന്ന് മാറ്റണം.

<u>ശ്രീ. പി. ബി. അബ്ദുൾ റസാക്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു

(382) ഖണ്ഡം 13(2)–ൽ, "ചെലവ്" എന്ന വാക്കിനുശേഷം "അക്കൗണ്ടന്റ് ജനറൽ കണക്കാക്കി അറിയിക്കുന്ന പ്രകാരം" എന്നു ചേർക്കുക.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

(384) ഖണ്ഡം 13(2)–ൽ, "ആഡിറ്റ്" എന്ന വാക്കിനുശേഷം "നടത്തേണ്ടതാണ്" എന്ന വാക്ക് ചേർക്കുകയും, ശേഷിക്കുന്നവ ഒഴിവാക്കുകയും ചെയ്യുക.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

(388) ഖണ്ഡം 13(4)–ൽ, "വയ്പിക്കേണ്ടതുമാണ്" എന്നതിനുപകരം "വയ്ക്കേണ്ടതുമാണ്" എന്നു ചേർക്കുക.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി) സർ, ഞാൻ 388-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 376, 385 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 377-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 378,380, 381, 387 എന്നീ നമ്പർ ഭേദഗതി കൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. പി. ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 382-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടു കൂടി പിൻവലിച്ചു.

ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച 384-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**14-ാം വകുപ്പ്**

ഡോ. എൻ. ജയരാജ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(390) ഖണ്ഡം 14(1)-ൽ, "കഴിയുന്നത്രവേഗം" എന്ന വാക്കിനുപകരം "മൂന്ന് മാസത്തിനുള്ളിൽ" എന്നീ വാക്കുകൾ ചേർക്കുക.

ഇവിടെ കമ്മീഷന്റെ വാർഷിക റിപ്പോർട്ട് ഓരോ സാമ്പത്തിക വർഷവും അവസാനിച്ചതിനുശേഷം കഴിയുന്നത്ര വേഗമെന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ ഒരു കൃത്യതയില്ലെന്നുെ ങ്കിൽ എത്ര വേണമെങ്കിലും മുന്നോട്ടുപോകാം. അതുകൊ ് മൂന്നുമാസത്തിനകമെന്നുള്ള സമയപരിധിവയ്ക്കണമെന്നുള്ള ഭേദഗതിയാണ് ഞാൻ അവതരിപ്പിക്കുന്നത്.

ശ്രീ. പി. ഉബൈദുള്ള : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(391)ഖണ്ഡം 14(1)-ൽ, "നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള" എന്നതിനുപകരം "നിർണ്ണയിക്കപ്പെടുന്ന വിധത്തിലുള്ള" എന്നും തുടർന്നുവരുന്ന "അങ്ങനെയുള്ള" എന്നതിനുപകരം "നിശ്ചയിക്കപ്പെടുന്ന" എന്നും ചേർക്കുക.

ഇതിൽ അങ്ങനെയുള്ള എന്ന പദം ആവർത്തിച്ചുവരുന്നു ്.. കമ്മീഷൻ ഓരോ സാമ്പത്തികവർഷവും അവസാനിച്ചതിനുശേഷം കഴിയുന്നത്ര വേഗം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള

തീയതിയിലും സാമ്പത്തിക വർഷത്തിലും മുൻ സാമ്പത്തിക വർഷത്തിൽ ഏറ്റെടുത്ത പ്രവർത്തനങ്ങളുടെയും പരിപാടികളുടെയും പൂർണ്ണവിവരങ്ങൾ കാണിക്കുന്ന ഒരു വാർഷിക റിപ്പോർട്ട് യുവജനങ്ങളുടെ സ്റ്റാറ്റസ് സ്റ്റേറ്റ്മെന്റ് ഉൾപ്പെടെ ഗവൺമെന്റിന് സമർപ്പിക്കേ താണെന്നുള്ളതിൽ നിർണ്ണയിക്കപ്പെടുന്ന അങ്ങനെയുള്ള എന്നതിനുപകരം നിർണ്ണയിക്കപ്പെടുന്ന വിധത്തിലുള്ള എന്നും തുടർന്നു വരുന്ന അങ്ങനെയുള്ള എന്നതിനു പകരം നിശ്ചയിക്കപ്പെടുന്ന എന്ന പദവും ചേർക്കുന്നതായിരിക്കും ഉചിതം.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(392)ഖണ്ഡം 14(1)-ൽ, "അങ്ങനെയുള്ള ഫോറത്തിലും" എന്നതിനുപകരം "നിശ്ചിതഫോറത്തിലും" എന്ന് ചേർക്കുക.

ശ്രീ. കെ. വി. വിജയദാസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(393)ഖണ്ഡം 14(1)-ൽ, "ഏറ്റെടുത്ത" എന്നതിനുപകരം "ഏറ്റെടുത്തു നടത്തിയ" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(394)ഖണ്ഡം 14(1)-ൽ, "പരിപാടികളുടെയും" എന്ന വാക്കിനുശേഷം "അവയുടെ നടിത്തിപ്പിനെയും സംബന്ധിച്ച്" എന്നീ വാക്കുകൾ ചേർക്കുക.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): സർ, ബഹുമാനപ്പെട്ട അംഗം ഡോ. എൻ. ജയരാജിന്റെ 390–ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി.സ്പീക്കർ: ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 391–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 392-ാം നമ്പർ ഭേദഗതി സഭയുടെ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച 393-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 394-ാം നമ്പർ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 14–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്നപ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 15-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(395)ഖണ്ഡം 15 ൽ, ''ഏതൊരു അംഗത്തിനോ'' എന്നതിനു പകരം ''യാതൊരു അംഗത്തിനോ'' എന്ന് ചേർക്കുക.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 395-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

16-ാം വകുപ്പ്

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടിട്ടില്ല

മി. സ്പീക്കർ: 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.............

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**17-ാം വകുപ്പ്**

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടിട്ടില്ല

മി. സ്പീക്കർ: 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**18-ാം വകുപ്പ്**

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(399) ഖണ്ഡം 18(2)(എ)-ക്കുശേഷം താഴെപ്പറയുന്ന ഇനം ചേർക്കുകയും തുടർന്നുള്ളത് പുനരക്ഷരം ചെയ്യുകയും ചെയ്യുക:-

'' (ബി) അഞ്ചാം വകുപ്പുപ്രകാരം നിയമിക്കുന്ന ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും കർത്തവ്യങ്ങളും സേവന-വേതന വ്യവസ്ഥകളും;''.

<u>ശ്രീ. എം. ഉമ്മർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(400)ഖണ്ഡം 18(2)(ഇ)-യിൽ, ''വച്ചുപോരേണ്ടതായ'' എന്നതിനുപകരം ''സൂക്ഷിച്ചുപോരേണ്ടതായ'' എന്ന് ചേർക്കുക.

(402)ഖണ്ഡം 18(3)-ൽ, ''രൂപഭേദം'' എന്ന വാക്കിനുപകരം ''ഭേദഗതി'' എന്ന വാക്ക് ചേർക്കുക.

(403) ഖണ്ഡം 18(3)-ൽ, ''രൂപഭേദപ്പെടുത്തിയ'' എന്നതിനുപകരം ''ഭേദഗതി വരുത്തിയ '' എന്ന് ചേർക്കുക.

ഇതിൽ വച്ചുപോരേണ്ടതായ വാർഷിക കണക്ക് സ്റ്റേറ്റ്മെന്റ് എന്നുള്ളതല്ല ശരിയായ രീതി. സൂക്ഷിച്ചുപോരേണ്ടതായ വാർഷിക കണക്ക് സ്റ്റേറ്റ്മെന്റ് എന്നാണ്. വച്ചുപോരുകയെന്നുള്ളത് ശരിയായ

പ്രയോഗമല്ല. സൂക്ഷിച്ചുപോരേ തായ വാർഷിക കണക്ക് സ്റ്റേറ്റ്മെന്റുകളും എന്നുള്ളതാണ് ശരി. അതുപോലെ രൂപഭേദം ചെയ്തതിനുശേഷം എന്നുള്ളത് നിയമസഭാ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ എന്നതിനുപകരം ഭേദഗതി വരുത്തുകയോ എന്നുള്ളതാണ് ശരിയായ പ്രയോഗം. അതുപോലെ തന്നെ 18(3)-ൽ രൂപഭേദപ്പെടുത്തിയ എന്നതിനുപകരം ഭേദഗതി വരുത്തിയ എന്ന് ചേർക്കുക. ഏത് ബില്ലാണെങ്കിലും ഭേദഗതി ബിൽ എന്നാണ് പറയാറുള്ളത്.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(401) ഖണ്ഡം 18(2)(എഫ്)-നുശേഷം താഴെപ്പറയുന്ന ഇനം ചേർത്ത് തുടർന്നുള്ളത് പുനരക്ഷരം ചെയ്യുക:-

> ''(ജി) യുവജനങ്ങളുടെ സ്റ്റാറ്റസ് സ്റ്റേറ്റ്മെന്റിന്റെ വിശദാംശങ്ങൾ''.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി) സർ, ശ്രീ. ഉമ്മർ അവതരിപ്പിച്ച 400-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 399–ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി അവതരിപ്പിച്ച 401–ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 402, 403 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 18–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള 18–ാം വകുപ്പ് ബില്ലിന്റേ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 18–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

19–ാം വകുപ്പ്

(ഭേദഗതിയില്ല)

19–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ...........

19–ാം വകുപ്പ് ബില്ലിന്റെ ഭാഗാമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗാമായിരിക്കുന്നു.

<u>20-ാം വകുപ്പ്</u>

(ഭേദഗതിയില്ല)

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ.............

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

(തുടരും)

P-04-02-2014 SV/SP-III
06.00-06.10

<u>1-ാം വകുപ്പും പീഠികയും പേരും</u>

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി <u>(കുമാരി പി. കെ. ജയലക്ഷ്മി)</u>: സർ, ഞാൻ 124-ാം നമ്പർ ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

124. പീഠികയിൽ, ''അറുപത്തിനാലാം'' എന്നവാക്കിനു പകരം ''അറുപത്തിയഞ്ചാം'' എന്ന വാക്ക് ചേർക്കുക.

<u>ശ്രീമതി കെ.എസ്. സലീഖ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

109. ദീർഘശീർഷകത്തിൽ, ‘‘യുവാക്കളെ’’ എന്ന വാക്കിനുപകരം ‘‘യുവതീ യുവാക്കളെ’’ എന്നും ‘‘യുവാക്കളുടെ’’ എന്ന വാക്കിനുപകരം ‘‘യുവതീ യുവാക്കളുടെ’’ എന്നും ചേർക്കുക.

126. പീഠികയിൽ, ‘‘യുവാക്കളെ’’ എന്ന വാക്കിനുപകരം ‘‘യുവതീയുവാക്കളെ’’ എന്നും, ‘‘യുവാക്കളുടെ’’ എന്ന വാക്കിനുപകരം ‘‘യുവതീയുവാക്കളുടെ’’ എന്നും ചേർക്കുക.

140. പീഠികയിൽ ‘‘സംരക്ഷകനായി വർത്തിക്കുന്നതിനും’’ എന്നീ വാക്കുകൾക്കു ശേഷം ‘‘ഉന്നതവിദ്യാഭ്യാസരംഗത്ത് സാമൂഹ്യ നീതി ഉറപ്പാക്കുന്നതിനും സ്വാശ്രയരംഗത്തെ ചൂഷണം തടയുന്നതിനും

നിരാലംബർക്ക് വിദ്യാഭ്യാസ വായ്പ ഉറപ്പുവരുത്തുന്നതിനും തൊഴിൽ അന്വേഷകർക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും തൊഴിലും ഉറപ്പുവരുത്തുന്നതിനും’’ എന്നീ വാക്കുകൾ ചേർക്കുക.

143. പീഠികയിൽ "അറുപത്തിനാലാം" എന്ന വാക്കിനുപകരം "അറുപത്തിയഞ്ചാം " എന്ന വാക്ക് ചേർക്കുക.

ശ്രീ. അബ്ദുറഹിമാൻ ര ത്താണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

112. ദീർഘശീർഷകത്തിൽ, ‘‘യുവാക്കളെ’’ എന്നതിനുപകരം ‘‘യുവജനങ്ങളെ’’ എന്നും, ‘‘യുവാക്കളുടെ’’ എന്നതിനുപകരം ‘‘അവരുടെ’’ എന്നും ചേർക്കുക.

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

113. ദീർഘശീർഷകത്തിൽ, ''യുവാക്കളെ'' എന്ന വാക്കിനുശേഷം ''കൂടുതൽ'' എന്ന വാക്ക് ചേർക്കുക.

118. ദീർഘശീർഷകത്തിൽ, ''വിദ്യാസമ്പന്നരാക്കുന്നതിനും'' എന്നവാക്കിനു ശേഷം ''സമഗ്രമായി'' എന്ന വാക്ക് ചേർക്കുക.

122. ദീർഘശീർഷകത്തിൽ, ''ആവിഷ്ക്കരിക്കുകയും'' എന്ന വാക്കിനുശേഷം ''സമയബന്ധിതമായി'' എന്ന വാക്കു ചേർക്കുക.

129. പീഠികയിൽ, ''യുവാക്കളെ'' എന്ന വാക്കിനുശേഷം ''കൂടുതൽ'' എന്ന വാക്കു ചേർക്കുക.

134. പീഠികയിൽ 'വിദ്യാസമ്പന്നരാക്കുന്നതിനും' എന്ന വാക്കിനു ശേഷം " സമഗ്രമായി "എന്ന വാക്ക് ചേർക്കുക.

138. പീഠികയിൽ " ആവിഷ്കരിക്കുകയും " എന്ന വാക്കിനു ശേഷം "സമയ ബന്ധിതമായി " എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

114. ദീർഘശീർഷകത്തിൽ, ''വിദ്യാസമ്പന്നരാക്കുന്നതിനും'' എന്നതിനുപകരം ''വിദ്യാസമ്പന്നരും, ദേശസ്നേഹമുള്ളവരുമാക്കി'' എന്നു ചേർക്കുക.

<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

115. ദീർഘശീർഷകത്തിൽ, ''വിദ്യാസമ്പന്നരാക്കുന്നതിനും'' എന്നതിനുപകരം ''വിദ്യാസമ്പന്നരും, സംസ്കാര സമ്പന്നരുമാക്കി'' എന്നു ചേർക്കുക.

ശ്രീ. കെ. രാജു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

117. ദീർഘശീർഷകത്തിൽ, "വിദ്യാസമ്പന്നരാക്കുന്നതിനും ശാക്തീകരിക്കുന്നതിനും വേ l'' എന്നീ വാക്കുകൾക്ക് പകരം "സാമൂഹ്യപ്രതിബദ്ധതയുള്ളവരും, വിദ്യാസമ്പന്നരും, സംസ്കാരമുള്ളവരും ആക്കുവാനും അവരെ ശാക്തീകരിക്കാനും'' എന്നീ വാക്കുകൾ ചേർക്കുക.

133. പീഠികയിൽ "വിദ്യാസമ്പന്നരാക്കുന്നതിനും, ശാക്തീകരിക്കുന്നതിനും വേ l " എന്നീ വാക്കുകൾക്കുപകരം " സാമൂഹ്യ പ്രതിബദ്ധതയുള്ളവരും, വിദ്യാസമ്പന്നരും, സംസ്കാരമുള്ളവരും ആക്കുവാനും അവരെ ശാക്തീകരിക്കാനും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ഇ.കെ. വിജയൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

119. ദീർഘശീർഷകത്തിൽ, ''യുവാക്കളെ വിദ്യാസമ്പന്നരാക്കുന്നതിനും, ശാക്തീകരിക്കുന്നതിനും'' എന്നീ വാക്കുകൾക്കുശേഷം ''സംസ്ക്കാരസമ്പന്നരും സാമൂഹ്യപ്രതിബദ്ധതയുള്ളവരുമാക്കുന്നതിനും'' എന്നീ വാക്കുകൾ ചേർക്കുക.

135. പീഠികയിൽ "യുവാക്കളെ വിദ്യാസമ്പരാക്കുന്നതിനും, ശാക്തീകരിക്കുന്നതിനും" എന്നീ വാക്കുകൾക്ക് ശേഷം "സംസ്കാര സമ്പന്നരും, സാമൂഹ്യപ്രതിബദ്ധതയുള്ളവരും ആക്കുന്നതിനും" എന്നീ വാക്കുകൾ ചേർക്കുക..

141. പീഠികയിൽ "അറുപത്തിനാലാം" എന്ന വാക്കിനുപകരം "അറുപത്തിയഞ്ചാം " എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

121. ദീർഘശീർഷകത്തിൽ, ''ശാക്തീകരിക്കുന്നതിനും'' എന്ന വാക്കിനുശേഷം ''വ്യക്തിത്വവികാസത്തിനായി'' എന്ന വാക്കു ചേർക്കുകയും ''വേണ്ടി'' എന്ന വാക്ക് ഒഴിവാക്കുകയും ചെയ്യുക.

137. പീഠികയിൽ " വേ 1 " എന്ന വാക്കിനു പകരം "വ്യക്തിത്വവികാസത്തിനായി " എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

123. ദീർഘശീർഷകത്തിൽ, ''അവകാശങ്ങളുടെ സംരക്ഷകനായി വർത്തിക്കുന്നതിനും ആയി'' എന്നതിനുപകരം ''അവകാശങ്ങളുടെ സംരക്ഷണച്ചുമതല വഹിക്കുന്നതിനുമുള്ള'' എന്നു ചേർക്കുക.

ശ്രീ. കെ.എൻ.എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

111. ദീർഘശീർഷകത്തിൽ, "യുവാക്കളെ'' എന്ന വാക്കിനുപകരം "യുവജനങ്ങളെ" എന്ന വാക്ക് ചേർക്കുക.

124എ. പീഠികയിൽ, ''യുവാക്കളെ'' എന്നതിനു പകരം ''യുവജനങ്ങളെ'' എന്നു ചേർക്കുക.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

125. പീഠികയിൽ, ''യുവാക്കളെ'' എന്നതിനുപകരം ''യുവജനങ്ങളെ'' എന്നും, ''യുവാക്കളുടെ'' എന്നതിനുപകരം ''അവരുടെ'' എന്നും ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

110. ദീർഘശീർഷകത്തിൽ, ''യുവാക്കളെ'' എന്ന വാക്കിനുപകരം ''യുവജനങ്ങളെ'' എന്നും ''യുവാക്കളുടെ'' എന്ന വാക്കിനുപകരം ''യുവജനങ്ങളുടെ'' എന്നും ചേർക്കുക.

127. പീഠികയിൽ, ''യുവാക്കളെ'' എന്നതിനുപകരം ''യുവജനങ്ങളെ'' എന്നും, ''യുവാക്കളുടെ'' എന്ന വാക്കിനുപകരം ''യുവജനങ്ങളുടെ'' എന്നും ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

107. ശീർഷകത്തിൽ, "2013" എന്നതിനുപകരം "2014" എന്ന് ചേർക്കുക.

130. പീഠികയിൽ, ''വിദ്യാസമ്പന്നരാക്കുന്നതിനും'' എന്നതിനുപകരം ''വിദ്യാസമ്പന്നരും പൗരബോധമുള്ളവരുമാക്കി'' എന്നു ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

131. പീഠികയിൽ, ''വിദ്യാസമ്പന്നരാക്കുന്നതിനും'' എന്നതിനുപകരം ''വിദ്യാസമ്പന്നരും, സംസ്ക്കാരസമ്പന്നരുമാക്കി'' എന്നു ചേർക്കുക.

ശ്രീ. കെ.എം. ഷാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

132. പീഠികയിൽ "വിദ്യാസമ്പന്നരാക്കുന്നതിനും" എന്നതിനുപകരം "വിദ്യാസമ്പന്നരും, ദേശസ്നേഹമുള്ളവരുമാക്കി" എന്നു ചേർക്കുക.

ശ്രീ. സി. മോയിൻകുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

139. പീഠികയിൽ " അവകാശങ്ങളുടെ സംരക്ഷകനായി വർത്തിക്കുന്നതിനും ആയി " എന്നതിനു പകരം "അവകാശസംരക്ഷണച്ചുമതല നിർവ്വഹിക്കുന്നതിനുമായി " എന്ന് ചേർക്കുക.

മി. സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ, അങ്ങയുടെ ഭേദഗതി നിയമാനുസൃതമല്ലാത്തതാകയാൽ അവതരിപ്പിക്കേണ്ടതില്ല. പക്ഷേ സംസാരിക്കാവുന്നതാണ്.

ശ്രീ. ബെന്നി ബെഹനാൻ : സർ, ഞാൻ സംസാരിക്കുന്നില്ല.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി.കെ. ജയലക്ഷ്മി): സർ, ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: കുമാരി പി. കെ. ജയലക്ഷ്മി അവതരിപ്പിച്ച 124–ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ.എസ്. സലീഖ അവതരിപ്പിച്ച 109, 126, 140, 143 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 113, 118, 122, 129, 134, 138 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. രാജു അവതരിപ്പിച്ച 117, 133 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ഇ.കെ. വിജയൻ അവതരിപ്പിച്ച 119, 135, 141 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 121, 137 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 123 -ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 111, 124എ എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ. ജയരാജ് അവതരിപ്പിച്ച 110, 127 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 107, 130 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 131-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ.എം. ഷാജി അവതരിപ്പിച്ച 132 -ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി. മോയിൻകുട്ടി അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മി. സ്പീക്കർ: ഭേദഗതി ചെയ്തപ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ......................

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**മൂന്നാം വായന**

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): സർ, 2013-ലെ കേരള

സംസ്ഥാന യുവജനകമ്മീഷൻ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സമയം വളരെ വൈകിയതുകൊണ്ട് കൂടുതലൊന്നും സംസാരിക്കാൻ ഉദ്ദേശിക്കുന്നില്ല. പക്ഷേ സംസ്ഥാനത്ത് ആദ്യമായി ഇങ്ങനെയൊരു യുവജന കമ്മീഷൻ രൂപീകരിക്കാനുള്ള ബില്ലിനെ ഞങ്ങൾ അംഗീകരിക്കുകയാണ്. ഭാവിയിൽ ഇതിൽ ധാരാളം ഭേദഗതികൾ ഇനിയും ആവശ്യമായി വരും. കൂടുതൽ അധികാരം കൊടുക്കുന്ന ഒരു കമ്മീഷനായിട്ടായിരുന്നു ഇത് വരേണ്ടിയിരുന്നത്. ഒരു ഉപദേശക സമിതിയുടെ രൂപത്തിലാണെങ്കിലും ഇപ്പോൾ ഒരു കമ്മീഷൻ വരുന്നത് നമുക്ക് നല്ലതാണ്. അതുകൊണ്ട് യുവജനങ്ങളെ ബാധിക്കുന്ന ഒട്ടേറെ പ്രശ്നങ്ങളിൽ ഇടപെടാൻ കഴിയുന്ന ഒരു കമ്മീഷനായി ഇതിനെ മാറ്റി യുവതീയുവാക്കളുടെ പ്രതീക്ഷകളെല്ലാം നടപ്പിലാക്കാൻ കഴിയുന്നവിധത്തിൽ, ഇതിനാവശ്യമായ സഹായം ഗവൺമെന്റ് കൊടുക്കണം. കമ്മീഷൻ ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിനുള്ള സംവിധാനമൊരുക്കിക്കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഇത് ഐകകണ്ഠ്യേന പാസ്സാക്കാൻ വേണ്ടി നമുക്ക് ഒന്നിച്ചുനിൽക്കാമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

മി. സ്പീക്കർ: ഇന്ത്യയിൽ ആദ്യമായി ഇത്തരം ഒരു ബിൽ പാസ്സായി നമ്മൾ ചരിത്രത്തിലേയ്ക്ക് കടക്കുകയാണ്.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): സർ, കേരള നിയമസഭ

നിയമനിർമ്മാണത്തിന്റെ കാര്യത്തിൽ ഇതര സംസ്ഥാനങ്ങൾക്ക് എന്നും മാതൃകയാണ്. ഇന്ത്യയിൽ യുവജന കമ്മീഷൻ രൂപീകരിക്കുന്നതിനായി ഒരു ബിൽ ആദ്യമായി കൊണ്ടുവരുന്നതും കേരള നിയമസഭയിലാണ്. കേരള ത്തിലെ യുവജനങ്ങൾക്കുവേണ്ടിയാണ് ഗവൺമെന്റ് ഈ ബിൽ കൊണ്ടു വന്നിട്ടുള്ളത്. അതുകൊണ്ടുതന്നെ സഭ ഐകകണ്ഠ്യേന ഈ ബിൽ പാസ്സാ ക്കിത്തരുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഈ ബിൽ പാസ്സാക്കിത്തരണ മെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: മുമ്പ് ബില്ലുകളൊന്നും പൈലറ്റ് ചെയ്ത് പരിചയസമ്പ ത്തില്ലെങ്കിലും കുമാരി പി. കെ. ജയലക്ഷ്മി തീർച്ചയായും വളരെ നന്നായി ഈ ബില്ല് പൈലറ്റ് ചെയ്തു. ഈ സഭയിലെ എല്ലാ ആളുകളും ഭരണപക്ഷ–പ്രതിപക്ഷ ഭേദമില്ലാതെ വളരെ നന്നായി ഈ ബില്ല് പൈലറ്റ് ചെയ്യുന്നതിന് സഹകരിച്ചുവെന്നുള്ളതാണ് സത്യം. എല്ലാവരോടും ചെയർ എന്നുള്ള നിലയിൽ എനിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

2013–ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ബിൽ പാസ്സാക്കണ മെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ......................

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സാ യിരിക്കുന്നു.

P-04-02-2014 SV/SP-III
06.00-06.10

**<u>പ്രമേയം</u>**

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 2014 ജനുവരി 28–ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ 15–ാമത് റിപ്പോർട്ടിലെ ശുപാർശ ഭാഗികമായി ഭേദഗതി ചെയ്ത് 2014 ഫെബ്രുവരി 7–ാം തീയതി വെള്ളിയാഴ്ച സമാപിക്കുവാൻ നിശ്ചയിച്ചിരുന്ന സഭയുടെ നടപ്പ് സമ്മേളനം ഫെബ്രുവരി 6–ാം തീയതി വ്യാഴാഴ്ച സമാപിപ്പിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

P-04-02-2014 SV/SP-III
06.00-06.10

**2013–ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ**

ബഹുമാനപ്പെട്ട മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബു, അങ്ങേയ്ക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013–ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013–ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഈ ബില്ലിൽ കൂടുതൽ സംസാരിക്കേണ്ട വിഷയമില്ല. 2008 -ൽത്തന്നെ കേരളത്തിൽ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നിലവിൽ വന്നു. 5 അംഗങ്ങളാണ് കമ്മീഷനിലുള്ളത്. അതിൽ 3 ആണ് ക്വാറമായി നിശ്ചയിച്ചിരുന്നത്. അത് രണ്ടാക്കി ചുരുക്കിയാൽ ഒരേസമയത്ത് 2 സിറ്റിംഗ് നടത്താം. അപ്പോൾ വേഗത്തിൽ പെന്റിംഗിലുള്ള അപേക്ഷകൾ തീർപ്പുകൽപ്പിക്കണമെന്നുള്ള ഏക ഉദ്ദേശം മാത്രമാണുള്ളത്. ഇതിനകത്ത് വേറെ കാര്യമായ ഒരു ഭേദഗതിയുമില്ല. വലിയ ചർച്ചയില്ലാതെ ഇത് തീർക്കാവുന്ന കാര്യമാണ്.

ശ്രീ. പി. തിലോത്തമൻ : സർ, ഈ ഭേദഗതി ബില്ലിനോടുള്ള വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുകയാണ്. നിലവിലുള്ള വ്യവസ്ഥയനുസരിച്ച് മൂന്ന് മത്സ്യത്തൊഴിലാളി പ്രതിനിധികളുൾപ്പെടുന്ന അഞ്ച് അംഗ കമ്മീഷനാണ് നിലവിലുള്ളത്. അതിന്റെ ക്വാറം മൂന്നെന്ന് നിജപ്പെടുത്തിയിരുന്നു. എന്നാൽ ഈ ഭേദഗതിയനുസരിച്ച് ക്വാറം മൂന്ന് എന്നുള്ളത് രണ്ടാക്കുകയും നമ്മുടെ ആവശ്യത്തിനനുസരിച്ച്, സാഹചര്യത്തിന്റെ പ്രത്യേകതയനുസരിച്ച് ജില്ലകൾ തോറും രണ്ടുപേരടങ്ങുന്ന സിറ്റിംഗ് നടത്താവുന്നതാണ് എന്ന ഭേദഗതിയാണ് മന്ത്രി ഇവിടെ അവതരിപ്പിച്ചത്. ആ രണ്ടുപേരിൽ ഒരാളേ മത്സ്യത്തൊഴിലാളിയാകാവൂ എന്നും നിഷ്ക്കർഷിച്ചിരിക്കുന്നു. അങ്ങനെ നിഷ്ക്കർഷിക്കുന്നതുതന്നെ നിയമത്തിന്റെ അന്തസത്തയ്ക്ക്

ചേർന്നതല്ല. രണ്ടാമത്, രണ്ടുപേരടങ്ങുന്ന ബഞ്ചിൽ പ്രായോഗികമായി തീരുമാനമെടുക്കാൻ പ്രയാസമുണ്ടാകും. അഭിപ്രായഐക്യമുണ്ടായില്ലെങ്കിൽ എങ്ങനെ രണ്ടുപേരടങ്ങുന്ന ബഞ്ചിന് തീരുമാനമെടുക്കാൻ കഴിയും? പ്രായോഗികമായും ഫലപ്രദമായും പ്രവർത്തിക്കാൻ കഴിയുന്ന ഒരു ഭേദഗതിയല്ല ഈ ബില്ലിന്മേൽ കൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ട് നിലവിലുള്ള ബില്ലിലെ അഞ്ചംഗ കമ്മീഷനും മൂന്നുപേരുടെ ക്വാറവും, ആവശ്യമെന്ന് തോന്നുന്ന ഘട്ടത്തിൽ സിറ്റിംഗിനായി മൂന്നംഗങ്ങളടങ്ങുന്ന പ്രത്യേക ബഞ്ചും ആയിരിക്കും ഫലപ്രദവും പ്രായോഗികവും എന്നാണ് എനിക്ക് ഇതുസംബന്ധിച്ച് പറയാനുള്ളത്. ഇവിടെ ബഹുമാന്യനായ മന്ത്രി വളരെ നിരുപദ്രവകരമായാണ് ഭേദഗതിയെ സംബന്ധിച്ച് പറഞ്ഞത്. അത്രയ്ക്ക് നിരുപദ്രവകരമാണോ ഈ ഭേദഗതി എന്നതിനെ സംബന്ധിച്ച് ഒരു പുനരാലോചന നടത്തേണ്ടതാണ്. അദ്ദേഹം വിശദീകരണം നൽകിയത് കെട്ടിക്കിടക്കുന്ന അപേക്ഷകൾ സ്ക്രൂട്ടണൈസ് ചെയ്ത് ഒരേ സമയത്ത് രണ്ടു ജില്ലകളിൽ സിറ്റിംഗ് ബെഞ്ചുകൾ നടത്തിയാൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾക്ക് പെട്ടെന്ന് തീർപ്പുകൽപ്പിക്കാനാകുമെന്നുള്ള കാഴ്ചപ്പാടോടുകൂടിയാണ് രണ്ടംഗ ബഞ്ച് എന്ന ഭേദഗതി ഇവിടെ കൊണ്ടുവന്നത്. എന്നാൽ ഒരു കാര്യം ഈ സന്ദർഭത്തിൽ ബോദ്ധ്യപ്പെടേണ്ടതുണ്ട്, അദ്ദേഹം ഈ ആഗ്രഹങ്ങൾ വച്ചുപുലർത്തുന്നത് കാര്യങ്ങൾ പ്രയോഗിക തലത്തിൽ കൊണ്ടുവരാൻ വേണ്ടിയാണോ എന്നുള്ളതാണ് ഗൗരവകരമായ പ്രശ്നം. ഇന്നത്തെ സാഹചര്യത്തിന്റെ പ്രത്യേകതയ്ക്കനുസരിച്ച് മത്സ്യത്തൊഴിലാളി സമൂഹത്തിന് ഒരുപാട് പ്രതീക്ഷകൾ ജനിപ്പിക്കുന്ന ഒരു ബില്ലും ഒരു ഭേദഗതിയും എന്നതിനപ്പുറത്ത് യാഥാർത്ഥ്യബോധത്തോടെ അവർക്കുവേണ്ടി എന്തെങ്കിലും ചെയ്യാൻ വേണ്ടിയാണോ ഗവൺമെന്റ് ഈ ഭേദഗതി കൊണ്ടുവന്നത് എന്നുള്ളത് ആലോചിക്കേണ്ടിയിരി

ക്കുന്നു. അവർക്ക് പ്രതീക്ഷ നൽകുകയല്ലാതെ അവർക്കുവേണ്ടി ഒന്നും ചെയ്യാൻ പോകുന്നില്ലെന്നുള്ളതാണ് സത്യം. ഇവിടെ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്താണ് കടാശ്വാസ കമ്മീഷൻ നിലവിൽ വന്നത്. മത്സ്യത്തൊഴിലാളി എന്നാൽ കടത്തിൽ ജനിച്ച്, കടത്തിൽ ജീവിച്ച്, കടത്തിൽ മരിക്കുന്ന ഒരു വലിയ വിഭാഗം ജനതയാണ്. ആദിവാസികൾ കഴിഞ്ഞാൽ പിന്നെ പിന്നോക്കം നിൽക്കുന്ന ജനവിഭാഗം എന്ന രൂപത്തിലാണ് മത്സ്യത്തൊഴിലാളികളെ എല്ലാപേരും പരിഗണിക്കുന്നത്. അങ്ങനെ കടത്തിൽ ജനിച്ച്, കടത്തിൽ ജീവിച്ച്, കടത്തിൽ മരിക്കുന്ന സമൂഹത്തിന് ആശ്വാസമേകുന്ന നടപടി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സ്വീകരിക്കുകയുണ്ടായി. കടാശ്വാസത്തിനായി 215 കോടി രൂപയാണ്, 115, 100 എന്നീ രണ്ട് ഘട്ടങ്ങളിലായാണ് കടാശ്വാസ കമ്മീഷന്റെ പ്രവർത്തനത്തിനായി അന്നത്തെ ഗവൺമെന്റ്, സഖാവ് വി. എസ്. അച്ചുതാനന്ദന്റെ ഗവൺമെന്റ്, ഫണ്ട് നൽകിയത് എന്നിട്ടും ഒരുപാട് കോടിരൂപയുടെ ബാദ്ധ്യത ഇപ്പോഴും നിലനിൽക്കുകയാണ്. മത്സ്യത്തൊഴിലാളികളടക്കമുള്ള ജനസമൂഹം കടത്തിൽ മുങ്ങി അവർക്ക് നിവൃത്തിയില്ലാതെ ബാങ്ക് നടപടിയുടെ വക്കിലെത്തി നിൽക്കുകയാണ്. ആളുകൾ നെട്ടോട്ടമോടുകയാണ്, ആത്മഹത്യ വരെയുള്ള സംഭവങ്ങളുണ്ടായി. അവർ വളരെ പ്രയാസപ്പെട്ട് ജനപ്രതിനിധികളായ നമ്മുടെ മുൻപിൽ വരുന്ന സാഹചര്യമാണ്. അവർക്ക് ഇപ്പോഴും നിലവിലുള്ള കമ്മീഷൻ തന്നെ സിറ്റിംഗ് നടത്തി തീർപ്പ് കൽപ്പിച്ച്, സഹകരണബാങ്കിന്റെ 141 കോടിരൂപയുടെ ബാദ്ധ്യത, ദേശസാൽകൃബാങ്കുകളുടെ 100 കോടിയുടെ ബാദ്ധ്യത, പിന്നോക്ക വികസന കോർപ്പറേഷനും മറ്റുമൊക്കെയായി 50 കോടിയുടെ ബാദ്ധ്യത, ഏതാണ്ട് 300 കോടി രൂപയുടെ ബാദ്ധ്യത

കൊടുക്കാനായി നിൽക്കുകയാണ്. ഇനിയും ഒരുപാട് അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്, ആളുകൾ അങ്ങോട്ടുമിങ്ങോട്ടും പരക്കം പാഞ്ഞ് നട ക്കുകയാണ്. അത്തരം സാഹചര്യത്തിൽ ഒരു രൂപപ്പോലും ഈ ബഡ്ജറ്റിൽ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി മാറ്റി വച്ചില്ല. ഒരൊറ്റ രൂപ കടാശ്വാസ കമ്മീ ഷന്റെ പ്രവർത്തനത്തിന് നീക്കിവയ്ക്കാതെ ബഡ്ജറ്റ് പ്രൊവിഷൻ ഏർപ്പെടു ത്താതെ, ബഡ്ജറ്റിന്മേലുള്ള മറുപടി പ്രസംഗത്തിൽ അംഗങ്ങളെല്ലാം വിമർശനമുന്നയിച്ചപ്പോൾ അദ്ദേഹം പറഞ്ഞു 10 കോടി രൂപ ഞാൻ ഇതി ലേയ്ക്ക് നീക്കി വയ്ക്കുന്നു. 100 കോടി രൂപ ബാദ്ധ്യതയുള്ള ഈ സന്ദർഭ ത്തിൽ 10 കോടി രൂപ നീക്കിവയ്ക്കുന്നുവെന്ന് വാക്കാൽ പറഞ്ഞതല്ലാതെ ഒരു കോടി രൂപ പോലും നമ്മുടെ ബഡ്ജറ്റ് പ്രൊവിഷനിൽ വച്ചിട്ടില്ല, ഒരു ഡോക്കുമെന്റ് നോക്കിയാലും കാണാനില്ല. ഇവിടെ മറുപടി പറഞ്ഞപ്പോൾ ഇതുപോലുള്ള ഒരുപാട് കാര്യങ്ങൾ പറഞ്ഞു. ഏതാണ്ട് പാഞ്ചാലിയുടെ അക്ഷയപാത്രം പോലെ, ഒരു തരി മതി, 1000 രൂപമതി, ഒരു കോടി രൂപമതി, എത്ര കോടി രൂപ വേണമെങ്കിലും കൊടുക്കാൻ കഴിയും, എത്രകോടി രൂപയു ടേയും പ്രൊവിഷൻ ഉണ്ടാക്കാൻ കഴിയും എന്നൊക്കെ വാക്കാൽ പറഞ്ഞത ല്ലാതെ പ്രവർത്തിപഥത്തിൽ കൊണ്ടുവരാൻ എങ്ങനെ കഴിയുമെന്നുള്ളത് വളരെ ഗൗരവമായ വിഷയമാണ്. മത്സ്യത്തൊഴിലാളി സമൂഹത്തിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന ജനവിഭാഗത്തിന്റെ കണ്ണീരൊപ്പാൻ ഈ സർക്കാരിനെ ക്കൊണ്ടൊന്നുമാകില്ല എന്നുള്ളതാണ് കഴിഞ്ഞ രണ്ടരവർഷക്കാലത്തെ അനുഭവം, അതാണ് നമ്മുടെ മുമ്പിൽ നിൽക്കുന്നത്. ഇപ്പോൾ അവരുടെ മണ്ണെണ്ണ പെർമിറ്റ് വെട്ടിച്ചുരുക്കി ഏതാണ്ട് ഒരുമാസത്തെ മണ്ണെണ്ണ കിട്ടിയാൽ രണ്ടുദിവസം മത്സ്യബന്ധന യാനം പ്രവർത്തിപ്പിക്കാനേ തികയുകയുള്ളൂ.

അതുതന്നെ വിലകൂട്ടുകയും ചെയ്തു. ആ സ്ഥിതിയിൽ വ്യാപകമായ വിമർശനമുണ്ടായപ്പോൾ സബ്സിഡി നിരക്കിൽ മണ്ണെണ്ണ കൊടുക്കാൻ 100 കോടി രൂപ മാറ്റിവച്ചുയെന്നതൊഴിച്ചാൽ വേറെ ഒരു കാര്യവും ചെയ്യാത്ത ഒരു ഗവൺമെന്റ് ഈ ഭേദഗതി കൊണ്ടുവരുന്നതിന്റെ ഉദ്ദേശമെന്താണ്? വരാൻ പോകുന്ന പൊതു തെരഞ്ഞെടുപ്പ് ലക്ഷ്യം വച്ചുകൊണ്ട് മത്സ്യത്തൊഴിലാളികളുടെ കണ്ണിൽ പൊടിയിടാനും അവരെ വീണ്ടും വഞ്ചിതരാക്കാനുമുള്ള ചെപ്പടിവിദ്യ എന്നതിലപ്പുറം വേറെയൊന്നും ഇവിടെ കാണുന്നില്ല എന്നുള്ളതുകൊണ്ട് എന്റെ വിയോജിപ്പ് ഞാനിവിടെ രേഖപ്പെടുത്തുന്നത്. എത്രയോ ദൈർഘ്യമേറിയ കടൽത്തീരമാണ് നമ്മുടെ കേരളത്തിനുള്ളത്. ലക്ഷക്കണക്കിന് മത്സ്യത്തൊഴിലാളികൾ, അവരെ ആശ്രയിച്ചു ജീവിക്കുന്ന, അതുപോലെ ലക്ഷക്കണക്കായ ജനവിഭാഗങ്ങൾ. നമ്മുടെ ജനതയുടെ ആരോഗ്യം തന്നെ മത്സ്യവുമായി ബന്ധപ്പെട്ടതല്ലേ? കഴിഞ്ഞ സാമ്പത്തികവർഷത്തെ കണക്കുപ്രകാരം 6900 കോടി രൂപയുടെ സമുദ്രോല്പന്നങ്ങളാണ് നമ്മുടെ രാജ്യത്ത് നിന്നും കയറ്റുമതി ചെയ്യുന്നത്. അതിന്റെ 27% നമ്മുടെ സ്റ്റേറ്റിന്റെ വിഹിതമാണ്. 2.13 ലക്ഷം ടൺ സമുദ്രോല്പന്നങ്ങൾ ഇന്ത്യയിൽ നിന്ന് വിദേശങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്തതായി എക്സ്പോർട്ട് അതോറിറ്റിയുടെ കണക്ക്. ഇതനുസരിച്ച് 6200 കോടി രൂപയുടെ കച്ചവടം നടന്നു. ആ കച്ചവടത്തിന്റെ 27% ഈ കൊച്ചു കേരളത്തിന്റെ ഷെയറാണ്. ഇത്തരമൊരു മേഖലയായിട്ടും ഇതിന് പ്രത്യേകമായി വകുപ്പില്ല. കൃഷി വകുപ്പുന്റെ കീഴിലാണ് മത്സ്യമേഖലയും പ്രവർത്തിച്ചു വരുന്നത്. കൃഷിക്കാർക്ക് ആനുകൂല്യങ്ങൾ നൽകുന്നതുപോലെ ഈ രംഗത്തും നൽകാൻ കഴിയുമോ? കഴിയില്ലെന്നുള്ളതാണ് വേറൊരു വസ്തുത. ഇവിടെ ഒരു വാഴ ഒടിഞ്ഞുവീണാൽ

കർഷകന് 4 രൂപ കിട്ടും. എന്നാൽ മത്സ്യബന്ധനത്തിന് പോകുമ്പോൾ ലക്ഷക്കണക്കിന് രൂപ മുതൽമുടക്കുള്ള വള്ളവും വലയും അപകടത്തിൽപ്പെട്ട് നാശം സംഭവിച്ചാൽ ഒരു രൂപയുടെ നഷ്ടപരിഹാരം പോലും കൊടുക്കാൻ കഴിയാത്ത അവസ്ഥയാണ് ഇവിടെയുള്ളത്. അതാണ് ഈ വകുപ്പിന്റെ പ്രത്യേകത. കോടിക്കണക്കിന് രൂപയുടെ വിദേശനാണ്യം നേടിത്തരുന്ന പ്രധാനപ്പെട്ട വകുപ്പായിട്ടും നമ്മുടെ സ്റ്റേറ്റിന്റെ ആഭ്യന്തരോല്പാദനത്തിന്റെ 9% ഷെയറും സമുദ്രോല്പന്നങ്ങളുടേതാണെങ്കിലും ഒരു പരിഗണനയും ഈ ജനവിഭാഗത്തിന് കിട്ടുന്നില്ല. അതാണ് ഈ ബഡ്ജറ്റ് അവതരണവേളയിൽ നമുക്ക് കാണാൻ കഴിഞ്ഞത്. ഒരു രൂപ പോലും നീക്കിവയ്ക്കാൻ മനസ് കാട്ടിയില്ല. വിമർശനങ്ങൾ ഉണ്ടായപ്പോൾ 10 കോടി എന്നുപറഞ്ഞു. പക്ഷേ 10 കോടി കൊണ്ട് എന്തുചെയ്യാനാണ്. വമ്പിച്ച ബാദ്ധ്യതയുടെ ശേഖരം കമ്മീഷന്റെ മുമ്പിലിരിക്കുമ്പോൾ അതിൽ ഒരു രൂപപോലും കൊടുക്കാൻ കഴിയാത്ത അവസ്ഥയിൽ ഈ ഭേദഗതിയുടെ തന്നെ ആവശ്യമില്ല എന്നതാണ് എന്റെ പക്ഷം. അതുകൊണ്ടാണ് എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നത്. മത്സ്യത്തൊഴിലാളികൾക്ക് വീടു നിർമ്മിക്കാനും ചികിത്സയ്ക്കും മക്കളുടെ വിദ്യാഭ്യാസത്തിനും പെൺമക്കളുടെ വിവാഹത്തിനുമൊക്കെയായി എടുത്തതാണ് ഈ വായ്പകൾ. ആ വായ്പകളാണ് കടങ്ങളായി ഇവിടെ കെട്ടിക്കിടക്കുന്നത്. അത്തരം കടങ്ങളാണ് ഈ കമ്മീഷൻ പരിഗണിക്കുന്നത്. അത്തരം കാര്യങ്ങളോട് നീതിപുലർത്താൻ സന്മനസ് കാട്ടാൻ സ്നേഹവായ്പ് പ്രകടിപ്പിക്കാൻ, ഈ ഗവൺമെന്റിനാകുന്നില്ലെങ്കിൽ ഈ ഭേദഗതികൊണ്ട് എന്ത് അർത്ഥമാണുള്ളത്. മത്സ്യത്തൊഴിലാളികളെ വഞ്ചിതരാക്കാൻ, അവരെ കബളിപ്പിക്കാൻ ഒരു സൂത്രപ്പണി ഇവിടെ നടത്തുന്നതിനപ്പുറം എന്ത്

സാംഗത്യമാണ് ഇതിനുള്ളത്. അതുകൊണ്ട് കമ്മീഷന്റെ എത്ര സിറ്റിംഗ് നടത്തിയാലും നിങ്ങളുടെ ആത്മാർത്ഥതയാണ് ഏറ്റവും പ്രധാനം. ആ ആത്മാർത്ഥത ജനങ്ങൾ നല്ലവണ്ണം തിരിച്ചറിയുകയാണ്, തൊഴിലാളി സമൂഹം മനസിലാക്കുകയാണ്.

ആലപ്പുഴ ജില്ലയിൽ ജൂൺ, ജൂലൈ മാസങ്ങളായാൽ ഞങ്ങൾക്ക് നാട്ടിൽ നിൽക്കാൻ കഴിയാത്ത അവസ്ഥയായിരിക്കും വരാൻപോകുന്നത്. അവിടെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ, കടൽഭിത്തി, പുലിമുട്ട് നിർമ്മാണം എന്നിവയെല്ലാമുണ്ടെങ്കിൽ മാത്രമേ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യാൻ കഴിയുകയുള്ളൂ. കടൽഭിത്തികൊണ്ട് മാത്രമാവില്ല. കടൽഭിത്തിയുള്ള സ്ഥലത്തുപോലും തിരയടിച്ചുകയറി എത്രയോ ഇപ്പുറത്തുവരികയാണ്. എത്ര വീടുകളാണ് തകരുന്നത്. എത്ര കോടി രൂപയുടെ നാശനഷ്ടമാണുണ്ടാകുന്നത്. നമ്മുടെ കാർഷികോൽപ്പാദന മേഖല ഉൾപ്പെടെ തകരുകയാണ്. വീട് തകരുന്നു, കാർഷിക രംഗമാകെ തകരുന്നു, തൊഴിൽദിനങ്ങൾ ഇല്ലാതാകുന്നു. അവർ പലപ്പോഴും ദൂരെ സ്ഥലങ്ങളിൽപ്പോയി അന്തിയുറങ്ങേണ്ടിവരുന്ന സ്ഥിതിയാണുള്ളത്. അത്തരമൊരു അവസ്ഥയിൽ കടൽഭിത്തിയുടെ സമ്പൂർണ്ണമായ പൂർത്തീകരണം, കടൽഭിത്തിയുടെ ഫലപ്രദമായ നിലനിൽപ്പിന് പുലിമുട്ടിന്റെ നിർമ്മാണം എന്നിവയൊക്കെ എല്ലാ സന്ദർഭങ്ങളിലും പറയുന്നുണ്ടെങ്കിലും ഒരു കഴഞ്ചുപോലും, ഒരു കാര്യംപോലും ചെയ്യാൻ കഴിയുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അവിടെ സ്ഥാപിച്ച കടൽഭിത്തിയുടെ പുറത്ത് ഒരു കല്ലെടുത്തുവയ്ക്കാൻപോലും ഈ ഗവൺമെന്റുവന്ന് രണ്ടരവർഷം പിന്നിട്ടിട്ട് കഴിഞ്ഞില്ല. അതൊരു വല്ലാത്ത അവസ്ഥയാണ്. നമ്മുടെ തീരപ്രദേശത്ത് ഇനിയങ്ങോട്ടുള്ള നാളുകളിൽ വല്ലാത്ത ദുരിതമായിരിക്കും. ഇപ്പോഴാണെങ്കിൽ

വറുതിയാണ്. വറുതിയുടെ അങ്ങേയറ്റത്ത് നിൽക്കുന്ന സ്ഥിതിയാണ്. നമുക്ക് ഭക്ഷണത്തിന് മത്സ്യം കിട്ടുന്നുണ്ട്. നമ്മുടെ നാഷണൽ ഹൈവേയിൽ നോക്കുകയാണെങ്കിൽ തെക്കേയറ്റം മുതൽ വടക്കേയറ്റംവരെ എല്ലാ കവലക ളിലും മത്സ്യവിപണന കേന്ദ്രങ്ങൾ കാണാൻ കഴിയും. ആ മത്സ്യവിപണന കേന്ദ്രങ്ങളിൽ കൊണ്ടുവന്ന് വയ്ക്കുന്ന മത്സ്യമൊന്നും അറേബ്യൻ കടലിൽനിന്ന് പിടിക്കുന്ന മത്സ്യമല്ല. അറേബ്യൻ കടലിലെ മത്സ്യമെന്ന് പറഞ്ഞാൽ ലോകത്തിലെ ഏറ്റവും നല്ല സ്വാദിഷ്ടമായ മത്സ്യമാണ്. അതു കൊണ്ടാണ് നമ്മുടെ സമുദ്രോൽപ്പന്നങ്ങൾക്ക് വൻ ഡിമാന്റുള്ളത്. എന്നാൽ ഇന്ന് വിദൂര സ്ഥലങ്ങളിൽനിന്നും വലിയ വാഹനങ്ങളിൽ കൊണ്ടുവന്ന് മത്സ്യം വെച്ചുവെച്ച് പോകുകയാണ്. തിരിച്ചുവരുമ്പോൾ പണവും വാങ്ങി പോകുകയാണ്. ആ മത്സ്യം എത്ര ദിവസം പഴകിയതാണ്, അതിൽ എന്തെല്ലാം മാരകമായ ദ്രാവകം ഒഴിച്ചതാണ്, ഏതെല്ലാം കീടനാശിനി പ്രയോ ഗങ്ങൾ നടത്തിയതാണ്, നമ്മുടെ ജനതയുടെ ആരോഗ്യത്തെ എത്രമാത്രം ദോഷകരമായി ബാധിക്കുന്നതാണ് എന്നിവയൊന്നും അന്വേഷിക്കാൻ നമുക്ക് സമയമില്ല. പരമ്പരാഗതമായി പണിയെടുക്കുന്ന മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന യാനങ്ങൾ പ്രവർത്തിക്കാത്തതുകൊണ്ടും കടൽ കരിഞ്ഞതു കൊണ്ടും അവരുടെ ഉൽപ്പാദന രംഗത്ത് അവർക്ക് ലഭിക്കുന്ന മത്സ്യത്തിന്റെ അളവ് കുറഞ്ഞുവരികയാണ്.

ശ്രീ. ജി. സുധാകരൻ: സർ, ഏറ്റവും കൂടുതൽ കടൽത്തീരമുള്ളത്, 107 കിലോമീറ്ററുള്ളത് ആലപ്പുഴ ജില്ലയ്ക്കാണ്. അരൂർ മുതൽ കായംകുളം വരെ മുഴുവനും കടൽത്തീരമാണ്. പക്ഷേ ഹാർബർ എഞ്ചിനീയറിംഗ്പോലെയുള്ള വളരെ പ്രഗൽഭമായ ഒരു വകുപ്പ് മത്സ്യബന്ധന വകുപ്പിനുണ്ടായിട്ടും അവരെ

ചുമതല ഏൽപ്പിക്കാതെ ഇറിഗേഷൻ വകുപ്പിനെ കടൽഭിത്തി കെട്ടാൻ ഏൽപ്പിച്ചതുവഴിയാണ് ഇത്രയേറെ കുഴപ്പങ്ങളും കാര്യങ്ങളുമൊക്കെ ഉണ്ടായി ക്കൊണ്ടിരിക്കുന്നത്. യാതൊരു തരത്തിലുള്ള താൽപര്യവും ഇറിഗേഷൻ വകുപ്പിന് കടൽഭിത്തിയോട് ഇല്ലായെന്നുള്ളത് അങ്ങേയ്ക്കറിയാം. മെയ്, ജൂൺ മാസത്തിൽ അടുത്ത മഴക്കാലംവരികയാണ്. ഹൃദയം കയ്യിലെടുത്തു കൊണ്ടാണ് മത്സ്യത്തൊഴിലാളികളും അവിടെയുള്ള എം.എൽ.എ.-മാരും ജീവിക്കുന്നത്. അതുകൊണ്ട് മത്സ്യബന്ധന വകുപ്പിന്റെ കീഴിൽ പ്രഗൽഭമായി പ്രവർത്തിക്കുന്ന ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കടൽഭിത്തി കെട്ടാനു ള്ള അധികാരം കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കണമെന്ന് ഗവൺമെന്റി നോട് പറയുന്നതിൽ എന്തെങ്കിലും തെറ്റുണ്ടോ?

ശ്രീ. പി. തിലോത്തമൻ: സർ, കടൽഭിത്തി നിർമ്മാണത്തിന്റെ ചുമതല ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് ചെയ്യുന്നതിന് പകരം അവരിൽ നിക്ഷിപ്തമായി രുന്ന അധികാരം നമ്മുടെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കൈമാറുക യാണ് വേണ്ടത്. കഴിഞ്ഞ എത്രയോ വർഷങ്ങളായി നമ്മൾ ആവശ്യപ്പെടുന്ന ഒരു പ്രധാനപ്പെട്ട കാര്യമാണ്. എന്നിട്ടും പഴയ സ്ഥിതിതന്നെ തുടരുകയാണ്. അതുകൊണ്ട് ഫലപ്രദമായ യാതൊരു ഇടപെടലും ഒരു പ്രവർത്തനവും ഇന്ന് ആ മേഖലയിൽ നടക്കുന്നില്ല. ഞാൻ പറഞ്ഞുവന്നത്, കേരളത്തിൽ ഇന്ന് കയറിപ്പോകുന്ന മത്സ്യസമ്പത്തിന്റെ അളവിനെ സംബന്ധിച്ചാണ്. എന്നാൽ അതിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ വിഹിതമെത്രയെന്ന് ചോദിച്ചാൽ എട്ടുശതമാനമാണ്. നമ്മൾ കയറ്റി അയയ്ക്കുന്ന മീനും ചെമ്മീനുമെല്ലാം ചെമ്മീൻ പാടങ്ങളിൽനിന്നും കോസ്റ്റൽ അക്വാകൾച്ചറൽ ഫാമുകളിൽനിന്നുമാണ്. അതാണ് ഏറ്റവും ലേറ്റസ്റ്റായിവന്ന പഠന റിപ്പോർട്ടു കളിൽനിന്നും നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. നമ്മുടെ മത്സ്യത്തൊഴി

ലാളികൾക്ക് കടലിൽനിന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന മത്സ്യത്തിന്റെ അളവ് കുറഞ്ഞുവരികയാണ്. കാരണം, കടൽ കരിഞ്ഞുനിൽക്കുകയാണ്. നമ്മുടെ തീരപ്രദേശത്തൊന്നും ഇപ്പോൾ മത്സ്യമില്ല. കഴിഞ്ഞ പിരീഡിൽ, മാസങ്ങൾക്കുമുമ്പ് ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് കരിഞ്ചന്തയിൽ വാങ്ങാൻ കിട്ടുന്നത് 100 രൂപയ്ക്കായിരുന്നുവെങ്കിൽ ഇന്നിപ്പോൾ 60-ഉം 65-ഉം രൂപയ്ക്ക് കിട്ടും. കാര്യം മത്സ്യമില്ല. അതുകൊണ്ട് മത്സ്യബന്ധനത്തിന് പോകാൻ തൊഴിലാളികൾ തയ്യാറാകുന്നില്ല. പോയാൽ വൻബാധ്യതയുമായിട്ടാണ് തിരിച്ചുവരുന്നത്. അവർക്ക് മത്സ്യം പിടിക്കാൻ കഴിയുന്നില്ല. തീരക്കടൽ മുഴുവൻ വിദേശ ട്രോളറുകൾ, അന്യസംസ്ഥാനങ്ങളിൽനിന്നുള്ള വലിയ ബോട്ടുകൾ, അടക്കംകൊല്ലി വല എന്നിവ ഉപയോഗിച്ച് അരിച്ചുപെറുക്കുകയാണ്. നമ്മുടെ മത്സ്യക്കുഞ്ഞുങ്ങളെയടക്കം ഇന്ന് വാരിയെടുത്തുകൊണ്ട് പോകുകയാണ്. അതുകൊണ്ട് ഇവിടത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളിക്ക് മത്സ്യം കിട്ടുന്നില്ല. അവരുടെ വീട്ടിൽ വറുതിയും പട്ടിണിയുമാണ്. വല്ലാത്ത ദുരിതകയത്തിലേയ്ക്കാണ് ജനങ്ങൾ വഴുതി വീണുകൊണ്ടിരിക്കുന്നത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട പി. തിലോത്തമൻ, ഇതൊരു ചെറിയ ഭേദഗതിയാണ്. ദീർഘമായി..........

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, ആ രംഗത്തെ തൊഴിലാളികളുടെ കാര്യമല്ലേ, ഗൗരവമുള്ള വിഷയമല്ലേ. എങ്ങനെയാണ് പറയാതിരിക്കുന്നത്?

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ധൈര്യമായിട്ട് പറയാം.

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, അതുകൊണ്ട് തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ ഗൗരവമുള്ളതാണ്. അവരുടെ സുരക്ഷയുടെ പ്രശ്നം നമ്മൾ കഴിഞ്ഞ കുറച്ചുനാളുകളായി കണ്ടതാണ്. ഇറ്റാലിയൻ

സൈനികരുടെ വെടിയേറ്റ് മരിച്ചത്, അതിനുശേഷം അപകടങ്ങളുണ്ടായി മരിച്ചത്, ഏതാണ്ട് 1300 – ഓളം വരുന്ന കപ്പലുകളാണ് ഒരു ദിവസം നമ്മുടെ തീരപ്രദേശത്തുകൂടി തെക്കുവടക്ക് പോയിക്കൊണ്ടിരിക്കുന്നത്. ഇവിടെയുള്ള ഏതെങ്കിലും പ്രധാനപ്പെട്ട തീരത്തുനിന്നാൽ കപ്പൽ പോകുന്നത് കാണാൻ കഴിയും. മത്സ്യത്തൊഴിലാളികൾക്ക് അവരുടെ മത്സ്യബന്ധനയാനം അങ്ങോട്ട് കൊണ്ടുപോകാൻ കഴിയാത്തവണ്ണം വല്ലാത്ത ഭീതിജനകമായ ഒരു അന്തരീക്ഷമാണ് ഇന്ന് കടൽത്തീരത്തുണ്ടായിരിക്കുന്നത്. അപ്പോൾ സുരക്ഷയുടെ പ്രശ്നവും വളരെ പ്രധാനപ്പെട്ടതാണ്. സുരക്ഷാ സംവിധാനങ്ങൾ സംസ്ഥാന ഫിഷറീസ് വകുപ്പ് ഒരുക്കിയിരിക്കുന്നതുതന്നെ വളരെ അപ്രായോഗികമാണ്. കൊണ്ടുപോകുന്ന ബോട്ട്, ആ ബോട്ട് ദുരന്ത മുണ്ടായ സന്ദർഭത്തിൽ ഓടിക്കാൻ എണ്ണയില്ല, എണ്ണയുണ്ടെങ്കിൽ ഓടിക്കാൻ ഡ്രൈവറില്ല..... ആ സന്ദർഭങ്ങളിലൊക്കെ വളരെ ഗൗരവകരമായി ചർച്ച ചെയ്യപ്പെട്ട വിഷയങ്ങളാണ്. അത്തരം സുരക്ഷാ സംവിധാനങ്ങളൊരു ക്കുമ്പോൾ കടലിൽപ്പോയി മത്സ്യബന്ധനം നടത്തി കടലുമായി വളരെ ബന്ധ മുള്ള, കടലിന്റെ സ്ഥിതിയെക്കുറിച്ച് നല്ലവണ്ണം അറിയാവുന്ന, അത്തരം ജോലികൾ ഏറ്റെടുക്കാൻ കഴിയുന്ന ഗൗരവകരമായ സാഹചര്യത്തിൽ ആ റിസ്ക് എടുക്കാൻ കഴിയുന്ന മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി ക്കൊണ്ടുള്ള സുരക്ഷാ സംവിധാനമാണെങ്കിൽ കുറേക്കൂടി ഫലപ്രദമാ യിരിക്കും. പക്ഷേ അതൊക്കെ ദീർഘനാളുകളായി പറഞ്ഞുകൊണ്ടിരിക്കുന്ന താണെങ്കിലും അതിനും പരിഹാരമില്ലാത്ത അവസ്ഥയിൽ കാര്യങ്ങൾ പോയി ക്കൊണ്ടിരിക്കുകയാണ്. അങ്ങനെ മത്സ്യബന്ധന മേഖലയിൽ വല്ലാത്ത ദുരന്തപൂർണ്ണമായ ഒരവസ്ഥയാണ് പൊതുവിൽ ഉണ്ടായിരിക്കുന്നത്. നമ്മുടെ

മത്സ്യമേഖലയിലെ പ്രശ്നങ്ങളിൽ ഗൗരവകരമായ ഒരു സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതുണ്ട്. അത്തരം നടപടികളല്ല തീർച്ചയായും ഉണ്ടായിക്കൊണ്ടിരിക്കുന്നത് എന്നുള്ളതുകൊണ്ടാണ് ഈ വിയോജിപ്പ് ഇവിടെ രേഖപ്പെടുത്തേണ്ടിവന്നത്. അതുകൊണ്ട് തീരദേശ മത്സ്യ ത്തൊഴിലാളികൾ നമ്മുടെ സമൂഹത്തിന്റെ ഭാഗമാണ്. അവർ ഏറ്റവും പിന്നണിയിൽ നിൽക്കുന്ന ജനസമൂഹമാണ്. അവരുടെ ക്ഷേമത്തിനുവേണ്ടി കുറേക്കൂടി സീരിയസ്സായി ഗവൺമെന്റ് ഇടപെടേണ്ടതാണ്. ഇപ്പോൾ അവർ കടത്തിൽ മുങ്ങിനിൽക്കുമ്പോൾ ബാങ്ക് നടപടികൾകൊണ്ട് വല്ലാതെ പ്രയാസം നേരിടുന്ന ഈ സന്ദർഭത്തിൽ ഒരു രൂപപോലും നീക്കിവയ്ക്കാൻ തയ്യാറാകാത്ത ഈ ഗവൺമെന്റ് ഈ ഭേദഗതിയായി കൊണ്ടുവരുന്നത് സങ്കുചിതമായ രാഷ്ട്രീയ താൽപ്പര്യംവച്ചുകൊണ്ട് അവരെ കബളിപ്പിക്കാ നാണെന്നുള്ളതുകൊണ്ടാണ് ഞാൻ ഈ വിയോജിപ്പ് രേഖപ്പെടുത്തുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ടി. എൻ. പ്രതാപൻ, അങ്ങേയ്ക്ക് 1 (എ) നമ്പർ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് സംസാരിക്കാവുന്നതാണ്.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ‘‘സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.’’

ഈ ബിൽ ചെറിയൊരു ബില്ലാണ്. വളരെ സദുദ്ദേശത്തോടുകൂടി യുള്ളതാണ്. കാരണം കെട്ടിക്കിടക്കുന്ന അപേക്ഷകൾ എത്രയുംവേഗം പരിഹരിക്കുന്നതിനുവേണ്ടി സിറ്റിംഗിന് ക്വാറം കുറയ്ക്കുകയെന്നുള്ളതാണ് ഇതിന്റെ ലക്ഷ്യം. ഇപ്പോൾത്തന്നെ 1,29,219 അപേക്ഷകളാണ് ഇതുവരെ ലഭി

ച്ചത്. ആ അപേക്ഷകളിൽ ഇനിയും തീരുമാനമെടുക്കാതെ മാസങ്ങളായി, വർഷങ്ങളായി നീണ്ടുനീണ്ടുപോകുകയാണ്. ക്വാറം മൂന്നായിരുന്നതുകൊണ്ടാണ് പലപ്പോഴും ഇത് തീർക്കാൻ പറ്റാതെവന്നത്. അതിനാൽ ഇത് തീർക്കുന്നതിനുവേണ്ടിയുള്ള ഒരു ചെറിയ ഭേദഗതിയെ പ്രതിപക്ഷംപോലും അംഗീകരിക്കുമെന്നാണ് വിശ്വസിക്കുന്നത്. പ്രത്യേകിച്ചും ഈ ബിൽ നേരത്തെ സഭയിൽ കൊണ്ടുവന്ന പഴയ ഫിഷറീസ് വകുപ്പുമന്ത്രി അവിടെയിരിപ്പുണ്ട്. അദ്ദേഹത്തിനുകൂടി അറിയുന്നതാണ്. നമുക്ക് എത്രയും വേഗം സിറ്റിംഗ് നടത്തി ഈ അപേക്ഷകളിൽ തീരുമാനമെടുക്കണം. ഞാൻ ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി കെ. ബാബുവിന്റെ ഈ സദുദ്ദേശത്തെ അനുമോദിക്കുകയാണ്. അതോടൊപ്പം എനിക്ക് അദ്ദേഹത്തോട് വളരെ വിനയപൂർവ്വമായ രണ്ട് അപേക്ഷയുണ്ട്. ഒന്നാമത്തെ അപേക്ഷ, മാർച്ച് 31-ന് തീരുന്ന 2013-14 സാമ്പത്തിക വർഷത്തിൽ 50 കോടി രൂപ ഇതിനുവേണ്ടി പ്രഖ്യാപിച്ചിരുന്നു. പക്ഷേ ഇതുവരെ കടാശ്വാസ കമ്മീഷൻ........... ബഹുമാനപ്പെട്ട മുഖ്യമന്ത്രിയൊന്ന് ഇത് കേൾക്കണം............ മത്സ്യത്തൊഴിലാളി കടാശ്വാസത്തിനുവേണ്ടി ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 50 കോടി രൂപ നേരത്തെ പ്രഖ്യാപിച്ചിരുന്നു. 20 കോടി രൂപ മാത്രമാണ് അവിടെനിന്നും ഇതുവരെ റിലീസ് ചെയ്ത് കൊടുത്തിട്ടുള്ളത്.

ഇന്ന് ഫെബ്രുവരി മാസം 4-ാം തീയതിയാണ്. തെരഞ്ഞെടുപ്പ് കമ്മീഷന്റെ കോഡ് ഓഫ് കോൺടാക്റ്റ് വന്നാൽ പൈസ റിലീസ് ചെയ്തുകൊടുക്കാൻ ബുദ്ധിമുട്ട് വരും. കടാശ്വാസ കമ്മീഷന് കഴിഞ്ഞ ബഡ്ജറ്റിൽ അനുവദിച്ച 30 കോടി രൂപ ഇനിയും കൊടുക്കാനുണ്ട്. ആ തുക ലഭ്യമാക്കിയില്ലെങ്കിൽ, കടം എഴുതിതള്ളുമെന്നുള്ള പ്രതീക്ഷയിൽ നിൽക്കുന്ന തീരപ്രദേശ

ത്തെ ആളുകൾക്ക് വലിയ പ്രയാസകരമാണ്. ആ പണം മാർച്ച് 31-നുള്ളിൽ റിലീസ് ചെയ്തുകൊടുക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടണം. ശ്രീ. പി. തിലോത്തമൻ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം, ബഡ്ജറ്റിൽ ആകെ 10 കോടി രൂപയാണ് അടുത്ത വർഷത്തേയ്ക്ക് പ്രഖ്യാപിച്ചത്. 10 കോടി രൂപകൊണ്ടും ഒന്നും വാങ്ങാൻ പോകുന്നില്ല. ഇതുവരെ 253.59 കോടി രൂപ യുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ 100 കോടി രൂപയാണ് ലഭ്യമാക്കിയിട്ടുള്ളത്. 8.85 കോടി രൂപ എത്രയും വേഗം കൊടുത്തു തീർക്കാൻ നടപടിയുണ്ടാകണം. 144.74 കോടി രൂപ കൂടി ഭരണാനുമതി കൊടുത്ത കടങ്ങൾക്ക് കൊടുക്കാനുണ്ട്. അതുകൊണ്ട് 10 കോടി രൂപായെന്നുള്ളത് ഏറ്റവും ചുരുങ്ങിയത് 50 കോടി രൂപയെങ്കിലും ഈ വർഷത്തെ സാമ്പത്തിക ബഡ്ജറ്റിൽ കൊടുത്തില്ലായെങ്കിൽ യാതൊരു കാരണവശാലും കടാശ്വാസ കമ്മീഷൻ കൊണ്ടു കാര്യമില്ല. 2015–മാർച്ചോടുകൂടി ഈ കടാശ്വാസ കമ്മീഷൻ തീരുകയാണ്. കടാശ്വാസ കമ്മീഷൻ വന്നതിന്റെ വേറൊരു ദുരന്തം കൂടിയുണ്ട്, ഇപ്പോൾ തീരപ്രദേശത്ത് ആർക്കും സഹകരണ ബാങ്കുകളിൽ നിന്നോ ഷെഡ്യൂൾ ബാങ്കുകളിൽ നിന്നോ വായ്പകൾ ലഭിക്കുന്നില്ല. ഇന്ന്, ഈ ചർച്ചയ്ക്ക് മുൻപ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിന് മുന്നിൽ വച്ച് ഒരു ജില്ലാ സഹകരണ ബാങ്കിന്റെ പ്രസിഡന്റിനെ കാണുകയുണ്ടായി.. അദ്ദേഹം ഇങ്ങോട്ട് തുറന്നു പറഞ്ഞു, കാസർകോഡ് മുതൽ തിരുവനന്തപുരം വരെയുള്ള തീരപ്രദേശത്ത് ആര് വായ്പയ്ക്ക് അപേക്ഷിച്ചാലും ഞങ്ങൾ കൊടുക്കില്ല എന്നാണ് തീരുമാനം. സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കിന്റെയും ആളുകളും......... ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയും ഇവിടെയിരുപ്പുണ്ട്. അവരെ കുറ്റം പറഞ്ഞിട്ട്

കാര്യമില്ല. സഹകരണബാങ്കുകളോട് പലിശ കുറയ്ക്കാൻ പറഞ്ഞു, പണം കൊടുക്കാമെന്ന് പറഞ്ഞു. കമ്മീഷന്റെ സമൻസും കൊണ്ട് ബാങ്കിൽ ചെല്ലുകയാണ്. ബാങ്കുകൾക്ക് പണമില്ലാത്തതുകൊണ്ട് അഡ്ജസ്റ്റ് ചെയ്യാൻ സാധിക്കുന്നില്ല. ബാങ്കുകൾക്ക് പണം കൊടുത്തിട്ടില്ല. ഫലത്തിൽ എന്തുണ്ടായി, ആ കടം വീണ്ടും കടമായി കിടക്കുകയും പലിശ വർദ്ധിച്ചുവർദ്ധിച്ച് വരികയും ചെയ്യുന്നു. നേരത്തെ പറഞ്ഞതുപോലെ, കടത്തിൽ ജനിച്ച്, കടത്തിൽ ജീവിച്ച്, കടത്തിൽ മരിക്കാൻ വേണ്ടി വിധിക്കപ്പെട്ടവരായ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസ കമ്മീഷൻ വന്നതിന്റെ പേരിൽ കടം സെറ്റിൽ ചെയ്യുന്നുമില്ല, പുതിയതായി അപേക്ഷിക്കുന്നവർക്ക് വായ്പകൾ സഹകരണ ബാങ്കുകളും ഷെഡ്യൂൾ ബാങ്കുകളും ലഭ്യമാക്കുന്നില്ല. അങ്ങനെയൊരു വലിയ ദുരന്തമാണ് ഉണ്ടാകുന്നത്. കഴിഞ്ഞ ദിവസം ഞാൻ ശ്രീ. സി. ദിവാകരന്റെ മണ്ഡലത്തിലെ ആറാട്ടുപ്പുഴയിൽ പോകുകയുണ്ടായി. അവിടെ ചെന്നപ്പോഴാണ് ഞെട്ടിക്കുന്ന വിവരം അറിയുന്നത്. സുനാമി മൂലം ഏറ്റവും കൂടുതൽ ആൾക്കാർ മരണപ്പെട്ടത് അവിടെയാണ്. അതായത് 142 പേർ മരണപ്പെട്ടു. ആലപ്പാട് സർവ്വീസ് സഹകരണ ബാങ്കിൽ ഏകദേശം 2,800 സഹകാരികളിൽ 1,311 പേർ മത്സ്യത്തൊഴിലാളികളാണ്. ആലപ്പാട് പഞ്ചായത്തിന്റെ ജനസംഖ്യയിൽ, 90 ശതമാനവും മത്സ്യത്തൊഴിലാളികളാണ്. അത് ഹിന്ദു മത്സ്യത്തൊഴിലാളികളും ലാറ്റിൻ മത്സ്യത്തൊഴിലാളികളുമാണ്. ഒരു പക്ഷെ, ഈഴവ സമുദായത്തിൽ നിന്നുപോലും മത്സ്യത്തൊഴിലാളികളുള്ള പഞ്ചായത്താണിത്. ഇത്രയും ആൾക്കാർ മരണപ്പെട്ടൊരു സ്ഥലമായിരുന്നിട്ടും, സുനാമിക്ക് ഇത്രമാത്രം പണം ലഭിച്ചിട്ടും, അവിടെയുള്ള ആളുകളുടെ കടം സെറ്റിൽ ചെയ്യാൻ ഇതുവരെ കഴിഞ്ഞില്ല. അവർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും,

കൃഷിവകുപ്പു മന്ത്രിയെയും, സഹകരണ വകുപ്പുമന്ത്രിയെയും, ധനകാര്യ വകുപ്പുമന്ത്രിയെയും സമീപിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ആലപ്പാട് പഞ്ചായത്തിന്റെ ദുരന്തം, ഈ ദുരന്തമാണ് നമ്മുടെ സംസ്ഥാനത്തെ മുഴുവൻ തീരപ്രദേശങ്ങളിലുമുള്ളത്. ഇത് കണക്കാക്കികൊണ്ട് നിർബന്ധമായും പണം അനുവദിക്കാൻ തയ്യാറായി, കടം സെറ്റിൽ ചെയ്തി ല്ലെങ്കിൽ ഈ പ്രയാസം നീണ്ടുനീണ്ടുപോകും. ഈ ഭേദഗതി നല്ല ഭേദഗതി യാണ്, സെറ്റിൽ ചെയ്യപ്പെടാൻ വേണ്ടിയുള്ള ഭേദഗതിയാണ്. അങ്ങനെ സെറ്റിൽ ചെയ്യാൻ പണം കൊടുത്തില്ലെങ്കിൽ നാളെ ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിക്ക് അതിന്റെ ദുരന്താനുഭവങ്ങളും മനുഷ്യന്റെ പ്രയാസങ്ങളും കൂടി സഹിക്കേണ്ടി വരും. അതിനാൽ പണം കിട്ടുക എന്നത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്, പണം നൽകപ്പെടണം. മറ്റൊരു കാര്യം കൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. സി.ആർ.ഇസഡ് ഇന്ന് വളരെ വലിയ പ്രശ്നമായിരിക്കുകയാണ്. ഇന്ന് നിയമ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സബ്മിഷൻ വേളയിൽ സി.ആർ.ഇസഡുമായി ബന്ധപ്പെട്ട പ്രശ്നം ചൂണ്ടിക്കാണിക്കുകയുണ്ടായി. കേരളത്തിൽ വലിയ പ്രക്ഷോഭം നടന്നുവരികയാണ്. ബിഷപ്പുമാർ, ലാറ്റിൻ കത്തോലിക് വിഭാഗത്തിലെ പിതാക്കന്മാർ ഉൾപ്പെടെയുള്ളവരുടെ നേതൃത്വ ത്തിൽ വലിയൊരു ജാഥ തീരപ്രദേശങ്ങളിൽ നടന്നുവരികയാണ്. പതിനായി രക്കണക്കിന് ആളുകൾ ജാഥയിൽ പങ്കെടുത്തുവരികയാണ്. അത് വളരെ ന്യായമായ വികാരമാണ്. തീരദേശ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന സന്ദർഭ ത്തിൽ അതിനുവേണ്ടികൂടിയുള്ള ഒരു ഇടപെടൽ ഉണ്ടാകണണം. ബഹുമാന പ്പെട്ട മുഖ്യമന്ത്രി ഈ കടാശ്വാസ കമ്മീഷന് കൊടുക്കാനുള്ള 30 കോടി രൂപ

അടിയന്തരമായി കൊടുക്കാൻ ധനകാര്യവകുപ്പിന് നിർദ്ദേശം നൽകണം. ബഡ്ജറ്റിൽ അനുവദിച്ച 10 കോടി രൂപ തികയുകയില്ല, കൂട്ടി നൽകണം എന്നുകൂടി ഈ സന്ദർഭത്തിൽ പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുകയാണ്.

ശ്രീ. കെ. ദാസൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. സമയം വൈകിയതുകൊണ്ട് കൂടുതലൊന്നും പറയാൻ ഉദ്ദേശിക്കുന്നില്ല. ഈ ഭേദഗതി ഇവിടെ അവതരിപ്പിച്ചപ്പോൾ മന്ത്രി തന്നെ പറഞ്ഞിട്ടുണ്ട്, ചെറിയൊരു ഭേദഗതിയാണെന്ന്. ചെറിയൊരു ഭേദഗതിയാണെങ്കിലും ഗൗരവമായ ഒരു ഭേദഗതിയായിട്ടാണ് ഞാൻ ഇതിനെ കാണുന്നത്. അതുകൊണ്ട് അതിനോട് എനിക്ക് പൂർണ്ണമായും യോജിക്കാൻ കഴിയുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി കടാശ്വാസ കമ്മീഷൻ കൊണ്ടുവന്നത്. 2008-ൽ ഈ നിയമം പാസ്സാക്കിയതിനുശേഷം, 2009 ജനുവരി മാസത്തിൽ കമ്മീഷന്റെ പ്രവർത്തനം ആരംഭിക്കുകയും ആ കമ്മീഷന്റെ ആദ്യ പ്രവർത്തന റിപ്പോർട്ട് ഏതാണ്ട് 6 മാസക്കാലങ്ങൾക്കുള്ളിൽ അന്നത്തെ സർക്കാറിന് സമർപ്പിക്കുകയും ചെയ്തു. ബഹുമാന്യനായ മുൻ മന്ത്രി എസ്. ശർമ്മ അത് ഗൗരവമായിയെടുത്ത് 48, 355 മത്സ്യത്തൊഴിലാളികൾക്ക് 115 കോടി രൂപയുടെ എൻ. സി. ഡി. സി. കടം പൂർണ്ണമായും എഴുതിത്തള്ളുവാൻ തീരുമാനമെടുക്കുകയുണ്ടായി. അതേ റിപ്പോർട്ടിൽ തന്നെയാണ് 90,891 മത്സ്യത്തൊഴിലാളികളുടെ 11,82,00,000/- ലക്ഷം രൂപ ഹഡ്ക്കോ ഭവന

വായ്പയായി ഉണ്ടായിരുന്നത് സർക്കാർ ഏറ്റെടുക്കാൻ ആവശ്യമായ ധീരമായ നടപടി സ്വീകരിക്കുകയും കമ്മീഷൻ അത് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആ പണം കൊടുക്കാനാവശ്യമായ നടപടിയാണ് സ്വീ കരിക്കുകയും ചെയ്തത്. യു.ഡി.എഫ് ഗവൺമെന്റിന്റെയും എൽ. ഡി. എഫ് ഗവൺമെന്റിന്റെയും സമീപനങ്ങൾ വ്യത്യസ്തങ്ങളാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം, കടബാധ്യത തീർക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചി ല്ലായെന്നുള്ളതാണ് വിമർശനമായി ഉന്നയിക്കാനുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്, മൊത്തം 48,355 മത്സ്യത്തൊഴിലാളികളുടെ അപേ ക്ഷയിൽ 402 കോടി രൂപയാണ് കടബാധ്യതയായി കണ്ടിരിക്കുന്നത്. ഈ 402 കോടി രൂപയുടെ കടബാധ്യത 2012-ഓടുകൂടി പൂർണ്ണമായും അവസാനി പ്പിക്കാനുള്ള തീരുമാനം ഗവൺമെന്റ് എടുത്തിരുന്നെങ്കിലും, പിന്നീട് വന്നത് യു.ഡി.എഫ് ഗവൺമെന്റായതുകൊണ്ട് ആ പണം അടയ്ക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചില്ല. വായ്പകൾക്ക് മത്സ്യത്തൊഴിലാളികൾ പ്രാഥമിക മായി ആശ്രയിക്കുന്നത് മത്സ്യത്തൊഴിലാളി സംഘങ്ങളെയും അതിന്റെ അപെക്സ് ബോഡിയായ മത്സ്യഫെഡിനെയുമാണ്. ഈ സംഘങ്ങളുടെ കടങ്ങൾ കൊടുക്കാൻ ആവശ്യമായിട്ടുള്ള കാര്യങ്ങളാണ് ഈ കമ്മീഷന്റെ ഒന്നാമത്തെ റിപ്പോർട്ട് വെളിപ്പെടുത്തുന്നത്. ഒന്ന്, സംഘങ്ങൾക്ക് ആവശ്യ മായ പണം വകയിരുത്തിയില്ലെങ്കിൽ, ആ സംഘങ്ങളിൽ അംഗങ്ങളായ തൊഴിലാളികളുടെ തൊഴിൽ നഷ്ടവും, രോഗങ്ങളും, സാമ്പത്തിക പരാധീന തകളുമെല്ലാം ഗൗരവമായി കാണാതിരിക്കും എന്നുള്ളതുകൊണ്ടാണ് ആദ്യ മായി സംഘത്തിന്റെ കടം വീട്ടാനാവശ്യമായ നടപടി സ്വീകരിച്ചത്. മാതൃ സംഘമായ അപെക്സ് ബോഡിയായിട്ടുള്ള മത്സ്യഫെഡിന്റെ കടവും അന്ന്

കൊടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുകയുണ്ടായി. മത്സ്യത്തൊഴിലാളികളുടെ ജീവിതാവശ്യങ്ങൾക്ക് വേണ്ടിയാണ് സംഘങ്ങളിൽ നിന്നും വായ്പകൾ എടുക്കുന്നത്. നേരത്തെ കൊള്ളപ്പലിശയാണ് കൊടുക്കേണ്ടി വന്നതെങ്കിൽ ആ പലിശ നിരക്ക് എഴുതിത്തള്ളാൻ ആവശ്യമായ നടപടിയും അക്കാലത്ത് ഗവൺമെന്റ് സ്വീകരിക്കുകയുണ്ടായി. അതിന്റെ ഭാഗമായി, എൻ സി ഡി സി കൊടുത്തിട്ടുള്ള കടങ്ങൾ പൂർണ്ണമായും മുൻ സർക്കാർ ഏറ്റെടുത്തതോടുകൂടി വായ്പാ തിരിച്ചടവില്ലാതെ, സാമ്പത്തിക അടിത്തറ തകർന്ന് വർഷങ്ങളായി പ്രവർത്തനരഹിതമായിരുന്ന മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം പ്രവർത്തനനിരതമാകുകയും മത്സ്യത്തൊഴിലാളികളുടെ വായ്പാവശ്യങ്ങൾ നിറവേറ്റാൻ സജ്ജമാകുകയും ചെയ്തു എന്നതാണ് അഭിമാനകരമായ കാര്യം.

ഇതിനുശേഷം സഹകരണബാങ്കുകൾ, പൊതുമേഖലാ ബാങ്കുകൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടുകൊണ്ട് കടാശ്വാസം അനുവദിക്കുന്നതിനുവേണ്ടിയുള്ള രണ്ടുംമൂന്നുംഘട്ട റിപ്പാർട്ടുകൾ 2010 സെപ്തംബർ മാസത്തിൽ കമ്മീഷൻ സർക്കാരിന് നൽകിയിരുന്നു. രണ്ടാംഘട്ട റിപ്പോർട്ടിനെ തുടർന്ന് 32,168 മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സഹകരണബാങ്ക് വായ്പകളിൽ പരമാവധി 75,000 രൂപയുടെ കടാശ്വാസം അനുവദിക്കാനാണ് കമ്മീഷൻ ശുപാർശ ചെയ്തത്. കടാശ്വാസ സംഖ്യ മുഴുവനും കടമായി അവശേഷിക്കുന്ന മുതൽസംഖ്യയിൽ വകയിരുത്താനും പലിശ, പിഴപലിശ എന്നിവ മത്സ്യത്തൊഴിലാളികളിൽ നിന്നും ഈടാക്കരുതെന്നും കടാശ്വാസ സംഖ്യ വകയിരുത്തിയ ശേഷവും കടം അവശേഷിക്കുന്നുണ്ടെങ്കിൽ അത് തിരിച്ചടയ്ക്കുവാൻ 12 ഗഡുക്കൾ അനുവ

ദിക്കാനും കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. മുൻഗവൺമെന്റ് കമ്മീഷന്റെ ശുപാർശകൾ പരിഗണിക്കുകയും അവ അംഗീകരിക്കുകയും ചെയ്തു. എൽ.ഡി.എഫ്. ഗവൺമെന്റ് അങ്ങനെ ചെയ്തുവെന്ന് മാത്രമല്ല ഗവൺമെന്റ് ഒരു ഉത്തരവ് തന്നെ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കടാശ്വാസം അനുവദിക്കുന്നതിനുവേണ്ടി അന്ന് 241.15 കോടി രൂപ ഗവൺമെന്റ് അനുവദിക്കുകയും അതിന്റെ ആദ്യഗഡുവായി 100 കോടി രൂപ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക്ക് ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ആ പണം ഫിഷറീസ് ഡയറക്ടർക്ക് കൈമാറുകയും അതിനെത്തുടർന്ന് ബാങ്കുകളുടെ നഷ്ടം നികത്തുന്നതിനുവേണ്ടി അതിൽ നിന്നും 20 കോടി രൂപ ബാങ്കുകൾക്ക് കൊടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തു. മത്സ്യഫെഡിന്റെ കടവും അതിന്റെ ഭാഗമായിട്ടാണ് തീർക്കാൻ കഴിഞ്ഞിട്ടുള്ളത്. അർഹരായ എല്ലാ മത്സ്യത്തൊഴിലാളികളുടെയും വായ്പാ അക്കൗണ്ടുകൾ കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം സഹകരണ വകുപ്പു മുഖേന പ്രീ ആഡിറ്റ് ചെയ്ത് കടാശ്വാസ സംഖ്യ വകയിരുത്തുന്ന നടപടി ഇപ്പോഴും പൂർത്തീകരിക്കാൻ യു.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഇതുമൂലം ബാങ്കുകൾ മത്സ്യത്തൊഴിലാളികൾക്കെതിരായി ജപ്തി, റിക്കവറി നടപടികൾ ഇന്ന് അനുസ്യൂതം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി മത്സ്യത്തൊഴിലാളികൾ ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ നമുക്ക് കിട്ടിയ വിവരമനുസരിച്ച് കേരളത്തിൽ വൈപ്പിനിൽ ഉൾപ്പെടെ മൂന്ന് മത്സ്യത്തൊഴിലാളികളാണ് ആത്മഹത്യ ചെയ്തിട്ടുള്ളത്. കടാശ്വാസസംഖ്യ അനുവദിച്ച കേസുകളിൽ പോലും കടാശ്വാസ തുക മുതലിൽ വകവയ്ക്കുന്നതിനുപകരം പലിശയിലും പിഴപ്പലിശയിലു

മാണ് തട്ടിക്കിഴിക്കുന്നത്. ഇത് സർക്കാർ ഉത്തരവിന് നേരെ വിപരീതമായി ട്ടാണ് ചെയ്യുന്നത്. അത് അനുവദിക്കാൻ കഴിയാത്ത കാര്യമാണ്. സഹകരണ വകുപ്പുതന്നെ ഇപ്പോൾ ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. അതാണ് പ്രധാനമായും ഈ ദുരവസ്ഥയ്ക്ക് കാരണം. കടാശ്വാസ തുക പലിശയിലും പിഴപ്പലിശയിലും വകയിരുത്തണമെന്നാണ് സഹകരണ വകുപ്പ് ഇപ്പോൾ കൊടുത്തിട്ടുള്ള നിർദ്ദേശം. അത് ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. മുതൽ സംഖ്യയിലാണ് പരമാവധി 75,000 രൂപ വച്ചിരിക്കുന്നത്. പക്ഷേ അത് പലിശയിൽ തട്ടിക്കിഴിക്കാം. മാത്രമല്ല ബാങ്കുകൾ ഈ കടത്തിന് മൊറട്ടോറിയം പ്രഖ്യാപിച്ചില്ലെങ്കിലും കടബാദ്ധ്യതയിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്കെതിരായി ജപ്തി നടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ബാങ്കുകൾ നിർബന്ധമായി പണം പിരിച്ചെടുത്തുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി മത്സ്യത്തൊഴിലാളികൾ വലിയ പ്രയാസങ്ങളാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. സർക്കാരിന്റെ തെറ്റായ സമീപനം കൊണ്ടാണ് ഇങ്ങനെ വന്നിരിക്കുന്നതെന്നുള്ളത് ഇതിനുമുമ്പും ഈ സഭയിൽ ഉയർത്തിക്കൊണ്ടുവന്ന പ്രശ്നമാണ്. ഏതായാലും ഈ കാര്യങ്ങൾ സംബന്ധിച്ച് ഫിഷറീസ് വകുപ്പുമന്ത്രിയും സഹകരണവകുപ്പുമന്ത്രിയും കൂടി പങ്കെടുത്തുകൊണ്ട് ചർച്ച നടത്തിയിട്ടുണ്ട്. അങ്ങനെ നടന്നതായിട്ട് ഏപ്രിൽ 10-ന്റെ പത്രത്തിൽ ഞാൻ കണ്ടിട്ടുണ്ട്. പക്ഷേ അതിനുശേഷവും ഈ നടപടി തുടരുന്നുവെന്നുള്ളതാണ് ഇന്നുണ്ടായിട്ടുള്ള പ്രശ്നം. ഏതായാലും ഈ മേഖലയിലെ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ ആശങ്കാജനകരാണ്. ഈ പ്രശ്നം ഗൗരവമായെടുത്ത് അടിയന്തര നടപടിക്ക് വിധേയമാക്കിക്കൊണ്ട് മുൻ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച നടപടികൾ അടിയന്തരമായി നടപ്പിലാ

ക്കാൻ ആവശ്യമായ കാര്യങ്ങൾ ചെയ്യണം. മറ്റൊരു കാര്യം കൂടി എനിക്ക് സൂചിപ്പിക്കാനുള്ളത് ദേശസാത്കൃത ഷെഡ്യൂൾഡ് ബാങ്കുകളുമായി ബന്ധപ്പെട്ട് കടാശ്വാസത്തിന് അർഹരായ 2107 പേരുടെ പട്ടികയും പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് 286 പേരുടെ പട്ടികയും നിലവിൽ കമ്മീഷൻ സർക്കാരിന് നൽകിയിട്ടുണ്ട്. കടാശ്വാസത്തിന്റെ കാര്യത്തിൽ ദേശസാത്കൃത ഷെഡ്യൂൾഡ് ബാങ്കുകളുമായി ധാരണയിലെത്തുന്നതിന് മുഖ്യമന്ത്രി ഒരു യോഗം വിളിച്ചിരുന്നെങ്കിലും ഇനിയും ധാരണയുണ്ടാക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങളുടെ കാര്യത്തിലും തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഇതുമൂലം ഇപ്പോൾ മൊറട്ടോറിയത്തിന്റെ നിഴലിലാണ് നിൽക്കുന്നത്. ഈ രീതിയിൽ പഴയ ഗവൺമെന്റ് നടപ്പാക്കിയിട്ടുള്ള കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം നിരന്തരമായ പരിശോധനയും അതിന്റെ ഭാഗമായ ഭരണനടപടികളും സ്വീകരിച്ചുകൊണ്ട് മുന്നോട്ടു പോയതിന്റെ ഭാഗമായി കേരളത്തിന്റെ തീരപ്രദേശങ്ങളിൽ ഒരു ചലനം സൃഷ്ടിക്കാൻ അതിന് കഴിഞ്ഞിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് വളരെയധികം താല്പര്യം ജനിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് അവിടെ നല്ല വോട്ടുനേടാൻ കഴിഞ്ഞിട്ടുണ്ട്. ഞാൻ ഉൾപ്പെടെയുള്ള എം.എൽ.എ.-മാർ തീരദേശത്തുനിന്നും ജയിച്ചുവരാൻ ഇടയായ കാര്യവും ഗവൺമെന്റിന്റെ നേട്ടങ്ങളിലൊന്നാണെന്ന് മനസ്സിലാക്കിക്കൊണ്ട് ഇന്ന് തുടരുന്ന ഈ അനാസ്ഥ എത്രയും പെട്ടെന്ന് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്. ഗവൺമെന്റ് ഈ രീതിയിൽ സമീപിക്കുകയാണെങ്കിൽ മത്സ്യത്തൊഴിലാളി

കൾ ഇനിയും ആത്മഹത്യ തുടരുന്ന രീതിയിലേയ്ക്കാകും പോകുക എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, ബഹുമാനപ്പെട്ട അംഗം പി. തിലോത്തമൻ സംസാരിച്ചപ്പോൾ സങ്കുചിതമായ രാഷ്ട്രീയ താല്പര്യം വച്ചുകൊണ്ടാണ് ഭേദഗതി ബിൽ കൊണ്ടുവന്നതെന്നുപറഞ്ഞു. യഥാർത്ഥത്തിൽ വിശാലമായ തൊഴിലാളി താല്പര്യത്തിന്റെ പേരിലാണ് ഈ ഭേദഗതി ബിൽ കൊണ്ടുവന്നിട്ടുള്ളത്. കടാശ്വാസ കമ്മീഷൻ ഇതിനകം 176 സിറ്റിംഗ് നടത്തിയിട്ടുണ്ട്. 2008–ൽ ഈ നിയമം ശ്രീ. എസ്. ശർമ്മയാണ് കൊണ്ടുവന്നത് എന്നതിനെക്കുറിച്ചൊന്നും ഗവൺമെന്റിന് യാതൊരു തർക്കവുമില്ല. അത് തൊഴിലാളികൾക്ക് വളരെ ആശ്വാസകരമായിരുന്നു. അതിൽനിന്നും അല്പംപോലും ഗവൺമെന്റ് ഡീവിയേറ്റ് ചെയ്തിട്ടില്ല. കൂടുതൽ സഹായകരമായ നിലപാട് സ്വീകരിച്ചിട്ടേയുള്ളു. ഇതിനകത്തുള്ള പ്രശ്നം, കമ്മിഷനിൽ ചെയർമാൻ ഉൾപ്പെടെ അഞ്ച് അംഗങ്ങളുണ്ട്. അതിൽ റിട്ടയർ ചെയ്ത ഒരു ഹൈക്കോടതി ജഡ്ജിയാണ് ചെയർമാൻ, ഒരു ഫിഷറീസ് സാമൂഹിക, സാങ്കേതിക, സാമ്പത്തിക, ഭരണവിദഗ്ദ്ധനും മൂന്ന് മത്സ്യത്തൊഴിലാളി പ്രതിനിധികൾ അംഗങ്ങളും. മൂന്നുപേരെയാണ് ഇതിന്റെ ക്വാറമായി നിശ്ചയിച്ചിട്ടുള്ളത്. ഇതനുസരിച്ച് നാലോ അഞ്ചോ സിറ്റിംഗ് മാത്രമേ ഒരുമാസം നടത്താൻ സാധിക്കുന്നുള്ളു. അതുകൊണ്ട് ഇതിന്റെ ക്വാറം രണ്ടായിട്ട് ചുരുക്കുകയും ഓരോ ബഞ്ചിലും ചെയർമാനോ അല്ലെങ്കിൽ സാങ്കേതിക വിദഗ്ദ്ധനോ എന്ന നിലയിൽ ഇപ്പോൾ ഈ ഭേദഗതി കൊണ്ടുവരികയാണ്. അത് വളരെ സദുദ്ദേശത്തോടുകൂടിയാണ്. ശ്രീ. എസ്. ശർമ്മയ്ക്കെല്ലാം അതറിയാം. ഇത് വളരെ വേഗത്തിൽ

ഡിസ്പോസ് ചെയ്യാൻ വേണ്ടിയിട്ടുള്ളതാണ്. ഈ കടാശ്വാസ കമ്മീഷന്റെ കാലാവധി 2015 മാർച്ച് 31 വരെയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം കടാശ്വാസ കമ്മീഷനെ പിരിച്ചുവിടുകയല്ല ചെയ്തത്. കാലാവധി നീട്ടിക്കൊണ്ട് വേഗത്തിൽ പരിഹരിക്കാൻ വേണ്ടി ശ്രമിച്ചു. അങ്ങനെ പരിശോധിച്ചുവന്നപ്പോൾ കടാശ്വാസ കമ്മീഷന്റെ തന്നെ അഭിപ്രായം രണ്ടു ബഞ്ച് രൂപീകരിച്ചാൽ വേഗത്തിൽ ഇതിനെല്ലാം തീർപ്പുകൽപ്പിക്കാൻ സാധിക്കുമെന്നാണ്. തീർപ്പുകൽപ്പിക്കുന്നതുവരെ ഗവൺമെന്റ് ആദ്യം തന്നെ ചെയ്തത് 31.12.2013 വരെ മൊറട്ടോറിയം നീട്ടി. അതിനുശേഷം 31.12.2014 വരെ മൊറട്ടോറിയം നീട്ടിയിരിക്കുകയാണ്. ഇത് അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകാതെ കഴിയുന്നത്ര വേഗത്തിൽ തീർപ്പുകൽപ്പിക്കണമെന്നുള്ളതാണ് ഇതിന്റെ സദുദ്ദേശപരമായ ലക്ഷ്യം. ഇത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം പിറകോട്ടുപോയില്ല എന്നുമാത്രമല്ല ജി.ഒ. (പി.) നമ്പർ 4013, തീയതി 1.7.2013 അനുസരിച്ച് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, കേരള സംസ്ഥാന വികലാംഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, ഹഡ്കോ, കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്, ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തതിനെ കൂടി കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നു. ഇതിനകത്ത് ഉൾപ്പെടുത്തിയിട്ടില്ലാത്ത പുതിയ സ്ഥാപനങ്ങളെക്കൂടി ഇതിനകത്ത് ഉൾപ്പെടുത്തിക്കൊണ്ട് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചു. അപ്പോൾ തൊഴിലാളികൾക്ക് കൂടുതൽ

ആശ്വാസം നൽകാൻ നടപടി സ്വീകരിച്ചു. ബാങ്കുകളുടെ കാര്യം ബഹുമാന പ്പെട്ട കൊയിലാണ്ടി എം.എൽ.എ. കെ. ദാസൻ ചൂണ്ടിക്കാണിച്ചു. ഈ നിയമ ത്തിന്റെ 9-ാം വകുപ്പിൽ പറയുന്നത് നാഷണലൈസ്ഡ് ബാങ്കുകളുമായുള്ള പ്രശ്നം പരസ്പര ധാരണയിൽ പരിഹരിക്കണമെന്നാണ്. അതിനുവേണ്ടി സംസ്ഥാനതലത്തിലുള്ള ബാങ്കേഴ്സിന്റെ യോഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഞാനും ഉൾപ്പെടെയുള്ളവർ പങ്കെടുത്തിരുന്നു. അപ്പോൾ അവിടെയുണ്ടായ ഒരു നിർദ്ദേശം ഓരോ ബാങ്കുകളുമായി ചർച്ച ചെയ്ത് പരിഹരിക്കാനാണ്. അതനുസരിച്ച് കടാശ്വാസ കമ്മീഷൻ നാഷണലൈസ്ഡ് ബാങ്കുകളുമായും ഷെഡ്യൂൾഡ് ബാങ്കുകളുമായും ചർച്ച ചെയ്തിട്ടുണ്ട്. ചർച്ച ചെയ്തതിന്റെ അടിസ്ഥാന ത്തിൽ പരസ്പര ധാരണയോടുകൂടി അവിടെത്തെ കടങ്ങൾ എഴുതിത്തള്ളു ന്നതിനുള്ള നടപടി ഗവൺമെന്റ് തുടർന്ന് സ്വീകരിക്കും. അതാണ് അതിനെ ക്കുറിച്ച് പറയാനുള്ളത്. ഇവിടെ പലിശയാണ് എഴുതിത്തള്ളുന്നതെന്നും അതി നായി സഹകരണ വകുപ്പ് ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും ബഹുമാ നപ്പെട്ട മെമ്പർ ദാസൻ ചൂണ്ടിക്കാണിച്ചു. അത് തെറ്റാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന കാലഘട്ടത്തിൽ ചെറിയ ആശയകുഴപ്പമുണ്ടായിരുന്നു. അതിനെത്തുടർന്ന് ഞാൻ ഒരു യോഗം വിളിച്ചുകൂട്ടി കുറച്ചുകൂടി വ്യക്തതയുണ്ടാക്കാൻ ശ്രമിച്ചു. അതിനുശേഷം ബഹുമാനപ്പെട്ട സഹകരണവ കുപ്പുമന്ത്രിയും ഞാനും ചേർന്ന് സഹകരണ ഡിപ്പാർട്ടുമെന്റിന്റെയും കടാശ്വാസ കമ്മീഷന്റെയും ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെയും ഉദ്യോഗസ്ഥ രുടെ യോഗം വിളിച്ചുകൂട്ടി വളരെ വ്യക്തമായ നിർദ്ദേശം നൽകി. കടാശ്വാസ പലിശയിനത്തിലും പിഴപ്പലിശയിനത്തിലും തുക വകയിരുത്തുന്ന ഉത്തരവ്

ഉണ്ടായിട്ടില്ല. അദ്ദേഹം പറഞ്ഞത് ഒരു ധാരണാപിശകാണ്. അങ്ങനെ ഒരു ഉത്തരവ് സഹകരണ വകുപ്പ് ഇറക്കിയിട്ടില്ല. ഇതിന്റെ മൂലനിയമത്തിൽ പറയുന്നത് 75,000 രൂപ മുതലിൽ എഴുതിത്തള്ളണമെന്നാണ്. അതാണ് ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നത്. അങ്ങനെ ഒരു ആശയക്കുഴപ്പം ഇപ്പോൾ ഇല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് 2009–10, 2010–11 വരെ 76.763 കോടി രൂപയുടെ കടം എഴുതിത്തള്ളുന്നതിനുവേണ്ടി പണം അനുവദിച്ചു. ഈ ഗവൺമെന്റിന്റെ സമയത്ത് 2011–12, 2012–13, 2013–14 വർഷങ്ങളിൽ 61.456 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പക്ഷേ ഒരു കാര്യം തീർച്ചയാണ്. ബഹുമാനപ്പെട്ട മെമ്പർമാർ ചൂണ്ടിക്കാണിച്ചതുപോലെ പണം ആവശ്യത്തിന് വകയിരുത്തിയിട്ടില്ല എന്നുള്ള പ്രശ്നം ഗൗരവമായിട്ടുള്ളതാണ്. ഏതായാലും ആ പ്രശ്നത്തിന് കഴിഞ്ഞ ബഡ്ജറ്റിൽ 50 കോടി രൂപ പ്രഖ്യാപിച്ചു. 20 കോടി രൂപ സപ്ലിമെന്ററി ബഡ്ജറ്റിൽ വച്ചു. ആ 20 കോടി രൂപയ്ക്കുവേണ്ടിയുള്ള ഉത്തരവുകൾ ഇപ്പോൾ ആയിട്ടുണ്ട്. ആ തുക ധനകാര്യ വകുപ്പ് ഉടൻതന്നെ തരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

അതോടൊപ്പംതന്നെ ഈ വർഷം ഈ കേസുകൾ തീരുന്ന മുറയ്ക്ക് കടം എഴുതിത്തള്ളുന്നതിന് സഫിഷ്യന്റ് ആയിട്ടുള്ള പണം ആവശ്യമുണ്ട്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം മത്സ്യത്തൊഴിലാളികളുടെ കാര്യത്തിൽ വലിയ പ്രയാസമില്ലാത്ത വിധത്തിൽ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും മന്ത്രിസഭയുമൊക്കെ ഈ കാര്യത്തിൽ അനുകൂലമായ തീരുമാനം സന്ദർഭോചിതമായി എടുക്കുമെന്നുതന്നെയാണ് എന്റെ വിശ്വാസം. ഈ മേഖലയിൽ കുറെ പ്രയാസങ്ങളുണ്ട്. അത് ഈ മൂന്ന് കൊല്ലംകൊണ്ട് ഉണ്ടായതല്ല. മത്സ്യത്തൊഴി

ലാളികൾ ഉണ്ടായ കാലം മുതൽ തീരദേശ മേഖലയിൽ വികസനമെത്തിയി ട്ടില്ല. അവർക്ക് സാമ്പത്തികമായ പ്രയാസങ്ങളും ക്ലേശങ്ങളുമുണ്ട്. അത് പരിഹരിക്കാൻ ഓരോ ഗവൺമെന്റും ഓരോ കാലഘട്ടത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഞാൻ കഴിഞ്ഞ ദിവസം പറഞ്ഞു, ഞങ്ങൾ 8500 -ഓളം വീടുകൾ ഇതിനകംതന്നെ കൊടുത്തുകഴിഞ്ഞു. 50,000/- രൂപയാണ് കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് കൊടുത്തത്. ഞങ്ങൾ ഇപ്പോൾ 2 ലക്ഷം രൂപയാക്കി ഉയർത്തി. ഞാൻ അന്നത്തെ മന്ത്രിയുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുകയല്ല, ഫണ്ട് കൊടുത്തുകാണില്ല. മുൻ സർക്കാർ 50,000/- രൂപ കൊടുത്ത സ്ഥാനത്ത് ഞങ്ങൾ 2 ലക്ഷം രൂപ വച്ച് 8500 പേർക്ക് കൊടുത്തു. 6500 വീടുകൾക്കാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഭവന വായ്പാ സഹായം കൊടുത്തത്. ഞങ്ങൾ 8500 വീടുകൾക്ക് 2 ലക്ഷം രൂപ വച്ച് കൊടുത്തു. ഞങ്ങൾ മത്സ്യത്തൊഴിലാളികളെ അവഗണിക്കുകയല്ല. ഞാൻ കഴിഞ്ഞ ദിവസം ഈ ഭേദഗതി ബില്ല് അവതരിപ്പിച്ച സമയത്ത് പറഞ്ഞു ഉടനെ 7500 വീടുകൾക്ക് ഭവനവായ്പ കൊടുക്കുമെന്ന്. ഇപ്പോൾ 150 കോടി രൂപ ഹഡ്കോയിൽ നിന്ന് വായ്പയെടുത്തു. 7500 വീടു കൾക്കുള്ള അപേക്ഷ ക്ഷണിച്ചു കഴിഞ്ഞു. 15-ാം തീയതിക്കുള്ളിൽ അപേക്ഷ പ്രോസ്സസിംഗ് പൂർത്തിയാക്കി മത്സ്യത്തൊഴിലാളികൾക്ക് കൊടു ക്കും. കേരള ചരിത്രത്തിൽ ഏറ്റവും കൂടുതൽ വീടുകൾ; ഏറ്റവും കൂടിയ തുക ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ് കൊടുക്കാൻ ശ്രമിക്കുന്നത്. ശ്രീ. തിലോത്തമൻ പറഞ്ഞത് ശരിയാണ്. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെ ണ്ണയ്ക്ക് പ്രയാസമുണ്ട്. കഴിഞ്ഞ ഗവൺമെന്റും അതിന് മുൻപിലത്തെ ഗവൺമെന്റുകളും 2525 കിലോ വാട്ട് പി.ഡി.എസ്. മണ്ണെണ്ണയാണ് കൊടുത്തി രുന്നത്. അത് പഴയ മന്ത്രിമാർക്കെല്ലാമറിയാം. പക്ഷെ ഞങ്ങൾ അത് മതിയാ

വില്ല എന്നു ബോധ്യപ്പെട്ടുകൊണ്ട് ഫിഷറീസ് ഡിപ്പാർട്ട്മെന്റ് നടത്തിയ ശ്രമങ്ങളുടെ ഫലമായി ഈ ഗവൺമെന്റ് മണ്ണെണ്ണയ്ക്ക് വേണ്ടി 100 കോടി രൂപ ഈ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുകയാണ്. ഒരുപക്ഷെ അത് ഒരു ചരിത്ര സംഭവമായിരിക്കും. അത് മത്സ്യത്തൊഴിലാളികൾക്ക് വലിയ ആശ്വാസമായിരിക്കും. മത്സ്യത്തൊഴിലാളികൾ ഷെഡ്യൂൾഡ് ബാങ്കും നാഷണലൈസ്ഡ് ബാങ്കുമായിട്ടുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഉടനെ അതിന് പരിഹാരമുണ്ടാകും എന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. സി. ദിവാകരൻ: സർ, ആലപ്പാട്ടെ കാര്യം..........

ശ്രീ. കെ. ബാബു: സർ, ഞാൻ പറഞ്ഞു. ശ്രീ. പ്രതാപൻ പറഞ്ഞത് ഇപ്പോഴത്തെ കാര്യമല്ല, ഞാൻ അതെടുത്ത് പറയാതിരുന്നതാണ്. അങ്ങയുടെ നിയോജകമണ്ഡലത്തിലെ കാര്യം ശരിയാണ്. ആലപ്പാട് പ്രദേശത്തിലെ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ മത്സ്യത്തൊഴിലാളികൾ സുനാമി കാലത്ത് മരണപ്പെട്ട സ്ഥലത്ത് ആവശ്യമായ പരിഗണന ലഭിച്ചില്ല എന്നുള്ളത് ഒരു വസ്തുതയാണ്, അതാണ് പ്രതാപൻ ചൂണ്ടിക്കാണിച്ചത്. ഞങ്ങൾ അതിന് പരിഹാരമുണ്ടാക്കാൻ ശ്രമിക്കാം ബഹുമാനപ്പെട്ട എം.എൽ.എ. യ്ക്ക് എന്തെങ്കിലും നിർദ്ദേശമുണ്ടെങ്കിൽ മുന്നോട്ടുവച്ചാൽ അത് ചർച്ച ചെയ്ത് പരിഹരമുണ്ടാക്കാൻ ആത്മാർത്ഥമായിട്ട് ശ്രമിക്കാം. അങ്ങയുടെ നിയോജകമണ്ഡലത്തിലാണ് കരിമീൻ ഫാക്ടറിക്കുവേണ്ടി 16 കോടി രൂപ മുടക്കി ആയിരംതെങ്ങ് ഫാം നിർമ്മാണം നടത്തിയത്. അങ്ങ് അദ്ധ്യക്ഷനും ഞാൻ ഉദ്ഘാടകനുമായിരുന്നു. എന്നുമാത്രമല്ല ക5രുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ കോസ്റ്റൽ ഏരിയായുടെ റോഡ് വികസനത്തിനുവേണ്ടി......

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ എഴുതി തന്നത് കിട്ടിയില്ലേ

ശ്രീ. കെ. ബാബു: സർ, ഞാൻ അങ്ങയെ കുറ്റപ്പെടുത്തുകയല്ല. അങ്ങ് തെറ്റിദ്ധരിക്കരുത്. അങ്ങ് എഴുതിത്തന്നത് തീരം കെട്ടി സംരക്ഷിക്കാനാണ്. അത് ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ കീഴിലല്ല; ഇറിഗേഷന്റെ കീഴിലാണ്. അതാണ് പ്രശ്നം. റോഡുകൾക്കും തീർച്ചയായിട്ട് ഫണ്ട് കൊടുക്കും. അതിന്റെ നടപടി നടന്നുകൊണ്ടിരിക്കയാണ്. ഇവിടെ ഒരാൾക്കും വലിയ പ്രയാസമല്ലാത്ത വിധത്തിൽ കിട്ടിയ തുകയിൽ നിന്ന് അനുവദിക്കാൻ ശ്രമിച്ചിട്ടുണ്ട്. തീർച്ചയായിട്ടും പരാതികളുണ്ടെങ്കിൽ പരിഹരിക്കാം.

മി. സ്പീക്കർ: ശ്രീ. ബാബു അങ്ങയുടെ ഒരു പ്രോഗ്രാം ഇവിടെ ഉണ്ടല്ലോ?

ശ്രീ. കെ. ബാബു: സർ, ഞാൻ അവസാനിപ്പിക്കാം. ശ്രീ. പ്രതാപനും മറ്റ് അംഗങ്ങളും പറഞ്ഞ കാര്യങ്ങൾക്ക് മറുപടി പറഞ്ഞതാണ്. കൂടുതൽ നീട്ടിക്കൊണ്ടുപോകുന്നില്ല. ഇതൊരു ചെറിയ ഭേദഗതിയാണ്, വളരെ സദുദ്ദേശത്തോടുകൂടിയുള്ളതാണ്. ചർച്ചയില്ലാതെതന്നെ ഇത് തീർക്കാവുന്നതാണ്.

മി. സ്പീക്കർ: ശ്രീ. റ്റി.എൻ. പ്രതാപൻ അങ്ങയുടെ 1 (എ) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. റ്റി.എൻ. പ്രതാപൻ അവതരിപ്പിച്ച 1 (എ) ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ദാസൻ, അങ്ങയുടെ 2 (ബി) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ദാസൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല

മി. സ്പീക്കർ: ശ്രീ. കെ. ദാസൻ അവതരിപ്പിച്ച 2 (ബി) ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരം 2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ......

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ.............

കേരള മത്സ്യത്തൊഴിലാളി കടാശ്വാസ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>വകുപ്പുതിരിച്ചുള്ള പരിഗണന</u>

<u>2-ാം വകുപ്പ്</u>

<u>ശ്രീമതി. കെ. എസ്. സലീഖ:</u> സർ, സർ, താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

112. ഖണ്ഡം 2(i) ഒഴിവാക്കുക

116. ഖണ്ഡം 2(ii) ഒഴിവാക്കുക.

123. ഖണ്ഡം 2(iii) പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 8(4) ന്റെ ക്ലിപ്ത നിബന്ധന താഴെപ്പറയും പ്രകാരം മാറ്റുക;

" എന്നാൽ അങ്ങനെ രൂപീകരിക്കപ്പെടുന്ന ഓരോ ബെഞ്ചിലും കമ്മീഷൻ ചെയർപേഴ്സണും കമ്മീഷൻ അംഗങ്ങളിലെ ഒരു മത്സ്യത്തൊഴിലാളി പ്രതിനിധിയും കമ്മീഷൻ അംഗമായ ഫിഷറീസ് സാമൂഹിക സാങ്കേതിക സാമ്പത്തിക ഭരണ വിദഗ്ദ്ധരും ഉണ്ടായിരിക്കേണ്ടതാണ്."

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

117. ഖണ്ഡം 2(ii) പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 8(4) വകുപ്പ് താഴെപ്പറയും പ്രകാരം മാറ്റുക:

(4) " കമ്മീഷന് ഉചിതമെന്ന് തോന്നുന്ന സംഗതിയിൽ രണ്ടോ അതിലധികമോ അംഗങ്ങൾ ഉൾപ്പെടുന്ന ഒന്നോ രണ്ടോ ബെഞ്ച് ആവശ്യാനുസരണം രൂപീകരിച്ചുകൊണ്ട് ജില്ലകളിൽ സിറ്റിംഗ് നടത്താവുന്നതാണ്."

120. ഖണ്ഡം 2(iii) ഒഴിവാക്കുക.

ശ്രീ. കെ. ബാബു: സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല

മി. സ്പീക്കർ: 2–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ...........

2–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരി.

3–ാം വകുപ്പ്

ഭേദഗതിയില്ല.

3–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ...........

3–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1–ാം വകുപ്പും പീഠികയും പേരും

ശ്രീമതി. കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

107. പീഠികയിൽ "അറുപത്തിനാലാം" എന്ന വാക്കിനുപകരം "അറുപത്തിഅഞ്ചാം" എന്ന വാക്ക് ചേർക്കുക.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

110. ഖണ്ഡം 1 (2) ൽ, "2010 ഏപ്രിൽ 10" എന്നീ വാക്കിനും അക്കങ്ങൾക്കും പകരം "2013 മെയ് 16" എന്നീ വാക്കും അക്കങ്ങളും ചേർക്കുക.

ശ്രീ. കെ. ബാബു: സർ, ശ്രീമതി. കെ. എസ്. സലീഖയുടെ 107–ാം നമ്പർ ഭേദഗതിയും ശ്രീ. വി. ചെന്താമരാക്ഷന്റെ 110–ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നതാണ്, മറ്റുള്ളവ സ്വീകരിക്കുന്നതല്ല.

മി. സ്പീക്കർ: മറ്റു ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. ശ്രീ. ബാബു. എം. പാലിശ്ശേരി, ശ്രീ. ബെന്നി ബെഹനാൻ അവർക്ക് മൂവ് ചെയ്യേണ്ടതില്ല. വേണമെങ്കിൽ സംസാരിക്കാവുന്നതാണ്.

മി സ്പീക്കർ: ഭേദഗതി ചെയ്ത പ്രകാരമുള്ള 1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

ശ്രീ. കെ. ബാബു: സർ, 2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി.. സ്പീക്കർ: 2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ ഏകകണ്ഠേന അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായി.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ഫെബ്രുവരി മാസം 5-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 7.00 മണിക്ക് പിരിഞ്ഞു.)

*************